**KOTTAYAM PUBLIC LIBRARY**

Call No. MF2 Acc. No. 83412

Author ബ്രസ് സി. ജി (വിവ)

Title ബാലമനോഹരം

D. M. 2182

THE KOTTAYAM PUBLIC LIBRARY.
KOTTAYAM.
TRAVANCORE.

1142

# ബാലനഗരം

## (Boys Town)

*All rights reserved*
**Book-A-Month Club.**

*Printed at the Little Flower Press, Thevara &.*
*Published by Secretary, Book-A-Month Club, Ernakulam.*

MF9

★

Condensed from

**FATHER FLANAGAN OF BOYS TOWN**

*by*

**Fulton Oursler & Will Oursler**

★

Published by arrangement with the publisher:
DOUBLEDAY & CO., NEW YORK.

പ്രതിമാസഗ്രന്ഥക്ലബ്ബ്

എറണാകുളം.

No. 8.

(1953)

THE KOTTAYAM PUBLIC LIBRARY.
KOTTAYAM.
TRAVANCORE.

83412

★

# ബാലനഗരം

## *(Boys Town)*

★

വിവർത്തകൻ:- സി. പി. ദാസ്

# മുൻപ്രസിദ്ധീകരണങ്ങൾ

| | | | | |
|---|---|---|---|---|
| 1. | ആത്മാർപ്പണം | 2 | 0 | 0 |
| 2. | അമൂല്യനിമിഷങ്ങൾ (തീർന്നുപോയി) | 3 | 0 | 0 |
| 3. | വള്ളത്തോൾ കണ്ട റഷ്യ | 2 | 0 | 0 |
| 4. | ഏഴകളുടെ തോഴർ (തീർന്നുപോയി) | 2 | 0 | 0 |
| 5. | സൗന്ദര്യപൂജ | 2 | 0 | 0 |
| 6. | മിൻസെന്തി | 2 | 0 | 0 |
| 7. | അണ്ടർ ഗ്രൗണ്ട് | 2 | 0 | 0 |
| 8. 9. | സ്വാതന്ത്ര്യത്തിന്റെ ചേരിയിൽ 1—ം 2—ം ഭാഗങ്ങൾ | 3 | 8 | 0 |
| 10. | വില്ലാർവട്ടം | 1 | 8 | 0 |
| 11. | വിപ്ലവച്ചുഴിയിൽ | 1 | 0 | 0 |
| 12. | റൂസ്‌വെൽറ്റ് (മെമ്പർമാർക്കുമാത്രം) | | | |
| 13. | ഇതാണ് എന്റെ കഥ | 1 | 8 | 0 |
| 14. | സുകൃതിയായ വികൃതി | 1 | 8 | 0 |
| 15. | എന്റെ ത്രിവിധജീവിതം (Part I) | 2 | 8 | 0 |
| 16. | ” (Part II) | | | |

2–ം 4–ം ഒഴിച്ചു 1 മുതൽ 9 വരെ ഏഴു പുസ്തകം ഒന്നായി എടുക്കുന്നവർക്കു 12 ക. 10 ണ. മാത്രം.

# CATHOLIC BOOK CRUSADE PATNA.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
TRAVANCORE.

| | |
|---|---|
| Christ the son of God | 6—0—0 |
| Red Sand | 5—0—0 |
| Man's Triumph with God | 3—8—0 |
| The Harp of St. Francis | 3—0—0 |
| Stella | 3—0—0 |
| The Saviour | 2—8—0 |
| The Blood on the Mountains | 5—0—0 |
| Too Many of Us | 3—0—0 |
| Moral Law | 2—0—0 |
| Faith and Morals | 2—0—0 |
| Common Mystic Prayer | 7—0—0 |
| Fod and the Atom | 3—0—0 |
| Philip of Armendel | 1—4—0 |
| The Confessions of St. Augustine | 7—8—0 |
| I Believed | 8—0—0 |
| Communism & Mran | 3—0—0 |
| The Greatest Story ever told | 1—14—0 |
| The Seven Storey Mountain | 3—12—0 |

**Pamphlets** :—

| | |
|---|---|
| Creation and Evolution | 0—6—0 |
| God—Can we find Him? | 0-12-0 |
| Industry in the Cross roads | 0—8—0 |

Postage extra.

***Order to:—***

**BOOK-A-MONTH CLUB**

**ERNAKULAM.**

# വായനക്കാരോട്

ദൈവത്തെ സ്നേഹിക്കാത്ത മനുഷ്യസ്നേഹികളുണ്ട്. മനുഷ്യരെ സ്നേഹിക്കാത്ത ദൈവസ്നേഹികളും കണ്ടേക്കാം. ദൈവത്തേയും മനുഷ്യരേയും ഒരേകാലത്തു് സ്നേഹിക്കാൻ കഴിഞ്ഞ ഒരു വീരാത്മാവുണ്ടായിരുന്നു: ഫാദർ ഫ്ളാനഗൻ. അനുകമ്പാശൂന്യതയുടേയും എതിർപ്പുകളുടേയും വിപരീതശക്തികളോട് ഏകനായി നിന്നു പൊരുതി, അദ്ദേഹം സൃഷ്ടിച്ച ധാർമ്മികവിപ്ലവത്തിന്റെ മാറെറാലിയാണു് ഈ പുസ്തകത്തിലെ അദ്ധ്യായങ്ങളിലൂടെ നാം കേൾക്കുവാൻ പോകുന്നതു്; സ്പൃഹണീയമായ ഒരു മധുരസ്വപ്നത്തെ അദ്ദേഹം യാഥാർത്ഥ്യമാക്കിത്തീർത്ത കഥ. സാമൂഹ്യസംസ്കരണത്തിന്നിറങ്ങിപ്പുറപ്പെടുന്ന മനുഷ്യസ്നേഹികൾ—അവർ ഏതേതു സമുദായങ്ങളിലോ ജാതികളിലോ പെട്ടവരായാലും വേണ്ടില്ല—ഈ പുസ്തകം ആവേശപൂർവ്വം വായിക്കുമെന്നു ഞങ്ങൾക്കുറപ്പുണ്ട്.

ആദ്യത്തെ ഏഴദ്ധ്യായങ്ങളിൽ, ഒരു ജീവിതവൃത്തി തിരഞ്ഞെടുക്കുവാൻവേണ്ടി കഥാനായകൻ ചെയ്ത സമരമാണു വർണ്ണിച്ചിട്ടുള്ളതു്. എട്ടാം അദ്ധ്യായം മുതല്ക്കങ്ങോട്ടു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ പ്രതിപാദിച്ചിരിക്കുന്നു.

ചീത്തക്കുട്ടികളുമായി കൂട്ടുകൂടരുതെന്നു് ഗുരുജനങ്ങൾ തങ്ങളുടെ സ്നേഹഭാജനങ്ങളായ കുഞ്ഞുങ്ങളോടുപദേശിക്കുകയും, അവരെ ദുഷ്ടബാലസംസർഗ്ഗത്തിൽനിന്നകററിനിറുത്താൻ കഴിയുന്നത്ര ജാഗ്രത കാണിക്കുകയും ചെയ്യാറുണ്ടല്ലോ. എന്നാൽ 'ചീത്തക്കുട്ടികൾ എന്നൊരു കൂട്ടരേ ഇല്ല' എന്നാണു ഫാദർ ഫ്ളാനഗന്റെ

സുധീരമായ സിദ്ധാന്തം. അദ്ദേഹത്തിൻെറ പ്രവൎത്തനങ്ങളുടെയെല്ലാം അധിഷ്ഠാനതത്വം ഈ വിശ്വാസമാണ്. അതിൻെറ പരിണതഫലമാണ് ഇന്നു വിശ്വവിഖ്യാതി സമാൎജ്ജിച്ചിട്ടുള്ള 'ബാലനഗരം'.

മനുഷ്യസമുദായത്തിലെ തള്ളപ്പെട്ട വൎഗ്ഗത്തെയെല്ലാം—അനാഥരേയും ദരിദ്രരേയും ഭവനശൂന്യരേയും കുററപ്പുള്ളികളേയുമൊക്കെ—തേടിപ്പിടിച്ചും ഏറെറടുത്തും അവരെയൊക്കെ നാട്ടിനും കൂട്ടിനും കൊള്ളാവുന്ന ഉത്തമയുവാക്കളാക്കി വാൎത്തുവിടുന്ന ഒരു വ്യവസായശാലയാണു 'ബാലനഗരം'. അവിടെ പറമ്പിനു വേലിയില്ല; വാതിലിനു പൂട്ടില്ല; ആരേയും അവിശ്വാസമില്ല; അപരാധികൾക്കു ശരീരദണ്ഡനമില്ല—ചുരുക്കത്തിൽ ബാലന്മാരുടെ ഒരു ഭൂലോകസ്വൎഗ്ഗം!

വാസ്തവത്തിൽ നമ്മുടെ കേരളക്കരയിൽ പല'ബാലനഗര'ങ്ങളുടെ ആവശ്യം ഇന്നുണ്ട്. ജാതിയും മതവും നോക്കാതെ സാധുക്കളേയും ദുൎമ്മാൎഗ്ഗികളേയും ഒന്നുപോലെ സ്നേഹിക്കാൻ കഴിയുന്ന ഒരു നേതാവിനെ നമുക്കു കിട്ടണം; അത്രയേ വേണ്ടു. ഫാദർ ഫ്ളാനഗൻെറ ചരിത്രത്തിൻെറ പാരായണം അത്തരം നേതാക്കന്മാരുടെ സൃഷ്ടിക്കു പ്രേരകമാകട്ടെ.

ഈ മനുഷ്യസ്നേഹിയുടെ കഥ വായിച്ചുകഴിയുമ്പോൾ ആൎക്കെങ്കിലും സമസൃഷ്ടികളുടെ പേരിൽ പൂൎവ്വാധികം വിശാലതരമായ സ്നേഹം ജനിക്കുമെങ്കിൽ—ആൎക്കെങ്കിലും കൊള്ളരുതാത്തവരെന്നു സമുദായം തള്ളിക്കളഞ്ഞ കുഞ്ഞുങ്ങളോടു കൂടുതൽ വാത്സല്യം തോന്നുമെങ്കിൽ—മതി, അതുമാത്രം മതി, ഈ എളിയ പരിശ്രമത്തിനു പ്രതിഫലം.

—വിവൎത്തകൻ.

## ഉള്ളടക്കം


| | | |
|---|---|---|
| 1. | സ്നേഹത്തിൻെറ വിജയം | 1 |
| 2. | വിചാരശീലനായ ബാലൻ | 9 |
| 3. | ആത്മാവില്ലാത്ത വിദ്യാസ്ഥാപനജീവിതം | 17 |
| 4. | അപകടത്തിൻെറ വക്കിൽ | 23 |
| 5. | ദൃഢനിശ്ചയം | 28 |
| 6. | വീണ്ടും പ്രതിബന്ധം | 35 |
| 7. | ജീവിതാശ ഫലിച്ചു | 41 |
| 8. | പട്ടിണിക്കാരുടെ പ്രവാഹം | 48 |
| 9. | ബർലിങ്ടൺ ഹോട്ടൽ | 53 |
| 10. | ഔദാര്യത്തിൻെറ വെല്ലുവിളി | 60 |
| 11. | 'ഫ്ലാൻ പ്രഭു' | 67 |
| 12. | ഒരു പുതിയ ആശയം | 74 |
| 13. | എന്തൊരു മായാവിദ്യ! | 78 |
| 14. | ഏഴു കുററപ്പുള്ളികൾ | 86 |
| 15. | ബാലഭവനം | 95 |
| 16. | അവരുടെ കുസൃതിത്തരങ്ങൾ | 102 |
| 17. | വിമർശകന്മാർ | 111 |
| 18. | പുതിയ പ്രശ്നങ്ങളും പുതിയ പരിപാടികളും | 119 |
| 19. | "ചീത്തക്കുട്ടികൾ എന്നൊരു കൂട്ടരേ ഇല്ല" | 128 |
| 20. | പൊതുജനങ്ങൾ ഇളകുന്നു | 138 |
| 21. | സഞ്ചരിക്കുന്ന നാടകീയപ്രദർശനം | 149 |
| 22. | അമ്മയും മകനും ബഹുമതി | 163 |
| 23. | ഭവനം നഗരമായി | 169 |
| 24. | ബാലഭടന്മാർ യുദ്ധരംഗത്തിൽ | 177 |
| 25. | ഫ്ളാനഗൻ പൗരസ്ത്യദേശത്ത് | 186 |
| 26. | അവസാനയാത്ര | 195 |



Rt. Rev. Msgr. Edward J. Flanagan (Profile U-287)
Founder of Boys Town

മോൺസിഞ്ഞോർ എഡ്വർഡ് ജെ. ഫ്ളാനഗൻ.

## I

# സ്നേഹത്തിൻെറ വിജയം

"ഒരു വലിയ ക്രിസ്ത്യാനിയുണ്ടായിരുന്നു നമ്മുടെയിടയിൽ. പ്രോട്ടസ്റ്റൻറു വൈദികരുടെ പ്രതിനിധിയെന്ന നിലയിൽ ഞാൻ പറയുന്നു—അതെൻെറ സഹവൈദികരുടെയെല്ലാം അന്തർഗ്ഗതമാണെന്നെനിക്കറിയാം—ഞാൻ പറയുന്നു, ഈ റോമൻകത്തോലിക്കപുരോഹിതനേക്കാൾ വലിയവനായ ഒരു ക്രിസ്ത്യാനിയുടേയോ, രാജ്യതന്ത്രജ്ഞൻെറയോ, ആദ്ധ്യശീലൻെറയോ മഹനീയമാതൃക ഇക്കഴിഞ്ഞ അമ്പതുകൊല്ലത്തെ അമേരിക്കൻ ജീവിതത്തിന്നിടയിൽ നമുക്കുണ്ടായിട്ടില്ല. ലോകം ഇനി വളരെക്കാലം 'ബാലനഗര'ത്തിലേക്കു ദൃഷ്ടിതിരിച്ചുകൊണ്ടിരിക്കും; ഇവിടെയാണ് ഒരു മഹാനായ വ്യക്തി ക്രിസ്തുവിൻെറ ജീവിതത്തെ സ്വപ്രവൃത്തികളാൽ വ്യാഖ്യാനിച്ചതെന്ന സംതൃപ്തിയോടുകൂടി".

'ബാലനഗരം' (Boys Town) എന്ന വിശ്വവിശ്രുതമായ സാമൂഹ്യസംസ്കാരകേന്ദ്രത്തിൻെറ സ്ഥാപകനാ

യ ഫാദർ ഫ്ളാനഗൻെറ ചരമവേളയിൽ, അദ്ദേഹത്തിൻെറ പ്രവൎത്തനങ്ങൾ പണ്ടേ അടുത്തു കണ്ടറിഞ്ഞിട്ടുള്ള റവ. ഡോക്ടർ തോമസ് ആർ. നിവേൻ—ഒമാഹായിലെ പ്രസ്ബിറേററിയൻ പള്ളിയുടെ ഒന്നാമത്തെ വികാരി—ചെയ്ത പ്രസ്താവമാണ് നിങ്ങൾ വായിച്ചതു്.

ആരാണ് ഈ ഫാദർ ഫ്ളാനഗൻ ?

എഡ്വർഡ് ജോസഫ് ഫ്ളാനഗൻ—അദ്ദേഹമാണ് ഈ ശതാബ്ദത്തിൻെറ പൂൎവ്വാൎദ്ധദശയിൽ, അമേരിക്കയിൽ ഏററവുമധികം സ്നേഹിക്കപ്പെട്ടിരുന്ന പുരോഹിതൻ. ലക്ഷക്കണക്കിനു പോരുന്ന അദ്ദേഹത്തിൻെറ ആരാധകന്മാർ അദ്ദേഹത്തിൻെറ മതക്കാർ മാത്രമായിരുന്നില്ല: യഹൂദന്മാരും പ്രോട്ടസ്റ്റൻറുകാരും, സ്വജനങ്ങളോടൊപ്പം, അദ്ദേഹത്തിൻെറ മഹായത്നത്തിൽ സഹായം നല്കിയവരാണ്.

ആ മഹത്തായ യത്നം—അതേ, യജ്ഞം—അതിന്നു ലോകപ്രസിദ്ധമാണ്—ദുൎഗ്ഗതരായ ബാലന്മാരുടെ വിനയനവും സംരക്ഷണവുമായിരുന്നു;പോലീസും കോടതിയും കയ്യൊഴിഞ്ഞുകിട്ടുവാനാഗ്രഹിച്ചിരുന്ന കുററപ്പുള്ളികളുടെ മാത്രമല്ല; അങ്ങനെയൊരു ധാരണയുണ്ടു പലൎക്കും.

യഥാൎത്ഥത്തിൽ, ബാലനഗരത്തിൽ ഒരേകാലത്തു നിവസിച്ചു പഠിച്ചിരുന്നവരിൽ 20 ശതമാനത്തിലധികമുണ്ടായിട്ടില്ല കുററപ്പുള്ളികൾ. പ്രാഥമികമായി ആ സങ്കേതം വീടില്ലാത്തവൎക്കൊരു വീടും, മാതാപിതാക്കന്മാരില്ലാത്തവൎക്കൊരു കുടുംബവുമായിരുന്നു; അവർ എവിടെനിന്നെല്ലാം വന്നവരായിരുന്നാലും ശരി.

നെബ്രാസ്കായിൽ ഒമാഹാ എന്ന സ്ഥലത്തിനു 10 മൈൽ പടിഞ്ഞാറായി ഫാദർ ഫ്ളാനഗൻ സ്ഥാപിച്ച ദുൎഗ്ഗതബാലന്മാരുടെ ആ നഗരത്തിൽ, വൎണ്ണത്തിൻെറ

യോ മതത്തിൻെറയോ നിയന്ത്രണങ്ങളുടെ ബലാൽപ്ര യോഗമൊന്നും ഒരിക്കലുമുണ്ടായിട്ടില്ല. ചൈനാക്കാരും നീഗ്രോമാരും അവിടത്തെ തോട്ടങ്ങളിൽ ചെടികൾ നട്ടു പിടിപ്പിക്കുന്നു, പീടികബഞ്ചുകളിലിരുന്നു പണിയെടുക്കുന്നു, ക്ലാസ്സുമുറികളിൽ ബാപ്റ്റിസ്റ്റുമാരുടേയും യഹൂദന്മാരുടേയും സതീർത്ഥ്യരായി അദ്ധ്യയനം ചെയ്യുന്നു. ഐകമത്യത്തിൻെറയും ഉത്സാഹശീലത്തിൻെറയും എന്തൊരുൽകൃഷ്ടമാതൃകാരംഗം!

ബഹിഷ്കരണം, രോഗം, മരണം മുതലായവ മൂലം വീടില്ലാതായിത്തീരുന്നവരും പോലീസിൻെറ പക്കൽ നിന്നു തിരിച്ചുവരുന്നവരും തമ്മിൽ വേർതിരിക്കലൊന്നും അവിടെ കാണിക്കാറുമില്ല. അവർ തമ്മിൽ ഒരു ഭേദവുമില്ലവിടെ; എന്തെന്നാൽ കോടതി കയറിയിറങ്ങിയ ആ ന്യൂനപക്ഷം വിളംബമെന്യേ അത്ഭുതകരമായമട്ടിൽ ഇണക്കമുള്ള ഉത്തമപൗരന്മാരായി രൂപാന്തരം പ്രാപിക്കുന്നതു കാണാം.

വേലിയോ പടിവാതിലോ താഴോ പൂട്ടോ കെട്ടോ ഒന്നുമില്ലാത്ത സ്വയംപര്യാപ്തമായ ഈ ഗ്രാമത്തിൽനിന്ന് ഒളിച്ചോടിപ്പോകുവാൻ അവർ തുനിയുമെന്നും തോന്നുന്നില്ല. ഉഗ്രമായ ഒരു ശിക്ഷണത്തിനു വിധേയരായി അവിടത്തന്നെ കഴിച്ചുകൂട്ടുന്നതിൽ അവർ സംതൃപ്തരാണ്. പുസ്തകപഠനത്തിലും വാണിജ്യപരിശീലനത്തിലും ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങളുടെ കർമ്മപരമായ അഭ്യസനത്തിലും മററു കുട്ടികളെപ്പോലെ ബദ്ധപരികരന്മാരാണവരും. സ്വഭാവസംസ്കരണം, കായികാഭ്യസനം, സത്സംസർഗ്ഗം എന്നിവയിൽ ഓരോ വ്യക്തിക്കും ഉചിതമായ ശിക്ഷണം അവിടെ ലഭിക്കുന്നുണ്ട്.

ഈ കൃഷിഭൂമി വാങ്ങുമ്പോൾ ഫാദർ ഫ്ലാനഗൻെറ ഉദ്ദേശം അതു സ്വഭാവപരിശീലനത്തി

ൻെറ ഒരു കളരിയാക്കിത്തീക്കണമെന്നായിരുന്നു. പോലീസ് കുഴപ്പത്തിൽപ്പെടാത്ത 80 ശതമാനത്തിൻെറ മാത്രമല്ല, ഒരു രക്ഷയുമില്ലെന്നു കരുതപ്പെട്ടിരുന്ന ആ 20 ശതമാനത്തിൻെറയും കാൎയ്യത്തിൽ അദ്ദേഹം വിജയം നേടിയെന്നുള്ളതു്, ആ കുട്ടികൾക്ക പ്രദാനം ചെയ്യാൻ അമൂല്യമായ എന്തോ ഒന്ന് അദ്ദേഹത്തിനുണ്ടായിരുന്നു എന്നതിൻെറ സൂചനയാണല്ലോ. യുവാക്കന്മാർ ചെയ്യുന്ന പാതകങ്ങളുടെ നിരന്തരവും ഭയങ്കരവുമായ വൎദ്ധനത്തിനിടയ്ക്കു്, ഈ ഐറീഷ് പുരോഹിതനു യുവജനങ്ങളുടെ മേലുണ്ടായിരുന്ന പ്രേരകശക്തി—കുററപ്പുള്ളികളെന്നു പറയപ്പെടുന്ന ഏററവും പരുക്കന്മാരായ ചെറുപ്പക്കാരെയും സത്യവതും തികഞ്ഞ, സാമുദായികപ്പൊരുത്തം കലൎന്ന, യുവാക്കളാക്കിപ്പകൎത്തുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന വൈഭവം—അന്ധകാരമയമായ ഒരു രംഗത്തിൽ പ്രഭാകിരണങ്ങളെന്നപോലെ ശോഭിക്കുന്നു.

കുട്ടികൾക്ക് അധികം ആവശ്യമുള്ളതു് നിദൎശങ്ങളാണ്, വിമൎശങ്ങളല്ല എന്നദ്ദേഹം പറയാറുണ്ടായിരുന്നു.

ശരിയാണതു്; കുററം പറയുന്നതിനേക്കാൾ നല്ല മാതൃക കാണിച്ചുകൊടുക്കുകയാണല്ലോ സംസ്കരിക്കാൻ പററിയ ശ്രേഷ്ഠതരമായ മാർഗ്ഗം. ഏററവും പാരുഷ്യം കലൎന്ന കുട്ടികളുടേയും ജന്മസിദ്ധമായ ബുദ്ധിശക്തി, ഗ്രഹണശക്തി, സഹജമായ മാന്യത മുതലായവയെപ്പററി ഫാദർ ഫ്ളാനഗനു നിസ്സീമമായ ആദരമുണ്ടായിരുന്നു. ഒരു രസതന്ത്രജ്ഞനെപ്പോലെ കുട്ടികൾക്കും ക്ഷണത്തിൽ കാപട്യത്തിൽനിന്നു സത്യത്തെ വിവേചിക്കുന്നതിനുള്ള ശക്തിവിശേഷമുണ്ടെന്ന എമേഴ്സൻെറ അഭിപ്രായം തന്നെയായിരുന്നു അദ്ദേഹത്തിനുമുണ്ടായിരുന്നതു്. സംശയനിവാരണം ചെയ്യാൻ നിങ്ങൾ വായ് തുറക്കുന്നതിനുമുമ്പുതന്നെ നിങ്ങളുടെ ക

ങ്ങളുകളിലെ ദൗർബ്ബല്യമോ കാപട്യമോ കണ്ടുപിടിക്കുന്നതിന്ന് അവക്കു കഴിയുമത്രെ!

അങ്ങനെ, ചിലതരം സമുദായപരിഷ്കർത്താക്കൾ ഇക്കാലത്തെ കുട്ടികളെയെല്ലാം അധിക്ഷേപിച്ചിരുന്നപ്പോൾ, ഫാദർ ഫ്ളാനഗൻ—ആ വിശുദ്ധാത്മാവായ പുരോഹിതൻ—തൻെറ ലളിതമായ രീതിയിൽ സ്നേഹത്തെപ്പററിയാണു പറഞ്ഞുകൊണ്ടിരുന്നത്. അദ്ദേഹം പറയുകയാണ്:

"അവശനെന്നു പറയപ്പെടുന്ന ഒരു ബാലനു നല്ല ഭക്ഷണവും ചൂടുള്ള വസ്ത്രവും ശുചിയുള്ള കിടക്കയും കൊടുത്തതുകൊണ്ടുമാത്രം കാര്യമായില്ല. ഏതു സൈനിക ഭക്ഷ്യശാലാധിപനും ഇത്രയുമൊക്കെ ചെയ്യാറുണ്ട്. അല്ല; ഭക്ഷണത്തെയും വസ്ത്രത്തെയും കിടക്കയേയും കാൾ ഉപരിയായി ഈ കുട്ടികൾക്കു കിട്ടാതെപോയതു് ഒരമ്മയുടെ ലാളനം, ഒരു പിതാവിൻെറ വിജ്ഞാനം, ഒരു കുടുംബത്തിൻെറ സ്നേഹം—ഇതൊക്കെയാണ്. ഇതൊന്നും നമ്മുടെ ദുർഗ്ഗുണപരിഹാരശാലകളിൽനിന്നാകട്ടെ,അനാഥസങ്കേതങ്ങളിൽനിന്നാകട്ടെ നമുക്കു ലഭിക്കുകയില്ല; ലഭിക്കണമെങ്കിൽ ആ ബാലജീവിതങ്ങളിൽ സംഭവിച്ചിട്ടുള്ള നഷ്ടം പരിഹരിക്കേണ്ടിയിരിക്കുന്നു.

"എന്നു പറഞ്ഞാലെന്താണ്? ഒരു പുതിയതരം സാമൂഹ്യപ്രവർത്തകന്മാരെ നാം വളർത്തിക്കൊണ്ടുവരണമെന്നു സാരം. അവർ തങ്ങളുടെ ഔദ്യോഗികപരിശീലനത്തിൽ യോഗ്യത സമ്പാദിച്ചവരായിരുന്നാൽ മാത്രം പോരാ; പ്രത്യുത, അനാഥശിശുക്കളുടെ ചെറിയ കാര്യങ്ങളിൽപ്പോലും ആർദ്രതയും, ഔത്സുക്യവും ധാരണയും മാതൃസഹജമായ താൽപ്പര്യവും, വേണ്ടിവന്നാൽ ഒരു ഓമനിക്കുന്ന സമ്പ്രദായവും കലർത്തുക എന്ന മഹത്തായ, ആത്മാവിനെ ഉയർത്തുന്ന, വേലയിൽ

തങ്ങളെത്തന്നെ പ്രതിഷ്ഠിച്ചവരായിരിക്കണം; അതാണ് ഏററവും പ്രധാനം".

ഇതാണ്, സ്വജീവിതത്തിൻെറ അന്തിമദിവസം വരെ ഫാദർ ഫ്ളാനഗൻ ചെയ്തിരുന്ന വേലയുടെ ഒരു ശരിയായ വിവരണം. സ്നേഹിക്കാനറിയാമായിരുന്നു അദ്ദേഹത്തിന്. അതുതന്നെയാണ് വിവിധജനവിഭാഗങ്ങളുടെ സ്നേഹത്തിനു അദ്ദേഹം ഭാജനമായിത്തീരാനും കാരണം. ഹൃദയംഗമമായ, പരിപൂർണ്ണമായ സ്നേഹദാനം—അതായിരുന്നു അദ്ദേഹത്തിൻെറ അജയ്യമായ സാങ്കേതിക കല. അതിൻെറ പ്രാഭവത്താൽ സമ്പൂർണ്ണനായിരുന്നു അദ്ദേഹം; മാത്രമല്ല, അതിൻെറ നിയന്ത്രണത്തിലും നിയോജനത്തിലും വിദഗ്ദ്ധനുമായിരുന്നു. ശരീരത്തിനും മനസ്സിനും ആത്മാവിനും നൽകാൻ അദ്ദേഹത്തിനുള്ള സിദ്ധൗഷധവും അതുതന്നെയായിരുന്നു.

* * * *

'ക്രിസ്റ്റ്യൻ ഹെറൾഡ്' പത്രത്തിൻെറ അധിപരായ ഡോക്ടർ ഡാനിയൽ പോളിങ്ങ് എന്ന പ്രോട്ടസ്റ്റൻറുകാരൻ തൻെറ പത്രത്തിൽ ഇങ്ങനെ എഴുതി:

"ബാലനഗരത്തിലെ ഫാദർ ഫ്ളാനഗൻ തൻെറ കിരീടധാരണത്തിനു പോയിരിക്കയാണ്. അദ്ദേഹമിപ്പോൾ അമർത്ത്യനാണ്. യഥാർത്ഥത്തിൽ അദ്ദേഹത്തിൻെറ അമർത്ത്യത വളരെ മുൻപേ ആരംഭിച്ചതാണ്; 'ചീത്തക്കുട്ടി എന്നൊന്ന് ഇല്ലതന്നെ' എന്നദ്ദേഹം പ്രസ്താവിച്ചപ്പോൾ അതാരംഭിച്ചുകഴിഞ്ഞു.

"ആ പ്രസ്താവത്തിൽ മനുഷ്യാതീതമായ ഒരു വിശ്വാസമടങ്ങിയിട്ടുണ്ട്; എന്തെന്നാൽ അദ്ദേഹത്തിൻെറ വിജയരഹസ്യത്തെ അതുൾക്കൊള്ളുന്നു. പൗരുഷേയത്വം (personality) എന്നതു ദിവ്യമാണെന്നും, ദിവ്യത്വത്തിൻെറ ഒരു തീപ്പൊരിപോലും കെടുത്തുവാൻ ഒരു

മാനുഷകമ്മത്തിനോ പരമ്പരായത്തമായ മാനുഷദൌബ്ബ ല്യത്തിനോ കഴിവില്ലെന്നും അദ്ദേഹത്തിനറിയാമായിരു ന്നു. സ്നേഹമായിരുന്നു അദ്ദേഹത്തിൻെറ പ്രമാണം— ദൈവത്തിൻെറ സ്നേഹം; അതാണ് അവസാനത്തേതാ യ ഒരേഒരു ശക്തി; അതിൻെറ പൂരണം സ്ഥലകാല ങ്ങൾക്കതീതമായിരുന്നുകൊള്ളട്ടെ; എന്നാലും ഇവിടെ യും ഇപ്പോഴുമുള്ള കുട്ടികളുടെമേൽ അതു വിജയിക്കുന്നു വെന്ന് ഫാദർ ഫ്ളാനഗൻ ദൃഷ്ടാന്തീകരിച്ചു.

"എല്ലാവരുടേയും സ്നേഹിതനായിരുന്നു ഈ മനു ഷ്യൻ. തൻെറ മതത്തിൻെറയും ജാതിയുടെയും ഭിത്തി കളെ ഉല്ലംഘിക്കുന്നവയായിരുന്നു അദ്ദേഹത്തിൻെറ സ്നേഹവും സേവനവും. അദ്ദേഹത്തിൻെറ ശരീരം സ്ഥി തിചെയ്യുന്ന ശവകുടീരത്തിന്മീതെ ഒരു കല്പലകയുണ്ട്. അതിന്മേൽ സൗവണ്ണലിപികളിൽ കൊത്തിവച്ചിട്ടുള്ള വാക്കുകൾ കേട്ടുകൊള്ളുക: "ഫാദർ ഫ്ളാനഗൻ, ബാലനഗരത്തിൻെറ സ്ഥാപകൻ, ക്രിസ്തുവിനേയും മനു ഷ്യനേയും സ്നേഹിച്ചവൻ".

ലോസ്ആഞ്ജൽസിലെ റാബി എഡ്ഗാർ എ ഫ്. മാഗ്നിൻ യഹൂദന്മാൎക്കുവേണ്ടി പ്രസ്താവിച്ചതിങ്ങ നെയാണ്:

"ഏബ്രഹാമിനെപ്പോലെ, അദ്ദേഹം തൻെറ കൂടാ രത്തിൻെറ വാതുക്കലിരുന്നുകൊണ്ട്, കടന്നുപോകുന്ന അ പരിചിതൎക്ക്—കീറിപ്പറിഞ്ഞ ട്രൗസറും അഴുക്കുനിറ ഞ്ഞ ഷർട്ടുമണിഞ്ഞ വികൃതമുഖരായ ബാലന്മാൎക്ക്— സ്വാഗതം നല്കിയിരുന്നു; കൈകൾ നീട്ടി അവരെ മാ റോടു ചേത്താശ്ലേഷിച്ചിരുന്നു. അവരിൽ ചിലർ കറു ത്തവർഗ്ഗക്കാരാണ്. അവിടെ യഹൂദന്മാരും കത്തോ ലിക്കരും പലതരം പ്രോട്ടസ്റ്റൻറുകാരും ഒരു ജാതിയിലും പെടാത്തവരും ഉണ്ടായിരുന്നു. ഒരു ദൈവത്തെയും അ

റിയാത്തവരും അവിടെ ഇല്ലാതിരുന്നില്ല; ഫാദർ ഫ്ളാനഗനെ സമീപിക്കുന്നതിനുമുമ്പ് ഒരു ദൈവമുണ്ടെന്ന് അവരെയാരും പഠിപ്പിച്ചിരുന്നില്ല.

"ഫാദർ ഫ്ളാനഗൻെറ മരണത്തോടുകൂടി ലോകം ദരിദ്രതരമായിത്തീർന്നിരിക്കുന്നു. മറെറാരത്ഥത്തിൽ, അദ്ദേഹം ഭൂജാതനാകുന്നതിനു മുമ്പത്തേക്കാൾ കൂടുതൽ സമ്പന്നമായിത്തീർന്നിട്ടുണ്ട് ലോകം എന്നും പറയാം; എന്തെന്നാൽ ഭാവിയുഗങ്ങളിൽപ്പോലും അദ്ദേഹം അമേരിക്കരുടെ മാനസങ്ങളിലും ഹൃദയങ്ങളിലും ജീവിച്ചിരിക്കും."

നീഗ്രോമാരുടെ വകയായ 'സെൻറിനൽ' എന്ന പത്രത്തിൽ താഴെക്കാണുന്ന ഉത്തേജകമായ മുഖപ്രസംഗം പ്രത്യക്ഷമായി.

"അദ്ദേഹത്തിൻെറ അഭയസങ്കേതം എല്ലാവക്കുമായി തുറന്നിരിക്കുകയാണ്. അവിടെ പരിത്യക്തനായ ഒരു നീഗ്രോവിനും പരിത്യക്തനായ ഒരു ഐറിഷ് കത്തോലിക്കനും തുല്യമായ സ്വാഗതമാണു ലഭിക്കുന്നത്.

"പാരമ്പൎയ്യപ്പന്ത് പരിശീലനത്തിൽ അസാധാരണമായ വിജയം കൈവരിച്ചിരിക്കുന്ന പ്രൊഫസ്സർ ഓഡൻ, ഫാദർ ഫ്ളാനഗൻെറ ബാലനഗരത്തിലെ പേരെടുത്ത ഒരു കായികാഭ്യാസവിദഗ്ദ്ധനായിരുന്നു. ആ ഭക്തനായ കത്തോലിക്ക വൈദികൻെറ കളരിയിൽ പഠിച്ചിറങ്ങി ജീവിതവിജയം കൈവരിച്ചിട്ടുള്ള ഡസൻകണക്കിനു നീഗ്രോമാരിൽ ഒരാൾ മാത്രമാണദ്ദേഹം".

## II

# വിചാരശീലനായ ബാലൻ

പെരുപ്പമുള്ളതും നിരപ്പററ പ്രകൃതിയോടുകൂടിയതുമായ ഫ്ളാനഗൻ കുടുംബത്തിലെ ഏററവും ദുർബ്ബലശരീരനായ അംഗമായിരുന്നു എഡ്ഡി. 1866 ജൂലായ് 13-ാം തീയതിയാണ് അദ്ദേഹത്തിൻെറ ജനനം. ഈ തീയതിയിൽ ജനിക്കുക പുരുഷന്മാക്കു ശോഭനമല്ലത്രേ! അതിന് ഏതാനും മാസങ്ങൾക്കുശേഷമാണ്, അമേരിക്കയുടെ നവാതിഥികൾക്കു ദീപവും ഉയത്തിക്കാട്ടിക്കൊണ്ടു നില്ക്കുന്ന സ്വാതന്ത്ര്യപ്രതിമ, ഒരു പത്തു ലക്ഷത്തിൽ കുറയാത്ത കാണികളുടെ സാന്നിദ്ധ്യത്തിൽ അനാച്ഛാദനം ചെയ്യപ്പെട്ടതു്. എഡ്വർഡ് ജോസഫ് എന്നു നാമകരണം ചെയ്യപ്പെട്ട നമ്മുടെ ബാലൻ ആ സ്വാതന്ത്ര്യപ്രതിമ കാണ്മാൻ ജീവിച്ചിരിക്കുമോ എന്നുള്ളതു വളരെ സന്ദിഗ്ദ്ധമായിത്തോന്നി.

ജനിച്ചു് ഏതാനും ആഴ്ചകൾ കഴിഞ്ഞില്ല, അതിനു മുമ്പു് എഡ്ഡിയെ ഒരപസ്മാരരോഗം ബാധിച്ചു.

അവൻെറ ശരീരം നീലിമ പൂണ്ടു; അവയവങ്ങൾ നിശ്ചേഷ്ടങ്ങളായി. പക്ഷേ പ്രാർത്ഥന ഒന്നുകൊണ്ടുമാത്രം ആ നവജാതമായ ശിശുവിൻെറ ജീവൻ അത്ഭുതകരമാംവിധം രക്ഷപ്പെട്ടുവെന്നു തനിക്കു ദൃഢവിശ്വാസമുള്ളതായി അവൻെറ സഹോദരി നെല്ലി—പില്ക്കാലത്തു ബാലനഗരത്തിലെ കഠിനാദ്ധ്വാനികളിൽ ഒരുവൾ—പ്രസ്താവിച്ചിട്ടുണ്ടു്.

ആ നിമിഷംമുതൽ എഡ്ഡി ഏതോ പ്രത്യേക ലക്ഷ്യത്തിനായി നിയുക്തനെന്നതുപോലെ കാണപ്പെട്ടു. ബാല്യത്തിൽ ശ്രദ്ധേയമായ ഒരു സംഭവവും ചൂണ്ടിക്കാണിക്കാനില്ലെങ്കിലും അക്കാലം ആദ്ധ്യാത്മികമായ വീരാനുഭവങ്ങളാൽ നിബിഡമായിരുന്നു. എപ്പോഴും തനിച്ചിരുന്നു നിശ്ശബ്ദനായി ദൂരത്തേക്കു നോക്കിക്കൊണ്ടിരിക്കുന്നതു കാണാം ആ ബാലൻ. ശൈശവത്തിലെ ആ രോഗമുക്തിയെത്തുടൎന്നു എഡ്ഡിയിൽ എന്തോ ഒരു മാററം സംഭവിച്ചതുപോലെ കാണപ്പെട്ടു.

തൻെറ പ്രായപൂർത്തിക്കുശേഷം കർമ്മബഹുലമായിരുന്ന ആ ജീവിതത്തിൻെറ ബാല്യദശ ചിന്തയാലും അകാരണമായ വിഷാദത്താലും ഗ്രസ്തമായിരുന്നു. നിശ്ചലമായ ഒരു ജലാശയത്തിനു സമീപമിരുന്നു മേഘങ്ങളെ ഉററുനോക്കിക്കൊണ്ടിരുന്ന ആ നിമിഷങ്ങളാണു് ഏററവും സൗഭാഗ്യകരങ്ങളായി അദ്ദേഹത്തിനു തോന്നിയിരുന്നതു്. പ്രകൃതിയുടെ വിശാലതയും നീണ്ട നിശ്ശബ്ദതയുടെ ഏകാന്തതയും സ്വപ്നസദൃശമായ കൗതുകത്തോടെ ആരാഞ്ഞിരുന്ന അദ്ദേഹം തുറന്ന ലോകത്തെ മതിമറന്നു സ്നേഹിച്ചിരുന്നു. തൻെറ ചിന്തകൾക്കു വാഗ്രൂപം നൽകാൻ അദ്ദേഹം ശക്തനായിത്തീരുന്നതിനു വളരെ മുൻപുള്ള കഥയാണിതു്.

കൃശനും ദുർബ്ബലനുമായിരുന്ന എഡ്ഡി നാലുവയ

സ്സുള്ളപ്പോഠം മുതൽ തൻെറ പിതാവിൻെറ ജ്ഞാതികളുടെ സംരക്ഷണത്തിൽ ലീബെഗ് എന്ന കൃഷിസ്ഥലത്താണു താമസിച്ചിരുന്നതു്. സ്ഥലത്തില്ലാതിരുന്ന ഒരു ജന്മിയുടെ സ്വത്തുക്കളുടെ മേനേജരായിരുന്നു ഫ്ളാനഗൻകുടുംബത്തിലെ മൂത്ത ആഠം. അദ്ദേഹത്തോടൊന്നിച്ചു പിതാവും മാതാവും സഹോദരന്മാരും പിതാമഹനും താമസിച്ചുപോന്നു.

അതിനടുത്തു്, സക്ക് നദിക്കപ്പുറത്തു്, ബല്ലിമൂർ എന്ന നഗരത്തിലെ പള്ളിയിൽ അവർ പതിവായിപ്പോകും പൂജ കാണാൻ. ഏതാനും മൈൽ അകലെ, ഡ്രിമററാബിഠം എന്ന ഐറിഷ്പട്ടണത്തിൽ ഇംഗ്ലീഷുകാർ സ്ഥാപിച്ച ഒരു ദേശീയപാഠശാലയുണ്ടു്. 10 മൈൽ അകലെയുള്ള റോസ്കോമൺ എന്ന ഗ്രാമത്തിൽ വണ്ടിവഴി പോയിവേണം ഭക്ഷ്യപദാൎത്ഥങ്ങഠം വാങ്ങുവാൻ. അതിന്നും അപ്പുറത്തുള്ള കാസിൽറീ പട്ടണത്തിൽ ചിലപ്പോഴൊക്കെ ആ കുടുംബത്തിലെ പെൺകുട്ടികളെ വാഹനസവാരിക്കു കൊണ്ടുപോകാറുണ്ടു്.

ഡ്രിമററാബിളിലെ ആ സ്കൂളിൽ പഠിപ്പു തുടങ്ങിയശേഷവും എഡ്ഡി ഒഴിവുസമയങ്ങളിൽ പിതാവിനോടൊന്നിച്ചു വയലിൽ നാല്ക്കാലികളെ മേച്ചുകൊണ്ടിരിക്കും. ആ കുടുംബത്തിലെ 'പുസ്തകപ്പുഴു' എന്നാണ് അവർ അവനെ വിളിക്കാറു്. കാലിമേയ്ക്കുന്നതിനിടക്കും ആ ബാലൻെറ കയ്യിൽക്കാണാം സ്കോട്ടിൻെറയോ ഡിക്കൻസിൻെറയോ ചില നോവലുകഠം; അല്ലെങ്കിൽ മക്കാളേയുടെ ഏതെങ്കിലും കൃതികഠം.

മററു കുട്ടികളേപ്പോലെ വല്ല കുസൃതിത്തരങ്ങളും കാട്ടിയിരുന്നുവോ ഈ ബാലൻ? ഈ ചോദ്യത്തിന്നുള്ള കൗതുകകരമായ ഉത്തരം ഇതാണ്: കുററപ്പുള്ളികളായ ചെറുപ്പക്കാരുടെ ദുർവ്വാസനകഠം ശരിയായി ഗ്രഹി

ച്ചിരുന്ന ഈ ഭാവികാലവൈദികൻ തൻെറ ആ ബാല്യദശയിൽ മൂന്നു കുററങ്ങൾ ചെയ്തിട്ടുണ്ടത്രേ!

എ) തുക്കിയിലെ മുൻ സ്ഥാനപതിയായിരുന്ന സർ നിക്കളാസ് ഒക്കോണറുടെ തോട്ടത്തിലെ ആപ്പിൾ മരത്തിന്മേൽ കയറി. ഒരു പഴമെങ്കിലും പറിച്ചെട്ടുക്കുംമുമ്പേ വാച്ചർ പിടികൂടി. ബ്രദർ പാട്രിക്കിൻെറയും ഫാദർ ജോണിൻെറയും, ഒടുവിൽ എഡ്ഡിയുടെ മാതാവായ നോറാ ഫ്ളാനഗൻെറയും പക്കൽ കേസു റിപ്പോർട്ടുചെയ്തു.

ബി) ഉമിക്കുമ്പാരത്തിൻെറ മറവിൽനിന്ന് ഒരു പഴയ ചുരുട്ടുകുഴലെടുത്തു പുക വലിച്ചു. ഈ കുററം ആരും ഒരിക്കലും കണ്ടുപിടിച്ചിട്ടില്ല. പക്ഷേ മൂന്നു മണിക്കൂർനേരത്തെ വയററിൽസുഖക്കേടുകൊണ്ടു കുററത്തിനുള്ള ശിക്ഷ ശരിക്കു കിട്ടി.

സി) ഒരു മുട്ടാളനുമായി വഴക്കടിച്ച് അവനെ പ്രഹരിച്ചു. സ്വരക്ഷയ്ക്കുവേണ്ടിയായിരുന്നു തൻെറ ജീവിതത്തിലെ ഈ ഒരേ ഒരു യുദ്ധം.

ഇവ മാത്രമാണ്, സമകാലികരായ മററാരേയും കാളുപരിയായി കുട്ടികളുടെ കുസൃതിത്തരങ്ങളേപ്പററി പഠിച്ചിരുന്ന ആ മനുഷ്യൻ, ജീവിതത്തിലാകപ്പാടേ കാട്ടിയിട്ടുള്ള വികൃതിത്തരങ്ങൾ!

* * * *

തൻെറ ബാല്യകാലകഥകൾ മിക്കവാറും അദ്ദേഹത്തിനു നല്ല ഓർമ്മയുണ്ട്: 14 സെററ് കോട്ടും തൊപ്പിയും—4 ആൺകുട്ടികൾ, 7 പെൺകുട്ടികൾ, മാതാപിതാക്കന്മാർ, പിതാമഹൻ എന്നിവരുടെ വക—ചുമരിൽ ആണിതറച്ചു തൂക്കിയിട്ടിരുന്ന കാഴ്ച; അതദ്ദേഹം മറന്നിട്ടില്ല. ഒാപ്പലകയിൽനിന്നു തൂക്കിയിട്ടിരുന്ന കുടുംബനിധിയായ ഒരെണ്ണവിളക്ക്—നീലക്കണ്ണാടിയും നാലു

പിച്ചളയാണികഠം കൂട്ടിപ്പിടിച്ചു നിറുത്തിയിരുന്ന നിമ്മ ലമായ ചിമ്മിനിയും ഘടിപ്പിച്ചിരുന്ന ആ സുന്ദരപ്രദീ പം—ഇന്നും അദ്ദേഹത്തിൻെറ സ്മരണയിൽ ദീപിക്കുന്നു ണ്ടു്. അട്ടക്കളച്ചുമരിന്മേൽ തറച്ചുപിടിപ്പിച്ചിരുന്ന പലകയിൽ വിശുദ്ധചിത്രങ്ങളും, അവിടെ കുടിയേറി പ്പാർത്ത ഒരു പഴയ മാതുലൻെറയും പിതൃവ്യപുത്രരുടേയും ഫോട്ടോകളും ക്രമത്തിൽ നിരത്തിവച്ചിരുന്നതും അദ്ദേ ഹത്തിനു നല്ല ഓമ്മയുണ്ടു്.

അചിരേണ എഡ്ഡിക്കു മനസ്സിലായി, ഫ്ളാനഗൻ കുടുംബക്കാർ അവരുടെ സുഹൃത്തുക്കളിൽ മിക്കവരേയും കാഠം ഭാഗ്യവാന്മാരാണെന്നു്. തനിക്കു പരിചയമുള്ള മിക്ക കുട്ടികഠംക്കും തങ്ങളുടേതുപോലുള്ള ഒരടുക്കളയോ ഭവനമോ ഉണ്ടായിരുന്നില്ല. വയലുകളിലെ പരപ്പൻ കല്ലുകഠംകൊണ്ടാണു് അവരിൽ മിക്കവരുടേയും വീടുകളു ടെ തറ പടുത്തിരുന്നതു്; പടിപ്പുരകഠം പുല്ലു മേഞ്ഞവ യായിരിക്കും; കത്തിക്കാൻ വിറകോ കല്ക്കരിയോ കാണു കയില്ല; ചുമരിനോടുതൊട്ടു് രണ്ടോ അതിലധിക മോ കിടക്കകഠം ഉണ്ടായിരിക്കും. ചുരുക്കത്തിൽ, നാട്ടി ലെ തോതനുസരിച്ചു നോക്കിയാൽ, ഫ്ളാനഗൻ കുടും ബം വളരെ ഭേദപ്പെട്ടതുതന്നെയായിരുന്നു.

ഈ ബാല്യകാലവസതിയെ ബാലനഗരത്തിൻെറ ഒരു മൂശയായി, മോഡലായി, പില്ക്കാലത്തു ഫാദർ ഫ്ളാനഗൻ വിഭാവനം ചെയ്യാറുണ്ടായിരുന്നു. ആ വ ലിയ കുടുംബത്തിലെ ഓരോ അംഗവും കുടുംബക്ഷേമത്തി നുപകരിക്കുന്ന ഏതെങ്കിലും പ്രയോജനകരമായ കമ്മ ങ്ങളിലേപ്പെട്ടിരിക്കും. യഥാത്ഥത്തിൽ സ്വയംപയ്യാപ്ത മായ ഒരു നിവാസഘടകം; അവിടെ ബാലനഗരത്തി ലെപ്പോലെ എപ്പോഴും കേഠംക്കാം സംഗീതത്തിൻെറ മധുരധ്വനി; പിയാനോ, അക്കോർഡിയൺ, വയലിൻ,

ഫ്ളാട്ട്-എല്ലാമുണ്ടവിടെ. മിക്കപ്പോഴും, സായാഹ്ന പ്രാർത്ഥനക്കുമുമ്പ്, ഒരു പാട്ടുകച്ചേരിയും ബാലികമാരുടെ സംഗീതയന്ത്രവാദനവുമുണ്ടായിരിക്കും. ബാലനായ എഡ്ഡിക്ക് മധുരഗംഭീരവും അനുകമ്പാർദ്രവുമായ ഒരു സ്വര വിശേഷമുണ്ടായിരുന്നു; ആ വിശിഷ്ടസ്വരമാണ് അനന്തരകാലങ്ങളിൽ പല ന്യായാധിപന്മാരുടേയും സമക്ഷം നീതിക്കുവേണ്ടി നിവേദനം ഉയർത്തിയിട്ടുള്ളതു്.

ഫാദർ ഫ്ളാനഗൻെറ ബാല്യകാലകഥകൾ പലതും കൂട്ടിച്ചേർത്തു ക്രമപ്പെടുത്തുന്നതിൽ നമ്മെ സഹായിച്ചിട്ടുള്ള മറെറാരാൾ അദ്ദേഹത്തിൻെറ ജ്യേഷ്ഠൻ മോൺസിഞ്ഞോർ പാട്രിക്ക് എ. ഫ്ളാനഗനാണ്. ഒമാഹായിലെ ഹോളി എയിഞ്ചൽസ് പള്ളിയുടെ വികാരിയായിരുന്ന ഇദ്ദേഹത്തെ പലരും സ്നേഹപൂർവ്വം 'ഫാദർ പി. എ.' എന്നാണു വിളിച്ചിരുന്നതു്.

ഫാദർ പി. എ. ആണ് വളരെക്കാലം തൻെറ വിശ്രമാവസരങ്ങളിൽ എഡ്ഡിയെ പഠിപ്പിച്ചിരുന്നതു്. എഡ്ഡിയുടെ അന്നത്തെ ക്ഷണഗ്രഹണശക്തിയും കൂടക്കൂടെയുള്ള ധ്യാനശീലവുമൊക്കെ അദ്ദേഹം നല്ലപോലെ ഓർമ്മിക്കുന്നുണ്ടു്. ജ്യേഷ്ഠൻെറ പഠിപ്പിക്കലിൻെറ ഫലമായി മൂന്നു ക്ലാസ്സുകളിൽ എഡ്ഡി നിഷ്പ്രയാസം കടന്നുകൂടി. പാട്രിക്ക് ഡബ്ലിൻ സെമിനാരിയിൽ വൈദികപഠനത്തിനായി പോയപ്പോൾ എഡ്ഡിക്കു മറെറാരദ്ധ്യാപകനെ കിട്ടി. അദ്ദേഹത്തിൻെറ കീഴിൽ ഫ്രഞ്ചും ലത്തീനും ഗ്രീക്കുമെല്ലാം ഒരേ ദിവസം അയാൾ പഠിക്കാൻ തുടങ്ങി.

ശൈശവമരണത്തിൻെറ വായിൽനിന്നു വലിച്ചെടുക്കപ്പെട്ട ചിന്താശീലനായ ഈ ബാലൻെറ ശരീരശക്തിയിൽ കവിഞ്ഞതായിരുന്നു അയാളുടെ ഉത്സാഹശീലവും പഠനത്തിൻെറ കാഠിന്യവും.

D. M. 21842

"അവൻ എന്തോ ഒരു വലിയ കാൎയ്യത്തിനുവേണ്ടി നിശ്ചയിക്കപ്പെട്ടവനാണ്" എഡ്ഡിയുടെ അമ്മാവികൾ പറയും.

"അതേ—പക്ഷേ എന്തു കാൎയ്യം?" ചോദിക്കും അയാളുടെ പിതൃവ്യപുത്രന്മാർ.

എഡ്ഡിയാകട്ടെ ഇതൊന്നും ശ്രദ്ധിക്കാൻ പോകാറില്ല. തൻെറ ഭാവിയുടെ കാൎയ്യം ആലോചിച്ചു നിശ്ചയിക്കുന്നതിന് ഒരു കുടുംബയോഗം കൂടുന്നതുകണ്ടപ്പോൾ അയാൾക്കാശ്ചൎയ്യമാണുണ്ടായതു്. അയാളുടെ മനസ്സിൽ അതു പണ്ടേ—താനൊരു ചെറിയ ബാലനായിരുന്നപ്പോൾത്തന്നെ—നിശ്ചയം ചെയ്തുകഴിഞ്ഞിരുന്നു. അതിൻെറ കഥ പറയാം: എഡ്ഡിയെ അമ്മ ഒരു ദിവസം ബാല്ലിമോ പള്ളിയിൽ പൂജകാണാൻ കൊണ്ടുപോയി. പൂജകഴിഞ്ഞു് അവർ അല്പനേരം ഫാദർ ഫെതർസ്റ്റോണുമായി സംസാരിച്ചുകൊണ്ടുനിന്നു. ഫ്ളാനഗൻ കുടുംബത്തിലെ അംഗങ്ങളുടെ പേരുകൾ ഓൎമ്മിക്കാൻ എപ്പോഴും ക്ലേശിച്ചിരുന്ന ആ വൃദ്ധപുരോഹിതൻ ചോദിച്ചു: "ഇവൻെറ പേരെന്താണ്? ഈ വിചാരശീലനായ കുട്ടിയുടെ?"

"എഡ്ഡിയെന്നാണ്" നോറാ ഫ്ളാനഗൻ മറുപടി പറഞ്ഞു.

ആ കുട്ടിയുടെ നേൎത്ത നിബിഡമായ മുടിയുടെ മീതേ കൈകൾ വെച്ചുകൊണ്ടു് ആ വൃദ്ധവൈദികൻ പ്രവചിച്ചു:

"ഒരിക്കൽ ഇവനൊരു വൈദികനാകും."

അമ്മയും മകനും പരസ്പരം ഗൗരവത്തോടുകൂടി ഓരോന്നു നോക്കി. എങ്കിലും ഇക്കാൎയ്യത്തെപ്പററി ഒരക്ഷരംപോലും അവർതമ്മിൽ സംസാരിച്ചില്ല; പിന്നീടും സംസാരിച്ചിട്ടില്ല. പരിവൎത്തനാത്മകങ്ങളായ

സംഭവങ്ങളുടെ പ്രവാഹത്തിൽ അവരിരുവരും ഈ പ്രവചനത്തിൻെറ കഥ പക്ഷേ മറന്നുപോയിരിക്കണം.

ആ സംവത്സരങ്ങൾ ലീബെഗ്മന്ദിരത്തിന്മേൽ അവയുടെ ഗാഢമുദ്രകൾ പതിക്കയുണ്ടായി. പിതാമഹനായ ഫ്ളാനഗൻ മരിച്ചു. എഡ്ഡിയുടെ മൂത്ത സഹോദരി നെല്ലി അമേരിക്കയിൽ പോയി ന്യൂയോക്ക നഗരത്തിലുള്ള തൻെറ പിതൃവ്യപുത്രരൊന്നിച്ചു താമസമാക്കി. മററു രണ്ടു സഹോദരികൾ, മേരി ജെയിനും കെയ്ററും, വിവാഹബന്ധത്തിലേപ്പെട്ടു.

ഇതിനിടയ്ക്കു് പാട്രിക്ക് ഡബ്ലിനിൽനിന്നു വീട്ടിൽ തിരിച്ചെത്തി. അന്നു രാത്രി ഒരു കുടുംബയോഗം അവിടെ നടന്നു. എഡ്ഡി തൻെറ നിശ്ചയം പണ്ടേ തുറന്നു പറഞ്ഞിരുന്നതാണ്. തൻെറ ഭാവി അദ്ദേഹം തീച്ച്പ്പെടുത്തിക്കഴിഞ്ഞു: തനിക്ക് ഒരു വൈദികനാകണം. ആരും എതിത്തില്ല ഈ തീരുമാനം. ഒടുവിൽ നോറാ ഫ്ളാനഗൻ പറഞ്ഞു:

“അതങ്ങനെ സംഭവിച്ചേ തീരു. ഫാദർ ഫെതർസ്റ്റോണിനറിയാമായിരുന്നു ദൈവനിശ്ചയം. എഡ്ഡി വൈദികനാവാൻ ജനിച്ചവൻതന്നെ”

എല്ലാവരും അതു തലകുലുക്കിസ്സമ്മതിച്ചു.

അന്നു രാത്രി സവ്വസമ്മതമായിച്ചെയ്ത നിശ്ചയം എഡ്ഡി സമ്മർഹിൽ കോളേജിൽ പോയി കലാശാലാപഠനം ആരംഭിക്കണമെന്നായിരുന്നു. വടക്കുപടിഞ്ഞാറൻ തീരപ്രദേശത്തു സ്ഥിതിചെയ്യുന്ന സ്ലിഗോ എന്ന പഴയ നഗരത്തിലുള്ള ഈ കോളേജിലാണ് എഡ്ഡിയുടെ ജ്യേഷ്ഠൻ പാട്രിക്കും മുമ്പു് പഠിച്ചിരുന്നതു്.

## III

# ആത്മാവില്ലാത്ത വിദ്യാസ്ഥാപന ജീവിതം

സമ്മർഹിൽ അത്ര മോശപ്പെട്ട ഒരു വിദ്യാലയമല്ലായിരുന്നു. അന്നത്തെ തോതുവച്ചു നോക്കിയാൽ സാധാരണനിലയിൽക്കവിഞ്ഞതുതന്നെ. അദ്ധ്യാപകന്മാരാണെങ്കിൽ നല്ലവരും യുവാക്കളുടെമേൽ ബുദ്ധിപൂർവ്വമായ മേൽനോട്ടം നടത്തിയിരുന്നവരും. പക്ഷേ വീട്ടിൽനിന്നകന്നു താമസിക്കുന്ന വികാരാധീനരായ വിദ്യാർത്ഥികളുടെ കാര്യത്തിൽ ഉൽക്കണ്ഠ നിറഞ്ഞ ഒരു സ്നേഹം അവരുടെ ഈ നന്മയുടേയോ ബുദ്ധിയുടേയോ ഒരംശമായിരുന്നില്ല.

സമ്മർഹിൽ എന്നു കേൾക്കുമ്പോൾ എഡ്ഡിയുടെ സ്മരണയിൽ പെട്ടെന്നു പൊന്തിവന്നിരുന്നതു് മാതാപിതാക്കന്മാരുടെ സ്നേഹാർദ്രമായ പരിഗണനകൾക്കു തരമില്ലാത്തതും, വീടിനേക്കുറിച്ചുള്ള ചിന്ത സദാ ഉദ്ദീപിപ്പിച്ചിരുന്നതുമായ ഒരുതരം ഏകാന്തജീവിതമായിരുന്നു; അല്ലാതെ താൻ അവിടെ പഠിച്ച പാഠങ്ങളുടെ കാര്യമ

ല്ല. "മനുഷ്യഹൃദയത്തിലെ ശൂന്യത നിറയ്ക്കുവാൻ ഭൗമികമായ ഒന്നിനും സാധ്യമല്ല" എന്നു ഫാദർ ഫ്ളാനഗൻ പിന്നീട് യുവാക്കളുടെ സഹായികളോടും അദ്ധ്യാപകന്മാരോടും ഉപദേശിക്കാറുള്ളപ്പോൾ ഈ ഏകാന്തജീവിതത്തിൻെറ കഥ അദ്ദേഹത്തിൻെറ മനസ്സിലുണ്ടായിരുന്നിരിക്കണം.

അക്കാലങ്ങളിൽ, ലോകത്തിലൊരിടത്തും 'ബാലനഗര'മോ,അതിനോടു സാമ്യം വഹിക്കുന്ന മററെന്തെങ്കിലും സ്ഥാപനമോ ഉണ്ടായിരുന്നില്ല. കുട്ടികളെ മെരുക്കിബ് ഭരിക്കുന്ന പണി അന്നും ഭാരപ്പെട്ട ഒന്നായിരുന്നു. പൊതുവേയുണ്ടായിരുന്ന ഒരു ധാരണ, കുട്ടികൾ എപ്പോഴും പിശാചിൻെറ ഇരകളാണെന്നായിരുന്നു. അല്പം തലയെടുപ്പും തൻേറടവുമുള്ളവരാണ് അവരെന്നു കണ്ടാൽ ഉഗ്രമായ ശിക്ഷണത്തിനു അവരെ വിധേയരാക്കുക; പിശാചിൻെറ ബാധയും ദുർവ്വാസനകളുമൊക്കെ അവരിൽനിന്നോടിയൊളിച്ചുകൊള്ളും— ഇതായിരുന്നു അധികാരികളുടെ ചിന്താഗതി! ദുർവ്വാസനകൾ കണ്ടുതുടങ്ങും മുമ്പു തുടങ്ങിയേക്കുക ഈ ശിക്ഷണം— എന്നാൽ എല്ലാം ശരിപ്പെട്ടുകൊള്ളും; എന്നിട്ടും ഒരു കുട്ടി അനുസരണക്കേടു കാട്ടിയാൽ അവനെ അങ്ങു പറഞ്ഞയച്ചേക്കുക തന്നെ!

അത്തരം കുട്ടികളെ പറഞ്ഞയച്ചിരുന്ന സങ്കേതസ്ഥാനങ്ങൾ— ദുർഗ്ഗുണപരിഹാരപാഠശാലകളും അനാഥമന്ദിരങ്ങളും—പ്രായേണ വിഡ്ഢിത്തത്തിൻെറയും മൃഗീയതയുടേയും കേന്ദ്രങ്ങളായിരുന്നു. അവ നടത്തിയിരുന്നവരോ? കൊള്ളരുതാത്തവരും രാഷ്ട്രീയ 'വാലിൽത്തൂങ്ങി'കളും കുറേ'സാഡിസ്റ്റു'കളും! അടിയ്ക്കണം! പിടിയ്ക്കണം! കെട്ടണം!! എന്നെല്ലാമായിരുന്നു അവരുടെ സംസ്കരണവേദാന്തം!

ചില രാജ്യങ്ങളിൽ ഇക്കാര്യത്തിൽ കുറച്ചു പുരോഗതിയുണ്ടായിട്ടുണ്ടെന്നുള്ളതു ശരിതന്നെ; പക്ഷെ എഡ്ഡി പഠിച്ചിരുന്ന കാലത്തു് അതിൻെറ ഒരാരംഭംപോലുമുണ്ടായിട്ടില്ല. എല്ലായിടത്തും ശാരീരികമായ ശിക്ഷയും മാനസികവും ആദ്ധ്യാത്മികവുമായ സേച്ഛാധികാരവുമാണു പ്രയോഗിക്കപ്പെട്ടിരുന്നതു്. സമ്മർഹിൽ കോളേജിലും തഥൈവ.

ഒരു ഞെട്ടലുണ്ടാക്കി, എഡ്ഡിയുടെ മനസ്സിൽ, സമ്മർഹില്ലിലെ ജീവിതം; ഒരു ജയിൽജീവിതം—അവിടെ ഓരോ വ്യതിയാനവും, മനഃപൂർവ്വമല്ലെങ്കിലും ശരി, ശിക്ഷാർഹമായിരുന്നു. അയാൾ അത്ര ജാഗരൂകനും പഠനോത്സുകനുമായിരുന്നതുകൊണ്ടു് അപകടങ്ങളിൽനിന്നൊഴിഞ്ഞുനിന്നിരുന്നുവെന്നു മാത്രം. എഡ്ഡി പഠിപ്പിൽ മേൽക്കിടയിൽത്തന്നെയായിരുന്നു. എങ്കിലും ആത്മാവില്ലാത്ത വിദ്യാസ്ഥാപനജീവിതത്തിൻെറ രുചി ആദ്യമായി അയാൾ അറിഞ്ഞു.

ഒരു രാത്രി മക് എന്നു പേരുള്ള തൻെറ ഒരു സഹപാഠി കെട്ടു കെട്ടുന്നതു് എഡ്ഡി കണ്ടു. മക് ഒരു കെട്ടിടത്തിൻെറ മറവിൽനിന്നു സിഗററു വലിച്ചതാണു് അയാളുടെ കുററം. അയാളെ അധികാരികൾ നിഷ്കരുണം വീട്ടിലേക്കു പറഞ്ഞയക്കുകയായിരുന്നു. താൻ പണ്ടു ചുരുട്ടു വലിച്ച സംഭവം അപ്പോൾ എഡ്ഡി ഓർമ്മിച്ചു. തൻെറ തോന്നിയവാസം ജോൺ ഫ്ളാനഗൻ അന്നറിഞ്ഞിരുന്നുവെങ്കിൽ, പക്ഷേ ചെകിട്ടത്തടിയായിരുന്നേനേ സമ്മാനം. എങ്കിലും അതൊരു കഠിനകുററമായി ഗണിക്കപ്പെട്ടുമായിരുന്നില്ല. എന്നാൽ മക്കിനെപ്പോലെ വീട്ടിലേക്കു പറഞ്ഞയക്കപ്പെടുക!—അതൊരു ഭൂകമ്പമായിരുന്നു, ഒരു ബാലൻെറജീവിതത്തിൽ.

ഇതിനേക്കാൾ ചെറിയ കുററങ്ങൾക്കും കുട്ടികളെ

വീട്ടിലേക്ക പറഞ്ഞയക്കാറുണ്ടായിരുന്നു; അവരുടെ പേരിൽ രേഖപ്പെടുത്തും നിഷ്കാസനത്തിൻെറ ബ്ലായ്ക്ക്മാർക്കും! നിയമങ്ങൾ അത്ര കക്ശങ്ങളായിരുന്നതിനാൽ എന്തെങ്കിലും കുററം ചെയ്യുന്നതിനെ വളരെ ഭയത്തോടുകൂടിയാണ കുട്ടികൾ വീക്ഷിച്ചിരുന്നതു്. ചെറുപ്പക്കാരനെങ്കിലും വിചാരശീലനായ എഡ്ഡിക്ക തോന്നി, ഭയപ്പെട്ട ജീവിക്കുന്നതു് കുട്ടികൾക്ക് ഒരിക്കലും നന്നല്ലെന്നു്.

ക്ലാസ്സിൽ ഒന്നാംസ്ഥാനം എഡ്ഡിക്കതന്നെയായിരുന്നു. പണ്ടു വയലിൽ പണിയെടുത്തിരുന്നപ്പോൾ കാലിന് ഒരുളുക്ക പററിയിരുന്നതിനാൽ സ്പോർട്ട്സിൽ അത്ര ശോഭിക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ടു കൈപ്പന്തുകളിതന്നെയാക്കി, തൻെറ പ്രിയപ്പെട്ട വിനോദം.

സ്ലിഗോവിൽ അദ്ദേഹം സമ്പാദിച്ച മിത്രങ്ങളിലൊരാൾ ഒരു ആവിക്കപ്പൽ ടിക്കററു വില്പനക്കാരനായ പി. ജി. മക് ഡെർമോട്ട് ആയിരുന്നു. തൻെറ സായാഹ്നസവാരികളിൽ ഈ ഏജൻറിനെ സന്ദർശിച്ച്, അമേരിക്കയിലേക്ക കപ്പൽ കയറുന്ന പുതുയാത്രക്കാരെക്കുറിച്ചും, പണ്ടു മറുകര കടന്നുപോയിട്ടുള്ളവർക്കു കൈവന്നിട്ടുള്ള ജീവിതവിജയത്തെക്കുറിച്ചും സംഭാഷണം ചെയ്യുക അദ്ദേഹത്തിനു വിനോദകരമായിരുന്നു.

"ആ ടിമ്മി റൂക്കിൻെറ കഥതന്നെ നോക്കുക" മക് ഡെർമോട്ട് പറയും; "ഞാൻ അയാളെ കപ്പൽ കയററി വിടുമ്പോൾ ആറു പെൻസുപോലുമില്ലായിരുന്നു അയാളുടെ പോക്കററിൽ. ഇപ്പോഴോ? ഒരു മദ്യവില്പനശാലയുടെ ഉടമസ്ഥനാണയാൾ. രാഷ്ട്രീയത്തിലും കുറച്ചൊരു നിലയുണ്ടയാൾക്ക്. മരിക്കുന്നതിനുമുൻപു് എന്തെങ്കിലും ഒരു വലിയ സ്ഥാനത്തു് എത്താതിരിക്കയില്ലയാൾ, നിശ്ചയം."

തൻെറ യാത്രക്കാർക്കു സിദ്ധിച്ചിരുന്ന ഉദ്ഗതിയെ

ക്കുറിച്ചു പ്രസംഗിക്കുക ഈ ടിക്കററ് ഏജൻറിനു വളരെ ഉത്സാഹപ്രദമായിരുന്നു.

"ലോകത്തിലെ ഏററവും വലിയ രാജ്യം ഏതാണെന്നറിയാമോ? —അമേരിക്ക" മക് ഡെർമോട്ടു തട്ടിവിടും; "അയർലണ്ടു കഴിഞ്ഞാൽ."

ന്യൂയോർക്കിലുള്ള തൻെറ സഹോദരി നെല്ലിയുടെ കത്തുകൾ എഡ്ഡിക്കു കൂടക്കൂടെ കിട്ടാറുണ്ടായിരുന്നു. അമേരിക്കയിലെ അത്ഭുതങ്ങളുടെ വിവരണങ്ങളാൽ നിബിഡമായിരുന്നു ആ കത്തുകൾ. ടിക്കററ് ഏജൻറിൻെറ പ്രഭാഷണവും നെല്ലിയുടെ കത്തുകളും എഡ്ഡിയുടെ മനസ്സിൽ ചില പുതിയ ആവേശങ്ങൾക്കുദ്ദീപനം നല്കി.

18-ാമത്തെ വയസ്സിൽ പ്രശസ്യമായ ഉന്നതിയോടുകൂടി എഡ്ഡി സമ്മർഹില്ലിൽനിന്നു ബിരുദം നേടി. കോളെജ്ജീവിതത്തിന്നിടക്ക് അദ്ദേഹത്തിൻെറ വളച്ച് അതിശീഘ്രമായിരുന്നു. ആറടിയിൽക്കവിഞ്ഞ ഉയരം, ചടച്ച ശരീരം,നേത്ത മുടി, ദൂരവീക്ഷണമുള്ള നീലക്കണ്ണുകൾ—ഇതായിരുന്നു അന്നത്തെ എഡ്ഡി.

അക്കൊല്ലം ആരംഭത്തിൽത്തന്നെ അദ്ദേഹത്തിൻെറ ജ്യേഷ്ഠൻ പാട്രിക്ക്, ഡബ്ലിൻ സെമിനാരിയിൽനിന്നും ബിരുദം നേടി, ഒരു വൈദികനായി ഉയത്തപ്പെട്ടുകഴിഞ്ഞിരുന്നു. ഫാദർ പാട്രിക്കിനു ആദ്യമായി ലഭിച്ച ജോലി,വിദൂരസ്ഥമായ അമേരിക്കയിലെ നെബ്രാസ്റ്റേററിൽ, ഒരു പുതിയ ഇടവകയുടെ ഭരണമായിരുന്നു.

ജ്യേഷ്ഠനെപ്പോലെ എഡ്ഡിയും ഡബ്ലിൻസെമിനാരിയിൽ വൈദികപഠനത്തിനു പോകണമെന്നായിരുന്നു ആദ്യത്തെ നിശ്ചയം. പക്ഷേ പ്ലാനെല്ലാം പെട്ടെന്നു, വിപ്ലവകരമാംവിധം, ഭേദപ്പെട്ടുത്താനാണിടയായതു്. ന്യൂയോർക്കിൽനിന്നു നെല്ലി ഫ്ളാനഗൻ കുടുംബസന്ദർശനാർത്ഥം വരാനിടയായതാണു കാരണം.

ഈ ജ്യേഷ്ഠസഹോദരി പ്രസരിപ്പും തന്റേടവും തികഞ്ഞ ഒരു സ്ത്രീയാണ് ഇപ്പോൾ കണ്ടാൽ. ന്യൂയോക്കിലെ അത്ഭുതങ്ങളെക്കുറിച്ച് മാതാപിതാക്കന്മാരുടേയും സന്ദർശകരുടേയും സാന്നിദ്ധ്യത്തിൽ അവർ വർണ്ണിക്കുമ്പോൾ, ആവേശം ആ കണ്ണുകളിൽ നൎത്തനം ചെയ്തിരുന്നു. നവീനങ്ങളായ ആശയങ്ങളാൽ അവർ ഇളകിവശായിരുന്നു. എഡ്ഡി എന്തിനു ഡബ്ലിനിൽ പോകുന്നു ? തന്റെകൂടെ ഇപ്പോൾത്തന്നെ അമേരിക്കയിലേക്കു പോന്നു് അവിടെ പഠിപ്പു മുഴമിക്കരുതോ?

ജോൺ ഫ്ളാനഗനും പത്നിയും വളരെ രാത്രികൾ ഇക്കാര്യംസംബന്ധിച്ച സംഭാഷണത്തിൽ കഴിച്ചുകൂട്ടി. ബാലനായ എഡ്ഡിയെപ്പിരിയുക സങ്കടകരം; പക്ഷേ അതിന്റെ ഫലമോ, ഏററവും ഗുണകരവും. അതുതന്നെയാണു വേണ്ടതു്. ജോൺ ഫ്ളാനഗൻ കുടുംബനിശ്ചയത്തിന്റെ അവസാനവാക്കുച്ചരിച്ചുകഴിഞ്ഞു.

## IV

# അപകടത്തിൻെറ വക്കിൽ

നല്ല സമയത്താണ് എഡ്ഡി അമേരിക്കയിൽ കാൽ കുത്തിയതു്. മഹിമയുടെയും ആഡംബരത്തിൻെറയും വിശാലമായ പ്രവേശനദ്വാരങ്ങൾ; സംഗീതയന്ത്രങ്ങളുടെ മധുരോദാരമായ നിക്വാണങ്ങൾ എന്നിവ അദ്ദേഹത്തിനു സ്വാഗതം നൽകി. എന്തെന്നാൽ സെൻറ് ലൂയിസിലെ ശ്രുതിപ്പെട്ട ഗ്രീഷ്മകാല വില്പനപ്രദർശനത്തിൻെറ സമയമായിരുന്നു അതു്; സ്ത്രീകൾ ഇറക്കമുള്ള നിലയങ്കികളും, പുരുഷന്മാർ പല നിറത്തിലുള്ള വാറുകൾവെച്ച വട്ടംകൂടിയ തൊപ്പികളും ധരിക്കുന്ന സമയം; കോണിദ്വീപിലേക്കു വള്ളങ്ങളിൽ വിനോദയാത്ര പോകുന്ന സമയം.

എഡ്ഡിയുടെ അമ്മയുടെ സഹോദരന്മാർ ന്യൂയോർക്കിൽ സാമാന്യം ഉറച്ച നിലയുള്ളവരായിരുന്നു. തങ്ങളുടെ സഹോദരീപുത്രനെ അക്കാലത്തെ സമുന്നതനായ ഒരു പുരോഹിതശ്രേഷ്ഠനുമായി പരിചയപ്പെടുത്തുവാൻ

അവക്ക സാധിച്ചു. "ചെറിയ മെത്രാപ്പോലീത്തായായ ഫാർലി" എന്ന പേരിലാണദ്ദേഹം അറിയപ്പെട്ടിരുന്നത്. തന്നെ അദ്ദേഹം സ്വീകരിച്ചപ്പോൾ പ്രദശിപ്പിച്ച ആഹ്ലാദവും സൗഹാർദ്ദവും ഫ്ളാനഗൻ പിന്നെ മറന്നിട്ടില്ല. ആ മെത്രാപ്പോലീത്താ, സെൻറ് പാട്രിക്ക് ദേവാലയത്തിൻെറ പിൻഭാഗത്തുള്ള തൻെറ അരമനമുറിയിലിരുന്ന്, ആ ചെറുപ്പക്കാരൻെറ നിവേദനം സാവധാനം ശ്രവിച്ചു.

"അപ്പോൾ നിനക്ക പട്ടത്തിന പഠിക്കാനാണാഗ്രഹം, അല്ലേ? എളുപ്പം പഠിച്ചു വൈദികനായി ലോകത്തിലേക്കിറങ്ങണം! ശരി; പക്ഷേ അതിന നിന്നെ വല്ലവക്കും ഏല്പിച്ചുകൊടുക്കണം. എത്ര വയസ്സായി നിനക്ക്?"

"പതിനെട്ട്, പിതാവേ!"

"നിനക്ക ഡിഗ്രിയുണ്ടോ?"

"ഇല്ല, പിതാവേ!"

മെത്രാപ്പോലീത്താ വിഷണ്ണഭാവത്തിൽ തല കുലുക്കിക്കൊണ്ടിരുന്നു.

"നന്നേ ചെറുപ്പം!" അദ്ദേഹം പിറുപിറുത്തു; "ഡൺവൂഡിയിൽ ചേന്ന പഠിക്കാൻ തീരെ പോരപ്രായം. എന്നാൽ പക്ഷേ അതിന്നൊരുക്കം തുടങ്ങാൻ ഈ പ്രായം പോരായ്കയില്ലതാനും"

മേരിലാൻഡിലെ മൗണ്ട് സെൻറ് മേരീസ്കോളേജിൻെറ കാര്യം മനസ്സിൽവച്ചുകൊണ്ടാണ് മെത്രാപ്പോലീത്താ ഇങ്ങനെ പറഞ്ഞത്.

"ഒരൊന്നാന്തരം സ്കൂൾ! ആദ്യം അവിടെച്ചെന്ന പഠിക്കൂ, കുഞ്ഞേ; അവിടെനിന്ന ബി. ഏ. ഡിഗ്രി എടുത്തുകഴിയുമ്പോൾ ഡൺവൂഡിയിലേക്ക പാകമാകും."

17.M.21/62



83412

മെത്രാപ്പോലീത്തായുടെ ഈ വാക്കിന് എതിർവാക്കുണ്ടായിരുന്നില്ല. എഡ്ഡിയുടെ ഒരമ്മാവൻ, ഒരു കണ്ട്റാക്ടർ, സെൻറ് മേരീസിലെ ചെലവു മുഴുവൻ വഹിച്ചുകൊള്ളാമെന്നേററു. അങ്ങനെ വീണ്ടും എഡ്ഡി ഒരു സ്കൂൾവിദ്യാർത്ഥിയായി. മൂന്നുകൊല്ലം ഇനി അങ്ങനെ കിടക്കുന്നു.

ഇതിനിടയ്ക്കു്, കുട്ടികൾ ഓരോരുത്തർക്കും പ്രായമായതോടുകൂടി വിഭക്തമായിത്തീർന്ന ഫ്ളാനഗൻകുടുംബം, വീണ്ടും അമേരിക്കയിൽവച്ചു്, ഒന്നായിത്തീരുവാനുള്ള ആരംഭമായി. ആ മാതാപിതാക്കൾ മക്കളെല്ലാവരും പിരിഞ്ഞുപോയതുകൊണ്ടുള്ള ഏകാന്തത സഹിക്കാൻ ശക്തരാകാതെ, തങ്ങളുടെ വസ്തുക്കളെല്ലാം വിററു്, അററ്ലാൻറിക്ക് സമുദ്രം കടന്ന് അമേരിക്കയിലെത്തി.

അവിടെ, ന്യൂയോർക്കിൽ, നെല്ലിയുടെക്കൂടെത്തന്നെ അവർ വാസമുറപ്പിച്ചു. എങ്കിലും എഡ്ഡിയുടെ കാര്യത്തിൽ അവർക്കു വളരെ ഉൽക്കണ്ഠയുണ്ടായിരുന്നു. ചെറുപ്പംമുതല്ക്കേ അയാൾ ജലദോഷബാധിതനായിരുന്നുവെന്നതു് അവർക്കെല്ലാമറിയാമായിരുന്നു. പോരെങ്കിൽ എഡ്ഡി ക്ഷയരോഗാസ്പത്രിയിൽ രോഗികളെ സന്ദർശിക്കുന്നതായി കേട്ടപ്പോൾ ആ മാതാവിൻെറ പരിഭ്രമം അധികമായി. ഡൺവുഡിയിലെ പഠനംതന്നെ ബദ്ധകഠിനം; അതിൻെറ മീതേ ആശുപത്രിയിലെ ഈ മിഷൻ സന്ദർശനം കൂടിയായാൽ എന്താ കഥ! പക്ഷേ എഡ്ഡി പുത്രസഹജമായ സ്നേഹപ്രകടനങ്ങളാൽ ആ മാതാവിൻെറ ഭീതിയെല്ലാം അകററിക്കളഞ്ഞുവെന്നു മാത്രമല്ല, താൻ അരോഗനാണെന്ന് അവരെ സമ്മതിപ്പിക്കുകകൂടി ചെയ്തു. 1908-ലെ ക്രിസ്മസ് ദിവസംവരെ തൻെറ ആരോഗ്യവാദത്തിൽ അദ്ദേഹം ജയിച്ചുനിന്നു.

ആ ക്രിസ്മസ് ദിവസത്തിൽ സെൻറ് ജോസഫ്സിലെ വിദ്യാത്ഥികളെല്ലാവരും പാട്ടുകർബ്ബാന കാണാൻ സെൻറ് പാട്രിക്ക് ദേവാലയത്തിൽ പോയിരുന്നു. മഞ്ഞും തണുപ്പും ദുസ്സഹമായിരുന്നുവെങ്കിലും പള്ളിയിൽ ആൾത്തിരക്ക കുറവായിരുന്നില്ല. ആൾപ്പെരുപ്പംകൊണ്ടു വിദ്യാർത്ഥികൾക്കെല്ലാം ഒരു കോണിൽ തിങ്ങിച്ചേൎന്നു നിൽക്കേണ്ടതായി വന്നുകൂടി. ഫ്ളാനഗനാവട്ടെ, അവിടെയുണ്ടായിരുന്ന ഒരു പഴയ സ്റ്റീം റേഡിയേററർ യന്ത്രത്തോടുചേൎത്തു പുറംവച്ചു നില്ക്കാനാണിടയായതു്. അതിൻെറ ചൂടുപിടിച്ച കുഴലും അദ്ദേഹത്തിൻെറ പുറവുമായി ഒരു സമ്മേളനം നടന്നു.

ഇങ്ങനെ വളരെനേരം ഞെരുങ്ങിനിന്നു ചൂടുപിടിച്ച ശരീരവുമായി അദ്ദേഹം കുബ്ബാന കഴിഞ്ഞിറങ്ങിയതോ? മഞ്ഞും തണുത്ത കാററുമുള്ള അന്തരീക്ഷത്തിലേയ്ക്കു്. ആ തണുപ്പെല്ലാമേററുകൊണ്ടു് ഉടനേ വീട്ടിലേയ്ക്കു നടക്കുകയായി. അമ്മ നൽകിയ ഭക്ഷണം കഴിക്കുന്നതിനിടയിൽ ഒന്നുരണ്ടു ചുമച്ചു. അതുംകഴിഞ്ഞു നേരേ വച്ചുപിടിച്ചു ഡൺവൂഡിയിലേയ്ക്കു്. എന്തിന്, രാവിലെ കിടക്കയിൽനിന്നെഴുന്നേല്ക്കാൻപോലും ശക്തിയില്ലാതെ അദ്ദേഹം തളൎന്നു കിടപ്പായി.

സഹപാഠികൾ അദ്ദേഹത്തെ കമ്പിളികൊണ്ടു മൂടിപ്പൊതിഞ്ഞു്, കോളേജ്വക ആസ്പത്രിയിലേയ്ക്കെടുത്തുകൊണ്ടുപോയി. ഡോക്ടർമാൎക്കുപോലും അദ്ദേഹത്തിൻെറ സ്ഥിതി കണ്ടു പരിഭ്രമം തോന്നിയതിനാൽ ഉടൻതന്നെ മാതാപിതാക്കന്മാൎക്കാളയച്ചു. ഡബിൾ ന്യൂമോണിയാ ആണു രോഗം. അന്നു പെനിസിലിനില്ല; സൾഫാ മരുന്നുകളില്ല. രക്ഷ അമ്പതുശതമാനം മാത്രം എന്നാണു ഡോക്ടർമാർ പറയുന്നതു്; രക്ഷപ്പെട്ടാൽത്ത

ന്നൊ നീണ്ടുപിടിച്ച ചികിത്സ വേണ്ടിവരും ആരോഗ്യം വീണ്ടെടുക്കാൻ.

ആ വൃദ്ധദമ്പതിമാക്ക് കാര്യം മനസ്സിലായി. ശ്വാസകോശത്തിനു കേടു തട്ടിയിട്ടുണ്ടെങ്കിൽ അപകടമുണ്ടായില്ലെങ്കിൽത്തന്നെ സുഖപ്രാപ്തിക്കു ദീർഘകാലം വേണ്ടിവരുമെന്നുള്ള വസ്തുത അവക്കു വ്യക്തമായി.

ക്രിസ്മസ്സിൻെറ പിറേറദിവസത്തെ നില കണ്ടിട്ട്, എഡ്ഡി ഫ്ളാനഗനു വൈദികനാകാനുള്ള സാദ്ധ്യത വളരെ കൃച്ഛ്റമായിത്തോന്നി; നാഠം കഴിയുന്തോറും കൃച്ഛ്റതരമായും.

## V

# ദൃഢനിശ്ചയം

മൂന്ന മാസം കഴിഞ്ഞപ്പോഠം എഡ്ഡിക്കു സുഖം കൈവരുമെന്നുള്ള തൃപ്തികരമായ ബോധം ഡോക്ടർമാക്കുണ്ടായി. പക്ഷേ ഒരു കൊല്ലത്തേയ്ക്കു പഠിപ്പു പാടേ ഉപേക്ഷിക്കണം. എഡ്ഡിയാവട്ടെ ഈ അഭിപ്രായം മനസാ നിരസിച്ചുകഴിഞ്ഞു. ക്ലടക്കുടെ തന്നെ സന്ദശിക്കാൻ വന്നിരുന്ന ഫാദർ ഫ്രാൻസിസ് ഡഫി എന്ന യുവവൈദികനോട്ട് അദ്ദേഹം അന്തൎഗ്ഗതമെല്ലാം തുറന്നു പറഞ്ഞു. ഈ ഫാദർ ഡഫി പില്ക്കാലത്ത് ഒന്നാം ലോകമഹായുദ്ധത്തിൽ ചാപ്ലെയിൻ എന്ന നിലയിൽ വീരപ്രശസ്തി നേടാനിരുന്ന മഹാപുരുഷനാണ്. അദ്ദേഹത്തിൻെറ സ്മാരകസ്തംഭം ഇന്നു ന്യൂയോൎക്കിലെ ഏററവും ആഠംതിരക്കുള്ള നാല്ക്കവലയ്ക്കടുത്തു സ്ഥിതിചെയ്യുന്നുണ്ട്.

രോഗിയായ ആ വിദ്യാൎത്ഥിയുടെ എതിക്കുന്ന ഹൃദയവികാരങ്ങഠം ഫാദർ ഡഫിയുടെ അവധാനത്തിനു

വിഷയമായി. അയാൾക്കു വല്ലവിധത്തിലും രോഗശയ്യയിൽനിന്നെണീററു ക്ലാസ്സിൽ പോകണമത്രേ!

"പക്ഷേ അതു നിങ്ങൾക്കു ജീവാപായത്തിനു കാരണമായേക്കും. ദൈവം തന്ന വിലപ്പെട്ട ജീവൻ അപകടത്തിലാക്കുവാൻ നിങ്ങൾക്കവകാശമുണ്ടെന്നാണോ വിചാരിക്കുന്നതു്?" ഫാദർ ഡഫി ചോദിച്ചു.

"ദൈവം എനിക്കു് ഒരു ലക്ഷ്യവും തന്നിട്ടുണ്ടു്; ജീവൻ മാത്രമല്ല"

"ആ ലക്ഷ്യം പുരോഹിതവൃത്തിയാണെന്നു് എന്താ നിങ്ങൾക്കിത്ര നിശ്ചയം?"

"എന്നെക്കൊണ്ടു മറെറാന്നിനും കൊള്ളുകയില്ലാത്തതുകൊണ്ടു്" ഫ്ളാനഗൻ ഒരു വിഷാദച്ചിരിയോടുകൂടി പറഞ്ഞു.

ഫാദർ ഡഫി കണ്ണുകൾ താഴ്ത്തി. മാർഗ്ഗദർശനത്തിനുവേണ്ടി, വെളിച്ചത്തിനുവേണ്ടി, അദ്ദേഹം ആരായുന്നതുപോലെ കാണപ്പെട്ടു. ഒരു തീർപ്പിലെത്താതെ അദ്ദേഹം പിരിഞ്ഞു. എന്നാൽ ഫ്ളാനഗൻെറ തീർപ്പു പണ്ടേ ചെയ്തുകഴിഞ്ഞിരുന്നു. എന്താണു പൗരോഹിത്യം അദ്ദേഹത്തെ ഇത്രകണ്ടാകർഷിക്കാൻ കാരണം? മതഭക്തിയുള്ള ലീബെക്കു് കുടുംബത്തിൻെറ പ്രേരകശക്തിയോ? പിതാവിൻെറ കീഴിലുള്ള പരിശീലനമോ? ജ്യേഷ്ഠനായ പുരോഹിതനെ അനുകരിക്കുന്നതിനുള്ള വാസനയോ? ഈ പശ്ചാത്തലമൊന്നുമല്ല, അതിനേക്കാളുപരിയായ ഏതോ ഒരു ശക്തിയാണു്, തന്നെ പിടിച്ചു വലിയ്ക്കുന്നതെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. തനിയ്ക്കൊരു വൈദികനാകണം; അതൊന്നേ വേണ്ടു തനിയ്ക്കു്; അതിനാണു തനിയ്ക്കു ലഭിച്ചിട്ടുള്ള ആഹ്വാനം. ചിലർ ശാസ്ത്രജ്ഞന്മാരാകാൻതന്നെ ജനിച്ചിട്ടുള്ളവരല്ലേ? ചിലർ ശില്പികളാകാൻ? ചിലർ കവികളാകാൻ?

അതുപോലെ താൻ ദൈവത്തിൻെറ വേല ചെയ്യാനും.

പിറേറദിവസം ചെറുപ്പക്കാരനായ ഒരു പരിചാരകൻ ഒരുകെട്ട പുസ്തകങ്ങളും പെൻസിലും കടലാസുമൊക്കെ കൊണ്ടുവന്ന് ഉപചാരമൊന്നും കൂടാതെ ഫ്ളാനഗൻെറ കിടക്കയിൽ കൂട്ടിയിട്ടു.

"നിങ്ങളാണു ഫ്ളാനഗൻ, അല്ലേ? ഈ പുസ്തകങ്ങൾ നിങ്ങൾക്കാണ്. ഈ കിടക്കയിൽ കിടന്നുകൊണ്ടു തന്നെ നിങ്ങൾക്കു പഠിക്കാം."

പിന്നീടു ഫാദർ ഡഫി അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കി, ദിവസംതോറും ഈരണ്ടു മണിക്കൂർ പഠിച്ചുകൊള്ളുവാൻ ഡോക്ടർമാർ അനുവദിച്ചിട്ടുണ്ടെന്ന്.

"നിങ്ങളെ സഹായിക്കുവാൻ ഞാനും" ഫാദർ ഡഫി ഒരു പുഞ്ചിരിയോടുകൂടി പറഞ്ഞു.

ഇങ്ങനെ ഫാദർ ഡഫിയുടെ സാഹായ്യത്തോടുകൂടി ഫ്ളാനഗൻ ദൈവശാസ്ത്രത്തിൻെറ പ്രഥമവത്സര പാഠങ്ങൾ പഠിക്കാൻ തുടങ്ങി. ഡഫിയുടെ സൂദ്ധവും നിശിതവുമായ ബുദ്ധിശക്തിയുംകൂടി ചേന്നപ്പോൾ ആ പാഠങ്ങൾ ജീവാവസാനംവരെ മായാത്ത വൈശിഷ്ട്യമുള്ളവയായിത്തീന്നു. ഒരുജ്ജ്വലമേധാവിയുടെ, ഉദാരാത്മാവിൻെറ, നിത്യസഹവാസം ജിജ്ഞാസുവായ ഒരുവനിൽ എന്തെന്തു നന്മകൾ സമ്മേളിപ്പിക്കയില്ല!

പഠിക്കാനുള്ള കരുത്തു ക്രമേണ കൈവന്നുവെങ്കിലും കൂടക്കൂടെയുള്ള ചുമ വിട്ടുമാറിയിരുന്നില്ല. എങ്ങനെയെങ്കിലും പരീക്ഷയിൽ ഉന്നതി നേടണം; അതായിരുന്നു ആ യുവാവിൻെറ ഏകലക്ഷ്യം. അതു സാധിക്കയും ചെയ്തു. പരീക്ഷയിൽ ഉന്നതമായ വിജയം അദ്ദേഹത്തിനു കൈവന്നു. ദീഘകാലം ക്ലാസ്സിൽ ഹാജരാകാതിരുന്ന ഒരു വിദ്യാത്ഥി ഇത്ര സമുന്നതമായ വി

ജയം കരസ്ഥമാക്കിയതിൽ അദ്ദേഹത്തിൻെറ അദ്ധ്യാപകന്മാർ അത്ഭുതസ്തബ്ധരായി.

പക്ഷേ ഈ വിജയത്തിൻെറ വില കുറേ കഠിനമായിരുന്നു. പരിശോധനയിൽ അദ്ദേഹത്തിൻെറ ശ്വാസകോശങ്ങൾക്കു തകരാറുള്ളതായി ഡോക്ടർമാർ കണ്ടു. ക്ഷയത്തിൻെറ ആക്രമണം എപ്പോഴെങ്കിലും സംഭവിക്കാം. ഡോക്ടർമാർ ഇതിനെപ്പററി ആലോചിക്കാൻ ഒരു യോഗം കൂടി.

ഒടുവിൽ അവർ ഫ്ളാനഗനെ മുറിയിലേയ്ക്കു വിളിച്ചു വരുത്തിയപ്പോൾ അവരുടെ മരവിച്ച മുഖങ്ങളിൽനിന്നു തനിയ്ക്കെതിരായ വിധിയാണു അവക്കറിയിക്കാനുള്ളതെന്ന് അദ്ദേഹത്തിനു മനസ്സിലായി. ആരോഗ്യഹാനിനിമിത്തം അടുത്ത കൊല്ലം പഠിപ്പു തുടരുന്നതു് ആശാസ്യമല്ലെന്ന് അവർ വ്യക്തമായി ഉപദേശിച്ചു.

ഫ്ളാനഗൻ അവർ ഓരോരുത്തരുടേയും മുഖങ്ങളിലേക്കു പ്രത്യാശാപൂർവ്വം മാറിമാറി നോക്കിയശേഷം ചോദിച്ചു:

"പിന്നെ ഞാൻ എന്താണു ചെയ്യേണ്ടതു്? എവിടെയാണു പോകേണ്ടതു് ?"

"വരണ്ട ശുദ്ധവായുവാണു നിങ്ങൾക്കു വേണ്ടതു്" പ്രധാന ഡോക്ടറായ ബ്രാഡി പറഞ്ഞു.

"പടിഞ്ഞാറൻ പ്രദേശങ്ങളിലേയ്ക്കു് ഒരു യാത്ര പോകുന്നതു നന്നായിരിക്കും" മറെറാരാൾ അഭിപ്രായപ്പെട്ടു.

അന്നു രാത്രി മുഴുവൻ, തന്നെ ബാധിച്ച കഠിനമായ നൈരാശ്യം പ്രാർത്ഥനകൊണ്ടകററുവാൻ പണിപ്പെടുകയായിരുന്നു ഫ്ളാനഗൻ. മാർഗ്ഗദർശനം ആരാഞ്ഞുകൊണ്ടിരുന്ന അദ്ദേഹത്തിൻെറ ചിന്ത തൻെറ ജ്യേഷ്ഠൻ പാട്രിക്കിൻെറ നേരേ തിരിഞ്ഞു. പടിഞ്ഞാറൻ

ദിക്കിൻെറ പ്രവേശനദ്വാരമായ ഒമാഹായിലാണദ്ദേഹം. അവിടത്തെ ആരോഗ്യകരമായ ശുദ്ധവായുവിനെപ്പററി പുകഴ്ത്തിക്കൊണ്ടു കൂടക്കൂടെ എഴുതാറുമുണ്ട്.

അടുത്ത ദിവസം തൻെറ മാതാപിതാക്കളൊന്നിച്ചു ഭക്ഷണത്തിനിരുന്നപ്പോൾ ഫ്ളാനഗൻ തനിക്കു ഡൺവൂഡിയിൽ സംഭവിച്ച വിപത്തിനെക്കുറിച്ചും, ഒമാഹായിലേയ്ക്കു പോയാൽ കൊള്ളാമെന്നുള്ള തൻെറ ആഗ്രഹത്തെപ്പററിയും അവരോടു സംസാരിച്ചു.

"നമ്മളെല്ലാവരും കൂടി അങ്ങോട്ടു പോയാൽ തരക്കേടില്ലെന്നാണ് എൻെറ പക്ഷം" ഫ്ളാനഗൻ അവരെ ഉത്സാഹിപ്പിച്ചു. "പലതുകൊണ്ടും അയർലണ്ടിനോടു സാമ്യമുള്ള ഒരു ദേശമാണതു്. അയർലണ്ടിൽനിന്നു വളരെപ്പേർ അവിടെ കുടിയേറിത്താമസിക്കുന്നുണ്ട്."

വളരെനേരത്തെ വിവാദങ്ങൾക്കുശേഷം ഒടുവിൽ ഫ്ളാനഗൻതന്നെ ജയിച്ചു. അങ്ങനെ ഫ്ളാനഗൻ കുടുംബക്കാരിൽ പിന്നെയും കുറേപ്പേർകൂടി ഒമാഹായിൽ എത്തിച്ചേർന്നു.

കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഫാദർ പി. ഏ. യും അനുജനും തമ്മിൽ ഒരു സംഭാഷണം നടന്നു. എഡ്ഡിയെക്കാൾ ഉയരവും തൂക്കവും കൂടുതലുണ്ടായിരുന്ന ഫാദർ പി.ഏ. എത്ര ഗൗരവപ്പെട്ട കാര്യങ്ങളേയും ശാന്തമായി അഭിമുഖീകരിക്കാൻ കഴിവുള്ള സൂക്ഷ്മഗ്രഹണപടുവായ ഒരു വൈദികനായിരുന്നു. അദ്ദേഹം പറഞ്ഞു:

"അങ്ങനെ നീ ഇവിടെ എത്തിച്ചേർന്നു. അവനവൻെറ ശക്തിയിൽക്കവിഞ്ഞ പണിയെടുത്താലുള്ള അനുഭവം ഇപ്പോഴെങ്കിലും നീ പഠിച്ചിരിക്കുമല്ലോ."

"ജ്യേഷ്ഠനെന്താ കരുതുന്നതു്? ഞാൻ അക്കാര്യ്യം ഉപേക്ഷിച്ചെന്നാണോ?"

"നീ അതുപേക്ഷിക്കണമെന്നാണു മററുള്ളവർ പറയുന്നതു്. ഒരു വൈദികൻ രാവും പകലും ജോലിചെയ്യണം. നിനക്കതിനു കരുത്തില്ലെന്നാണു പതുലരുടേയും പക്ഷം"

"കരുത്തു ഞാൻ സമ്പാദിക്കാൻ നിശ്ചയിച്ചിരിക്കയാണു്—എങ്ങനെയെങ്കിലും."

"ഇങ്ങനെ പഠിപ്പു തുടൎന്നാൽ—നീ ജീവൻ അപകടത്തിലാക്കും."

ഏകദേശം ഇങ്ങനെതന്നെയാണല്ലോ ഫാദർ ഡഫിയും അന്നു പറഞ്ഞതു്.

"അങ്ങനെയാണു വരാൻപോകുന്നതെങ്കിൽ അങ്ങനെതന്നെ വരട്ടെ"

ഫാദർ പി. ഏ. ജനാലയിൽക്കൂടി വെളിയിലേയ്ക്കു നോക്കിക്കൊണ്ടിരുന്നു. യുവാവായ ഫ്ളാനഗൻ തുടൎന്നു: "പക്ഷേ ഞാനിപ്പൊഴും മരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. നമ്മുടെ ദിവ്യരക്ഷകൻ എന്നെ സഹായിക്കുമെന്നു് എനിക്കുറപ്പുണ്ടു്".

അനുജൻെറ ആത്മവിശ്വാസത്തിൻെറ അഗാധത ഫാദർ പി. ഏ. യിൽ അത്ഭുതമുളവാക്കി.

"അങ്ങനെയെങ്കിൽ അക്കാൎയ്യം സാധിക്കുന്നതിനുള്ള വഴി നോക്കുകതന്നെ".

ഫാദർ പി. ഏ. മുഖേന ഫ്ളാനഗൻ ഒമാഹായിലെ പല വൈദികപ്രമാണികളുടേയും പരിചയം സമ്പാദിച്ചു. അക്കൂട്ടത്തിലൊരാളായിരുന്നു, പല ദേശങ്ങളിലും സഞ്ചരിക്കയും പല പ്രശസ്തവിദ്യാലയങ്ങളിലും അഭ്യസനം ചെയ്യുകയും ചെയ്തിട്ടുള്ള ബിഷപ്പ് സ്കാനൽ.

"നിനക്കു പോകാൻ പററിയ ഒരു സ്ഥലമുണ്ടു്" ബിഷപ്പു പറഞ്ഞു; "അവിടെ നിനക്കു പഠിപ്പു മിക്കവാറും മുഴുമിക്കാം. പക്ഷേ നിൻെറ ശരീരസ്ഥിതി—"

"പിതാവേ,എനിക്കിപ്പോൾ സുഖമുണ്ട്". എഡ്ഡി കടന്നു പറഞ്ഞു "എന്റെ ചുമ വിട്ടുമാറി; തൂക്കം കൂടിയിട്ടുണ്ട്; ശരീരബലം വദ്ധിച്ചിട്ടുമുണ്ട്. ഈ പറഞ്ഞ സ്ഥലം എവിടെയാണു പിതാവേ?"

"റോമ്മാ"

ഫ്ളാനഗൻ ഈ പേരു പ്രതീക്ഷിച്ചിരുന്നില്ല. ഈ കഷ്കദേശവുമായുള്ള താരതമ്യത്തിൽ ആ നിത്യനഗരത്തിന്റെ നാമധേയം ചരിത്രത്തിന്റെ വിദൂരതയിൽ മറഞ്ഞുകിടക്കുന്ന ഒരു തീയതിപോലെ മിഥ്യയായിത്തോന്നിയിരുന്നു.

ബിഷപ്പ് തുടന്നു:

"റോമിൽ പോയി വൈദികപഠനം മുഴമിക്കാനാഗ്രഹിക്കുന്ന ഒരു യുവാവിനു വേണ്ട ഏററവും മികച്ച യോഗ്യതയാണു നല്ല വിദ്വത്വം. എഡ്ഡ്ഡി, അതു നിനക്കുണ്ട്. നിന്റെ അവിടത്തെ ചെലവെല്ലാം ഇവിടത്തെ ബിഷപ്പു വഹിച്ചുകൊള്ളും. അയാൾ ഞാൻ തന്നെ! പിന്നെ നീ എന്തിനു ക്ലേശിക്കുന്നു?"

അപ്രതീക്ഷിതമായ ഒരു കാഹളധ്വനിപോലെ മുഴങ്ങി ബിഷപ്പിന്റെ ആ വാക്കുകൾ.

വീണ്ടും കുടുംബയോഗം സമ്മേളിച്ചു. വീണ്ടും ഫ്ളാനഗൻ എതിരഭിപ്രായങ്ങളുടെമേൽ വിജയം നേടി. അദ്ദേഹത്തിന്റെ ചുമ നിശ്ശേഷം വിട്ടുമാറിയിരുന്നു. ന്യൂമോണിയായുടെ ദുഷ്ടഫലങ്ങളൊന്നും അദ്ദേഹത്തിൽ ശേഷിച്ചിരുന്നില്ല.

അങ്ങനെ ഫ്ളാനഗൻ റോമ്മയിലേക്കു കപ്പൽ കയറി.

# VI

## വീണ്ടും പ്രതിബന്ധം

1907 ഒക്ടോബർ 4-ാംതീയതി ഫ്ളാനഗനു റോമ്മയിലെ ഗ്രെഗോരിയൻ സർവ്വകലാശാലയിൽ പ്രവേശം ലഭിച്ചു.

ആ സർവ്വകലാശാല, ഇന്നത്തെപ്പോലെ അന്നും, ജസ്വീററ്സംഘത്തിൻെറ ഭരണത്തിലായിരുന്നു നടത്തപ്പെട്ടിരുന്നതു്. പ്രൊഫസ്സർമാർ മിക്കവാറും ജസ്വീററു വൈദികരുമായിരുന്നു. (ഇതുകൊണ്ടു് ഫാദർഫ്ളാനഗൻ ഒരു ജസ്വീററായിരുന്നുവെന്നു് അർത്ഥമാക്കേണ്ടതില്ല). ലോകത്തിൻെറ നാനാഭാഗങ്ങളിലുംനിന്നു വന്നിരുന്നവരായിരുന്നു ഈ പ്രൊഫസ്സർമാർ; പല ഭാഷകൾ സംസാരിക്കുന്നവരും. അവരെ സഹായിക്കുവാൻ റോമ്മാക്കാരായ വൈദികാദ്ധ്യാപകന്മാരും അവൈദികരായ പ്രൊഫസ്സർമാരുമുണ്ടായിരുന്നു.

അതുപോലെ,അവിടെ പഠിച്ചിരുന്ന വിദ്യാർത്ഥികളും നാനാദേശങ്ങളിലുംനിന്നു വന്നവരായിരുന്നു. കത്തോ

ലിക്കലോകത്തിൽ ഇത്രയും സാൎവ്വരാഷ്ട്രീയമായ ഒരു സ്ഥാപനം വേറെയില്ലതന്നെ—ഭിന്നജനതകളിലും ഭിന്നവൎണ്ണങ്ങളിലും പെട്ട ഗ്രെഗോറിയൻ വിദ്യാൎത്ഥികളുമായുണ്ടായ ഗാഢസമ്പൎക്കമാണ് പില്ക്കാലത്തു തന്നിൽ വേരുറച്ച ആ വിശ്വാസത്തിന്—എല്ലാ ജനങ്ങൾക്കും എല്ലാ വൎണ്ണങ്ങൾക്കും എല്ലാ ജാതികൾക്കും ഒരു നല്ല ലക്ഷ്യത്തിനുവേണ്ടി ഒത്തൊരുമിച്ചു പ്രവൎത്തിക്കുവാൻ കഴിയുമെന്ന തന്റെ വിശ്വാസത്തിന്—ആധാരമെന്നു പറയപ്പെടുന്നു.

ആ മഹാകലാലയത്തിലെ അദ്ധ്യയനത്തിന്റെ പരിപാടികൾ ഇവിടെ വൎണ്ണിക്കുന്നില്ല. എന്നാൽ പ്രസക്തമായ ഒരു കാൎയ്യം പറയേണ്ടതുണ്ട്: വ്യാഴാഴ്ചയും ഞായറാഴ്ചയും റോമ്മയിലെ ചരിത്രവിഖ്യാതങ്ങളായ സ്ഥലങ്ങളും സ്മാരകങ്ങളും മററും സന്ദൎശിക്കുവാൻ പോവുക അവിടത്തെ വിദ്യാൎത്ഥികൾക്കൊരു പതിവായിരുന്നു. ആ സന്ദൎഭങ്ങളിൽ തന്റെ ആജീവമിത്രങ്ങളായിത്തീൎന്ന ചില പുതിയ സഹവിദ്യാൎത്ഥികളൊന്നിച്ചു ഫ്ളാനഗൻ സവാരി പോകാറുണ്ട്. അവരിൽ ഇററലിക്കാരനായ എൻറിക്കോ ഡാൻറി, ഡെട്രോയിട്ടിലെ ജോൺ ഡി. വിസ്സാര എന്നിവരുടെ പേരുകൾ പ്രസ്താവാൎഹങ്ങളാണ്. നാല്പതു കൊല്ലം കഴിഞ്ഞു് ഈ രണ്ടു സുഹൃത്തുക്കളും ഒരുമിച്ച് ഫാദർ ഫ്ളാനഗന്റെ 'ബാലനഗരം' സന്ദൎശിക്കാനായി ഒരു യാത്ര ചെയ്യുകയുണ്ടായി. അവരിൽ ഒരാൾ ഇപ്പോൾ റോമ്മയിലെ റൈററ് റവ. മോൺസിഞ്ഞോർ ഡാൻറിയും, അപരൻ റൈററ് റവ. മോൺസിഞ്ഞോർ വിസ്സാരയുമാണ്.

ആ രണ്ടു പഴയ സുഹൃത്തുക്കളും 'ബാലനഗര'ത്തിൽ ഫാദർ ഫ്ളാനഗന്റെ മൃതശരീരപേടകത്തിനു സമീപം വന്നു നിന്നപ്പോൾ റോമ്മയിലെ ആ പഴയ സഹജീ

വിത്തത്തിൻെറയും ഹൃദയഭേദകമായ ആ യാത്രപറച്ചി ലിൻെറയും കഥ ഓർമ്മിച്ചിരുന്നിരിക്കണം. ബെർളിനിൽ വച്ചുള്ള തൻെറ നിര്യാണത്തിനു ഏതാനും ദിവസങ്ങൾ ക്കു മുൻപ്, പാട്രിക്ക് ജെ. മോർട്ടണുമൊന്നിച്ച് ഫാദർ ഫ്ളാനഗൻ വത്തിക്കാൻ നഗരത്തിൽ മോൺ. ഡാൻ റിയുടെ അതിഥിയായി താമസിച്ചിട്ടുണ്ട്.

നവംബർ മാസാരംഭത്തോടുകൂടി റോമ്മയിൽ അ സാധാരണമാംവിധം ഉഗ്രമായ ഒരു കൊടുങ്കാറ്റും പെ രുമഴയുമുണ്ടായി. ഒമാഹായിലെ വരണ്ട ശുദ്ധവായു കൊണ്ടു് ഉപശമിച്ചിരുന്ന ചുമ വീണ്ടും ഫ്ളാനഗനെ പിടികൂടി; ചെറുപ്പത്തിൽ ഉളുക്കിയിരുന്ന കാലിന്മേൽ നീരും വന്നുകൂടി.

ശാരീരികമായ ഈ അസ്വാസ്ഥ്യം വകവയ്ക്കാതെ അദ്ദേഹം പഠനം തീവ്രതരമാക്കി. എന്തിന്, ഉറക്കം പ്രതിദിനം കുറഞ്ഞും, ചുമ കൂടിയും വരികയായിരുന്നു ഫലം.

ഒരു പ്രൊഫസ്സർ ജനുവരി ആരംഭത്തിൽത്തന്നെ താക്കീതു നൽകി, അദ്ദേഹത്തിൻെറ പോക്ക് അപകട ത്തിലേയ്ക്കാണെന്ന്.

"നിങ്ങളെപ്പോലെ പലരേയും ഞാൻ കണ്ടിട്ടുണ്ട്, ഫ്ളാനഗൻ" ആ ജസ്വീററ് പ്രൊഫസ്സർ വെട്ടിത്തുറന്നു പറഞ്ഞു: "കുറേക്കൂടി മന്ദഗതിയിൽ പോവുക; അ ല്ലെങ്കിൽ—"

ജനുവരി അവസാനമായപ്പോഴേയ്ക്കും അദ്ദേഹം ന ന്നേ ക്ഷീണിച്ചുവശായിരുന്നു. ഒടുവിൽ സർവ്വകലാശാ ല വക അസ്പത്രിയിലെ ഡോക്ടർമാരെ സമീപിക്കാതെ ഗത്യന്തരമില്ലെന്നായി. അത്യന്തം ഹൃദയഭാരത്തോടു കൂടി അദ്ദേഹം അവരുടെ മുമ്പിൽ ചെന്നു നിന്നു.

"നിങ്ങൾ നിങ്ങളെത്തന്നെ കണക്കിലധികം പീ

ഢിപ്പിക്കുന്നു" ഒരു ഡോക്ടർ പറഞ്ഞു. "ഇപ്പോഠം നിങ്ങളുടെ ഭോഷത്തരം നിങ്ങഠംക്കു ബോദ്ധ്യമായിരിക്കണം. നിങ്ങളുടെ പഠനം കുറേക്കൂടി മന്ദഗതിയിലാക്കണമെന്നല്ല ഞാൻ പറയുവാൻ പോകുന്നതു്; പഠിപ്പു പാടേ ഉപേക്ഷിച്ചു് ഉടൻ വീട്ടിലേയ്ക്കു തിരിക്കണമെന്നാണു്."

"പഠിപ്പുപേക്ഷിച്ചില്ലെങ്കിൽ?" ഫ്ളാനഗൻ ചോദിച്ചു.

"ആജ്ഞാപിക്കാൻ എനിക്കധികാരമില്ല. പക്ഷേ ഒന്നു ഞാൻ തീച്ച്പറയാം: ഇവിടെ, റോമ്മയിൽ, താമസിക്കുന്നപക്ഷം നിങ്ങഠം മരിച്ചുപോവുകയേ ഉള്ളു!"

അങ്ങനെ, 1908 ജനുവരി 27-ാം തീയതി, അപ്പോഴും ഒരു വൈദികനായിത്തീന്നിട്ടില്ലായിരുന്ന ഫ്ളാനഗൻ, ഒമാഹായിലേയ്ക്കു തിരികെപ്പോകാനായി, അററ്ലാൻറിക്കിനെ തരണം ചെയ്തുകൊണ്ടുള്ള ആ ദീഘ്യാത്ര ആരംഭിച്ചു.

കഠിനമായ നൈരാശ്യത്താൽ തനിക്കു വൈദികത്വത്തിനുള്ള ആഹ്വാനം യഥാൎത്ഥത്തിലുണ്ടോയെന്നുകൂടി അദ്ദേഹം സംശയിച്ചുതുടങ്ങി. തൻെറ വിശ്വാസത്തിൻെറയും ആവേശത്തിൻെറയും ഫലമായിട്ടാണു്, താൻമാത്രം സ്വപ്നം കണ്ടിരുന്ന ഒരു സങ്കേതത്തിൽ,അശരണരായ ആ ഇററലിയിലെ കുട്ടികഠം ഭാവിയിൽ അഭയം തേടാനിരുന്നതെന്ന വസ്തുത ഉദ്ഗ്രഹിക്കാൻ അദ്ദേഹത്തിനന്നു കഴിഞ്ഞില്ല. റോമ്മയുടെ പ്രാന്തത്തിലുള്ള പ്രേണസ്റ്റീൻ നഗരത്തിലും ശാന്തമരിയെല്ലായിലും പാലർണോവിലുമൊക്കെ 'ബാലനഗരം' സ്ഥാപിക്കപ്പെട്ടമെന്ന കാൎയ്യവും അദ്ദേഹത്തിനു മുൻകൂട്ടി കാണാൻ കഴിഞ്ഞില്ല. ആ ഏകാന്തയാത്രയിൽ, മൃതിയടഞ്ഞ പ്രത്യാശകളോടുകൂടിയ ഭൂതകാലത്തെയും, ശൂന്യമായ വ

ൎത്തമാനകാലത്തെയുംപററി മാത്രം ധ്യാനിക്കുവാനേ അദ്ദേഹം ശക്തനായുള്ളു.

തിരിച്ചുവന്ന ഫ്ളാനഗനെ സ്വീകരിക്കുവാൻ അദ്ദേഹത്തിൻെറ കുടുംബാംഗങ്ങൾ ഒമാഹാ സ്റ്റേഷനിൽ ഹാജരുണ്ടായിരുന്നു. അവിടെ പ്രകടമായതു് ഒരുതരം ബലാൽകൃതമായ ആഹ്ലാദമായിരുന്നു; അധിക്ഷേപമൊന്നുമുണ്ടായില്ല. സൗഖ്യകരമായ ഒരു സ്വാഗതം അദ്ദേഹത്തിനു നല്കുന്നതിലാണ് എല്ലാവരും ജാഗരൂകരായിരുന്നതു്. "കണ്ടോ? ഞാനന്നേ പറഞ്ഞില്ലേ?" എന്ന മട്ടിലുള്ള ശഷ്ഠശാസനമൊന്നും വാക്കിലോ നോക്കിലോ അവിടെ പ്രത്യക്ഷമായില്ല.

ഗ്രീഷ്മകാലം വന്നതോടുകൂടി ഫ്ളാനഗൻെറ ആരോഗ്യത്തിന് അഭിവൃദ്ധി പ്രത്യക്ഷമായി. പഴയ തൂക്കം വീണ്ടും ലഭിച്ചു. മുഖത്തു രക്തപ്രസാദവും കണ്ടുതുടങ്ങി. അദ്ദേഹത്തെ പരിശോധിക്കാൻ വന്ന ഡോക്ടർ റിലേ തൻെറ സ്റ്റെതോസ്കോപ്പ് തിരിയെ സഞ്ചിയിലാക്കിയശേഷം പ്രോത്സാഹജനകമായ ഒരു മന്ദഹാസത്തോടുകൂടെ ആ യുവാവിനെ അഭിമുഖീകരിച്ചുകൊണ്ടു പറഞ്ഞു:

"എഡ്ഡീ,എൻെറ കുട്ടീ, ഇത്തവണ നിൻെറ സ്ഥിതി വളരെ ഭേദപ്പെട്ടിട്ടുണ്ടു്. കുറച്ചുകൂടി സൂക്ഷിക്കുകയും സാധാരണ രീതിയിൽ ജീവിക്കാൻ തീരുമാനിക്കുകയും ചെയ്യുക. എന്തെങ്കിലുമൊരുദ്യോഗത്തിലേർപ്പെടുകയാണു നല്ലതു്. അല്ലാതെ വെറുതേ തല പുകയ്ക്കരുതു്".

ഡോക്ടറുടെ ശബ്ദത്തിന് ഒരാജ്ഞാശക്തിയുണ്ടായിരുന്നു. പക്ഷേ തൻെറ വാക്കുകൾ ഫ്ളാനഗന് ഒരു വിധിവാക്യമായിരുന്നുവെന്നുള്ളതു് അദ്ദേഹത്തിനു മനസ്സിലായില്ല.

എന്തായാലും കുറച്ചുകൂടി ക്ഷമിക്കുക; അതിനിട

യ്ക്കു ദൈവഹിതം എന്തെന്നാരായുക, അതനുസരിച്ചു പ്രവൎത്തിക്കുക എന്നാദ്ദേഹം തീൎച്ചയാക്കി.

ഏതാനും ദിവസങ്ങൾക്കുള്ളിൽ തനിക്കൊരു ജോലി കിട്ടിയെന്നുള്ള സന്തോഷകരമായ വാൎത്തയുംകൊണ്ടാണദ്ദേഹം വീട്ടിലേയ്ക്കു തിരിച്ചുവന്നതു്.

"എനിക്കു കണക്കു കൂട്ടാൻ സാമാന്യം നല്ല വശമുണ്ടെന്നു നിങ്ങൾക്കറിയാമല്ലോ" അദ്ദേഹം അവരെ അനുസ്മരിപ്പിച്ചു. "കഡാഹിക്കമ്പെനിയിലെ ബുക്കു് കീപ്പിങ്ങ് വകുപ്പിൽ ഒരു അക്കൌണ്ടൻറായി എന്നെ എടുക്കാമെന്നു സമ്മതിച്ചിട്ടുണ്ടു്."

ഒമാഹായിലെ വലിയ മാംസവിക്രയക്കമ്പെനിയായിരുന്നു കഡാഹിക്കമ്പെനി. ഒരുകാലത്തു വയലിൽ ആട്ടുമാടുകളെ മേച്ചിരുന്ന ഒരു ബാലനു്, ഇപ്പോൾ കൊലയ്ക്കു കൊണ്ടുവന്നിരുന്ന ആട്ടുമാടുകളുടെ ആകെത്തുക കണക്കാക്കുന്ന ജോലി ചെയ്യേണ്ടിവന്നതു് വിചിത്രമായിരിക്കുന്നു!

## VII

# ജീവിതാശ ഫലിച്ചു

കുഡാഹികമ്പനിയിലെ ഈ പുതിയ അക്കൌണ്ടൻറു അവിടെയുള്ള മററു ജോലിക്കാരുടെയെല്ലാം സവിശേഷശ്രദ്ധയ്ക്കു വിഷയമായിത്തീർന്നിരുന്നു. അയർലണ്ടിൽനിന്നു ന്യൂയോർക്കിലേക്കും റോമ്മായിലേക്കും ഒരു ലക്ഷ്യപ്രാപ്തിക്കുവേണ്ടി യാത്രചെയ്തിട്ടുള്ള അദ്ദേഹം അവരുടെ ദൃഷ്ടിയിൽ ഏതാണ്ടൊരു മാർക്കോ പോളോ ആയിരുന്നു. പട്ടത്തിനു പഠിക്കാൻപോയിട്ടു കഴിയാതെ മടങ്ങിപ്പോന്ന ഒരാളാണദ്ദേഹമെന്നു് എല്ലാവർക്കും അറിയാമായിരുന്നു.

ചിലർ മന്ദഹസിച്ചു; ചിലർ സഹതപിച്ചു; എങ്കിലും ഫ്ലാനഗൻ തങ്ങളുടെ കൂട്ടത്തിൽപ്പെട്ട ഒരാളായി അവർക്കാർക്കും തോന്നിയില്ല. എല്ലാവരോടും മൈത്രിയുണ്ടായിരുന്ന [illegible]

പ്പിക്കുന്ന വേലയിൽ നിഷ്പ്രയാസം അദ്ദേഹം ഇണങ്ങിപ്പോയിരുന്നു. കീശയിൽ സദാ പ്രാത്ഥനപ്പുസ്തകവുമായി നടന്നിരുന്ന ഫ്ളാനഗനേക്കുറിച്ച് ആഫീസ്‌വൃത്തങ്ങളിൽ ഒരു സംസാരം പരന്നു: പ്രാത്ഥന കഴിച്ചെങ്കിലേ കണക്കു ശരിക്കു കൂട്ടുവാൻ അദ്ദേഹത്തിനു കഴിയുകയുള്ളുവെന്ന്.

കമ്പനിയിലെ ഈ മുഷിപ്പൻപണിക്കിടയിലും തൻെറ ലക്ഷ്യം അദ്ദേഹം വിസ്മരിച്ചിരുന്നില്ല. ബുക്ക് കീപ്പറുടെ ജോലികൊണ്ട് ഒരിക്കൽ തനിക്കു പ്രയോജനം സിദ്ധിക്കുമെന്ന് എന്തോ ഒരു തോന്നൽ അദ്ദേഹത്തിനുണ്ടായിരുന്നു; അതെന്താണെന്നൂഹിക്കാനൊട്ടു കഴിഞ്ഞിരുന്നുമില്ല. അക്കൗണ്ടിങ്ങിൻെറ യാന്ത്രികമായ പദ്ധതിയിൽ മാത്രമല്ല, ലക്ഷക്കണക്കിനു ഡോളർ കൈകാര്യം ചെയ്യുന്ന വമ്പിച്ച സാമ്പത്തിക കോപ്പറേഷനുകളുടെ ആധുനികപ്രവത്തനങ്ങളിലും പ്രാവീണ്യം സമ്പാദിക്കുവാൻ അദ്ദേഹത്തിനവസരം ലഭിച്ചു. മാംസക്കെട്ടുകൾ കയററുമതി ചെയ്യുന്നതിൽനിന്നു പാടേ ഭിന്നമായ ഒരു കാര്യത്തിന്, തൻെറ ഈ സാമ്പത്തികശാസ്ത്രജ്ഞാനം ഒരു കാലത്തു പ്രയോഗിക്കേണ്ടിവന്നേയ്ക്കാം. കടം വാങ്ങിയ ഏതാനും ഡോളർകൊണ്ട് ഭാവിയിൽ ഒരു ബാലസങ്കേതം സമാരംഭിക്കാൻ കഴിയുമെന്ന് അദ്ദേഹം അന്നു സ്വപ്നം കണ്ടിരുന്നിരിക്കയില്ല. ലക്ഷക്കണക്കിനു ഡോളർ കൈകാര്യം ചെയ്യേണ്ടതും, വിദഗ്ദ്ധമായ സാമ്പത്തികഭരണത്താൽ നയിയ്ക്കപ്പെടേണ്ടതുമായ ഒരു സ്ഥാപനമായിത്തീരും ആ ബാലസങ്കേതമെന്നും അന്നദ്ദേഹം ഊഹിച്ചിരുന്നിരിക്കയില്ല. പില്ക്കാലത്തു ബാലനഗരത്തിൽ താൻ ആസൂത്രണം ചെയ്ത ചില വമ്പിച്ച പദ്ധതികൾ സാഹസികങ്ങളെന്ന് സാമ്പത്തികശാസ്ത്രജ്ഞാനം കുറഞ്ഞ ചില സഹപ്രവത്തകന്മാർ ആക്ഷേ

പിക്കുമ്പോൾ ഫാദർ ഫ്ളാനഗൻ കുഡാഹിക്കമ്പനിയിലെ കഥ പറഞ്ഞ് അവരെ ഉത്സാഹിപ്പിക്കും: "പന്നുക്കൾക്കുവേണ്ടി അവർക്കിതു ചെയ്യാൻ കഴിഞ്ഞെങ്കിൽ ശിശുക്കൾക്കുവേണ്ടി നമുക്കിതും ചെയ്യാം."

ഈ കാലംകൊണ്ട് ഫ്ളാനഗനു നഷ്ടമായ ആരോഗ്യം തികച്ചും കൈവന്നുകഴിഞ്ഞിരുന്നു. വൈദികവൃത്തിയുടെ പ്ലാൻ പിന്നെയും മനസ്സിൽ പൊന്തിവന്നു. ശുദ്ധവായുവുള്ള പർവ്വതപ്രാന്തങ്ങളിൽ താമസിക്കുന്നപക്ഷം എന്തു ജോലിയും ചെയ്തുകൊള്ളുവാൻ ഡോക്ടർമാർ അനുവദിക്കുകയും ചെയ്തിരുന്നു. ഫാദർ പി.ഏ. യുടെ ഉപദേശം ഇക്കാര്യത്തിൽ വീണ്ടും ലഭിച്ചു. ആൽപ്സ് പർവ്വതപ്രദേശത്തുള്ള വല്ല സെമിനാരിയുമായാൽ നന്നായിരിക്കുമെന്നാദ്ദേഹം അഭിപ്രായപ്പെട്ടു. അത്തരത്തിലൊന്നാണ് ആസ്ട്രിയൻ ടൈറോളിലുള്ള വിശ്രുതവിദ്യാകേന്ദ്രമായ ഇൻസ്ബ്രുക്ക് സെമിനാരി. നിരന്തരമായ എഴുത്തുകുത്തുകളുടെ ഫലമായി ഇൻസ്ബ്രുക്ക് കോളേജിൽ ദൈവശാസ്ത്രവകുപ്പിൽ ചേൎന്നു പഠിക്കുവാൻ ഫ്ളാനഗനു അനുവാദം ലഭിച്ചു.

വീണ്ടും എഡ്വേർഡ് ജോസഫ് ഫ്ളാനഗൻ അറ്റ്ലാൻറിക്ക് സമുദ്രം തരണംചെയ്യാൻ പുറപ്പെട്ടതോടുകൂടി അദ്ദേഹത്തിൻെറ കുടുംബത്തിനു ഒരിക്കൽക്കൂടി വിരഹദുഃഖം അനുഭവിക്കേണ്ടിവന്നു.

* * * *

ടൈറോളിലെ മൂന്നുകൊല്ലത്തെ ജീവിതം ഫ്ളാനഗനെ ആഹ്ലാദമത്തനാക്കിയിരുന്നു. തൻെറ ആരോഗ്യത്തിൻെറ ഭദ്രതയിലുള്ള ആത്മവിശ്വാസം മുമ്പൊരിക്കലും ഇത്രത്തോളം അദ്ദേഹത്തിനു തോന്നിയിരുന്നില്ല. മഞ്ഞുതൊപ്പി ചൂടി നില്ക്കുന്ന ഉയൎന്ന കൊടുമുടികളുടെയിടയിൽ സ്ഥിതിചെയ്യുന്നതും, കഥപ്പുസ്തകങ്ങളിൽക്കാ

ന്നു മട്ടിൽ ഭാവനാനിർഭരവുമായ ഇൻസ്ബ്രുക്ക് നഗരത്തിൻെറ മഹിമകൾ; പ്രാചീനങ്ങളായ ഭവനങ്ങളും പീടികകളും നിരനിരയായിക്കാണാവുന്ന തെരുവുകൾ വിളിച്ചറിയിക്കുന്ന വികാരജനകമായ അതിൻെറ ഭൂതകാലചരിത്രം എന്നിവ അദ്ദേഹത്തെ പുളകം കൊള്ളിച്ചിരുന്നു.

അങ്ങനെ, 1912 ജൂലായ് മാസം 26-ാം തീയതിയിലെ പ്രഭാതത്തിൽ, ഇൻസ്ബ്രുക്കിലെ സെൻറ് ഇഗ്നേഷ്യസിൻെറ ദേവാലയത്തിൽ, ഫ്ളാനഗൻെറ പൗരോഹിത്യസ്വീകരണത്തിൻെറ പ്രദക്ഷിണം ആരംഭിക്കുകയായി.

അടുത്ത ദിവസം ഫാദർ ഫ്ളാനഗൻ നവപൂജ അപ്പിച്ചു. പിന്നെ യാത്രക്കുള്ള ഒരുക്കമായി. മൂന്നു കൊല്ലത്തെ വേർപാടിനുശേഷം അദ്ദേഹം ഒമാഹായിലെ സ്വഭവനത്തിലേക്കു മടങ്ങുകയാണ്.

* * * * *

"ഫാദർ ഫ്ളാനഗൻ! ഫാദർ ഫ്ളാനഗൻ!"

തനിക്കെവിടെവച്ചും തിരിച്ചറിയാവുന്ന സ്വരങ്ങൾ! നെല്ലിയും മററൊരു സഹോദരിയായ സൂസിയും തുറമുഖത്തുവച്ച് അദ്ദേഹത്തിനു സ്വാഗതമരുളുവാൻ ഒമാഹായിൽനിന്നു വന്നിരിക്കയാണ്!

കിഴക്കേ 12-ാം നമ്പർ തെരുവിലുള്ള സെൻറ് ആൻസ് പള്ളിയിൽവച്ച്, അമേരിക്കയിലെ തൻെറ ആദ്യപൂജ ഫാദർ ഫ്ളാനഗൻ അപ്പിച്ചു. പിന്നെ സഹോദരികളൊന്നിച്ചു ട്രെയിൻമാഗ്ഗം ഒമാഹായിലേക്കു യാത്രയായി. ഇത്തവണത്തേതു് ഒരു ജൈത്രയാത്രയായിരുന്നു. അദ്ദേഹത്തിനു സ്വാഗതം നല്കിയവക്കെല്ലാം, ഇത്തവണ ഹൃദയംഗമമായ ആഹ്ലാദം പ്രകടിപ്പിക്കാൻ കഴിഞ്ഞു. വീട്ടിലെത്തിയശേഷം ആദ്യത്തെ ഞായറാഴ്ച, ഫാദർ

പി. ഏ. വികാരിത്വം വഹിച്ചിരുന്ന വടക്കേ ഒമാഹാ യിലെ ഹോളി ഏയിഞ്ചൽസ് പള്ളിയിൽ ദിവ്യപൂജ അപ്പിച്ചതു് തന്നെസ്സംബന്ധിച്ചിടത്തോളം ഒരു വലിയ കാര്യമായിരുന്നു.

പിന്നെ ഭാവിയേക്കുറിച്ചുള്ള സംഭാഷണമായി. പതിവുപോലെ ഫാദർ പി. ഏ. ആണു തുടങ്ങിയതു്. ഒമാഹാ രൂപതയിൽത്തന്നെ ഇരുന്നാൽ മതിയെന്നായി രുന്നു ഫാദർ ഫ്ളാനഗന്റെ പക്ഷം. എന്നാൽ ബി ഷപ്പിന്റെ നിർദ്ദേശം ലഭിക്കുന്നതുവരെ ക്ഷമിച്ചിരിക്കു വാൻ ഫാദർ പി. ഏ. ഉപദേശിച്ചു. ഒമാഹായിലെ ത്തിയതിന്റെ അടുത്ത ആഴ്ച ഫാദർ ഫ്ളാനഗനു കല്പ നകിട്ടി, അവിടെനിന്നും 20 മൈൽ വടക്കുള്ള ഓണീൽ എന്ന നഗരത്തിലേയ്ക്കു പോകുവാൻ.

സെൻറ് പാട്രിക്ക്സ് പള്ളിയുടെ വികാരിയായി രുന്നു, പിന്നീടു മോൺസിഞ്ഞോറായിത്തീന്ന ഫാദർ മൈക്കേൽ കാസ്സിഡി; മുടിനരച്ച ഭക്തനും മൗനശീലനു മായ ഒരു വൈദികൻ. മിക്കപ്പോഴും പ്രാത്ഥനയിലും ധ്യാനത്തിലുമാണു് അദ്ദേഹം കഴിച്ചുകൂട്ടിയിരുന്നതു്. ഭക്ഷണസമയത്തു് തന്നോടുള്ള അദ്ദേഹത്തിന്റെ സം ഭാഷണം ഒരു കുശലവാക്യവും കാലാവസ്ഥയെക്കുറിച്ചു ള്ള ഒന്നോ രണ്ടോ വാക്കുകളും മാത്രമായിരുന്നു എന്നു ള്ളതു ഫാദർ ഫ്ളാനഗൻ എപ്പോഴും ഓർമ്മിക്കുമായി രുന്നു.

പ്രാകൃതരും പ്രായേണ കന്നുകാലിവളത്തലിൽ ഏ പ്പെട്ടിരുന്നവരുമായിരുന്നു ആ ഇടവകയിലെ ജനങ്ങൾ. ഗവമെ്മണ്ടിന്റെ കണ്ണെത്താതിരുന്ന അപരിഷ്കൃതമായ ആ കുഗ്രാമത്തിൽ, അവിടവിടെ ചിന്നിച്ചിതറിക്കിടന്നി രുന്നു അവരുടെ ഭവനങ്ങൾ. ദീഘകായനായ ഈ യുവ വൈദികനു ഇവരുടെയിടയിൽ നല്ല ജോലിക്കുള്ള വക

യായി. ഇടവകസംബന്ധിച്ച ആവശ്യങ്ങൾ, സുഖക്കേടുകാരുടെ ആവശ്യങ്ങൾ, അന്തിമകമ്മങ്ങൾ നിവ്വഹിക്കൽ, വീട്ടുവഴക്കുകൾ പറഞ്ഞുതീക്കൽ തുടങ്ങി പ്രതിദിവസം 18 മണിക്കൂർ നേരം പണിയെടുക്കേണ്ട കാൎയ്യങ്ങൾ! ഇതുമാത്രമോ? അടുത്ത പ്രദേശങ്ങളിലുള്ള ചില മിഷ്യൻ ചാപ്പലുകളിൽ കുബ്ബാന ചൊല്ലാൻ പോകേണ്ട ചുമതലയും ഈ സഹായവൈദികൻേറതായിരുന്നു. പലപ്പോഴും ഒരു തുറന്ന ബഗ്ഗി (ഒരു സീററുമാത്രമുള്ള ഒററക്കുതിരവണ്ടി) യിൽ ദിവസം മുപ്പതുമൈൽ വീതം യാത്ര ചെയ്യേണ്ടിവരും. വഷകാലത്തു വഴിയിൽ രണ്ടു മൂന്നടി കനത്തിലുണ്ടായിരിക്കും മഞ്ഞുകട്ടകൾ; എങ്കിലും യാത്ര ചെയ്യാതെ തരമുണ്ടായിരുന്നില്ല. ചിലപ്പോൾ യാത്ര കഴിഞ്ഞുവരുമ്പോൾ അദ്ദേഹത്തിൻെറ കയ്യും കാലും തീരെ മരവിച്ചിരിക്കും.

ഇടവകജനങ്ങൾ പൊതുവേ നല്ലവരായിരുന്നു. അവരുടെ ആത്മീയാവശ്യങ്ങളോ, വളരെ ചുരുക്കം മാത്രവും: ഒരു കുഞ്ഞിനു ജ്ഞാനസ്നാനം, ഒരു മുത്തപ്പനു ശവസംസ്കാരം, ഒരു ചെറുക്കനും പെണ്ണിനും കല്യാണം— ഏറെക്കുറെ ഇത്രമാത്രം. ഏതു കാലാവസ്ഥയിലും മുടക്കം വരുത്താതെ തങ്ങളുടെ ആവശ്യങ്ങൾ നോക്കിപ്പോന്ന ഈ യുവവൈദികനെ അവൎക്കു വലിയ കാൎയ്യമായിരുന്നു.

വിശാലതരമായ സേവനലോകത്തിലേയ്ക്കിറങ്ങാൻ ഫാദർ ഫ്ളാനഗനുള്ള അഭിലാഷം ഫാദർ കാസ്സിഡി ഊഹിച്ചറിഞ്ഞു.

ഫ്ളാനഗൻ അവിടെയെത്തിയിട്ട് ആറുമാസം കഴിഞ്ഞപ്പോൾ ഒരിക്കൽ ഫാദർ കാസ്സിഡി പറഞ്ഞു: "പക്ഷേ അങ്ങേയ്ക്കിതു തികച്ചും ഏകാന്തമായ ഒരു രംഗമായിത്തോന്നുന്നുണ്ടായിരിക്കും?"

"തീച്ചയായും ഇല്ല" ആ യുവവൈദികൻ ക്ഷണ

ത്തിൽ പ്രതിഷേധിച്ചു: "എനിക്കു വളരെ മിത്രങ്ങളുണ്ടി വിടെ. പോരെങ്കിൽ ഞാൻ പഠിക്കുന്നുമുണ്ടായിരുന്നു —"

"പ്രവത്തിക്കാൻ കൂടുതൽ രംഗങ്ങൾ തേടുന്നതു യുവത്വത്തിനു സഹജമാണ്" ആ വൃദ്ധവൈദികൻ സ്വാഭിപ്രായം ശാന്തമായി ഉറപ്പിച്ചു പറഞ്ഞു. "വിശാലതരമായ പ്രവത്തനരംഗങ്ങൾ അങ്ങേയ്ക്കധികം താമസിയാതെ കിട്ടിയേക്കാം. ഇവിടത്തെ ജോലി അങ്ങു ഭംഗിയായി നിവ്വഹിച്ചു. ഭേദപ്പെട്ട സന്ദർഭങ്ങൾ ഇനി വരാതിരിക്കയില്ല".

ആ വൃദ്ധവൈദികൻെറ അന്തർഗ്ഗതമെന്തെന്നറിയാൻ ഫ്ളാനഗനു കഴിഞ്ഞില്ല. എന്നാൽ കുറച്ചു ദിവസങ്ങൾക്കുള്ളിൽ ഒമാഹായിലെ ബിഷപ്പിൽനിന്നു കല്പന കിട്ടി, ആ നഗരത്തിൽ സെൻറ് പാട്രിക്ക് ദേവാലയത്തിലെ സഹായവികാരിയായി താൻ നിയമിതനായിരിക്കുന്നതായി.

തനിക്കായി കരുതിവച്ചിരുന്ന എന്തോ പ്രത്യേക ജോലി നിവ്വഹിക്കാൻ ദൈവം തന്നെ ആ നഗരത്തിലേയ്ക്കു പിടിച്ചുവലിക്കുന്നതായി അദ്ദേഹത്തിനു തോന്നി.

## VIII

# പട്ടിണിക്കാരുടെ പ്രവാഹം

1913-ലെ ഉഗ്രമായ വേനലും വരൾച്ചയും മദ്ധ്യപശ്ചിമപ്രദേശങ്ങളിലെ കൃഷിധാന്യങ്ങളെയെല്ലാം വാട്ടിക്കരിച്ചുകളഞ്ഞതിനാൽ പാവങ്ങളായ അവിടങ്ങളിലെ കർഷകർക്കു നേരിട്ട നാശം അതിഘോരമായിരുന്നു. ഏതായാലും സെൻറ് പാട്രിക്കിൽ വന്നുചേൎന്ന യുവവൈദികനു പാവങ്ങളെ രക്ഷിക്കാനുള്ള ഒരവസരം ഇങ്ങനെ വന്നുചേൎന്നു. ആ പാവങ്ങളുടെ സൈന്യത്തെക്കൊണ്ടാണ് താൻ ജീവിതലക്ഷ്യത്തിലേക്കുള്ള ചവിട്ടുപടികയറാനിരുന്നതെന്നു അന്നദ്ദേഹം അറിഞ്ഞിരുന്നില്ല.

അന്നു സെൻറ് പാട്രിക്ക് പള്ളിയുടെ വികാരിയായിരുന്നു ഫാദർ ജോൺ ററി. സ്മിത്ത്. അദ്ദേഹത്തിൻെറ സഹായവൈദികനെന്ന നിലയിൽ ഫ്ളാനഗനു മുമ്പത്തേക്കാളധികമായി രോഗികളും ദരിദ്രരും അവശരുമായ ജനങ്ങളോടു ഗാഢസമ്പൎക്കം പുലൎത്താൻ

രുന്ന ജനാവലിയുടെ ഒരു സംഗമകേന്ദ്രമായിരുന്നു അന്ന് ഒമാഹാനഗരം. മാസംതോറും റെയിൽവേയിലും മാംസവിക്രയക്കമ്പനികളിലും മററും ജോലി തേടി ശതക്കണക്കിനു ജനങ്ങൾ തള്ളിക്കയറി വന്നുകൊണ്ടിരുന്നതിനാൽ തൊഴിലില്ലാത്തവരുടെ ഒരു സമുദ്രമായിത്തീന്നിരുന്നു ആ നഗരം. ആ ദുർഗ്ഗജനങ്ങളിൽ പലരും ഭാര്യയും മക്കളുമുള്ളവരും, വിശപ്പുകൊണ്ടു വലഞ്ഞിരുന്നവരുമായിരുന്നു.

ഇങ്ങനെ ഒഴുകി നടന്നിരുന്ന കുടുംബങ്ങളെ സംരക്ഷിക്കുകയെന്ന ജോലി ഫ്ളാനഗൻ സ്വയം ഏറെറടുത്തു. അവക്കു തീൻ കൊടുക്കണം, പണികൊടുക്കണം. അവരെ സഹായിക്കുന്നതു് ഔദ്യോഗിക ജോലിക്കു പുറമേയുള്ള ഒരു സേവനമായിരുന്നു; പണ്ടു ന്യൂയോക്കിൽ വച്ചു് ആശുപത്രികൾ സന്ദശിച്ചിരുന്നതുപോലെ. ഇത്ര സാരമുള്ള ജോലിയായിരുന്നില്ല. എന്നാൽ നാട്ടിലെ കൃഷിനാശത്തെത്തുടന്നുണ്ടായ ക്ഷാമം അദ്ദേഹത്തിനു വലിയ ഭാരമുണ്ടാക്കിത്തീത്തു.

നാടുതോറും സംഘംചേന്നു സഞ്ചരിച്ചു ധാന്യങ്ങൾ കൊയ്തുകൊടുക്കുന്ന ആയിരക്കണക്കിനു കൊയ്ത്തുകാരുണ്ടായിരുന്നു മദ്ധ്യപശ്ചിമപ്രദേശങ്ങളിൽ. നല്ല തണ്ടും തടിയും പണിമിടുക്കുമുള്ള അവർ ആദ്യം കാൻസാസ് നഗരത്തിൽ തുടങ്ങി, ക്രമേണ കൊയ്ത്തിൻെറ സമയമനുസരിച്ചു വടക്കോട്ടു നീങ്ങി നീങ്ങി, രാജ്യംതോറും സഞ്ചരിച്ചു കൊയ്ത്തു നടത്തിവന്നിരുന്നു. നാല്പതും അമ്പതും പേർവീതം ചേന്ന സംഘങ്ങളായിട്ടാണു് അവർ പുറപ്പെട്ടിരുന്നതു്. അമേരിക്കയുടെ "അപ്പക്കൊട്ട"യിലേക്കുള്ള ധാന്യം കൊയ്തുകൊടുക്കുന്നതിനു അവക്കു നല്ല കൂലിയും കിട്ടിയിരുന്നു. നെബ്രാസ്കായിൽ വന്നെത്തുംമുമ്പു് അവരുടെ മടിശ്ശീലകൾ നിറയുക പതിവാ

ണ്. തണുപ്പുകാലങ്ങളിൽ അവർ ഒമാഹായിൽ അലസരായി കഴിച്ചുകൂട്ടിയിട്ട് വസന്തകാലം വരാൻ കാത്തിരിക്കും.

എന്നാൽ 1913-ലെ ആ വരണ്ട വേനല്ക്കാലത്തു കാൻസാസിൽനിന്നു പുറപ്പെട്ടപ്പോൾ കൊയ്യാൻ ധാന്യമൊന്നും അവർ കണ്ടില്ല. പതിവുപോലെ അവർ വടക്കോട്ടു നീങ്ങാൻ തുടങ്ങി; പക്ഷെ എല്ലായിടത്തും ഒരേ ഒരു ശോച്യകഥതന്നെ. അങ്ങുമിങ്ങും ഒററപ്പെട്ട വല്ല വയലുകളും കിട്ടിയെങ്കിലായി കൊയ്യാൻ. അതോ, കുറച്ചുപേൎക്കുമാത്രമുള്ള ജോലിയും.

ശരൽക്കാലം പിറന്നതോടുകൂടി ഒമാഹാനഗരം, മെലിഞ്ഞു് അസ്ഥിമാത്രശേഷരായ അഭയാൎത്ഥികളുടെ സങ്കേതമായിത്തീൎന്നു. ഉന്മേഷമററ ജനങ്ങളുടെ ചെറിയ ചെറിയ സംഘങ്ങളാണ് ആദ്യമാദ്യം വന്നുകൊണ്ടിരുന്നതു്. പണിയില്ലാതായപ്പോൾ അവൎക്കു പണവുമില്ലാതായി. നഗരത്തിൽ പണിയുടെ കാൎയ്യം തിരക്കിയപ്പോൾ വിളവും കൊയ്ത്തുമില്ലാതെവന്നതുകൊണ്ടു് ബിസ്സിനസ്സിനു മാന്ദ്യം സംഭവിച്ചിരിക്കുന്നതായും അവർ മനസ്സിലാക്കി.

ഇടവകയൊട്ടുക്കു ഒരു സൎക്കീട്ടു നടത്തിയപ്പോൾ, ഈ അഗതികൾ, നൈരാശ്യവും ഭയവും നിറഞ്ഞ മുഖങ്ങളോടുകൂടി ഓരോ കോണിലും തടിച്ചുകൂടി നില്ക്കുന്നതായി ഫ്ളാനഗൻ കണ്ടു. അവർ ജോലിക്കാരായിരുന്നു; ഒരിക്കലും യാചകന്മാരായിരുന്നിട്ടില്ല. ഇപ്പോൾ അവർ ആവശ്യപ്പെട്ടിരുന്നതു പണമല്ല, ഭക്ഷണവും ചൂടുള്ള വസ്ത്രവുമാണ്.

തന്റെ തുച്ഛമായ ശമ്പളത്തിൽനിന്നു്—അതോ, പ്രതിമാസം 25 ഡോളർമാത്രം—കാൎയ്യമായി ഒന്നും ചെയ്യാൻ ഫ്ളാനഗനു കഴിയുമായിരുന്നില്ല. എന്നാൽ ഇട

വകയിൽനിന്നു കുറേ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇതുകണ്ടു പണിയില്ലാത്ത കൊയ്ത്തുകാരുടെ സംഘങ്ങൾ പള്ളിമുറിയിലേയ്ക്കു തള്ളിക്കയറാൻ തുടങ്ങിയപ്പോൾ ഇടവകയുടെ കോശമെല്ലാം ചോർന്നുതുടങ്ങുന്നതായി അദ്ദേഹം ഗ്രഹിച്ചു. സഹായത്തിനുള്ള പുതിയ പ്ലാൻ വല്ലതും കണ്ടുപിടിക്കാതെ തരമില്ലെന്നായി.

പള്ളിയ്ക്കടുത്തു് ഒരു പലചരക്കുപീടികയുണ്ടായിരുന്നു. പീടികക്കാരൻ ഫാദർ ഫ്ളാനഗൻെറ ഒരു മിത്രവും. അവർ ഇരുവരുംകൂടി ഇക്കാര്യത്തെപ്പററി ഒരു ചർച്ച നടത്തി.

"അവരെ പട്ടിണികിടത്താൻ പാടില്ല" പീടികക്കാരൻ സഹായസന്നദ്ധത പ്രകടിപ്പിച്ചു.

"കുറഞ്ഞപക്ഷം അവക്കു കുറച്ചു കാപ്പിയും കുറച്ചു് ഇറച്ചിയെല്ലുമെങ്കിലും കൊടുക്കണം" ഫ്ളാനഗൻ പറഞ്ഞു.

തൻെറ ശമ്പളത്തിൽനിന്നു ഭക്ഷ്യവിലയുടെ ഒരു ഭാഗം വഹിക്കാമെന്നു് ആ വൈദികൻ ഏററു. കച്ചവടക്കാരനും ഏററു അത്രയും. സഹായത്തിനായി അവർ സുഹൃത്തുക്കളെ സമീപിച്ചു. അവധാനപൂർവ്വം അവർ ഒരു റേഷൻ പരിപാടിയുണ്ടാക്കി: തൊഴിലില്ലാത്ത് ഒരുവൻ പള്ളിമുറിയിൽ വന്നാൽ അവനൊരു ഭക്ഷ്യച്ചീട്ടു കൊടുക്കുക; അതു പലചരക്കുപീടികയിൽ കൊണ്ടുചെന്നു കാണിക്കുമ്പോൾ കാപ്പിയോ പാലോ വരട്ടിയ മാംസമോ സസ്യങ്ങളോ യഥേഷ്ടം നൽകുക — ഇതായിരുന്നു പരിപാടി.

ഭക്ഷണത്തിൻെറ കാര്യം ഇങ്ങനെ ഒരുതരത്തിൽ നടന്നു. എന്നാൽ ഫ്ളാനഗനു താമസിയാതെ മനസ്സിലായി, ഭക്ഷ്യകാര്യം അവരുടെ അവശതകളിൽ ഒന്നുമാ

ത്രമാണെന്ന്. കിടക്കാൻ വീടില്ല മിക്കവൎക്കും. വെളി
മ്പറമ്പുകളിൽ പത്രക്കടലാസു വിരിച്ചുകിടന്നാണ് പല
രും രാത്രി കഴിച്ചുകൂട്ടിയിരുന്നതു്; മററു ചിലർ ചരക്ക
കയററുന്ന തറകളിലെ കല്ക്കരിപ്പെട്ടികളുടെ പുറത്തും.
ഈ ദുരവസ്ഥയെ നേരിടാൻ വഴികാണാതെ നഗരാധി
കാരികൾ ക്ലേശിച്ചുതുടങ്ങി. വൎഷകാലവും ആസന്ന
മായി.

## IX

# ബർലിങ്ടൺ ഹോട്ടൽ

ഒരു രാത്രി ഒമാഹായിലെ ഒരു ബിസിനസ്സുകാരനു മായി ഫ്ളാനഗൻ ഈ സ്ഥിതിഗതികളെപ്പററി ചർച്ച ചെയ്തു. ഇയാൾ മുമ്പേതന്നെ വിൻസൻറ് ഡി പോൾ സംഘത്തിനുവേണ്ടിയുള്ള പണപ്പിരിവിൽ ഫ്ളാനഗ നെ സഹായിച്ചിട്ടുള്ളവനാണ്.

"നഗരക്ഷേമസഭക്കാർക്ക് ഇവരെ സഹായിക്കാൻ സാധിക്കയില്ലേ?" അയാൾ ചോദിച്ചു.

"നഗരസഭ സ്ത്രീകളേയും കുട്ടികളേയും സഹായി ക്കുന്നുണ്ട്. പക്ഷേ ഇവർക്ക് ലഭിക്കുന്ന സാക്ഷാൽ സഹാ യം ഞങ്ങൾ കൊടുക്കുന്ന ഭക്ഷ്യച്ചീട്ടിൽ നിന്നുള്ളതു മാ ത്രമാണ്. അതുകൊണ്ടും വളരെ ദൂരം മുന്നോട്ടുപോ കാൻ കഴിയുന്നില്ല"

"പിന്നെ എന്തു ചെയ്യാൻ കഴിയും നമുക്ക്?"

"നമുക്ക് പ്രാർത്ഥിക്കാം; അപ്പോൾ ദൈവം ഒരു വ ഴി കാട്ടിത്തരും" ഫ്ളാനഗൻ സവിശ്വാസം പറഞ്ഞു.

ഈ അഗതികളെ സഹായിക്കുന്നതിൽ പൊതുജനങ്ങളുടെ ഉത്സാഹം തട്ടിയുണർത്തേണ്ടതെങ്ങനെയെന്നുള്ള ചിന്തയിൽ ആ രാത്രി മുഴുവൻ അദ്ദേഹം കഴിച്ചുകൂട്ടി. ഒടുവിൽ ഒരാശയത്തിൻെറ നേരിയ വെളിച്ചം അദ്ദേഹത്തിനു ദൃശ്യമായി: വിചിത്രമായ ഒരാശയം, ഒരു വൈദികനെസംബന്ധിച്ചു പറഞ്ഞാൽ. എങ്കിലും അതൊന്നു പരീക്ഷിച്ചുനോക്കാൻതന്നെ ഉറച്ചു അദ്ദേഹം.

ഒരു ഹോട്ടൽ തുറക്കുക—ഇതായിരുന്നു ഫ്ളാനഗൻ നിശ്ചയിച്ചുറച്ച ആശയം.

ആദ്യം അദ്ദേഹം സ്വാഭാവികമായി തൻെറ വികാരിയെ സമീപിച്ചു. താനൊരു ഹോട്ടൽ നടത്തുന്നതിനെപ്പററി ഫാദർ സ്മിത്ത് എന്തു വിചാരിക്കുമോ? തൻെറ സഹായവൈദികനു കൈകൊടുത്തുകൊണ്ട് ഫാദർ സ്മിത്ത് ബിഷപ്പിനെസന്ദർശിച്ചു. പള്ളിക്കു പണം കുറവാണെന്നും, ഇപ്പോൾതന്നെ അവശരുടേയും അനാഥരുടേയും രോഗികളുടേയും കാര്യ്യം ഏറെറടുത്തു രൂപത വലിയ കടത്തിൽ ആണ്ടിരിക്കയാണെന്നും മററും ബിഷപ്പു ചൂണ്ടിക്കാണിച്ചു. ഇവരെയൊട്ടു തള്ളിക്കളയാനും നിവൃത്തിയില്ല, തൊഴിലില്ലാത്ത പുതിയ കൂട്ടർക്കു സഹായഹസ്തം നല്കാനും കഴിവില്ല എന്നു തിരുമേനി വിശദമാക്കി.

"എന്നാൽ മുന്നോട്ടു പോകണമെന്നാണു നിങ്ങൾക്കാഗ്രഹമെങ്കിൽ" ബിഷപ്പു തുടർന്നു; "നിങ്ങൾക്കു നമ്മുടെ ആശിസ്സും ധാർമ്മികമായ പിന്തുണയുമുണ്ട്. അതിനപ്പുറം നിങ്ങൾതന്നെ നോക്കണം. സാമ്പത്തികസഹായം നമ്മിൽനിന്നു പ്രതീക്ഷിക്കേണ്ട."

നൈരാശ്യത്തോടെയല്ല, ആഹ്ലാദത്തോടെയാണ് ഫാദർ ഫ്ളാനഗൻ അവിടെനിന്നു തിരിച്ചുപോയത്. മുന്നോട്ടു പോകാനുള്ള അധികാരം തനിക്കു കിട്ടിക്കഴി

ഞ്ഞതല്ലോ! ഇനി വേണ്ടതു പണമുണ്ടാക്കാനുള്ള വഴി നോക്കുകമാത്രം.

അന്നു രാത്രി സെൻറ് വിൻസൻറ് ഡി പോൾ സംഘത്തിൽപ്പെട്ട തൻെറ ചില സുഹൃത്തുക്കളെ അദ്ദേഹം വിളിച്ചുകൂട്ടി; എല്ലാവരും തന്നെപ്പോലെ സാഹസികന്മാരും ആവേശഭരിതരുമായ ചെറുപ്പക്കാർ; ചുരുങ്ങിയ ശമ്പളംകൊണ്ടു കുടുംബം പുലർത്തേണ്ടിയിരുന്നവർ; ചുരുക്കം ഡോളറിൽ കൂടുതൽഎടുക്കാൻകഴിവില്ലാത്തവർ.

ഫാദർ ഫ്ളാനഗൻ കണക്കുകൂട്ടാൻ തുടങ്ങി.

"നിങ്ങളുടെ വകയായി ആകെ 5 മുതൽ 10 വരെ ഡോളർ പ്രതിമാസം പ്രതീക്ഷിക്കാമെന്നിരിക്കട്ടെ" അദ്ദേഹം പറഞ്ഞു; "അതിനേക്കാൾ അല്പംകൂടി കൂടുതൽ എൻെറ കുടുംബാംഗങ്ങളിൽനിന്നു ഞാനും പിരിച്ചെടുക്കാം. എന്നാലും പോരാ, ഒരു ഹോട്ടൽ നടത്താനുള്ള പണം. അല്ലെങ്കിൽ ഒരു മാസത്തേയ്ക്കെങ്കിലും വാടക കൂടാതെ ഒരു കെട്ടിടം കിട്ടണം."

"അതൊരത്ഭുതമായിരിക്കും, അച്ചാ"

"ശരി".

അടുത്ത പ്രഭാതം തൊട്ട് അദ്ദേഹം ഒമാഹായിലെ തെരുവുകളിൽക്കൂടി സഞ്ചരിക്കാൻ തുടങ്ങി.

കച്ചവടവും കൃഷിയും പൊടിപൊടിച്ചു നടന്നിരുന്ന അക്കാലത്തും നഗരത്തിലെവിടെയും വാടകയ്ക്കു കെട്ടിടങ്ങൾ സുലഭമായിരുന്നു; പക്ഷേ വാടക കടുകട്ടിയും. പലചരക്കുകച്ചവടക്കാരനു വലിയ ആത്മവിശ്വാസം തോന്നിയില്ല. "നല്ല ആശയംതന്നെ, അച്ചാ. പക്ഷേ മൂലധനമായി കുറച്ചു ഡോളർമാത്രമേയുള്ളുവെന്നിരിക്കെ, എങ്ങനെയാണു വാടക കൊടുത്തു കെട്ടിടമെടുക്കുന്നതു്?"

"വിശ്വാസവും ഒരുതരം മൂലധനമാണ്" ഫ്ളാനഗൻ ചൊടിച്ചുകൊണ്ടു പറഞ്ഞു.

ഒന്നരണ്ടു ദിവസം കഴിഞ്ഞേയുള്ളു, തേടിയ വള്ളിൽ കാലിൽച്ചുററി. അതൊരത്ഭുതമല്ല, യാദൃച്ഛികസംഭവമെന്നേ പറയാനുള്ളു. മേസൺ തെരുവുകളുടെ അററത്തെ കോണിലുള്ള ഒരു ജീർണ്ണിച്ച രണ്ടുനിലക്കെട്ടിടം; പണ്ട്, അതിൻെറ പ്രതാപത്തിൻെറ കാലത്ത്, 'ബർളിങ്ടൺ ഹോട്ടൽ' എന്നായിരുന്നു അതിൻെറ പേര്. ആ പേര്, മങ്ങിയ വെള്ളച്ചായത്തിൽ, ചെമന്ന ഇഷ്ടികച്ചുമരിന്മേൽ എഴുതിയിട്ടുള്ളത് കാണാനുണ്ട്. വളരെക്കൊല്ലങ്ങളായി ആരും അവിടെ താമസിക്കാറില്ല. ജനാലച്ചില്ലുകൾ പൊട്ടിത്തകന്നിരിക്കുന്നു; കതകുപലകകൾ വിജാഗരിയിൽനിന്നു വിട്ടകന്നും പൊളിഞ്ഞും പോയിരിക്കുന്നു.

ഒഴിഞ്ഞുകിടന്ന ഈ പഴഞ്ചൻ ഹോട്ടലിന്മേൽ സൂക്ഷിച്ചുനോക്കുന്തോറും ഫ്ളാനഗൻെറ ഹൃദയം ആവേശം കൊണ്ടു വികസിച്ചുവന്നു. ഒരമൂല്യരത്നം കരസ്ഥമായതുപോലെയുള്ള ആഹ്ളാദം അദ്ദേഹത്തിനു തോന്നി. കെട്ടിടം എത്ര മോശമാണോ, അത്ര എളുപ്പമാണ് അതു കിട്ടാനുള്ള വഴിയും എന്നദ്ദേഹം സംതൃപ്തി പൂണ്ടു.

വളരെത്തിരഞ്ഞ് ഒടുവിൽ കെട്ടിടത്തിൻെറ ഉടമസ്ഥനെ അദ്ദേഹം കണ്ടുപിടിച്ചു. അയാൾ അദ്ദേഹത്തെ അതിൻെറ അകമെല്ലാം കൊണ്ടുനടന്നു കാണിച്ചു. അകത്തെ സ്ഥിതി പുറത്തേതിനേക്കാൾ പതിന്മടങ്ങു മോശം. എട്ടുകാലിവലയും പൊടിയുമൊക്കെ തലയിലും ദേഹത്തും പററിപ്പിടിച്ചതു വകവയ്ക്കാതെ നടന്നു നോക്കിയപ്പോൾ കതകുപലകകൾ വിജാഗരികളിൽനിന്നു വിട്ടകന്നുപോയിരുന്നതും ചുമരിൽനിന്നു കുമ്മായമൊക്കെ പൊളിഞ്ഞുവീണിരുന്നതും അദ്ദേഹം കണ്ടു. തട്ടിൻമുകളിൽക്കയറിനിന്നു നോക്കുമ്പോൾ മേൽക്കൂടിന്മേലുണ്ടായിരുന്ന ഒരു വമ്പിച്ച ദ്വാരത്തിൽക്കൂടി

ഒമാഹായിലെ ആകാശത്തിൽ ചരിച്ചിരുന്ന മേഘങ്ങൾ അദ്ദേഹത്തിനു പ്രത്യക്ഷമായി.

"സ്വല്പം ചില കേടുപാടുകളൊക്കെ തീക്കാനില്ലെന്നില്ല" ഉടമസ്ഥൻ ഞെരുങ്ങി സമ്മതിച്ചു.

ഭാഗ്യത്തിന്, അയാൾ ആവശ്യപ്പെട്ട വാടക കുറച്ചു ഡോളർ മാത്രമായിരുന്നു. ഒരു മാസത്തേയ്ക്കു അഡ്വാൻസു കൊടുക്കാനുള്ള വക ഫ്ളാനഗൻെറ കീശയിലുണ്ടായിരുന്നുതാനും. കെട്ടിടത്തിൻെറ കാര്യത്തിൽ തനിക്കു വലിയ നോട്ടമുള്ളതായി ഭാവിക്കാതിരിക്കാനുള്ള ബിസിനസ്സ്വൈഭവം അദ്ദേഹത്തിനില്ലാതിരുന്നില്ല.

മേൽക്കൂടിന്മേൽക്കണ്ട ഭാരമടച്ചുകൊടുക്കാമെന്ന് ഉടമസ്ഥൻ സമ്മതിച്ചതോടെ ഇരുവരും കൈകൊടുത്തു കാര്യം തീരുമാനിച്ചു പിരിഞ്ഞു.

അങ്ങനെ ആ യുവവൈദികൻ ഒരു ഹോട്ടൽക്കാരനായി.

ഈ നേട്ടത്തിൽ ആഹ്ലാദഭരിതരായിത്തീന്ന വിൻസൻറ് ഡി പോൾ സംഘക്കാർ പൊതുഫണ്ടിലേയ്ക്കായി കുറേ ഡോളർകൂടി പിരിച്ചെടുത്തു. അവരെല്ലാവരും തന്നെ ജോലിക്കാരായിരുന്നതിനാൽ ഹോട്ടൽ നടത്തേണ്ട ഭാരവും ഫാദർ ഫ്ളാനഗൻെറ ചുമലിൽത്തന്നെ വന്നുചേൻ.

അന്നു രാത്രി അഭയാത്ഥികൾ തീ കാഞ്ഞുകൊണ്ടിരുന്ന സ്ഥലത്തുചെന്ന് അദ്ദേഹം അവരോടു പറഞ്ഞു:

"ഞാനൊരു ഹോട്ടൽ തുറക്കാൻ പോവുകയാണ്. സാധാരണ ഹോട്ടലൊന്നുമല്ല. നിങ്ങൾക്കു പാക്കാനുള്ള ഒരു വസതി". അവർ മരവിച്ച മുഖങ്ങളോടുകൂടി തുറിച്ചുനോക്കി.

"ഞങ്ങൾക്കു പണമില്ലെന്ന് അങ്ങേയ്ക്കറിഞ്ഞുകൂടേ, അച്ചാ?"

ബർളിങ്ടൺ ഹോട്ടലിൻെറ കാര്യം അദ്ദേഹം അവരെ പറഞ്ഞു കേൾപ്പിച്ചു. അതു നന്നാക്കുന്നതിന്ന് അവരെല്ലാവരുംകൂടി ഉത്സാഹിച്ചാൽ കൂലികൂടാതെ താമസിക്കാം. ഇതു പറഞ്ഞുതീരുന്നതിന്ന മുൻപ് ഒരു നൂറുപേർ അദ്ദേഹത്തിൻെറ ചുററുംകൂടി, എന്തു ജോലിക്കും സന്നദ്ധരായി.

"ഏതു ജോലിയും അറിയാവുന്നവർ ഞങ്ങളുടെ കൂട്ടത്തിലുണ്ടച്ചാ—ഇരുമ്പപ്പണിക്കാർ, മരപ്പണിക്കാർ, കല്പണിക്കാർ, എല്ലാവരും".

വർഷകാലം വന്നാട്ടത്തു. പാഴിൽക്കളയാൻ സമയമില്ല. അടുത്ത ദിവസംതന്നെ അവരെല്ലാവരും ഫാദർ ഫ്ളാനഗനെ "ഹോട്ടേൽ ഡി ജിങ്ക്"—എന്നാണദ്ദേഹം അതിന്നു പേരിട്ടതു്—എന്ന പുതിയ ഹോട്ടലിൽ ചെന്നു കണ്ടു. പാതി മറന്ന പണികളെല്ലാം പ്രയോഗിച്ചു്, ഫാദർ ഫ്ളാനഗൻെറ നിർദ്ദേശമനുസരിച്ചു്, ഏതാനും ദിവസങ്ങൾക്കകം അവർ ആ ജീർണ്ണിച്ച കെട്ടിടം വാസയോഗ്യമായ ഒരൊന്നാന്തരം അഭയസങ്കേതമാക്കിത്തീർത്തു. കുമ്മായം തേയ്ക്കലും ചായമിടീലും ഭംഗിയായി നടന്നു. കസേരകൾ, മേശകൾ, കിടക്കകൾ, എല്ലാം പണിതീർന്നു. അങ്ങനെ കൊയ്ത്തുകാൎക്കവേണ്ടിയുള്ള ഹോട്ടൽ ഒരു യാഥാൎത്ഥ്യമായിത്തീർന്നു.

ഇതിനിടക്കു ഫാദർ ഫ്ളാനഗൻ അഭയാൎത്ഥികൾക്കു നൽകാൻ ഭക്ഷണത്തിനായി ഭിക്ഷാടനം ചെയ്തുകൊണ്ടിരുന്നു. ഒരു പലചരക്കുപീടികക്കാരൻ പയറുമൊത്തമായി മുറയ്ക്കു കൊടുത്തുകൊള്ളാമെന്നേററു; മറെറാരാൾ ആഴ്ചതോറും ഉരുളക്കിഴങ്ങു കൊടുക്കാമെന്നു വാഗ്ദാനം ചെയ്തു.; ബേക്കറികൾ വില കൂടാതെ അപ്പം കൊടുത്തു; ഡയറിക്കാർ വിലകൂടാതെ പാലും. സുഹൃത്തുക്കളുടേയും ബന്ധുക്കളുടേയും പക്കൽനിന്നു ചെറിയചെറി

യ തുകകളായി പണവും വന്നുകൊണ്ടിരുന്നു. ഒമാഹായിലെ സ്ത്രീകളാവട്ടെ, തുണി, കിടക്ക, പുതപ്പു മുതലായവയും കൊടുത്തയച്ചു.

ഇങ്ങനെ, ദീർഘനിദ്രയിലാണ്ടിരുന്ന ബർളിങ്ടൻ ഹോട്ടൽ ഇപ്പോൾ ശബ്ദായമാനമായി. ഹോട്ടൽ തുറക്കുന്ന ദിവസംവരെയുള്ള ചെലവിൻെറ കണക്കു ഫാദർ ഫ്ളാനഗൻ നോക്കിയപ്പോൾ 150 ഡോളറിൽ താഴെ മാത്രമേ വന്നിട്ടുള്ളു! ഇതെല്ലാം സംഭാവനകൾകൊണ്ടു വഹിക്കുകയുംചെയ്തു; എന്നു മാത്രമല്ല, സകല ചെലവും കഴിച്ച്,അടുത്ത മാസത്തേയ്ക്കു വാടക കൊടുക്കാൻ കുറച്ചു ഡോളർ ബാക്കിയുമുണ്ടു്.

അഭയാൎത്ഥികൾക്കുവേണ്ടിയുള്ള ഹോട്ടൽ അങ്ങനെ പൊടിപൊടിച്ചു നടക്കുകയായി.

## X

# ഔദാര്യത്തിൻെറ വെല്ലുവിളി

താമസത്തിനുള്ള ഞെരുക്കമൊന്നും ആദ്യം അവിടെയുണ്ടായില്ല. വളരെ സാവധാനം, കുറച്ചൊരു ശങ്കയോടുകൂടിയാണ്, കല്ക്കരിപ്പെട്ടിയുടെ പുറത്തും ചരക്കു കയററുന്ന തറയിലുമൊക്കെ കിടന്നിരുന്ന കൊയ്ത്തുകാർ ഹോട്ടലിലേയ്ക്കു വന്നുതുടങ്ങിയത്. ആദ്യത്തെ രാത്രിയിൽ പഴയ ജോലിക്കാരും, തണുപ്പും വിശപ്പും ബാധിച്ച കുറേ യാചകരും മാത്രമേ ഉണ്ടായിരുന്നുള്ളു. അവക്കെല്ലാം ഫ്ളാനഗൻ സസന്തോഷം സ്വാഗതം നൽകുകയും ഭക്ഷ്യപദാത്ഥങ്ങൾ വിതരണംചെയ്യുകയുംചെയ്തു.

ആദ്യത്തെ ആഴ്ചയിൽ 57 'അതിഥികൾ' പേരു് റജിസ്റ്റർചെയ്തു. കൂടുതൽ കട്ടിലുകൾ നിമ്മിക്കയോ സംഭാവനയായി ലഭിക്കയോ ചെയ്തതോടുകൂടി അവരുടെ സംഖ്യ ഏകദേശം നൂറായി വദ്ധിച്ചു.

ലീബെഗ് കുടുംബത്തിലേതുപോലെ ഇവിടെയും ഓരോരുത്തനും ഓരോ ജോലി ചെയ്യേണ്ടിയിരുന്നു: അ

ടിച്ചുവാരുകയോ, പൊടി തുടയ്ക്കുകയോ, കിടക്ക വിരിയ്ക്കുകയോ, തറ കഴുകുകയോ എന്തെങ്കിലും. പാകം ചെയ്യാനും പാത്രം കഴുകാനും ചന്തയിൽ പോകാനും ഭക്ഷ്യസംഭാവനകൾ വാങ്ങാനും പ്രത്യേകം ആളുകൾ നിയുക്തരായിരുന്നു. പ്രവേശനാനുവാദമർത്ഥിച്ചു വന്നിരുന്നവരുമായി അഭിമുഖസംഭാഷണം നടത്തുവാനും ചിലരുണ്ടായിരുന്നു.

ചില കുഴപ്പക്കാരും ഇല്ലാതിരുന്നില്ല. ഹോട്ടലിൻെറ ഉൽഘാടനം കഴിഞ്ഞു കുറച്ചുദിവസമേ ആയുള്ളു, ഫാദർ ഫ്ളാനഗൻ വരാന്തയിൽക്കൂടി കടന്നുപോകുമ്പോൾ രണ്ടാം നിലയിൽ ഒരു ബഹളം കേൾക്കാം. ഓടിയെത്തി അദ്ദേഹം അവിടേയ്ക്ക്. കൊയ്ത്തുകാരിൽ ഒരുവൻ മറെറാരുവനെ ചൂലുകൊണ്ടു പെരുക്കുകയാണ്. കാണികളിൽ അഞ്ചോ ആറോ പേർ ചാടിവീഴാൻ തയ്യാറായിനില്ക്കുകയും ചെയ്യുന്നു. ഫാദർ ഫ്ളാനഗൻെറ ഒരലച്ച് അവിടെ നിശ്ശബ്ദതയുണ്ടാക്കി.

"എന്ത്? — എന്താണു കാര്യം?"

ചൂലു പിടിച്ചിരുന്ന ആൾ ആ മുറി അടിച്ചുവാരുകയായിരുന്നു. തലയിൽ അയാളൊരു വെള്ളത്തുവാല കെട്ടിയിരിക്കുന്നതുകണ്ടു് മറേറയാൾ ഓടിയെത്തി വിളിച്ചുപറഞ്ഞു: "കണ്ടോ ഒരു മുത്തിത്തള്ള മുറിയടിച്ചുവാരുന്നതു്?"

"മുത്തിത്തള്ള" ഉടനെ വച്ചുകൊടുത്തു ആ ചൂലുകൊണ്ടു് അവൻെറ തലയ്ക്കൊരടി! ഇരുകൂട്ടരും കാണികളുമെല്ലാം ഫ്ളാനഗൻെറ ചുററും കൂടിയപ്പോൾ അദ്ദേഹം സഗൗരവം ചോദിച്ചു, എവിടെയാണു അവർ നില്ക്കുന്നതെന്നറിയാമോ എന്നു്.

"പടവെട്ടാനുള്ള സ്ഥലമല്ല ഇതു്. നിങ്ങളുടെ അമ്മയുടെ വീട്ടിലാണെങ്കിൽ ഇത്തരത്തിൽ വഴക്കടിക്കുമോ നിങ്ങൾ?"

"തീർച്ച്യയായും".

"ആ ങ്ഹാ? എന്നാൽ ഇവിടെ പാടില്ല!"

ഈ സംഭവത്തിനുശേഷം പൊതുവേ കാര്യങ്ങൾ ശാന്തമായി പുരോഗമിച്ചിരുന്നു. പല വീടുകളിൽനിന്നും അയച്ചുകൊടുത്ത പഴയ തുണികൾ തയ്ച്ചു നന്നാക്കു വാൻ ഒരു തയ്യൽക്കടയും അവിടെ ഏർപ്പെടുത്തി. കൊയ്ത്തുകാരുടെകൂടെ ചേരുംമുമ്പു തയ്യൽക്കാരനായിരുന്ന 'ഒരതിഥി'യെയാണ് ഇതിൻെറ ചുമതല ഏല്പിച്ചത്. അയാൾക്കൊരു ചെറിയ ശമ്പളവും വാഗ്ദാനം ചെയ്തു. തയ്യല്ക്കടയ്ക്കായി എടുത്ത ചുവട്ടിലത്തെ ഒരു മുറിയുടെ പുറത്ത് ക്രെയോൺ പെൻസിൽകൊണ്ടെഴുതിയ ഒരു പരസ്യം കാണാമായിരുന്നു: "നിങ്ങളുടെ വസ്ത്രങ്ങൾ ജോവിൻെറ കടയിൽ ഭംഗിയായി തയ്ച്ചു തരപ്പെടും"

ഒരു ദിവസം പ്രഭാതത്തിൽ ഒമാഹായിലുള്ള മൂന്നു വൃദ്ധമാർ മുൻവശത്തുള്ള വാതിലിൽക്കൂടി അകത്തേയ്ക്കു കടന്നുവരുന്നതു ഫ്ളാനഗൻ കണ്ടു. ധനികകുടുംബങ്ങളിൽപ്പെട്ട ഇവർ വന്നതു് എന്തെങ്കിലും സഹായം നൽകാൻവേണ്ടിയായിരുന്നു. ഇവരുടെ വരവോടുകൂടിയാണ് ഹോട്ടലിലെ "വനിതാസഹായ"വകുപ്പാരംഭിച്ചത്. എല്ലാ സമുദായങ്ങളിലുംപെട്ട സാമൂഹ്യപരിഷ്കർത്താക്കൾ ഇതിൽ പങ്കെടുത്തിരുന്നു—സംഭാവനകൾ പിരിച്ചുകൊണ്ടുവരുവാൻ മാത്രമല്ല, മുറികൾ വെടിപ്പാക്കാനും, അടുക്കളപ്പണി ചെയ്യാനും, ചന്തയിൽപോയി സാമാനം വാങ്ങിക്കൊണ്ടുവരുവാനും അവർ സഹായിച്ചിരുന്നു. ഇതുംകൂടി കണ്ടപ്പോൾ ഫാദർ ഫ്ളാനഗനുണ്ടായ ആഹ്ലാദത്തിന് അതിരില്ലായിരുന്നു. ഇപ്പോൾ അദ്ദേഹത്തിനു ഇടവകജോലി പ്രയാസംകൂടാതെ നടത്താമെന്നായി. ഹോട്ടൽക്കാര്യമാവട്ടെ, ഒഴിവുസമയങ്ങളിൽ ചെയ്യാവുന്ന ഒരു പുറംജോലിമാത്രം.

ഏറെത്താമസിയാതെ, മുൻവശത്തുള്ള ആപ്പീസിൽ രാവും പകലും ജോലിചെയ്യാനുള്ള ക്ലാക്കുകരം ഉൾപ്പടെ, പൂർണ്ണസമയജോലിയിൽ ശമ്പളത്തോടുകൂടി അവരിൽ പലരും നിയമിക്കപ്പെട്ടു. താഴെയുള്ള ഒരു മുറിയിൽ കൊയ്ത്തുകാരിലൊരുവൻ ഒരുദ്യോഗവിതരണ'ഏജൻസി'യും തുടങ്ങി. ഇതിൻെറ പ്രവത്തനം വേഗത്തിൽ ഒമാഹാനഗരം മുഴുവൻ വ്യാപിച്ചു. നഗരത്തിൻെറ നാനാഭാഗത്തുനിന്നും ഉദ്യോഗം തേടി ആളുകൾ ഫ്ളാനഗൻഹോട്ടലിൽ തിക്കിത്തിരക്കിത്തുടങ്ങി.

പണമില്ലാത്ത അതിഥികൾക്കു ഹോട്ടലിൽ ഒന്നും കൊടുക്കാതെ താമസിക്കാം. ഊണിനും കിടപ്പിനുമുള്ള പണം ക്രമേണ സമ്പാദിച്ചുകഴിഞ്ഞാൽ, ഊണൊന്നുക്കു 5 സെൻറും, ഒരു രാത്രിയിലെ താമസത്തിനു 10 സെൻറും മാത്രമേ അവിടെ ഈടാക്കിയിരുന്നുള്ളു.

"സ്ഥിരം അതിഥികളാ"യി ഏതാണ്ട് 75 പേരുണ്ടായിരുന്നു. പലപ്പോഴും രാത്രി 100-ലധികം പേരുണ്ടായിരിക്കും കിടപ്പിന്. അപ്പോരം ചിലക്കെല്ലാം തിണ്ണയിൽ കട്ടിലിട്ടു കിടക്കേണ്ടിവരും. എങ്ങനെയായാലും ഒരാളെയെങ്കിലും സ്ഥലമില്ലെന്നു പറഞ്ഞു തള്ളിവിട്ടിരുന്നില്ല. ഫാദർ ഫ്ളാനഗന് അഭിമാനകരമായ ഒരു സംഗതിയായിരുന്നു ഇത്.

വഷകാലം കഴിഞ്ഞു വസന്തം വന്നതോടുകൂടി ഹോട്ടൽവാസികളിൽ മിക്കവക്കും ജോലിക്കു പോയാൽ കൊള്ളാമെന്നായി. മറെറാരു വേനൽക്കാലം വന്നാൽ മറെറാരു കൊയ്ത്തും തുടങ്ങാം. ജൂൺമാസമായപ്പോഴേയ്ക്കും മിക്കവരും പോയിക്കഴിഞ്ഞിരുന്നു. പുനജ്ജന്മമെടുത്ത ബർലിങ്ടൺ ഹോട്ടൽ അങ്ങനെ ഒരു ശൂന്യസ്ഥലമായിപ്പകന്നു. ഇതുവരെയുള്ള ചെലവിൻെറ ക

ണക്കെട്ടുക്കുവാൻ ഫ്ളാനഗന്ന് ഇതൊരവസരമായി. സാമ്പത്തികമായി ഹോട്ടൽ ഒരു വിജയമായിരുന്നു. ഒമാഹാനഗരവാസികളുടെ പിൻതുണകൊണ്ടു്, വരവനുസരിച്ചു ശമ്പളം കൊടുക്കാൻ കഴിഞ്ഞു. വിശന്നു വലഞ്ഞവക്കു ഭക്ഷണവും വീടില്ലാത്തവക്കു കിടപ്പിടവും നൽകുവാനും സാധിച്ചു. സ്ഥലമുണ്ടായിരുന്നുവെങ്കിൽ കൂടുതൽപേരെ സഹായിക്കാമായിരുന്നു. പക്ഷെ ഇതുകൊണ്ടായില്ല. ഫാദർ ഫ്ളാനഗൻ ചിന്തിക്കാൻ തുടങ്ങി: ഒരു സ്ഥിരമായ കേന്ദ്രം വേണം; കൊയ്ത്തുകാക്കു മാത്രമല്ല, ആക്കും അതു സങ്കേതമാകണം. അതിനു വളരെയധികം വേണം സ്ഥലസൗകര്യം.

ഒരു വമ്പിച്ച ഹോട്ടൽ കണ്ടുപിടിക്കുവാൻതന്നെ അദ്ദേഹം തീരുമാനിച്ചു.

അദ്ദേഹം കണ്ടുപിടിച്ച പുതിയ ഹോട്ടലിൻെറ പേരു് 'ലിവ്സി ഫ്ളാററ്സ്' എന്നായിരുന്നു; ഇഷ്ടികകൊണ്ടു നിമ്മിച്ച ഒരു നാലുനിലക്കെട്ടിടം; അവിടെ നൂറുകണക്കിന്നു് ആളുകൾക്കു പാക്കാൻ വേണ്ട സ്ഥലസൗകര്യമുണ്ടു്; വാടകയും വളരെ തുച്ഛം. ഒമാഹാനഗരത്തിലെ 13-ാം നമ്പർ നഗരത്തിൽ സ്ഥിതിചെയ്യുന്ന ഈ കെട്ടിടം പഴയതിനേക്കാൾ എല്ലാംകൊണ്ടും ഭേദപ്പെട്ടതായിരുന്നു. സ്വല്പം ചില അററകുററപ്പണികൾ വേണ്ടിയിരുന്നതു് പഴയ ഹോട്ടലിൽ ശേഷിച്ച ചില ജോലിക്കാർ ചെയ്തുകൊടുത്തു. ഇങ്ങനെ ഏതാനും ആഴ്ചകൾക്കുള്ളിൽ പുതിയ 'തൊഴിലാളി ഹോട്ടൽ'—അങ്ങനെയായിരുന്നു അതിനു പേരിട്ടതു്—വഷകാലത്തും വാസയോഗ്യമായിത്തീന്നു.

അക്കൊല്ലത്തെ വിളവു വലിയ തരക്കേടില്ലായിരുന്നു. തിരിച്ചുവന്ന കൊയ്ത്തുകാർ അത്ര ദാരിദ്ര്യമുള്ളവരായിക്കണ്ടില്ല. എങ്കിലും 'അച്ചൻെറകൂടെ'ത്താമ

സിക്കുന്നതിലുള്ള സന്തോഷംകൊണ്ടു് വളരെപ്പേർ പുതിയ ഹോട്ടലിൽ വന്നുകൂടി.

പഴയ താമസക്കാരിൽ ചിലർ ഇതുകണ്ടു പിറുപിറുത്തുതുടങ്ങി. അവർ അദ്ദേഹത്തോടു പറഞ്ഞു: "പുതിയ ഹോട്ടലിൻെറ കാര്യം എങ്ങും പരസ്യമാകുമ്പോൾ എല്ലാത്തരം 'അലവലാതികളും' വന്നുകൂടും. ഞങ്ങളുടെ മാതിരി പണിക്കാരായിരിക്കയില്ല അവർ. ചണ്ടികളും തെണ്ടികളും കുടിയന്മാരും ചട്ടമ്പികളും എല്ലാത്തരവും കാണും. അച്ചൻ കുഴപ്പത്തിൽ ചെന്നുചാടും."

ഫാദർ ഫ്ളാനഗൻ ദീർഘമായി ഒന്നു നിശ്വസിച്ചു. പക്ഷേ തെണ്ടികളേയും കുടിയന്മാരേയുമൊക്കെ തനിക്കു സ്വീകരിക്കേണ്ടിവന്നേയ്ക്കാം. ഏതായാലും അവരുടെ ഉപദേശം അദ്ദേഹം ആരാഞ്ഞു. തൽക്ഷണം തന്നെ ലഭിച്ചു പലതരം നിർദ്ദേശങ്ങൾ—ഒരു കൈത്തോക്കു വേണം, ഒരു പട്ടിയെ വളർത്തണം, കാവൽക്കാരെ നിറുത്തണം. ഫാദർ ഫ്ളാനഗൻെറ ദേഹരക്ഷയായിരുന്നു എല്ലാവരുടേയും ഉൽക്കണ്ഠാവിഷയം. തീരെ കൊള്ളരുതാത്തവരെ ഹോട്ടലിൽ പ്രത്യേകമൊരു ഭാഗത്തേയ്ക്കു മാററിത്താമസിപ്പിക്കണമെന്നു് എല്ലാവരും അഭിപ്രായപ്പെട്ടു.

"ബുദ്ധിപൂർവ്വമായ അഭിപ്രായങ്ങൾ!" ഫ്ളാനഗൻ പറഞ്ഞു; "ആവട്ടെ; താഴത്തെ നില കുഴപ്പമുണ്ടാക്കുന്നവരെ കിടത്താൻ ഒരുറക്കറയാക്കിയാലെന്താ?"

എല്ലാവരും അനുകൂലിച്ചു. "ശല്യമുണ്ടാക്കാത്ത ദിക്കിലാക്കണം അവരെ. താഴെ, പാതാളമുറിയിൽ"

അന്നുമുതൽ ഹോട്ടലിൻെറ താഴത്തെ നിലയ്ക്കു "പാതാളമുറി" എന്നു പേരും വീണു.

1914-ലെ ആ വർഷകാലത്തു്, മനുഷ്യസമുദായത്തിലെ തള്ളപ്പെട്ട തരക്കാർ—കുടിയന്മാരും കുടിലന്മാ

രും കള്ളന്മാരും കൊള്ളക്കാരും കൊലപ്പുള്ളികളും—തീനും കിടപ്പിടവും തേടി ഫാദർ ഫ്ളാനഗൻെറ ഹോട്ടലിലെ പാതാളമുറിയിൽ വന്നടിഞ്ഞുകൂടി. മററു വാടകക്കെട്ടിടങ്ങളിലേതിനെക്കാഠം വെടിപ്പുള്ളതായിത്തോന്നി, അവക്ക് ഈ ഹോട്ടലിലെ കിടപ്പും ഭക്ഷണരീതിയും. എന്തെന്നാൽ അനുകമ്പയുടെപേരിലാണ്, കാശിനുവേണ്ടിയല്ല, അതദ്ദേഹം നടത്തിയിരുന്നതു്. ആ കുററപ്പുള്ളികളുടെ ഹൃദയങ്ങളിൽ കുടികൊണ്ടിരുന്ന പിശാചുക്കഠംപോലും ഔദാര്യത്തിൻെറ പരിശുദ്ധമായ ഈ വെല്ലുവിളിയിൽ ഈൎഷ്യാഭരിതരായിത്തീൎന്നിരിക്കണം.

# XI

## "ഗ്ലലാൻ പ്രഭു"

ഉദ്ദേശിച്ചതുപോലെ അത്ര എളുപ്പമുള്ള പണിയായിരുന്നില്ല, ഈ താന്തോന്നികളെയൊക്കെ മെരുക്കിക്കൊണ്ടുപോവുക. യോഗക്ഷേമകേന്ദ്രം എന്നു പിന്നീടു പ്രസിദ്ധമായിത്തീൎന്ന ആ തൊഴിലാളിഹോട്ടലിലേയ്ക്കു, ജീവിതത്തിൻെറ താണ പടിയിലുള്ള എല്ലാത്തരക്കാരും വന്നു കയറിത്തുടങ്ങി. ആരോടും ചോദ്യമൊന്നുമില്ല ഫ്ളാനഗന്. പണമുണ്ടെങ്കിൽ ചെറിയൊരു ചാൎജ്ജ് കൊടുക്കുക; ഇല്ലെങ്കിൽ കിടക്കയും തീനും ഹോട്ടൽച്ചെലവിൽ—ആരായാലും വേണ്ടില്ല.

ഒക്ടോബർ മാസമായപ്പോഴേയ്ക്കും ഊണിനും കിടപ്പിനുമായി ഓരോ രാത്രിയിലും വന്നിരുന്നവരുടെ സംഖ്യ 500 വരെയായി. പ്രയാസങ്ങൾ ഒട്ടുവളരെയുണ്ടായിരുന്നു. എന്നാൽ കുഴപ്പക്കാരെ എളുപ്പം തിരിച്ചറിയാനുള്ള ആറാമത്തെ ഒരിന്ദ്രിയം ഫ്ളാനഗൻ ക്രമേണ സമ്പാദിച്ചു. അവരെയൊക്കെ ഉടനടി പാതാളമറിയി

ലേയ്യും പറഞ്ഞയയ്ക്കും. അക്രമം ഏതു നിമിഷത്തിലും പൊട്ടിപ്പുറപ്പെടാൻ സാദ്ധ്യതയുണ്ടായിരുന്നതുകൊണ്ട് ചില പ്രത്യേകമുൻകരുതലുകളും അദ്ദേഹം ചെയ്തിരുന്നു: പാതാളമുറിയിൽ പാർത്തിരുന്നവരെല്ലാം പത്തുമണിക്കു മുൻപ് കിടന്നുറങ്ങിക്കൊള്ളണം.

ഒരു രാത്രി സന്ദർശനമുറിയിൽ മേശയ്ക്കുസമീപം ഫാദർ ഫ്ളാനഗൻ തനിച്ചിരിക്കുകയായിരുന്നു. അപ്പോൾ ഒരു മുപ്പതുവയസ്സു പ്രായം തോന്നിക്കുന്ന ഒരാൾ വാതിലിൽക്കൂടി അകത്തു കടന്നുവന്നു. അയാളുടെ വസ്ത്രമെല്ലാം കീറിപ്പറിഞ്ഞതായിരുന്നുവെങ്കിലും ഒരു കാലത്തു വളരെ വിലയേറിയതായിരുന്നുവെന്നതു പ്രത്യക്ഷമായിരുന്നു. വളരെ ഗാംഭീര്യത്തോടുകൂടി അയാൾ ചോദിച്ചു, താൻ ആ രാത്രി അവിടെ താമസിക്കുന്നതിനു വിരോധമുണ്ടോയെന്ന്. "കൂലി തരാൻ എന്റെ കയ്യിൽ പണമൊന്നുമില്ലാത്തതിൽ വ്യസനിക്കുന്നു" എന്ന് അയാൾ തന്റെ ദാരിദ്ര്യം വിശദമാക്കി.

"നിങ്ങൾക്കു കിടക്കാനുള്ള സ്ഥലം ഞാൻ കാണിച്ചുതരാം" ആ വൈദികൻ മന്ദഹാസപൂർവ്വം പറഞ്ഞു. "പ്രൈവററു മുറികൾ ഞങ്ങൾക്കില്ലെന്നു നിങ്ങൾക്കറിയാമല്ലോ".

പല തരത്തിലുള്ള ആളുകളേയും അദ്ദേഹം ഇതിനുമുൻപ് കണ്ടിട്ടുണ്ടെങ്കിലും ഈ പുതിയ അതിഥി ഒരു നിഗൂഢചരിതനായി അദ്ദേഹത്തിനു തോന്നി. നല്ല മനുഷ്യത്വമുള്ളവനായി അയാൾ കാണപ്പെട്ടു. പക്ഷേ തന്നെക്കുറിച്ചോ, തന്റെ ചരിത്രത്തെക്കുറിച്ചോ ഒരക്ഷരംപോലും അയാൾ വെളിപ്പെടുത്തിയില്ല.

നിഗൂഢവൃത്തനായ ഈ അപരിചിതനെ എല്ലാവർക്കും ഇഷ്ടമായി. അയാൾ ബുദ്ധിമാനും നർമ്മരസികനുമായിരുന്നു. എന്നു മാത്രമല്ല, ശില്പവേലകളിൽ വിദ

ശ്രദ്ധനും കഠിനാദ്ധ്വാനിയുമാണ് അയാളെന്നു അവക്കെല്ലാം അചിരേണ ബോദ്ധ്യമായി. എന്നാൽ അയാളുടെ മൗനവ്രതം അവിടെ പലതരം കിംവദന്തികൾക്കു വക നല്കി. എന്തു കഥയും സത്യമായിത്തീരുന്ന ഒരു രംഗമായിരുന്നു ആ ബഹുജനസങ്കേതം.

ഇങ്ങനെ കിംവദന്തികൾ പലതും പ്രചരിച്ചിരുന്നിട്ടും, ഫാദർ ഫ്ളാനഗൻെറ സ്നേഹവിശ്വാസങ്ങൾ അയാൾ അതിശീഘ്രം സമ്പാദിച്ചു. അദ്ദേഹം അയാളെ ഒരു നിശാകാലക്ലാക്കായി നിയമിച്ചു. രാത്രിയിൽ സമയമതിക്രമിച്ചു വരുന്ന കുടിയന്മാരെയും ചട്ടമ്പികളേയും ഏകനായി കൈകാര്യം ചെയ്യത്തക്ക പരിചയം അയാൾക്കുണ്ടോ എന്നുള്ളതായിരുന്നു ഫ്ളാനഗനെ ക്ലേശിപ്പിച്ചിരുന്ന വിചാരം. എന്നാൽ സൗമ്യമുഖനായി കാണപ്പെട്ട ഈ നിഗൂഢപുരുഷന് ഏതപകടത്തേയും നേരിടാനുള്ള തൻേറടമുണ്ടെന്നു ക്രമേണ വ്യക്തമായി. വല്ല കുടിയനും എന്തെങ്കിലുമൊരു ലഹളയ്ക്കു കോപ്പിട്ടാൽ മായാപ്രയോഗത്താലെന്നപോലെ അയാൾ അതുടനേ നിറുത്തൽ ചെയ്യും. കുട്ടികളെയെന്നപോലെ അവരെ അയാൾ വരുതിക്കു നിറുത്തും. ചിലരോട്ട് ഇണങ്ങിയും, ചിലരോട്ട പിണങ്ങിയും, ചിലരെ ശാസിച്ചും, ചിലരെ താഡിച്ചും സമത്ഥമായി അയാൾ നിയന്ത്രിച്ചിരുന്നു.

ഒരു രാത്രി, അയാളും ഫ്ളാനഗനും തനിച്ചിരിക്കുമ്പോൾ, ആ ക്ലാക്ക് പറഞ്ഞു: "ഫാദർ, എന്നെപ്പററി അങ്ങേയ്ക്കത്ഭുതം തോന്നുന്നുണ്ടായിരിക്കാം. എൻെറ മൗനവ്രതത്തിൽ നീരസം തോന്നരുത്. ഞാൻ ഉൽകൃഷ്ടകുലജാതനായ ഒരുവനാണ്;ഹങ്കറിയിലെ ഒരു പ്രഭു".

പ്രഭു തൻെറ ജീവിതകഥ ചുരുക്കത്തിൽ പറഞ്ഞു കേൾപ്പിച്ചു. മനുഷ്യസമുദായത്തിലെ താണ പടിയിലുള്ളവരുമായി ഇത്രയ്ക്ക് ഇണങ്ങിച്ചേർന്നുപോയിരുന്ന അ

യാഠം ജനിച്ചതു് വമ്പിച്ച ഭൂസ്വത്തിൻെറ ഉടമസ്ഥനായിട്ടാണു്. പണത്തിൻെറയും പഠിപ്പിൻെറയും സകല സൗകൎയ്യങ്ങളും അയാഠംക്കു സിദ്ധിച്ചിരുന്നു. പഠിപ്പു പൂൎണ്ണമാക്കുവാൻവേണ്ടിയാണു് അയാഠം അമേരിക്കയിലേയ്ക്കു വന്നതു്.

ആ സമയത്തു യൂറോപ്പിൽ യുദ്ധമാരംഭിച്ചു. സ്വജനങ്ങഠംക്കൊക്കെ എന്തു സംഭവിച്ചു എന്നയാഠംക്കറിഞ്ഞുകൂട. അവരുമായി സമ്പൎക്കം പുലത്താൻ തരമില്ലാതായി. പണമെല്ലാം തീൎന്നു. വല്ല ജോലിയും കിട്ടാനും സാദ്ധ്യതയുണ്ടായിരുന്നില്ല. കാരണം, ഒരു ജോലിയിലും പ്രായോഗികമായ പരിചയമൊന്നും അയാഠംക്കുണ്ടായിരുന്നില്ല.

കയ്യിൽ കാശില്ലാതായപ്പോഠം അയാഠം റോട്ടിൽ അലയുവാൻ തുടങ്ങി. ചില കൎഷകഗൃഹങ്ങളിൽ ഭൃത്യവേല ചെയ്തു കിട്ടിയ പണംകൊണ്ടാണു വഴിച്ചെലവു വഹിച്ചതു്. ക്രമേണ ചരക്കു കയററുന്നിടത്തും മററും ചെന്നു ചില കൂലിപ്പണികഠം വശമാക്കി. കുററപ്പുള്ളികളുടേയും ചട്ടമ്പികളുടേയുംകൂടെ വളരെനാഠം പെരുമാറുവാനിടയായി. അവർ അയാളെ തങ്ങളുടെ ദുരാലോചനകളിൽ സംബന്ധിക്കുവാൻ ക്ഷണിക്കും. ഒമാഹായിൽനിന്നു് ഒട്ടകലെയുള്ള ഒരു നഗരത്തിൽവച്ചാണു് അയാഠം ഫാദർ ഫ്ളാനഗൻെറ ഹോട്ടലിനെപ്പററി കേഠംക്കാനിടയായതു്. ഉടൻതന്നെ ഇങ്ങോട്ടു പുറപ്പെട്ടുകയും ചെയ്തു.

ഈ പ്രഭുവിൻെറ കഥ അതിവേഗത്തിൽ ആദ്യം പാതാളമുറിയിലുള്ളവരുടെയിടയിൽ പരന്നു. അവൎക്കു കേട്ടപ്പോളുണ്ടായ ആഹ്ലാദത്തിനും അഭിമാനത്തിനും അതിരില്ലായിരുന്നു. തങ്ങളെ സേവിക്കാൻ വന്നിരുന്നതു് പ്രഭുകുടുംബക്കാർ! അവൎക്കു തങ്ങളോടൊപ്പം താഴാ

ന്നം കഴിയുമത്രേ! 'ഗ്ലാൻ പ്രഭൂ'വിന്ന "ജേ" വിളികഠം ആ മദ്യപന്മാരുടേയും മററുമിടയിൽ മുഴങ്ങിക്കേട്ടു. പേരില്ലാത്ത ആ പ്രഭുവിന്ന കുടിയന്മാർ കൊടുത്ത ആ പേര് ക്രമേണ നാടാകെപ്പരന്നു. പ്രഭുവായാലും അല്ലെങ്കിലും, അയാഠക്കു കാഴ്ചയിലും പെരുമാററത്തിലും ഒരന്തസ്സും ആഭിജാത്യവുമുണ്ടായിരുന്നുവെന്നതിന്ന സംശയമില്ല. ഫ്ളാനഗൻ തൻെറ ജീവാവസാനംവരെ കൃതജ്ഞതയോടുകൂടിയാണ് അയാളോടു പെരുമാറിപ്പോന്നത്.

യഥാൎത്ഥത്തിൽ പ്രഭു ഒന്നുരണ്ടു തവണയല്ല ഫാദർ ഫ്ളാനഗനെ ശാരീരികമായ അപകടത്തിൽനിന്ന്—മരണത്തിൽനിന്നുപോലും — രക്ഷപ്പെടുത്തിയിട്ടുള്ളത്.

അപകടങ്ങഠം അവരുടെ ജീവിതത്തിൽ അനിവാൎയ്യങ്ങളായിരുന്നു. എന്തെന്നാൽ അവർ സഹവസിച്ചിരുന്നതു കേവലം അഗതികളുമായിട്ടല്ല; ആഭാസന്മാരും എരപ്പാളികളും കൊലപ്പുള്ളികളും അക്കൂട്ടത്തിലുണ്ടായിരുന്നു. ചിലപ്പോഠം, വളരെ സൗമ്യനായിക്കാണപ്പെടുന്ന ഒരുവൻ ഒരു നിമിഷത്തിനിടയിൽ വലിയ ബഹളമുണ്ടാക്കിയെന്നു വരാം. ഒരു രാത്രി ഫാദർ ഫ്ളാനഗൻ വാതിൽക്കൽ നില്ക്കുകയായിരുന്നു. ഒരു പൊണ്ണത്തടിയൻ ആടിയാടിവന്ന് അദ്ദേഹത്തിൻെറ അടുത്തെത്തി. തൻെറ കനത്ത കൈകഠംകൊണ്ടു് അവൻ അദ്ദേഹത്തെ മുറുകെപ്പിടിച്ചു്, എടുത്തു മേല്പോട്ടുയൎത്തി, ചുഴററി ഒരേറ്! ആ വരാന്തയുടെ പകുതി അകലത്തായി അദ്ദേഹം ചെന്നു വീണു. എന്നിട്ടു, മിന്നൽവേഗത്തിൽ പാഞ്ഞടുത്തു, നിലംപതിച്ച ആ വൈദികനെ പിടികൂടാൻ. എന്നാൽ അതിനേക്കാഠം ശീഘ്രതയോടെ നമ്മുടെ പ്രഭു മേശയ്ക്കു മുകളിൽക്കൂടി എടുത്തു ചാടി, ആ തടിയനായ കുടിയനെ എതിരിട്ടു. ഏതാനും നിമിഷങ്ങളേ വേണ്ടി

വന്നുള്ളൂ, എല്ലാം ശാന്തമാകാൻ. വരാന്തയിൽ നിന്നിരുന്ന മററുള്ളവരുടേയും സാഹായ്യത്തോടുകൂടി അയാൾ ആ ഭീമനെ കീഴടക്കി, പാത്രാളമുറിയിലേയ്ക്കു വലിച്ചിഴച്ചുകൊണ്ടുപോയി കിടത്തി. ക്ഷണത്തിൽ ആ തടിയൻ ഉറക്കത്തിലാണ്ടു. പിറേറദിവസം തൻെറ ഈ അക്രമപ്രവൃത്തിയേക്കുറിച്ചു യാതൊരോർമ്മയും അവന്നുണ്ടായിരുന്നില്ല.

ആ ഹോട്ടലിൽ താമസിച്ചിരുന്നവരിൽ ഭൂരിപക്ഷവും—അവരിപ്പോൾ ഏതാണ്ട് ആയിരത്തോളമായി—ഫാദർ ഫ്ളാനഗനെ വളരെ ബഹുമാനിച്ചിരുന്നു. ബർലിങ്ടണിലെപ്പോലെ ഇവിടെയും, വൈകുന്നേരമായാൽ അവരെല്ലാം വരാന്തയിൽ ഒരുമിച്ചു കൂടിയിരുന്നു സംസാരിച്ചുകൊണ്ടിരിക്കും. ഒരു സംഗതി അവരുടെ സംഭാഷണങ്ങളിലും പ്രവൃത്തികളിലും തെളിഞ്ഞു കണ്ടിരുന്നു: മതം അവരുടെ ജീവിതത്തിൽനിന്നകന്നുപോയിരുന്നു. മിക്കവെക്കും ദൈവത്തിൽ ഏതാണ്ടൊരു വിശ്വാസമുണ്ടായിരുന്നുവെങ്കിലും, ആരുംതന്നെ പള്ളിയിൽ പോവുകയോ, മതകാര്യങ്ങളേപ്പററി ചിന്തിക്കുകപോലുമോ ചെയ്തിരുന്നില്ല. ഹോട്ടൽ നടത്തുന്നതിൽ അച്ചനെ സഹായിക്കുവാൻ അവർ തയ്യാറായിരുന്നു; പണമുള്ളപ്പോൾ ചാർജ്ജു കൊടുക്കാനും. എന്നാൽ ദൈവത്തിൻെറയോ മതത്തിൻെറയോ കാര്യം മിണ്ടിപ്പോയാൽ സൂത്രത്തിൽ അവിടെനിന്ന് ഒഴിഞ്ഞു മാറിക്കളയും.

"അതൊക്കെ കേൾക്കാനുള്ള പ്രായം കടന്നുപോയി അച്ചാ" അവർ പറയും; "സമയം വൈകിപ്പോയി."

"ഞാൻ പല കുററങ്ങളും ചെയ്തിട്ടുണ്ടച്ചാ" ഒരാൾ ആത്മകഥ വിശദീകരിച്ചു; "പക്ഷേ എൻെറ ശീലം ഇനി മാററാൻ എന്നെക്കൊണ്ടാവില്ല. വിശേഷിച്ച് പ്രായം ഇത്രയും കടന്നശേഷം".

എന്നാൽ അവരുടെ ധീരതയ്ക്കു വാട്ടം തട്ടിയിരുന്നില്ല. ഒന്നാം ലോകമഹായുദ്ധം തുടൻകൊണ്ടിരുന്ന ആ അവസരത്തിൽ,വഴിനീളെ തെണ്ടിനടന്നിരുന്ന പലരും ആ ഹോട്ടലിൽ എത്തി,ബ്രിട്ടീഷുകാരുടേയോ ഫ്രഞ്ചുകാരുടേയോകൂടെച്ചേൻ സൈന്യസേവനം ചെയ്യാൻ തങ്ങൾക്കുള്ള സന്നദ്ധത പ്രകടിപ്പിച്ചു. പാതാളമുറിയിലും പുറത്തുമൊക്കെ താമസിച്ചിരുന്ന പലരും അങ്ങനെ യുദ്ധത്തിൽ ചേരുകയും,തങ്ങളുടെ രണശൌര്യംപ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പലരും യുദ്ധത്തിൽ മൃതിയടഞ്ഞിട്ടുമുണ്ട്.

അവരുടെ ഈ സമരവീര്യത്തിൽനിന്നു ഫാദർ ഫ്ളാനഗൻ ഒരു തത്ത്വം കണ്ടുപിടിച്ചു: അവരിൽ നന്മ ഒളിച്ചു കിടപ്പുണ്ട്; പക്ഷേ അതു കനത്ത തോടുകൊണ്ടു മൂടിപ്പൊതിഞ്ഞിരുന്നു. യുദ്ധത്തിൻെറ ആഹ്വാനം അവർ അനുസരിക്കും; ദൈവത്തിൻെറ ആഹ്വാനമോ? അക്കാര്യത്തിൽ അവർ ബധിരന്മാരായിരുന്നു. കാരണം? അവർ പറഞ്ഞതുതന്നെ: സമയം കടന്നുപോയി!

വല്ലപ്പോഴുമൊക്കെ പ്രായപൂർത്തി വരാത്ത ചില ബാലന്മാർ ഹോട്ടലിൽ താമസിക്കാൻ വന്നാൽ അവരുടെ കാര്യത്തിൽ ഫാദർ ഫ്ളാനഗൻ പ്രത്യേകം കരുതൽ കാണിച്ചിരുന്നു. മുതിൎന്നവരുമായുള്ള സഹവാസംകൊണ്ടു് അവൎക്കു സംഭവ്യമായ ഘോരവിപത്തിനെക്കുറിച്ചാലോചിച്ചപ്പോൾ അദ്ദേഹം ഞെട്ടിപ്പോയി. അതുകൊണ്ടാണു്, എല്ലാററിലും മുകളിലത്തെ നിലയിൽ, മറവുള്ള ശയനമുറികളിൽനിന്നൊക്കെ അകന്നു്, ഏതാനും മുറികൾ കുട്ടികളായ അതിഥികൾക്കു താമസിക്കാൻ അദ്ദേഹം ഒഴിച്ചിട്ടതു്.

മുകൾത്തട്ടിലുള്ള ഈ മുറികളിൽനിന്നാണു് ‘ബാലനഗര’ത്തിൻെറ ഉത്ഭവമെന്നു പറഞ്ഞാൽ അതു പ്രത്യക്ഷരം ശരിയായിരിക്കും.

## XII

# ഒരു പുതിയ ആശയം

ഒരു രാത്രി ഫ്ളാനഗൻ സന്ദർശനമുറിയിൽ തനിച്ചിരിക്കുമ്പോൾ ഏകദേശം ഒമ്പതു വയസ്സു പ്രായമുള്ള ഒരു ബാലൻ മുൻഭാഗത്തെ വാതിലിൽക്കൂടി കടന്നുവന്നു.

അവൻെറ മുഖം ചളിയും പൊടിയുംകൊണ്ടു അഭിഷിക്തമായിരുന്നു. കിറിപ്പറിഞ്ഞ കളസം; കോട്ടില്ല, തൊപ്പിയില്ല. അവൻ കിടുകിടെ വിറയ്ക്കുന്നുമുണ്ടു്.

"അങ്ങാണോ കറുത്ത ഉടുപ്പിട്ട മനുഷ്യൻ?" ആ ബാലൻ ചോദിച്ചു.

"അതേ, അവരിലൊരാളാണു ഞാൻ" ഫ്ളാനഗൻ മറുപടി പറഞ്ഞു.

"കറുത്ത ഉടുപ്പിട്ട ആ മനുഷ്യനോടു എനിക്കല്പം സംസാരിക്കാനുണ്ടു്".

"എന്താണു കുഞ്ഞേ, എന്നോടു നിനക്കു പറയാനുള്ളതു്?"

"എനിക്കിവിടെ താമസിക്കാൻ വിരോധമുണ്ടോ?"

ഇങ്ങനെയുള്ള എത്ര ചോദ്യങ്ങൾ പില്ക്കാലങ്ങളിൽ അദ്ദേഹം കേൾക്കാനിരിക്കുന്നു! ആ വൈദികൻ ആ കുട്ടിയുടെ അടുത്തു മുട്ടുകുത്തിക്കൊണ്ടു ചോദിച്ചു:

"എന്തുകൊണ്ടാണ് ഇവിടെത്താമസിക്കണമെന്നു നിനക്കു തോന്നുന്നത്?"

"കാശില്ലാത്തവരെ ഇവിടെ താമസിപ്പിക്കുമോ?"

"ഉവ്വ്. പക്ഷേ കുട്ടികളെയല്ല-നിന്നെപ്പോലെയുള്ള ഒരു കുട്ടിക്ക് ഒരു വീടു കാണാതിരിക്കയില്ല"

"ഇല്ല സർ" കുട്ടി ഉറപ്പിച്ചു പറഞ്ഞു; "എനിക്കെങ്ങും വീടില്ല."

പോൾ എന്നാണ് അവൻെറ പേർ. ഏതാനും ആഴ്ചയ്ക്കു മുമ്പുവരെ അവനെ അമ്മയാണു സംരക്ഷിച്ചുകൊണ്ടിരുന്നത്. അവർ മരിച്ചു. അതോടുകൂടി നിരാശ്രനായിത്തീന്ന അവൻ അങ്ങുമിങ്ങും അലഞ്ഞുനടക്കുകയായി. കഴിഞ്ഞ കുറേ രാത്രികൾ അവൻ വല്ല വെളിവരമ്പിലുമൊക്കെയാണു കിടന്നുറങ്ങിയിരുന്നത്. 24 മണിക്കൂറിനിടയിൽ ഒന്നും കഴിച്ചിട്ടേയില്ല.

"ആട്ടെ! നമുക്കു മുഖമൊക്കെ ഒന്നു കഴുകി വെടിപ്പാക്കാം. എന്താ? എന്നിട്ടു വല്ലതും കഴിക്കാം" ഫ്ളാനഗൻ പറഞ്ഞു.

മുഖം കഴുകിച്ചശേഷം ആ ബാലനെ അദ്ദേഹം തീൻമുറിയിലേയ്ക്കു കൊണ്ടുപോയി. അവിടെ നേരം വൈകിക്കിടക്കുക പതിവായിരുന്ന പണിക്കാർ അന്നൊരു സദ്യനടത്തുകയായിരുന്നു. വയറു നല്ലപോലെ നിറഞ്ഞുവെന്നു പോൾ വിളിച്ചു പറഞ്ഞപ്പോൾ, അവനെ മുകളിലത്തെ നിലയിലുള്ള കിടപ്പുമുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. പിരിയുമ്പോൾ അവൻ പറഞ്ഞു:

"അച്ഛാ, ഇവിടത്തെ കിടക്ക അസ്സലായിട്ടുണ്ട്. ഊണു ബഹു കുശാലുമായി"

പോളിൻെറ കാര്യം ഫാദർ ഫ്ളാനഗനു വല്ലാത്ത ഒരു വിഷമപ്രശ്നമായിത്തീൎന്നു. അവൻെറ ഇന്നത്തെ ഊണും കിടപ്പും സുഖമായി. നാളെയോ? ഇക്കാര്യം ആലോചിക്കുന്തോറും അദ്ദേഹത്തിൻെറ മനഃക്ലേശം വൎദ്ധിച്ചുവന്നു. ഇന്നല്ലെങ്കിൽ നാളെ നഗരക്ഷേമാധികാരികളുടെ പക്കൽ ഏല്പിക്കപ്പെടേണ്ടവനാണവൻ. അവർ അവനെ വല്ല അനാഥസങ്കേതത്തിലും കൊണ്ടുചെന്നാക്കും. ഇവിടെ അവനെ എന്തു ചെയ്യണം? ഒടുവിൽ അദ്ദേഹം അവനെ കുട്ടികളില്ലാത്ത ഒരു ദമ്പതിമാൎക്ക് ഏല്പിച്ചുകൊടുത്തു.

പോളിൻെറ ചരിത്രം സൂക്ഷ്മമായി തിരക്കിയപ്പോൾ, അനേകശതം മൈലിനിപ്പുറത്തൊന്നും അവനു ബന്ധുക്കളാരും ഇല്ലെന്നു മനസ്സിലായി ഇത്തരത്തിൽപ്പെട്ടവർ ഒന്നോ രണ്ടോ അല്ല; വളരെയുണ്ടു നഗരംതോറും. എല്ലാ കുട്ടികളും അനാഥരല്ലതാനും. മാതാപിതാക്കന്മാരുടെ സ്നേഹത്തിൻെറയും താല്പൎയ്യത്തിൻെറയും അഭാവംമൂലം പരിത്യജിക്കപ്പെടുന്ന ഈ കുട്ടികൾ അനാഥരായിത്തീൎന്ന് വഴിനീളെ അലഞ്ഞുനടന്നിരുന്നു.

ഈ ഒമ്പതു വയസ്സുള്ള ബാലൻെറ വരവിനെത്തുടൎന്നുള്ള ദിവസങ്ങളിൽ ഫ്ളാനഗൻെറ മനസ്സിൽ, ക്രമേണ, ഒരു പുതിയ ആശയം വളൎന്നു വേരുറയ്ക്കുവാൻ തുടങ്ങി.

ഇപ്പോൾ കൊല്ലം മൂന്നായിരിക്കുന്നു, അദ്ദേഹം തള്ളപ്പെട്ട മനുഷ്യഗണവുമായി സഹപ്രവൎത്തനം തുടങ്ങിയിട്ട്. നഷ്ടമായ മാനുഷികാവകാശങ്ങൾ അവൎക്കു തിരിച്ചുകൊടുക്കുന്നതിനായിരുന്നു അദ്ദേഹത്തിൻെറ ശ്രമമെല്ലാം. പക്ഷേ ഈ ശ്രമത്തിൽ, ചുരുക്കം ചിലരുടെ

കാര്യത്തിലൊഴികെ, അദ്ദേഹം പരാജയമടഞ്ഞിരുന്നു. ഭക്ഷണവും പാർപ്പിടവും നൽകുന്ന ഒരു സത്രാധികാരിമാത്രമായിരുന്നു അദ്ദേഹം യഥാർത്ഥത്തിൽ. അത്രമാത്രമേ ആ അതിഥികൾ ആവശ്യപ്പെട്ടിരുന്നുള്ളു; അത്രമാത്രമേ അവർ സ്വീകരിക്കുകയുമുള്ളൂ. തങ്ങളെത്തന്നെ സംസ്കരിക്കുന്ന വിഷയത്തിൽ അവക്കൊരു താൽപ്പര്യവുമുണ്ടായിരുന്നില്ല. പ്രായം കടന്നുപോയി എന്നാണവർ പറയുന്നത്!

എന്നാൽ കുട്ടികളുടെ കാര്യമോർത്താൽ, പ്രായം അവക്കു കടന്നുപോയിട്ടില്ല. അവക്കുവേണ്ടി ബുദ്ധിമുട്ടാൻ വല്ലവരും ഉണ്ടായാൽ മാത്രം മതി. കണക്കെല്ലാം വരച്ചുവച്ച്, ആകെത്തുക കൂട്ടിയിടാൻ തയ്യാറാക്കിവച്ചിരുന്ന പേരേടിൻെറ തെററായ വശത്താണ് അദ്ദേഹം ഇത്രയുംനാൾ കുത്തിക്കുറിച്ചുകൊണ്ടിരുന്നത്! കതിരിന്മേൽ വളംവെയ്ക്കലായിരുന്നു ഇതുവരെയുള്ള പ്രയത്നമെല്ലാം. ഒരു മനുഷ്യനെ പുനരുദ്ധരിക്കുക—ഒരാത്മാവിനെ രക്ഷപ്പെടുത്തുക—ഇതു ഭൂമിയിലുള്ള മറെറതൊരു ജീർണ്ണോദ്ധാരണകർമ്മവുംപോലെതന്നെ അത്യാവശ്യകമാണ്. തക്ക സമയത്ത്, കേടുപാടുകൾ ആഴത്തിൽ കടന്നുപിടിയ്ക്കും മുമ്പ്, വടിവു മാററി മനയുവാൻ കഴിയാത്തവിധം കളിമണ്ണ് ഉറയ്ക്കുന്നതിനുമുമ്പ്, തുടങ്ങണം ഈ വേല.

മനുഷ്യൻ ഒരു ബാലനായിരിക്കുമ്പോൾത്തന്നെ തുടങ്ങണം ഈ വേല.

## XIII

# എന്തൊരു മായാവിദ്യ!

കുട്ടികളുടെ പ്രശ്നത്തിൽനിന്നു ഭിന്നമായ ഒന്നല്ല കുററങ്ങളുടെ പ്രശ്നമെന്നു ഫാദർ ഫ്ളാനഗൻ ആരംഭത്തിൽത്തന്നെ മനസ്സിലാക്കി. മനുഷ്യനെ നന്നാക്കണമെന്നുണ്ടെങ്കിൽ കുട്ടിപ്രായംതൊട്ടു തുടങ്ങണം ശ്രമം. ഇതു മനസ്സിലാക്കിയാൽത്തന്നെയും ശാസ്ത്രീയമായ സിദ്ധൗഷധമൊന്നും ഇതിനില്ല. മനുഷ്യഹൃദയത്തിൽ സംജാതമാകുന്ന ദൈവസ്നേഹമൊഴിച്ച്, കുററങ്ങൾക്കുള്ള ഒററമൂലിയൊന്നും മററില്ല. ഇപ്പോൾത്തന്നെ തനിക്കു ലഭിച്ചിട്ടുള്ള സഹപ്രവത്തകന്മാരെ ഒന്നുകൂടി ഉറപ്പിക്കുകയും, അവരുടെ യത്നങ്ങളെ കേന്ദ്രീകരിക്കുകയും ചെയ്യുന്നതിലായിരുന്നു അദ്ദേഹത്തിൻെറ പ്രത്യാശ.

മതപരമായ വീക്ഷണം കൂടാതെയുള്ള നിയമപ്രയോഗം, അതെത്രതന്നെ ഊൎജ്ജസ്വലമായിരുന്നാലും, അപര്യാപ്തമാണെന്ന് അദ്ദേഹം ഗ്രഹിച്ചു. പോലീസുകാരുടെ അതിസാമൎത്ഥ്യംകൊണ്ടോ, കുററാന്വേഷക

ന്മാരുടെ അതികൗശലംകൊണ്ടോ, പ്രോസിക്യൂട്ടിങ്ങ് ഉദ്യോഗസ്ഥന്മാരുടെ സത്യസന്ധത, കാര്യക്ഷമത മുതലായവയുടെ നിലവാരം ഉയത്തിയതുകൊണ്ടോ അമേരിക്കയിലെ പാതകങ്ങഠം നിവൃത്തൽചെയ്യുവാനോ, ഗണ്യമായവിധം കുറയ്ക്കുവാനോ സാധിക്കുന്നതല്ലെന്നും അദ്ദേഹത്തിനു ബോദ്ധ്യമായി. നിയമപ്രയോഗംകൊണ്ടു കളകഠം പറിച്ചുകളയാം; വേരുകഠം പിഴുതെടുക്കുക ശക്യമല്ല. ഇതു കേവലമൊരു സാമൂഹ്യപ്രശ്നമല്ല; ധാർമ്മികവും മതാത്മകവുമായ ഒന്നാണതു്.

ഈ പ്രമേയങ്ങളെപ്പററി ഗാഢമായി പരിചിന്തനം ചെയ്തശേഷം ഫ്ളാനഗനു ബോദ്ധ്യമായി, തന്നൊ വെല്ലുവിളിക്കുന്ന ആ മഹത്തായ പ്രശ്നം പാതകങ്ങഠം സംഭവിക്കാതെ തടയുക എന്നുള്ളതാണെന്നു്. അതിനുള്ള ഒരേ ഒരുമാർഗ്ഗം കുട്ടികളെ സംസ്കരിക്കുകയും.

ഇതിനുശേഷം അദ്ദേഹം മുറയ്ക്കുപോകും കോടതികഠം സന്ദർശിക്കാൻ. ഹോട്ടൽ ശാന്തമായി അങ്ങനെ നടന്നുപോയിരുന്നതുകൊണ്ടു്, തൻെറ മേലധികാരികളുടെ അനുവാദത്തോടുകൂടി, ഈ പുതിയ പഠനത്തിലേപ്പെടാൻ അദ്ദേഹത്തിനു സമയം ലഭിച്ചിരുന്നു. ഇതൊരു പഠനകാലമായിരുന്നു. ഈ 'ക്ലാസ്സ്'ജോലിക്കിടയിൽ ജഡ്ജിമാരുമായി പരിചയപ്പെടാൻ അദ്ദേഹത്തിനവസരം ലഭിച്ചു. പലപ്പോഴും അവർ അദ്ദേഹത്തെ, തങ്ങളുടെ മുമ്പിൽ വന്നിരുന്ന കേസ്സുകളെപ്പററി സംഭാഷണം നടത്താൻ ചേംബറിലേയ്ക്കു ക്ഷണിക്കാറുണ്ടു്.

നിയമത്തിൻെറ ഇടുങ്ങിയ പരിധിക്കുള്ളിൽനിന്നു പ്രവത്തിച്ചുകൊണ്ടിരുന്ന ഈ ജഡ്ജിമാർ കുട്ടികളുടെ കുററങ്ങഠംക്കു ശരിയായ ഒരു പ്രതിവിധി കണ്ടുപിടിക്കുന്നതിൽ ആത്മാർത്ഥമായ ഔത്സുക്യമുള്ളവരാണെന്നു് അദ്ദേഹം ഗ്രഹിച്ചു.

"എന്തുകൊണ്ടാണ്" ഫ്ളാനഗൻ ഒരു ചെറുപ്പക്കാരൻ ജഡ്ജിയോടു ചോദിച്ചു; "ഈ പാവപ്പെട്ട കുട്ടികളെ, ചെറിയവരും മുതിൎന്നവരുമെന്ന ഭേദംകൂടാതെ, ദുർഗ്ഗുണപരിഹാരശാലയെന്നു പറയപ്പെടുന്ന ആ സ്ഥലത്തേയ്ക്കു നിങ്ങൾ അയയ്ക്കുന്നതു്?"

"മറെറാരു സ്ഥലവുമില്ലാത്തതുകൊണ്ടാണ ഫാദർ. അവൎക്ക നല്ല വീടുകളില്ല. എവിടെയെങ്കിലും അവരെ പറഞ്ഞയയ്ക്കാതെ ഞങ്ങൾക്കു തരമില്ല"

ഈ യുക്തി ഫ്ളാനഗനു ക്രൂരമായിത്തോന്നി. പൊതുജനങ്ങളുടെയും ജനബഹുലമായ കോടതികളുടേയും, അതുപോലെതന്നെ ജനനിബിഡമായ സ്റ്റേറവക സങ്കേതങ്ങളുടേയും അനുകമ്പാശൂന്യത ഈ കുട്ടികൾക്കു രക്ഷയ്ക്കുള്ള വഴികളെയെല്ലാം അടച്ചുകളഞ്ഞിരിക്കുന്നതായി അദ്ദേഹം കണ്ടുപിടിച്ചു.

ഈ പ്രശ്നത്തിൻെറ മൂലം കണ്ടുപിടിക്കുവാനുള്ള തൃഷ്ണയോടുകൂടി അദ്ദേഹം ഗവേഷണം തുടങ്ങി. എല്ലാ സ്റ്റേറുകളിലെയും ഉദ്യോഗസ്ഥന്മാൎക്ക കത്തുകളയച്ചു. വീടില്ലാത്ത കുററപ്പുള്ളികളായ കുട്ടികളേയും, അവരുടെ കേസുകൾ ദുർഗ്ഗുണപരിഹാരശാലകളിലും സ്റ്റേറുവക വ്യവസായശാലകളിലും, ശിക്ഷണത്തിൻെറയും ദോഷശോധനത്തിൻെറയും ഇതരസ്ഥാപനങ്ങളിലും കൈകാൎയ്യം ചെയ്തിരുന്ന വിധത്തേയുംകുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ അദ്ദേഹം ശേഖരിക്കാനും തുടങ്ങി. ഒന്നിനു പുറകേ ഒന്നായി ഓരോ സ്ഥാപനവും അദ്ദേഹത്തിൻെറ അവധാനത്തിനു വിഷയമായി. ബോയ്സ് ക്ലബ്ബിൻെറയും ബിഗ് ബ്രദർ മൂവ്മെൻറിൻെറയും, ഹഡ്സൺ തീരത്തുള്ള ഡോബ്സ് ഫെറിയിൽ 90 കൊല്ലമായി നടന്നുപോന്നിരുന്ന 'ബാലഗ്രാമ'ത്തിൻെറയും, 60 കൊല്ലമായി പ്രവൎത്തനം ചെയ്തുപോന്നിരുന്ന ജോർജ്ജ് ജൂനി

യർ റിപ്പബ്ലിക്കിന്റെയും പ്ലാനും പ്രവർത്തനക്രമവുമെല്ലാം അദ്ദേഹം ഗാഢമായി പഠിച്ചു.

ഈ പദ്ധതികളിലെല്ലാം ഫാദർ ഫ്ളാനഗനു പ്രശംസ്യമായും അനുകരണീയമായും തോന്നിയ പല അംശങ്ങളുമുണ്ടായിരുന്നു. എന്നാൽ മിക്കവയിലും രണ്ടു ന്യൂനതകളുള്ളതായി അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപ്പെട്ടു: സ്നേഹജന്യമായ ആർദ്രതയും ദൈവസ്നേഹവും അവയിൽ ഉപേക്ഷിക്കപ്പെട്ടിരുന്നു.

സജീവവും ചലനാത്മകവുമായ ഈ രണ്ടു യാഥാർത്ഥ്യങ്ങളും, അദ്ദേഹത്തിന്റെ വീക്ഷണത്തിൽ, സംഘടനാപരമായ സകല സ്ഥാപനങ്ങളുടേയും അച്ചടിച്ച പ്രവർത്തനപദ്ധതികളെ അതിശയിക്കുന്നവയായിരുന്നു. മാനസികരോഗചികിത്സയ്ക്കും യോഗക്ഷേമപ്രവർത്തനങ്ങൾക്കും എതിരല്ലായിരുന്നു ഫാദർ ഫ്ളാനഗൻ. കുട്ടികൾക്കും ദൈവത്തിനും വേണ്ടിയാണ് അദ്ദേഹം യുദ്ധം ചെയ്തിരുന്നത്. ലളിതഗംഭീരമായ ശൈലിയിൽ അദ്ദേഹം പറയും:

"പാതകത്തിൽനിന്നു കുട്ടികളെ രക്ഷിക്കുക; പാതകം നിറുത്താം. പാതകത്തിൽനിന്നു നമ്മുടെ കുട്ടികളെ നാം മോചിക്കുന്നില്ലെങ്കിൽ, നമ്മുടെ , പരിഷ്കാരംതന്നെ നമുക്കു നഷ്ടമാകും. ഈ പ്രശ്നത്തിന്റെ മഹത്തായ, അവസാനത്തേതായ വെല്ലുവിളി ഇതാണ്."

ഇതാണ്, ഒമാഹായിലെ കോടതിമുറികൾ കൂടക്കൂടെ സന്ദർശിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച കാരണം. കുററക്കാരേക്കുറിച്ചു പഠിക്കാനും അന്വേഷിക്കാനും കത്തിടപാടുകൾ നടത്താനും അദ്ദേഹത്തെ പ്രേരിപ്പിച്ച കാരണവും ഇതുതന്നെ. വഴി അത്ര സുഗമമായിരുന്നില്ല; എങ്കിലും ആദർശം തന്റെ ദൃഷ്ടിപഥത്തിൽ തെളിഞ്ഞുനിന്നിരുന്നതിനാൽ, വഴിയും തെളിഞ്ഞുകൊള്ളും

എന്നാദ്ദേഹത്തിനു തീച്ച്യയുണ്ടായിരുന്നു.

ഒമാഹായിലെ ബാലകോടതികളിലുള്ള അധികാരികൾക്കു്, ഫാദർ ഫ്ളാനഗനുമായുള്ള സംഭാഷണങ്ങളിൽനിന്നു്, കുട്ടികളുടെ പ്രശ്നങ്ങളെക്കുറിച്ചു് ആവേശജനകങ്ങളായ അഭിപ്രായങ്ങളും അഗാധമായ ജ്ഞാനവും അദ്ദേഹത്തിനുണ്ടെന്നു മനസ്സിലായി. ഒരു ദിവസം കോടതി പിരിഞ്ഞപ്പോൾ ജഡ്ജി അദ്ദേഹത്തെ ബഞ്ചിലേയ്ക്കു വിളിച്ചു.

"അങ്ങു കണ്ടോ, കഴിഞ്ഞരാത്രി ഇടവഴിയിൽക്കിടന്നുറങ്ങുനനതായി കണ്ടുപിടിച്ച ആ നില്ക്കുന്ന രണ്ടു കുട്ടികളെ?"

"ഓഹോ" ഫ്ളാനഗൻ പറഞ്ഞു. "ഞാൻ കണ്ടു. പക്ഷെ അവക്കു വീടുണ്ടല്ലോ".

"ഉണ്ടു്. അവക്കു വീടുണ്ടു്" ജഡ്ജി വേഗം തുടന്നു; "എന്നാൽ അപ്പൻ കുടിയനാണു്. അമ്മക്കു് അവരെ നിയന്ത്രിക്കാൻ ശക്തിയുമില്ല. ചീത്തക്കുട്ടികളല്ല അവർ. ഒരു മേൽനോട്ടം വേണം, അത്രമാത്രം. അവരെ ദുർഗ്ഗുണപരിഹാരശാലയിലേയ്ക്കു പറഞ്ഞയയ്ക്കാൻ ഞാൻ വിചാരിക്കുന്നില്ല. അവരെ എന്തു ചെയ്യണമെന്നു് . . ." അദ്ദേഹം അദ്ധോക്തിയിൽ വിരമിച്ചിട്ടു്, ഫ്ളാനഗന്റെ നേരേ നോക്കിക്കൊണ്ടു് ഒന്നു മന്ദഹസിച്ചു. എന്നിട്ടു തുടന്നു; "അവരെ അങ്ങയുടെ സംരക്ഷണത്തിൽ ഏല്പിച്ചാലോ എന്നാണു് . . ."

അവരെ പാർപ്പിക്കാൻ തനിക്കു സ്ഥലമില്ലായിരുന്നുവെങ്കിലും ഫ്ളാനഗൻ അവരുടെ കാര്യം ഭരമേററു. പന്ത്രണ്ടും പതിന്നാലും വയസ്സുവീതം പ്രായമുള്ള ആ രണ്ടുകുട്ടികളോടും അദ്ദേഹം സംസാരിച്ചു. ആഴ്ചയിലൊരിക്കൽ അവരുമായി ഒരു കൂടിക്കാഴ്ച നടത്താനും ഏർപ്പാചെയ്തു ഹോട്ടലിലേയ്ക്കു കൊണ്ടുപോയി അവരെ ആ

മുട്ടാളന്മാരുടെയിടയിൽ പാർപ്പിക്കുന്നതിന് ഇഷ്ടമില്ലാതിരുന്നതിനാൽ ബെൽ ടെലഫോൺ കമ്പനിയുടെ മുൻപിലുള്ള വഴിവിളക്കിനു ചുവട്ടിലാണ് അദ്ദേഹം കുട്ടിക്കാഴ്ചകളുള്ള സങ്കേതം നിശ്ചയിച്ചത്.

ഈ കൂടിക്കാഴ്ചകളിൽനിന്ന് അവരുടെ പ്രവൃത്തികൾ, സ്കൂളിലെ പഠനം, കളി, പത്രവില്പനയിൽനിന്നു അവർക്കു ലഭിച്ചിരുന്ന ആദായം ഇവയെപ്പററി അദ്ദേഹത്തിനു ആഴ്ചതോറും റിപ്പോർട്ടു ലഭിച്ചുകൊണ്ടിരുന്നു. അവർക്കെന്തെങ്കിലും ഉപദ്രവങ്ങൾ നേരിട്ടിരുന്നുവെങ്കിൽ അതൊന്നും മറയ്ക്കാതെ പറയണമെന്നും അദ്ദേഹം ഉപദേശിച്ചിരുന്നു. ഒരുവിധത്തിലും അവരെ ശാസിക്കുവാൻ അദ്ദേഹം തുനിഞ്ഞില്ല. അവർ സത്യസന്ധതയോടുകൂടി സകല വിവരങ്ങളും തുറന്നു പറഞ്ഞിരുന്നു.

ചിലപ്പോൾ, ആ വെട്ടുവഴിയിൽവച്ച്, വിളക്കുകളുടെ വെളിച്ചത്തിൽ, അദ്ദേഹം മതത്തെക്കുറിച്ച് അവരോടു സംസാരിക്കും. അവരുടെ മാതാപിതാക്കന്മാർ പള്ളിയിൽ പോകാറേയില്ല. ദൈവം എന്നു പറഞ്ഞാൽ ആകാശത്തിലിരുന്നു ഭരിക്കുന്ന അനുകമ്പയില്ലാത്ത ഏതോ ഒരു ഗവർണ്ണരാണെന്നും, ഒരിക്കൽ അദ്ദേഹം തങ്ങളെ അടിച്ചു വീഴ്ത്തുമെന്നും മററും ഏതോ അവ്യക്തമായ ഒരു ധാരണ അവർക്കുണ്ടായിരുന്നു.

"ദൈവം നമ്മെ ശിക്ഷിക്കും" അവരിൽ ചെറിയ കുട്ടി ആ വൈദികനോടു പറഞ്ഞു. "നമ്മൾ ചീത്തയാകുമ്പോൾ നമ്മളെ അദ്ദേഹം ശിക്ഷിക്കും."

"ദൈവത്തെപ്പററി ഭയപ്പെടേണ്ടതില്ല" ആ വൈദികൻ ക്ഷണത്തിൽ അവനെ തിരുത്തി. "അദ്ദേഹം സ്നേഹമുള്ള ഒരു പിതാവാണ്. ഒരു കുട്ടി ചിലപ്പോൾ ദുർമ്മാർഗ്ഗത്തിൽ ചെന്നുചാടുന്നത് എങ്ങനെയെന്നു അദ്ദേഹത്തിനറിഞ്ഞുകൂടെന്നാണോ കുട്ടിയുടെ വിചാരം?"

അവർ ബാപ്ററിസ്റ്റ്സഭാംഗങ്ങളായിരുന്നു; നാമമാത്രമായി. ഏതാനും ആഴ്ച്ചയ്ക്കുള്ളിൽ അവർ ഇരുവരും ഫാദർ ഫ്ളാനഗൻെറ നിർദ്ദേശമനുസരിച്ച് ബാപ്ററിസ്റ്റ് സൺഡേ സ്കൂളിൽ പതിവായി ഹാജരായിത്തുടങ്ങി.

അവരുടെ അപ്പൻ അപ്പോഴും മുക്കററം കുടിയ്ക്കുമായിരുന്നു. അമ്മ സുഖക്കേടുകാരിയും, അവരെ സംരക്ഷിക്കാൻ അശക്തയും. എന്നാൽ ആ രണ്ടു കുട്ടികൾക്കും വിഷമതകളൊന്നും പിന്നീട് അനുഭവപ്പെട്ടില്ല. രാത്രി കറങ്ങി നടക്കുന്നതിനുപകരം അവർ തങ്ങളുടെ വീടുകളിൽത്തന്നെ കിടന്നുറങ്ങുക പതിവായി.

ഫ്ളാനഗൻപദ്ധതിയനുസരിച്ചു ഭാഗികമായിട്ടെങ്കിലും അവർ സാധാരണ ജീവിതം നയിക്കാൻ തുടങ്ങി. ജഡ്ജിമാരാകട്ടെ, ഈ പരീക്ഷണത്തിൻെറ വിജയം കണ്ടിട്ട് ഒരുപടികൂടി മുന്നോട്ടു പോകാനുറച്ചു.

ഇത്തരത്തിൽപ്പെട്ട കുട്ടികളെ കൂട്ടത്തിലായി ഫ്ളാനഗനു കിട്ടിത്തുടങ്ങി. ഇനിയും പററിയ ഒരു സ്ഥലം കിട്ടാതിരുന്നതിനാൽ അവരെയൊക്കെ കൂടിക്കാണാനുള്ള സങ്കേതം അപ്പോഴും വെട്ടുവഴിതന്നെയായിരുന്നു. ഫ്ളാനഗൻെറ പരീക്ഷണം അവരുടെ കാര്യത്തിലും വിജയപ്രദമായിക്കണ്ടു. അദ്ദേഹത്തിൻെറ സംരക്ഷണത്തിൽ ഏല്പിക്കപ്പെട്ട കുട്ടികൾ പിന്നെ കോടതി കയറുകയുണ്ടായിട്ടില്ല. ജഡ്ജിമാക്കു വിസ്മയമായി: എന്തൊരു മായാവിദ്യയാണീ വൈദികൻ പ്രയോഗിക്കുന്നതു്?

സ്നേഹത്തിൻെറയും ധാരണയുടേയും മായാവിദ്യയാണു താൻ പ്രയോഗിക്കുന്നതെന്നു് അദ്ദേഹം പറയുമ്പോൾ ഈ പ്രായോഗികനിയമജ്ഞന്മാക്കു മനസ്സിലാവുകയില്ല!

ഉഷ്ണമുള്ള രാത്രികാലങ്ങളിൽ, നല്ല നിലാവെളിച്ച

ത്തിൽ, തൻെറ രക്ഷ്യബാലന്മാരുമൊരുമിച്ച് ഒമാഹാ യിലെ ഒരു ലിലോദ്യാനത്തിൽക്കൂടി അദ്ദേഹം സവാരിപോകാറുണ്ടായിരുന്നു. അവിടെ, പുൽത്തകിടിപ്പുറത്ത്, പടിഞ്ഞിരുന്നുകൊണ്ട് അവരുമായി അദ്ദേഹം സംഭാഷണത്തിലേപ്പെട്ടും. അവരുടെ വാക്കുകൾ ഒരിക്കലും അദ്ദേഹം അവിശ്വസിച്ചിരുന്നില്ല. എന്തെങ്കിലും കുററം അവർ ആവത്തിച്ചാൽ ശകാരംകൊണ്ട് അവരെ ഭയപ്പെടുത്താൻ അദ്ദേഹം ഒരുമ്പെടുകയില്ല. തങ്ങളുടെ സുഹൃത്താണ് അദ്ദേഹമെന്നു നിശ്ചയമായപ്പോൾ അവർ അദ്ദേഹത്തിനു ചുററും വന്നുകൂടി.

ഒരു രാത്രി ഉദ്യാനത്തിലുള്ള ബഞ്ചുകളിൽ അവരെല്ലാം കൂടിയിരിക്കുകയായിരുന്നു. ആ ബാലന്മാരിലൊരുവൻ ചോദിച്ചു:

"അച്ചാ, ഞങ്ങൾ നന്നായി വരുമെന്ന് അച്ചനെപ്പോഴും പറയാറുണ്ട്. എങ്ങനെ അറിയാം അച്ചനത്?"

"അതിന് ഒരുത്തരമേയുള്ളു" ഫ്ളാനഗൻ പറഞ്ഞു: "നിങ്ങൾ ദൈവത്തിൻെറ വഴിയിലേയ്ക്കു തിരിയാൻ പഠിച്ചുവരുന്നതായി എനിക്കറിയാവുന്നതുകൊണ്ട്".

ശരിയായിരുന്നു അത്. ഫ്ളാനഗൻെറ ബാലസംഘം യഥാർത്ഥത്തിൽ ആ വഴിയ്ക്കു തിരിഞ്ഞുവരികയായിരുന്നു. വഴിവിളക്കിൻചുവട്ടിലുള്ള കൂടിക്കാഴ്ചകളുടെ ഫലം കണ്ടുതുടങ്ങിയിരുന്നു.

ഇതുവരെ താൻ ഏറെറടുത്തിരുന്നവരിൽ മിക്കവരും ഒരുവക തെണ്ടിക്കുട്ടികളായിരുന്നു. അവരുടെ കുററങ്ങൾ അത്ര ഗൗരവപ്പെട്ടവയായിരുന്നില്ല. എന്നാൽ ഫാദർ ഫ്ളാനഗൻെറ അടുത്ത കാൽവെയ്പ് മുമ്പത്തേക്കാൾ പാടേ ഭിന്നമായ, ഗുരുതരമായ ഒരു ബാലപ്രശ്നത്തിൻെറ മാർഗ്ഗത്തിലേയ്ക്കായിരുന്നു.

## XIV

# ഏഴ് കുററപ്പുള്ളികൾ

അക്കാലത്തു്, പെരുകിവന്ന പാതകങ്ങളുടെ അലയടി ഒമാഹാനഗരത്തെ മുഴുവൻ കുലുക്കിക്കൊണ്ടിരുന്നു. കടകൾ കൊള്ളചെയ്യുക, വീടുകൾ കുത്തിക്കവരുക, കാൽനടക്കാരെ കടന്നാക്രമിക്കുക മുതലായവ സാധാരണമായിരുന്നു. ഈ അക്രമങ്ങളുടെയെല്ലാം പിന്നിൽ തെക്കേ ഒമാഹായിലെ ഒരു ബാലജനസംഘം പ്രവർത്തിച്ചുകൊണ്ടിരുന്നു.

തങ്ങളുടെ കുട്ടികളെങ്ങാനും ഈ ഭീകരസംഘത്തിൽച്ചെന്നു പെട്ടേയ്ക്കുമെന്നോ, അതിന്നിരയായിത്തീന്നേക്കുമെന്നോ ഒക്കെ ശങ്കിച്ചു പരിഭ്രാന്തരായിത്തീന്ന മാതാപിതാക്കന്മാർ ആ സംഘത്തെ ഉടച്ചുകളയണമെന്നു് അധികാരികളോടാവശ്യപ്പെട്ടുകൊണ്ടിരുന്നു. പൊതുജനാഭിപ്രായം ഇങ്ങനെ ഉൽക്കടമായി ശക്തിപ്പെട്ടുവന്നപ്പോൾ പോലീസ് ഇളകിത്തുടങ്ങി. അക്രമികളായ ബാലനേതാക്കന്മാക്കെതിരായുള്ള തെളിവുകൾ

ശേഖരിക്കാൻ ഒരു സ്പെഷ്യൽപോലീസ്സംഘം നിയുക്തമായി.

അക്രമസംഘത്തിൻെറ നേതാക്കളായ ഏഴു ബാലന്മാരെ പോലീസ് അറസ്റ്റുചെയ്തു കോടതിയിൽ ഹാജരാക്കുമ്പോൾ ഫാദർ ഫ്ളാനഗൻ അവിടെയിരിപ്പുണ്ട്. അവർ ഏഴുപേരും പ്രതിക്കൂട്ടിൽ അണിനിരന്നു നിന്നു. അവരുടെ മുഖങ്ങളിലേയ്ക്കു ഒരു നോക്കു നോക്കുവാൻ ആ വൈദികൻ മെല്ലെ ഒന്നെഴുന്നേററിട്ട്, അത്ഭുതവശഗനായി അവിടെത്തന്നെ ഇരുന്നു.

ആ അക്രമികളിൽ ആരുംതന്നെ പതിനഞ്ചിൽ കവിഞ്ഞവരായിരുന്നില്ല!

ധിക്കാരികളും നിയമലംഘകന്മാരും കുററപ്പുള്ളികളുമെന്ന് പത്രങ്ങളിൽ അധിക്ഷിപ്തരായ അവരുടെ മുഖങ്ങളിൽ ഇപ്പോൾ പരിഭ്രമത്തിൻെറ കരിനിഴൽ ഫ്ളാനഗൻ വ്യക്തമായിക്കണ്ടു.

ഈ പരിഭ്രമത്തിൻെറ കാളിമ ഫ്ളാനഗനെ സംബന്ധിച്ചിടത്തോളം പ്രത്യാശയുടെ വെളിച്ചമായിരുന്നു. അതാണദ്ദേഹം ആരാഞ്ഞുകൊണ്ടിരുന്ന സൂചന. ഒന്നോർത്തുനോക്കിയാൽ കുഞ്ഞുങ്ങളല്ലേ അവർ? തീരെ പിടിവിട്ടുപോകാനുള്ള കാലമായിട്ടില്ല.

സുദീർഘമായ ചാർജ്ജുഷീററുകൾ വായിച്ചശേഷം ജഡ്ജി വിധിവാക്യം ഉച്ചരിക്കുവാൻ എഴുന്നേററപ്പോൾ ഫാദർ ഫ്ളാനഗനും എഴുന്നേററുനിന്നു. ജഡ്ജി ഒന്നു മടിച്ചുനിന്നിട്ട്, ഫ്ളാനഗൻെറ നേരേ ഒരു കടാക്ഷവീക്ഷണത്തോടുകൂടെ ചോദിച്ചു: "ഈ കേസ്സിനെക്കുറിച്ചു വല്ലതും പറയാനുണ്ടോ അങ്ങേയ്ക്കു്?"

"ഉണ്ട്" എന്ന ശബ്ദം ഇടിനാദംപോലെ അവിടെ മുഴങ്ങി. "സർ, അവരെ എനിക്കു വിട്ടുതരണമെന്നാണ് എൻെറ അപേക്ഷ"

വിപരീതവിമൎശങ്ങളാൽ ആ കോടതിമുറി മുഖരിതമായിത്തീൎന്നതിനാൽ "ഓർഡർ!" എന്നു മേശപ്പുറത്തൊരു മുഷ്ടിപ്രയോഗം നടത്തിക്കൊണ്ടു വിളിച്ചുപറയേണ്ടിവന്നു ജഡ്ജിക്കു്. അദ്ദേഹം ആ വൈദികനെ ബഞ്ചിലേയ്ക്കു വിളിച്ചുകൊണ്ടു ചോദിച്ചു: "അങ്ങേയ്ക്കറിയാമോ ഇവരെ ഏറ്റെടുക്കുന്നതിലുള്ള ഉത്തരവാദഭാരം? ഇവരുടെ കുററങ്ങളുടെ റെക്കോർഡു കണ്ടിട്ടുണ്ടോ അങ്ങ്?"

"ഞാൻ കണ്ടിട്ടുണ്ടു്" ഫ്ളാനഗൻ മറുപടി പറഞ്ഞു; "അവരുടെ പരിതഃസ്ഥിതികൾ കേട്ടറിഞ്ഞിട്ടുമുണ്ടു്. അവരുടെ പ്രലോഭനങ്ങൾ, മേൽനോട്ടത്തിന്റെ കുറവ്—എല്ലാം."

"ഇത്തരം കുട്ടരെ നന്നാക്കാമെന്നു അങ്ങു വിചാരിക്കുന്നുമുണ്ടു്, അല്ലേ?"

'നന്നാക്കുവാൻ കഴിയാത്ത' ആ ഏഴുപേരും അടുത്തു നില്ക്കുന്നുണ്ടായിരുന്നു. ജഡ്ജിക്കു തീൎപ്പുകല്പിക്കൽ അത്ര എളുപ്പമായിരുന്നില്ല. അവരെ ശിക്ഷിക്കണമെന്നു് കോപഭീതികൾ നിറഞ്ഞ പൊതുജനാഭിപ്രായം ആവശ്യപ്പെടുന്നു. ജഡ്ജി നീതിബോധമുള്ളയാൾ; എങ്കിലും ഫ്ളാനഗനു കുട്ടികളുടെ മേലുള്ള പ്രേരകശക്തി അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ടു്. ഒടുവിൽ അദ്ദേഹം പറഞ്ഞു:

"ഫാദർ, അങ്ങാവശ്യപ്പെടുന്ന ഒരവസരം അങ്ങേയ്ക്കു തരാൻ ഞാൻ തീരുമാനിക്കുന്നു. ഈ കുട്ടികളെ നന്നാക്കാൻ അങ്ങേയ്ക്കു കഴിയുമെന്നു ഞാൻ വിശ്വസിക്കട്ടെയോ? അങ്ങയുടെ സംരക്ഷണത്തിൽ ഇവരെ ഏല്പിക്കാൻ പോവുകയാണു ഞാൻ" പിന്നെ തടവുകാരുടെ നേരേ തിരിഞ്ഞു് ജഡ്ജി പറഞ്ഞു:

"ഇതാ, നിങ്ങൾക്കൊരവസരം കിട്ടിയിരിക്കുന്നു.

അതുകൊണ്ടു നിങ്ങൾക്കു ഗുണമുണ്ടാകുമോ ഇല്ലയോ എ ന്നെനിക്കറിഞ്ഞുകൂടാ. നിങ്ങളെ സഹായിക്കാൻ കഴിയു മെന്നു ഫാദർ ഫ്ളാനഗൻ വിചാരിക്കുന്നു. അദ്ദേഹമ ല്ലായിരുന്നുവെങ്കിൽ ഇപ്പോൾ നിങ്ങൾ ദുർഗ്ഗുണപരിഹാ രപാഠശാലയിലേയ്ക്കു പുറപ്പെട്ടുമായിരുന്നേനേ."

ഈ വിധി കേട്ടപ്പോൾ കോടതിയിൽ കൂടിയിരു ന്നവർ എല്ലാവരേയുംകാൾ ഉപരിയായി അന്ധാളിച്ച തു് ആ കുട്ടികൾതന്നെയാണു്. അമ്പരപ്പോടെ അവർ പരസ്പരം നോക്കി; പിന്നെ ആ വൈദികനേയും. ഈ നിമിഷംവരെ ഇരുമ്പഴികളായിരുന്നു അവർ പ്രതീക്ഷി ച്ചിരുന്നതു്.

അവരുടെ ഈ അമ്പരപ്പു താൻ ഗ്രഹിച്ചതായി യാതൊരു സൂചനയും നല്കാതെ, തന്നെ അനുഗമിക്കു വാൻ അദ്ദേഹം അവരോടാജ്ഞാപിച്ചു.

സ്തബ്ധരായി, നിശ്ശബ്ദരായി അവർ ഫ്ളാനഗനെ അനുഗമിച്ചു. അദ്ദേഹം അവരെ ഒരുമിച്ചു നടത്തി, കോടതിമുറിയിൽനിന്നു പുറത്തുള്ള തെരുവിലേയ്ക്കു കൂട്ടി ക്കൊണ്ടുപോകുന്നതു്, കോടതിയിലുണ്ടായിരുന്നവർ ഓ രോരുത്തരും സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നുപോയി.

വഴിയിലേയ്ക്കിറങ്ങിയപ്പോൾ ഫാദർ ഫ്ളാനഗൻ കീശയിൽനിന്നൊരു ചോക്ക്ലെററുപൊതി പുറത്തെടു ത്തു. ഗൗരവവും ഉപചാരവും കലർന്ന നിശ്ശബ്ദതയോടു കൂടി അദ്ദേഹം അതിൽനിന്നു് ചോക്ക്ലെററുകൾ ഓരോ രുത്തർക്കും വിതരണം ചെയ്തു. ആ കുററപ്പുള്ളികൾക്കു വിസ്മയം തോന്നി; എങ്കിലും അവർ ഉത്സാഹഭരിതരാ യിത്തീർന്നു. നഗരവീഥിയിൽക്കൂടി കടന്നുപോകുമ്പോൾ അവർ പരസ്പരം സംഭാഷണം തുടങ്ങി.

"കേട്ടോടാ, ആ ജഡ്ജി എന്നെ മിരട്ടാൻ വന്നി രിക്കുന്നു!" ഒരുവൻ പിറുപിറുത്തു.

"അമ്പേ!" മററൊരുവൻ തട്ടിവിട്ടു. "ഈ പടം പൊളിഞ്ഞവരുടെ മിരട്ടുപണികൾ!"

"കുഞ്ഞുങ്ങളേ," ഫ്ളാനഗൻ കയറിപ്പറഞ്ഞു; "പടംപൊളിഞ്ഞവരുടെ കഥയൊക്കെ നിറുത്തു. ആ അനിഷ്ടകാര്യമെല്ലാം നമുക്കു മറന്നുകളയാം."

ഒരുവൻ എതിർത്തു പറഞ്ഞു: "എങ്ങനെ മറക്കാനാ? കോടതിയിൽ മുറയ്ക്കു ഹാജരായി റിപ്പോർട്ടുചെയ്യേണ്ടേ ഞങ്ങൾ?"

"നിങ്ങൾ എന്റെയടുക്കൽ റിപ്പോർട്ടുചെയ്താൽ മതി. കോടതിയിലെ കാര്യമെല്ലാം ഞാനേററു. മേലാലുള്ള കാര്യംമാത്രം നോക്കിയാൽമതി നമ്മൾ"

അവർ യാത്ര തുടൻു. അതിനിടയ്ക്കു കുട്ടികളിലൊരാൾ ഫാദർ ഫ്ളാനഗനോടു ചോദിക്കാൻ ധൈര്യപ്പെട്ടു: "അച്ചാ, എന്നെ എന്തുചെയ്യാനാണ് അങ്ങു വിചാരിക്കുന്നതു്?"

"എനിക്കറിഞ്ഞുകൂട"എന്നായിരുന്നു അദ്ദേഹത്തിന്റെ ആത്മാർത്ഥമായ മറുപടി; "എന്നാൽ നീ ഒന്നാന്തരമൊരു ബെയ്സ്ബോൾ കളിക്കാരനായിത്തീരുമെന്ന് എനിക്കുറപ്പുണ്ട്."

"അതിനു ബെയ്സ്ബോൾ നന്നായി കളിച്ചാൽ മതിയല്ലോ. അതൊരു ശിക്ഷയല്ലല്ലോ, അച്ചാ."

"ശിക്ഷയൊന്നുമില്ല" ഫ്ളാനഗൻ ഉറക്കെപ്പറഞ്ഞു. "ഞാൻ പറയുന്നതു കേൾക്കൂ. നിങ്ങൾ വീണ്ടും ജീവിതം ആരംഭിക്കയാണ്".

അല്പം അകലെയായി ഒരു മൈതാനം അവർ കണ്ടു. ആ വൈദികൻ തൽക്ഷണം അവിടെ നിന്നിട്ട്, ഒരു വിമർശനദൃഷ്ടിയോടുകൂടി ആ സ്ഥലം പരിശോധിച്ചു.

"ഈ സ്ഥലം കൊള്ളാമെന്നു തോന്നുന്നു" അദ്ദേഹം തുടൻു. "നമുക്കിവിടെയിരുന്നു സംസാരിക്കാം".

“അങ്ങനെതന്നെ”.

അദ്ദേഹത്തിൻെറ അന്തർഗ്ഗതം അവക്കേതാണ്ടു തീച്ച്പ്പെട്ടതുപോലെ തോന്നി. അവരിപ്പോരം ഒരു ‘പടാത്ത്’ കേരംക്കാൻ പോവുകയാണ്! എന്നാൽ തങ്ങളുടെ ഊഹം അബദ്ധമായിരുന്നുവെന്നു ഉടൻതന്നെ അവക്കു മനസ്സിലായി. ആ സംഭാഷണത്തിൽ പാപത്തിൻെറ കായ്യത്തെക്കുറിച്ചൊന്നും ഫ്ളാനഗൻ പ്രസംഗിച്ചില്ല. ബെയ്സ്ബോരം കളിയുടെ കായ്യമേ അദ്ദേഹത്തിനു പറയാനുണ്ടായിരുന്നുള്ളു.

ആ രൂക്ഷമുഖനായ വൈദികനു ബെയ്സ്ബോളിനേക്കുറിച്ചു തങ്ങരംക്കുള്ളത്ര ജ്ഞാനമുണ്ടെന്നു കണ്ടപ്പോരം അവർ ആഹ്ലാദഭരിതരായി.

“ഇവിടെ ചുററുപാടും വീടുകളൊന്നും കാണ്മാനില്ല. നമുക്കീ മൈതാനം ഉപയോഗിക്കാം. അതിൻെറ ഉടമസ്ഥനോടു ഞാൻ അനുവാദം വാങ്ങിച്ചുകൊള്ളാം. നിങ്ങരംക്കു വീണ്ടും ജീവിതം ആരംഭിക്കാനുള്ള കളരി ഈ മൈതാനമാണ്. അതുകൊണ്ടു് ഒത്തൊരുമിച്ചു തുടങ്ങാം.”

ഇത്രയും സമയംകൊണ്ടു് തങ്ങളുടെ സുഹൃത്താണ് അദ്ദേഹമെന്നു് അവക്കു തീച്ച്യായി. അതുകൊണ്ടു് അദ്ദേഹം നൽകിയ നിർദ്ദേശങ്ങരം അവർ സശ്രദ്ധം ശ്രവിച്ചു.

“നമ്മരം ഒരു ടീം എന്ന നിലയിൽ ഈ മൈതാനത്തിൽ ഒത്തൊരുമിച്ചു കളിതുടങ്ങിയാൽ വിജയം കൈവരാതെ നിവൃത്തിയില്ല.”

എന്തിനാണു തങ്ങരം അവിടെ വന്നതെന്നും, കുററപ്പുള്ളികളായി ഗണിക്കപ്പെട്ടിരുന്നവരാണു തങ്ങളെന്നും മററുമുള്ള കഥകളൊക്കെ തൽക്കാലം അവർ മറന്നു.

"എപ്പൊഴാണ് കളി ആരംഭിക്കേണ്ടതു്?" ഒരുവൻ ചോദിച്ചു.

ഇതൊരു വിഷമപ്രശ്നമായിരുന്നു. അച്ചന് ഇടവക ജോലികളുണ്ട്; ഹോട്ടൽഭരണമുണ്ട്; ആഴ്ചയിലൊരിക്കലെങ്കിലും സന്ദർശിക്കേണ്ട മററു കുട്ടികളുമുണ്ട്. 'നന്നാക്കാൻ കഴിയാത്ത' ഈ ഏഴുപേരുടെയുംമേൽ നല്ല നോട്ടമുണ്ടായിരിക്കയും വേണം.

"നിങ്ങൾ അവരവരുടെ വീടുകളിൽത്തന്നെ താമസിച്ചാൽ മതി. എന്നാൽ ആഴ്ചയിൽ മൂന്നു ദിവസം വൈകുന്നേരം നമുക്കിവിടെ ഒരുമിച്ചുകൂടാം. അതേ, അത്താഴം കഴിഞ്ഞു്."

ആദ്യത്തെ കളിക്കുള്ള ഉപകരണങ്ങളെല്ലാം ഫ്ളാനഗൻ പലരോടും കടം വാങ്ങിയതാണ്. അയൽവക്കത്തു കളി കണ്ടുനിന്ന കുട്ടികളേക്കൂടി അതിൽ ചേരുവാൻ അനുവദിച്ചു. അങ്ങനെ ഏഴുപേരായി തുടങ്ങിയതു ക്രമേണ രണ്ടു ടീം ആയിത്തീർന്നു. ഉപകരണങ്ങൾ കുറേക്കൂടി പിന്നെയും സമ്പാദിച്ചു. 'ഫ്ളാനഗൻ ടീം' എന്ന് അവർ പേരിട്ട ഈ പുതിയ ടീമിൻെറ കഥ നഗരമെങ്ങും പരന്നു. പല സെററുകാരിൽനിന്നും മത്സരത്തിനുള്ള വെല്ലുവിളിക്കത്തുകൾ ലഭിച്ചുതുടങ്ങി.

തങ്ങൾ ഇപ്പൊഴും പരോളിലാണെന്നുള്ള വിചാരംകൊണ്ട് വെല്ലുവിളികൾ സ്വീകരിക്കാൻ അവർ ശങ്കിച്ചു.

"എന്തിനു ശങ്കിക്കുന്നു?" ഫാദർ ഫ്ളാനഗൻ അവരെ ധൈര്യപ്പെടുത്തി. "അവരെ തോല്പിക്കാൻതക്ക മിടുക്കില്ലേ നിങ്ങൾക്കു്?"

മത്സരക്കളികൾ നടക്കുമ്പോഴെല്ലാം പ്രോത്സാഹിപ്പിക്കുവാൻ ഫാദർ ഫ്ളാനഗൻ കൂടെയുണ്ടായിരുന്നു. ഒരുകുറി അവർ ജയിച്ചപ്പോൾ എല്ലാവരേയുംകാൾ

ഉച്ചത്തിൽ അട്ടഹാസം മുഴക്കിയത്തു ഫ്ളാനഗനായിരുന്നു. അവർ തോല്ക്കുമ്പോൾ അദ്ദേഹം നൈരാശ്യഭരിതനാകും. ഓരോ കളി കഴിയുമ്പോഴും അദ്ദേഹം അവരോടു കുറേനേരം സംഭാഷണം ചെയ്യും; ബെയ്സ്ബോളിനെപ്പററിയല്ല, അവരുടെ പ്രതിദിനപരിപാടികളെപ്പററി. ചിലക്കദ്ദേഹം ചില തൊഴിലുകളും ഉണ്ടാക്കിക്കൊടുത്തു. അദ്ദേഹത്തിൻെറ നിർദ്ദേശമനുസരിച്ചു് ആ ഏഴുപേരും അവരവരുടെ പള്ളികളിൽ പോകാനും തുടങ്ങി.

അവർ മാലാഖമാരെപ്പോലെ വത്തിച്ചിരുന്നില്ല, ശരിതന്നെ. ചില ചെറിയ കുററങ്ങളിൽ അവർ വീണ്ടും ചെന്നു ചാടിയിട്ടുണ്ടു്. എങ്കിലും ഈ ഏഴുപേരിൽ ഒരാൾപോലും പിന്നീടൊരിക്കലെങ്കിലും പോലീസ് കുഴപ്പത്തിൽ കുടുങ്ങാനിടയായിട്ടില്ലെന്നുള്ളതു് അനിഷേധ്യമായ ഒരു പരമാത്ഥമാണു്.

നാൾതോറും കൂടുതൽ കുട്ടികളെ കോടതിയിൽനിന്നും ഫ്ളാനഗനു ലഭിച്ചുകൊണ്ടിരുന്നു. കുർബാന, കുമ്പസാരം, ഇടവകസന്ദൾനം, സൊഡാലിററി തുടങ്ങിയ സംഘങ്ങളുടെ പ്രവർത്തനം എന്നിവയൊക്കെയുണ്ടായിരുന്നിട്ടും കോടതിയിൽനിന്നുള്ള ഒരഭ്യത്ഥനയും അദ്ദേഹം നിഷേധിച്ചിരുന്നില്ല. അദ്ദേഹത്തെ വിഷമിപ്പിച്ചിരുന്ന പ്രധാനപ്രശ്നം സ്ഥലദൗർല്ലഭ്യമായിരുന്നു. കുട്ടികളുമായുള്ള കൂടിക്കാഴ്ചയ്ക്കു ഇപ്പോഴും ഉദ്യാനത്തിലുള്ള ബഞ്ചുമാത്രം.

അദ്ദേഹം ഒരുരാത്രി ഗാഢമായി ചിന്തിക്കാൻ തുടങ്ങി. കുട്ടികളുടെ സംസ്കരണം ഒഴിവുസമയങ്ങളിൽമാത്രം നിർവ്വഹിച്ചാൽ മതിയാകുന്ന ഒരു ജോലിയല്ലെന്നു് അദ്ദേഹത്തിനു വ്യക്തമായി. ഒരു മനുഷ്യൻെറ ആയുഷ്കാലം മുഴവനും അതിന്നായി ബലികഴിയ്ക്കേണ്ടിവരും. ഒരു പുതിയ ആശയം ഇന്ത്യൻ ചെപ്പടിവിദ്യക്കാരൻെറ

മാവിൻതൈതെപോലെ, അദ്ദേഹത്തിൻെറ ചിന്താസരണിയിൽ പെട്ടെന്നുദിച്ചുയന്നു.

ഈ ഹോട്ടൽ അങ്ങു നിറുത്തിക്കളയണം. എങ്കിലേ പററൂ. തൊഴിലില്ലാത്തവരുടെ സംരക്ഷണം മററു വല്ല ഏജൻസികൾക്കും വിട്ടുകൊടുക്കാം. തനിയ്ക്കാകട്ടെ മറെറാരു വേല കിടക്കുന്നു ചെയ്യാൻ—ഒരു ജീവിതകാലം വിനിയോഗിയ്ക്കേണ്ട വേല. മടങ്ങിപ്പോയ കൊയ്ത്തുകാരെല്ലാം മഴക്കാലമാകുമ്പോൾ തിരിയെ വന്നുകയറും. അതിനാൽ വസന്തകാലംവരെയെങ്കിലും അതു നടത്തിക്കൊണ്ടുപോകണം. പിന്നെ അതു മററുവല്ലവരും ഏററു നടത്തട്ടെ. ഏപ്രിൽമാസമാകുമ്പോൾ തൻെറ പുതിയ ആശയം നടപ്പിൽ വരുത്താറാകും.

“ഇതെല്ലാം എങ്ങനെ നിങ്ങൾ സാധിക്കും?” ഫാദർ ഫ്ളാനഗൻ തന്നോടുതന്നെ ചോദിച്ചു.

ഒരിടവകവൈദികൻെറ ചുരുങ്ങിയ വരുമാനംകൊണ്ടാണ് ഇപ്പോഴും അദ്ദേഹം ജീവിച്ചുപോന്നിരുന്നത്. സ്വന്തമായി പണമില്ല; പണത്തിനുവേണ്ടി എവിടെച്ചെന്നു മുട്ടണമെന്നൊരു പിടിയുമില്ല. എന്നാൽ തൻെറ ആത്മവിശ്വാസത്തിന് ഇപ്പോഴുമില്ല കോട്ടം. ദൈവം ഇനിയും എന്തെങ്കിലുമൊരു വഴി കാട്ടിത്തരാതിരിക്കയില്ല.

അന്നുരാത്രി തൻെറ ജീവിതത്തിലെ ഏററവും വലിയ നിശ്ചയം ഫ്ളാനഗൻ മനസ്സിൽ കരുപ്പിടിച്ചു. വീടില്ലാത്തവരും തള്ളപ്പെട്ടവരും തെററിപ്പോയവരുമായ കുട്ടികൾക്കായി ഒരു പുതിയതരം മന്ദിരം സ്ഥാപിക്കുക.

ഈ പുതിയ ദർശനത്തിൽനിന്ന് ഒരിക്കലും പിന്തിരിയുന്നതല്ലെന്ന് അദ്ദേഹം ഉറച്ചുകഴിഞ്ഞു.

## XV

# ബാലഭവനം

ആർച്ച്ബിഷപ്പ് ജെറമിയാ ഹാർട്ടി തിരുമേനിക്ക് ധർമ്മാദർശനിഷ്ഠനായ ഈ യുവവൈദികനെ കാണുമ്പോളെല്ലാം വാത്സല്യജന്യമായ ഒരു മന്ദസ്മിതം താനേ മുഖത്തുദിക്കും. ഒമാഹാനഗരത്തിലെങ്ങും തിരുമേനിയുടെ സൗമ്യശീലവും സന്മനോഭാവവും ഭരണനിപുണതയും പ്രസിദ്ധമാണ്.

വീടില്ലാത്തവരും വഴിപിഴച്ചവരുമായ കുട്ടികളുടെ ദുരന്തകഥകൾ തിരുമേനിയുടെ കണ്ണുകളിലും പലപ്പോഴും എത്താറുണ്ട്. തന്മൂലം ഫ്ളാനഗന്റെ പുതിയ ആശയം തന്റെ സമക്ഷം സമർപ്പിക്കപ്പെട്ടപ്പോൾ സന്തോഷത്തോടുകൂടിയാണദ്ദേഹം അതിനു സ്വാഗതം നൽകിയത്.

പക്ഷേ പണത്തിന്റെ കാര്യം? അതിരൂപതയ്ക്ക് അനാഥശാല നടത്തിയും മററു സ്ഥാപനങ്ങളെ സഹായിച്ചുമൊക്കെ ഇപ്പോൾ വലിയ ഭാരമായിട്ടുണ്ട്. പുതി

യ പദ്ധതികൾക്കു ചെലവിടാൻ ഒരു നിവ്വാഹവുമില്ല.

"നിങ്ങൾ ഒന്നു മനസ്സിലാക്കണം" തിരുമേനി പറഞ്ഞു: "ധനശേഖരണമാൎഗ്ഗങ്ങൾ നിങ്ങൾ സ്വന്തമായി കണ്ടുപിടിച്ചുകൊള്ളണം".

ഫ്ളാനഗൻ ഈ വാക്കുകൾ ശ്രദ്ധാഭാവത്തിൽ തലകുലുക്കിക്കേട്ടു. ഒരു സാധാരണവൈദികൻെറ മനോരാജ്യം സാധിക്കാൻവേണ്ടി രൂപതയുടെ ഫണ്ടുകളെടുത്തു ഒരു ബിഷപ്പു വിനിയോഗിക്കുമെന്നു പ്രതീക്ഷിക്കാൻ തനിയ്ക്കെന്തവകാശം? പക്ഷേ തൻെറ പദ്ധതി ആർച്ചുബിഷപ്പിനു അഭിമതമാണെന്നുള്ള ഒരുറപ്പു സമ്പാദിച്ചശേഷമാണ് അദ്ദേഹം അവിടെനിന്നു തിരിച്ചുപോന്നത്.

ഇനി പണമുണ്ടാക്കണം. എങ്ങനെ? എന്തെങ്കിലും നല്ല കാൎയ്യത്തിനു പണം പിരിക്കാനിറങ്ങിയാൽ കൊടുക്കാൻ മനസ്സില്ലാത്തവർ, അതുവരെ തങ്ങൾ പുകഴ്ത്തിയിരുന്ന അക്കാൎയ്യത്തിൻെറ ഉപയോഗശൂന്യതയേക്കുറിച്ചു പ്രസംഗിച്ചുതുടങ്ങുക ലോകസാധാരണമാണല്ലോ. ഫ്ളാനഗൻ പണപ്പിരിവിനിറങ്ങിയപ്പോഴും അനുഭവം ഇതുതന്നെയായിരുന്നു. വീടില്ലാത്ത വൃദ്ധന്മാർക്കു സഹായം ചെയ്യേണ്ടതാവശ്യമാണ്; എന്നാൽ കുട്ടികൾക്ക് —വഴിനീളെ അലഞ്ഞുനടക്കുന്ന എരപ്പാളികൾക്ക്— പോലീസ്കേസിൽപ്പെട്ട ക്രിമിനൽപ്പുള്ളികൾക്ക്— സഹായം ചെയ്യുകയോ! അവക്ക് അനാഥശാലകളില്ലേ? സ്റ്റേറവക വ്യവസായസ്ക്കൂളുകളില്ലേ? ദുർഗ്ഗുണപരിഹാരശാലകളില്ലേ?—ഇങ്ങനെ വൎഷിക്കപ്പെട്ടു വിമൎശനങ്ങൾ.

മഹത്തായ ത്യാഗം—നിസ്സാരങ്ങളായ ജീവിതസൗഖ്യങ്ങളുടേയും പരിത്യാഗം-- അനിവാൎയ്യമായിത്തീൎന്ന ഒരു കാൎയ്യത്തിനാണ് തൻെറ പുറപ്പാടെന്നു ഫ്ളാനഗ

ന്ന മനസ്സിലായി. വായിക്കുവാൻകൂടി സമയമുണ്ടാക യില്ല. നൂറുകണക്കിന്, ആയിരക്കണക്കിന്ന, പുസ്തക ങ്ങൾ വായിച്ചാൽകൊള്ളാമെന്ന് അദ്ദേഹത്തിനാഗ്രഹ മുണ്ടായിരുന്നു. അതൊന്നും ഇനി നടക്കുകയില്ല. ഏററ വും നിഷ്കളങ്കമായ വിനോദങ്ങൾക്കുപോലും സമയം കിട്ടുകയില്ല. പരിപൂൎണ്ണമായ ജീവിതസമപ്പ്ണമാണ് ഇവിടെ വേണ്ടതു്. എന്നാൽ അദ്ദേഹത്തിന്ന ഭയമുണ്ടാ യില്ല.

സ്വന്തം കുടുംബാംഗങ്ങളുമായി ഇക്കാൎയ്യം ചൎച്ച ചെയ്തപ്പോഴും നിരുത്സാഹകമായ വാക്കുകളാണ് അദ്ദേ ഹത്തിന്ന കേൾക്കാൻ കഴിഞ്ഞതു്.

"അച്ചൻ കുട്ടികളുടെകൂടെ പെരുമാറിയിട്ടുണ്ട്, ശരിതന്നെ" ഫ്ളാനഗൻെറ അമ്മ പറഞ്ഞു. "എ ന്നാൽ ഇപ്പോൾ അവരെ ഒരു കുടുംബമായി കൊണ്ടു പോകാനാണ് വിചാരിക്കുന്നതു്. അച്ചനുണ്ടോ കുട്ടിക ളെ വളത്തി പരിചയമുള്ളൂ?"

ഫ്ളാനഗൻ മന്ദഹസിച്ചു.

"എന്നാൽ ഞാനൊരു വലിയ കുടുംബത്തിൽ വള ന്നവനല്ലേ അമ്മേ?" അദ്ദേഹം അനുസ്മരിപ്പിച്ചു. "ആ കുടുംബം ഭരിച്ചിരുന്നതോ, അമ്മയേപ്പോലെ ഒരു നല്ല അധ്യാപികയും. അതു നടന്നുപോന്നിരുന്ന വിധവും എനിക്കറിയാം. ഓരോരുത്തനും അവനവൻെറ ഭാഗം ജോലി നിൎവ്വഹിക്കണം. അത്തരത്തിലൊരു കുടുംബമാ ണ് ഈ കുട്ടികൾക്കും വേണ്ടതു്".

"ഉവ്വ്. പക്ഷേ നിങ്ങൾക്കൊക്കെ പിൻതുണയാ യി ഞങ്ങളുണ്ടായിരുന്നു. അടുക്കളപ്പണിയും തയ്യൽ വേലയുമൊക്കെ ചെയ്തിരുന്നതു പെണ്ണുങ്ങളാണ്. അച്ച ൻെറ കുട്ടികളുടെ കുടുംബത്തിൽ ഇതൊക്കെച്ചെയ്യാനാ രുണ്ട്?"

“അതിനോ?” ഫ്ളാനഗൻ പറഞ്ഞു. “അമ്മയും നെല്ലിയും ഇപ്പൊഴും തയ്യൽവേലക്കു പോരായ്കയില്ല, വേണ്ടിവന്നാൽ. ആർച്ചുബിഷപ്പു പറഞ്ഞിട്ടുണ്ടു് പ്ലാൻ നടപ്പിലായാൽ കുറേ സിസ്റ്റേഴ്സിനേക്കൂടി ഏൎപ്പെടുത്തിക്കൊള്ളുവാൻ. പോരെങ്കിൽ നമ്മുടെ ദിവ്യരക്ഷകൻ നമുക്കു വഴി കാട്ടിത്തരികയും ചെയ്യും, നിശ്ചയം”.

മനസ്സിൽ അദ്ദേഹമൊന്നുറപ്പിച്ചുകഴിഞ്ഞാൽ പിന്നെ പുറകോട്ടില്ലെന്നു അവൎക്കറിയാമായിരുന്നു. ഒരു മണിക്കൂറിനുള്ളിൽ എല്ലാവരേയും അദ്ദേഹം പറഞ്ഞു സമ്മതിപ്പിച്ചു.

എന്നാൽ ഒമാഹായിലെ പൗരന്മാരിൽ പലരും ഇസ്സംഗതിയിൽ എതിരഭിപ്രായക്കാരായിരുന്നു. വീടില്ലാത്ത കുട്ടികൾക്കു രക്ഷ നൽകേണ്ടതു രാഷ്ട്രത്തിൻെറ ചുമതലയാണെന്നായിരുന്നു അവരുടെ വാദം.

ഒരാൾ പറഞ്ഞു: “പോലീസിൻെറയും കോടതികളുടേയും കാൎയ്യമാണിതു്. അങ്ങയുടെ ജോലി ദൈവവചനം പരത്തുകയാണു, ഫാദർ. ശരി; അതങ്ങു പരത്തിക്കൊള്ളുക. എന്നാൽ കുട്ടികളുടെ ഈ പ്രശ്നം— അതൊരു പ്രായോഗിക കാൎയ്യമാണ്.”

“അപ്പോൾ ഈ ഭാഗ്യംകെട്ട കുഞ്ഞുങ്ങളുടെ പക്കലേയ്ക്കു ദൈവവചനം കൊണ്ടുചെന്നാൽ, അതിനു പ്രായോഗികമായ വിലയൊന്നുമില്ലേ അവരുടെ ജീവിതത്തിൽ?”

“നമുക്കു പല സ്ഥാപനങ്ങളുമുണ്ടല്ലോ. അവ ഏറെറടുക്കട്ടെ ഈ പ്രശ്നം”

“എന്നിട്ടു നാട്ടിൽ നടക്കുന്നതൊന്നും അവർ കണ്ടില്ലെന്നു വയ്ക്കുകയും?”

“അവിടങ്ങളിൽ വല്ല തകരാറുമുണ്ടെങ്കിൽ” വിമ

ശ്കൻ തുടന്നു: "പബ്ളിക്കില്ലേ അതൊക്കെ വേഗം കണ്ടുപിടിക്കാൻ?"

"നല്ല കുട്ടികൾക്കു വേണ്ട സൗകര്യങ്ങളൊക്കെ നാം കൊടുക്കുന്നുണ്ടല്ലോ" ഒരു രക്ഷാകർത്താവു പറഞ്ഞു. "അങ്ങു പറയുന്ന മററുകുട്ടികൾ കൊള്ളരുതാത്തവരാണ്. കോടതികൾ നോക്കട്ടെ അവരുടെകാര്യം. അതിനാണു നമ്മൾ നികുതി കൊടുക്കുന്നതു്."

തികച്ചും നിർഗ്ഗുണരല്ലായിരുന്നു അവർ. ഫ്ളാനഗൻ വർണ്ണിച്ചുകേൾപ്പിച്ച മാതിരി ദാരിദ്ര്യവും ഉദാസീനതയും, സംസ്കരണ പാഠശാലകളിലുള്ളതായി അദ്ദേഹം ചിത്രീകരിച്ച ദൃശ്യങ്ങളും യഥാർത്ഥമാണെന്നു വിശ്വസിക്കാനുള്ള വൈമുഖ്യംകൊണ്ടാണ് അവർ ഈ പ്രസ്ഥാനത്തെ വിമശിച്ചതു്. പില്ക്കാലങ്ങളിൽ ഇത്തരം മനോഭാവത്തെ അഭിമുഖീകരിക്കേണ്ട സന്ദർഭങ്ങൾ അദ്ദേഹത്തിനു ധാരാളം ഉണ്ടായിട്ടുണ്ടു്.

എന്നാൽ നഗരത്തിലെ സ്വാധീനശക്തിയുള്ള മററു പലരും സ്ഥിതിഗതികൾ ശരിക്കു മനസ്സിലാക്കുകതന്നെ ചെയ്തു. സഹായിക്കാൻ അവർ സന്നദ്ധരുമായി. കത്തോലിക്കരും പ്രൊട്ടസ്റ്റാൻറുകാരും യഹൂദന്മാരും, സ്ത്രീകളും പുരുഷന്മാരും ജാതിചിന്തകൂടാതെ മുന്നോട്ടു വന്നു.

ഒരു ദിവസം ഒരു സ്നേഹിതൻെറകൂടെ അദ്ദേഹം ടൗൺ ബസ്സിലിരുന്നു യാത്രചെയ്യുകയായിരുന്നു. തൻെറ ആലോചനയിലുള്ള പദ്ധതിയെപ്പററി അയാളോടദ്ദേഹം സംസാരിച്ചു.

"ഒന്നാമതായി വേണ്ടതു് ഒരു കെട്ടിടമാണ്. അതു് ഇവിടെ അടുത്തെങ്ങാനുമായിരിക്കണം. കുട്ടികളെ ആകർഷിക്കുന്ന ദൂഷിച്ച പരിതഃസ്ഥിതികളിൽനിന്നകന്നതായിരിക്കണം. വാടക വളരെ കുറഞ്ഞതും."

ബസ്സ് ഒരിടത്തു നിന്നപ്പോരം വളരെ യാത്രക്കാർ വന്നുകയറി. അക്കൂട്ടത്തിൽ കറുത്ത മുടിയുള്ള ഒരു ഭേദപ്പെട്ട സ്ത്രീയുമുണ്ടായിരുന്നു. ഫ്ളാനഗൻെറ സ്നേഹിതൻ അവരെ അദ്ദേഹത്തിനു ചൂണ്ടിക്കാണിച്ചുകൊടുത്തുകൊണ്ടു പറഞ്ഞു:

“അവരാണു ക്യാതറൈൻ ഷീൽഡ്സ്; ഒരു വലിയ തോട്ടത്തിൻെറ ഉടമസ്ഥ.”

ആ സ്ത്രീയുടെ സമീപത്തേയ്ക്കു അവർ നടന്നുചെന്നു. സ്നേഹിതൻ കാര്യമെല്ലാം വിശദമായി അവരെ പറഞ്ഞുമനസ്സിലാക്കി. മിസ്സ് ഷീൽഡ്സ് പെട്ടെന്നു പറഞ്ഞു: “അതിനു പററിയ കെട്ടിടം എനിക്കറിയാം. ഇതിനടുത്തു വലത്തുവശത്താണതു്. ഈ മിനിട്ടിൽത്തന്നെ നമുക്കിറങ്ങേണ്ടിവരും. കണ്ടക്ടർ! ബസ്സ് നിറുത്തു!

ഡോഡ്ജ് തെരുവുകളുടെ നാല്ക്കവലയ്ക്കടുത്തു്, ചെമന്ന ഇഷ്ടിക കെട്ടിയ ഒരു രണ്ടുനിലക്കെട്ടിടത്തിനു സമീപം അവർ ചെന്നുനിന്നു. തെരുവിൽനിന്നകന്നു്, നിശ്ശബ്ദമായ അന്തരീക്ഷത്തിൽ സ്ഥിതിചെയ്തിരുന്ന ആ കെട്ടിടം ഒരുകാലത്തു സമൃദ്ധിയുടെ നികേതനമായിരുന്നു. പൊക്കത്തിൽ തട്ടുകളിട്ടിട്ടുള്ള മുറികളിൽക്കൂടി അവർ കടന്നുനോക്കി. ഫാദർ ഫ്ളാനഗൻ ഈ സമയമെല്ലാം മനോരാജ്യത്തിൽ സഞ്ചരിക്കുകയായിരുന്നു. ഊട്ടുമുറി ഇവിടെയായാൽ തരക്കേടില്ല. ആ മുറി കളികരംക്കു കൊള്ളാം. മറേറ മുറി ഒരു പൊതുശാലയായി ഉപയോഗിക്കാം. ഒരരികിലുള്ള ആ ചെറിയ മുറി ഒരു ചാപ്പലാക്കാം. മുകളിൽ 20—25 ആരംക്കു ഉറങ്ങാൻ സൗകര്യമുണ്ടു്.

മിസ്സ് ഷീൽഡ്സിനു ഒരു കാര്യംകൂടിയുണ്ടായിരു

ന്നു പറയുവാൻ. വാടകയായ 90 ഡോളറും അഡ്വാൻസു കൊടുക്കണം.

അത്രയും തുക തൻെറ കൈവശം അപ്പോൾ ഇല്ലെന്നുള്ള സംഗതി ഫ്ളാനഗൻ തുറന്നുപറഞ്ഞു. എന്നാൽ തൻെറ വൈദികക്കുപ്പായക്കീശയിൽ 90 ഡോളർപോയിട്ടു 90 സെൻറുപോലും എടുക്കാനില്ലെന്ന പരമാൎത്ഥം അദ്ദേഹം വെളിക്കു വിട്ടില്ല.

"എന്നാൽ ഒരു ദിവസംകൂടി താമസിച്ചാലോ?"

ആദ്യത്തെ മാസത്തെ വാടകയായ 90 ഡോളർ ഒരു സ്നേഹിതനിൽനിന്നു കടം വാങ്ങിച്ചാണു കൊടുത്തതു്.

XVI

# അവരുടെ കുസൃതിത്തരങ്ങൾ

ആരംഭത്തിൽ 5 കുട്ടികളേ ഉണ്ടായിരുന്നുള്ളു. കുററപ്പുള്ളികൾ ആരും അതിലുണ്ടായിരുന്നില്ല. എന്തെന്നാൽ അവർക്കൊക്കെയുണ്ടായിരുന്നു വീടുകൾ. സ്വന്തം വീടുകളിൽ താമസിക്കണമെന്ന് അത്തരക്കാരെ ഫ്ളാനഗൻ നിർബ്ബന്ധിക്കയും ചെയ്തിരുന്നു. മൂന്നുപേർ കുറേമുമ്പു തൻെറ സംരക്ഷണത്തിൽ ഏല്പിക്കപ്പെട്ടിരുന്ന അനാഥബാലന്മാരും, രണ്ടുപേർ ബാലകോടതിയിൽനിന്ന് അന്നേദിവസം—1917 ഡിസംബർ 12-ാനു—തൻെറ പക്കലേയ്ക്കു പറഞ്ഞയയ്ക്കപ്പെട്ടവരുമായിരുന്നു.

ഈ ഒടുവിൽപ്പറഞ്ഞവരെ കോടതിയിൽനിന്ന് അദ്ദേഹം കൂട്ടിക്കൊണ്ടു വരുമ്പോൾ തൻെറ സ്റ്റാഫിൽപ്പെട്ടവർ എല്ലാവരും അവരെ സ്വീകരിക്കുവാൻ അവിടെ തയ്യാറായി നിന്നിരുന്നു—രണ്ടു കന്യാസ്ത്രീകളും നോട്ടർഡാമിലെ സ്കൂൾ സഹോദരികളിൽ ഒരുവളും. അവ

രെ ആർച്ച് ബിഷപ്പ് ഹാർട്ടി തല്ക്കാലത്തേയ്ക്കയച്ചു കൊടുത്തിരുന്നതാണ്.

ഏതാനും ആഴ്ചകൾ വേണ്ടിവന്നു, മേശ, കസേര തുടങ്ങിയ ഉപകരണങ്ങൾ സമ്പാദിക്കുവാൻ. ഫ്ളാനഗനും, അദ്ദേഹത്തിൻെറ സഹോദരന്മാർ, സഹോദരിമാർ, സുഹൃത്തുക്കൾ തുടങ്ങിയവരും വീട്ടുതോറും യാചിച്ചുനടന്ന്, പഴയ ഉപകരണങ്ങൾ പലതും ശേഖരിച്ചു.

ആർച്ച്ബിഷപ്പു വന്നാണു മുകളിലുള്ള ചാപ്പലിൻെറ പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചതു്. ഒബറാമർഗോവിലെ കേൾവിപ്പെട്ട പീഡാനുഭവനടനായ ആൻറൺ ലാങ്ങിനോടു വിലയ്ക്കു വാങ്ങിയ ഒരു കുരിശുരൂപം ബലിപീഠത്തിൻെറ മുകളിൽ തൂക്കിയിട്ടിരുന്നു.

ഇങ്ങനെയാണ് ഫാദർ ഫ്ളാനഗൻെറ ബാലഭവനം സമാരംഭിച്ചതു്. ആദ്യം വന്ന അഞ്ചു കുട്ടികൾ 8 മുതൽ 10 വരെ വയസ്സു പ്രായമുള്ളവർ സഹജമായ ചാപല്യങ്ങളൊക്കെ കാട്ടിത്തുടങ്ങി. കന്യാസ്ത്രീകളെക്കണ്ടു് തങ്ങളുടെ കൈവശമുള്ള ചുരുക്കം ചില സാധനങ്ങൾ കിടക്കയുടെ മീതേ വെച്ചശേഷം, അവർ മുറിതോറും ചുററിക്കറങ്ങി നടക്കാൻതുടങ്ങി. അത്താഴത്തിൻെറ സമയമായപ്പോഴേയ്ക്കും അവരുടെ പരിഭ്രമമൊക്കെ വിട്ടുമാറി. ജനാലയ്ക്കു സമീപമുള്ള കിടക്കയേപ്പററി രണ്ടുപേർ തമ്മിൽ അവകാശവാദം മൂത്തപ്പോൾ കന്യാസ്ത്രീകൾ ഇടപെട്ട് അവരെ വെവ്വേറേ കിടക്കകളിൽ പിടിച്ചുകിടത്തി. ഊണിൻെറ സമയത്തു് അവർ ഫാദർ ഫ്ളാനഗനെ ചോദ്യങ്ങൾകൊണ്ടു് അലട്ടിയിരുന്നു. ഇനിയും വേറേ കുട്ടികൾ അവിടെ വരുമോ? തങ്ങൾക്കു സ്കൂളിൽ പോകാമോ ? പുറത്തുപോയി കളിക്കാൻ സമയമുണ്ടാകുമോ?— ഇങ്ങനെ പലതും.

ഫാദർ ഫ്ളാനഗൻ നിറഞ്ഞ ആത്മാർത്ഥതയോടു

കൂടിയാണ് അവരോടു സംസാരിച്ചതു്.

"എല്ലാം എനിക്കിപ്പോഠം തീച്ചയില്ല. എന്നാൽ സ്കൂഠം ഒന്നുണ്ടാകും, നിശ്ചയം. കളിക്കാൻ സമയവും കിട്ടും. മഞ്ഞും മഴയുമില്ലെങ്കിൽ പുറത്തുപോയി കളിക്കുകയും ചെയ്യാം. പക്ഷെ തെരുവുകളിൽ പോകാതെ സൂക്ഷിക്കണം തൽക്കാലം".

ഈ കുട്ടികഠം ആരുംതന്നെ കററപ്പുള്ളികളായിരുന്നില്ല. വീടില്ലെന്നുള്ളതായിരുന്നു അവരുടെ ഏററവും വലിയ കുററം. അന്നു രാവിലെ കോടതിയിൽനിന്നു തന്നെ ഭരമേല്പിച്ച അനാഥക്കുട്ടികഠം ഇരുവരും സഹോദരന്മാരായിരുന്നു. വളരെക്കൊല്ലങ്ങഠംക്കുശേഷം, രണ്ടാം ലോകമഹായുദ്ധത്തിനിടയ്ക്കു്, അവരിലൊരാഠം തെക്കുപടിഞ്ഞാറൻ ശാന്തസമുദ്രത്തിൽനിന്നു്, ഫാദർ ഫ്ളാനഗനു് ഒരു കത്തയക്കുകയുണ്ടായി. താൻ ആദ്യമായി ഫാദർ ഫ്ളാനഗൻെറ സംരക്ഷണത്തിൽ വന്നുചേന്ന ദിവസം മുതല്ക്കുള്ള മധുരസ്മരണകളാൽ നിബിഡമായിരുന്നു ആ കത്തു്.

മുതിന്ന കുട്ടികളോടെന്നപോലെയാണ് ഈ പിഞ്ചുപൈതങ്ങളോടു ഫ്ളാനഗൻ സംസാരിച്ചിരുന്നതു്.

"നമുക്കു വളരെ കായ്യങ്ങഠം ചെയ്യാൻ കിടക്കുന്നു; വളരെക്കായ്യങ്ങഠം പഠിക്കുവാനും. ഇവിടെയൊരു സ്കൂഠം സ്ഥാപിക്കണം. നിങ്ങഠംക്കെല്ലാവക്കും പുതിയ ഉടുപ്പുകഠം എങ്ങനെയെങ്കിലും ഉണ്ടാക്കുകയും വേണം."

വളരെ സംഗതികഠം ഒരുമിച്ചു ചെയ്യേണ്ടിവരുമ്പോഠം ഒരു പരിഭ്രമം അദ്ദേഹത്തിൻെറ സ്വരത്തിൽ സ്പഷ്ടമായിരുന്നു. അപ്പോഠം കേട്ടുനില്ക്കുന്ന തടസ്ഥബുദ്ധികഠംക്കു തോന്നും, അദ്ദേഹം പ്രായോഗികചിന്തയില്ലാത്ത വെറുമൊരാദശ്വാദിയാണെന്നു്. എന്നാൽ പ്രാത്ഥനയുടെ ആയുധമേന്തിയ അജയ്യനായ ഒരു മനുഷ്യ

നെയാണ് തങ്ങൾ അഭിമുഖീകരിച്ചതെന്നു പിന്നീടവ ൎക്കു ബോധ്യമാകും.

ജഡ്ജിമാർ കൂടക്കൂടെ പുതിയ കുട്ടികളെ അദ്ദേഹത്തിൻെറ പക്കലേക്കു പറഞ്ഞയയ്ക്കും. എന്നാൽ ചെലവിൻെറ വഴിയൊന്നും ചൂണ്ടിക്കാണിക്കുവാൻ ആ ന്യായാധിപന്മാൎക്കു കഴിഞ്ഞിരുന്നില്ല. അംഗങ്ങൾ പെരുകി വരുന്തോറും ആവശ്യമുള്ള ഭക്ഷ്യസാധനങ്ങളുടെ അളവും കൂടിക്കൂടി വന്നിരുന്നു.

യാചകന്മാൎക്കുവേണ്ടി ഒരു ഹോട്ടൽ നടത്തുന്നതും കുട്ടികൾക്കുവേണ്ടി ഒരു ബോർഡിങ്ങു നടത്തുന്നതും തമ്മിൽ വളരെ അന്തരമുണ്ടു്. ഇപ്പോൾ ഒരഗതിമന്ദിരത്തിൻെറ മേനേജരല്ലായിരുന്നു അദ്ദേഹം. പ്രത്യുത, ഒരു വീടു നിറയെ ചുറുചുറുക്കുള്ള കുട്ടികളുടെ പിതാവും മാതാവും—ചുരുക്കിപ്പറഞ്ഞാൽ കുടുംബനായകൻ—ആയിരുന്നു.

രണ്ടു വമ്പിച്ച കൎത്തവ്യങ്ങൾ പുതുതായി അദ്ദേഹത്തിനു വന്നുകൂടി. അതിലൊന്നു യാചനക്കത്തുകളയയ്ക്കുക; മറേറതു്, ജോലിക്കും കളിക്കുമുള്ള പരിപാടികൾ സജ്ജമാക്കുക.

ബാലഭവനം ഉൽഘാടനം ചെയ്തു് കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഒരു രാത്രി കുട്ടികളിലൊരാൾ നിലവിളിക്കുന്നതു കേട്ടു് അദ്ദേഹം ഉണൎന്നു. എഴുന്നേററു മുറിയിൽ ചെന്നപ്പോൾ ആ കുട്ടി കിടക്കയിൽ എഴുന്നേററിരിക്കുന്നതാണു കണ്ടതു്. അവനു കലശലായ തലവേദന. ഫ്ളാനഗനു് ഇതൊരു പുതിയ ക്ലേശമായിരുന്നു. എന്താണു ചെയ്യുക? ഡോക്ടരെ വിളിച്ചുകൊണ്ടു വരണമോ?

അപ്പോൾ ഒരു കുട്ടി വളരെ കാൎയ്യമായ സ്വരത്തിൽ പറഞ്ഞു: "എനിക്കു തലവേദന വന്നിരുന്നപ്പോൾ എൻെറ അമ്മ എന്നെ എടുത്തു മേല്പോട്ടു പൊക്കും; വീടി

ന്ന ചുററും എടുത്തുകൊണ്ടു നടക്കും; പാട്ടുപാടി കേൾപ്പിക്കും.''

രാത്രിവേഷം ധരിച്ചിരുന്ന ആ വൈദികൻ സവിഷാദം ഇതിനേക്കുറിച്ചു ചിന്തിച്ചു. എന്നിട്ടദ്ദേഹം ആ കുട്ടിയെ എടുത്തു മേല്പോട്ടുയത്തി, ആ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും, മന്ദസ്വരത്തിൽ ഒരു പാട്ടു മൂളിക്കൊണ്ട്, ചുമന്നുകൊണ്ടു നടന്നു. ചെറുപ്പത്തിൽ തൻെറ അമ്മ പാടിക്കേട്ടിട്ടുള്ള ഒരുറക്കുപാട്ട് ഇപ്പോൾ ഓമ്മയിൽ വന്നു. എന്തിന്, ഏതാനും നിമിഷങ്ങൾക്കുള്ളിൽ കുട്ടി ഉറങ്ങിക്കഴിഞ്ഞു. തൻെറ സ്വരത്തിൻെറ ചികിത്സായോഗ്യതയിൽ ഫ്ളാനഗൻ അഭിമാനംപൂണ്ടു.

തൻെറ ഈ അഞ്ചു കുട്ടികളും പല കാര്യത്തിലും അദ്ദേഹത്തെ സഹായിച്ചിരുന്നുവെങ്കിലും, മിക്കപ്പോഴും സഹായത്തിനു പകരം ശല്യമാണ് അവരിൽനിന്നുണ്ടായിക്കൊണ്ടിരുന്നത്. ഒരുത്തനൊരു ചെപ്പടിവിദ്യക്കാരനാകണമെന്നായിരുന്നു മനോരാജ്യം. എത്ര പിഞ്ഞാണങ്ങൾ ഒററക്കയ്യിൽ നിറുത്താൻ കഴിയുമെന്ന് അവനൊരിക്കൽ പരീക്ഷിച്ചുനോക്കി. ആ ചൈനാപ്പാത്രങ്ങളെല്ലാം താഴെ വീണു തകന്നതോടേ, പിന്നെ ചെറിയ ചെമ്പുപാത്രങ്ങളായി, ചെപ്പടിവിദ്യക്കുള്ള ഉപകരണങ്ങൾ.

ആദ്യത്തെ ആഴ്ച കഴിഞ്ഞപ്പോൾ ബാലഭവനത്തിലെ അംഗങ്ങളുടെ സംഖ്യ പതിനഞ്ചായി വദ്ധിച്ചു. ഉണ്ടായിരുന്ന കട്ടിലിനും കിടക്കയ്ക്കുമെല്ലാം ആളായിക്കഴിഞ്ഞു. ഇനി കൂടുതലെണ്ണം ഉണ്ടാകണം. അതിനു സമയം വേണം.

ഈ ഘട്ടത്തിൽ, ഭാഗ്യത്തിന്, ആച്ച്.ബിഷപ്പ് ഹാർട്ടിയുടെ ഒരു കത്തുകിട്ടി. ഈ പുതിയ ജോലിയുടെ ഗൗരവം തനിക്കു ബോധ്യമായിരിക്കുന്നുവെന്നും, അതിനാൽ ഫ്ളാനഗനെ ഇടവകജോലികളിൽനിന്നെല്ലാം

താൻ ഒഴിവാക്കിയിരിക്കുന്നുവെന്നുമായിരുന്നു കത്തിൻെറ സാരം.

രണ്ടാഴ്ചയ്ക്കുള്ളിൽ കുട്ടികളുടെ എണ്ണം ഇരുപത്തഞ്ചായി. താഴത്തെ മുറികറം മുഴുവൻ കട്ടിലും കിടക്കയുംകൊണ്ടു നിറഞ്ഞു.

എല്ലാ വർണ്ണത്തിൻെറയും എല്ലാ സമുദായത്തിൻെറയും പ്രതിനിധികറം അവിടെയുണ്ടായിരുന്നു—കത്തോലിക്കർ, പ്രോട്ടസ്റ്റാൻറുകാർ, യഹൂദന്മാർ, വെളുത്തവർ, തവിട്ടുനിറക്കാർ, മഞ്ഞനിറക്കാർ—എല്ലാം. ആദ്യം മുതല്ക്കേ അവിടെയുണ്ടായിട്ടില്ല, തരംതിരിക്കൽ എന്നൊരേർപ്പാട്. വർണ്ണമോ ജാതിയോ ഫാദർ ഫ്ളാനഗൻെറ ദൃഷ്ടിയിൽ ഒരു ഭേദവും സൃഷ്ടിച്ചിരുന്നില്ല. മതപരമായ ഒരേ ഒരാവശ്യം ഓരോസമുദായത്തിലുമുള്ളവർ അവരവരുടെ പള്ളികളിൽപോവുക എന്നതുമാത്രമായിരുന്നു. കത്തോലിക്കാകന്യാസ്ത്രീകളുടെ തുണയോടുകൂടിഒരു കത്തോലിക്കവൈദികൻ സമാരംഭിച്ച ഈ സ്ഥാപനം, അന്നൊന്നപോലെ എന്നും,വീടില്ലാത്ത കുട്ടികറംക്കു ജാതിയില്ലാത്ത ഒരു സങ്കേതമായിട്ടാണു വർത്തിച്ചിട്ടുള്ളതു്.

ഇത്രയെല്ലാം ഉദ്ദേശശുദ്ധി ആ വൈദികനുണ്ടായിരുന്നിട്ടും ഫാദർ ഫ്ളാനഗൻെറ കുട്ടികറം ഒററ രാത്രികൊണ്ടു മാലാഖമാരായിത്തീർന്നില്ല.

ആദ്യത്തെ ആഴ്ചയിൽ പക്ഷേ സ്ഥിതിഗതികറം ശാന്തമായി മുന്നോട്ടുപോയി. രണ്ടാം വാരത്തിൽ, മന്ദിരത്തിൽ തിരക്കു വർദ്ധിച്ചപ്പോറം, തുള്ളിച്ചാടിക്കളിക്കുന്ന, കൂക്കുവിളിച്ചാർക്കുന്ന കുട്ടികളുടെ ഒരു ഭവനം നടത്തിയാലുണ്ടാകാവുന്ന തലവേദന അദ്ദേഹത്തിനനുഭവപ്പെട്ടുതുടങ്ങി.

ചിലപ്പോറം താഴത്തെ നിലയിൽനിന്നും ഒരു നിലവിളിയോടുകൂടിയായിരിക്കും ബഹളം തുടങ്ങുക—അതു

ഉച്ചത്തിൽ ഉയുളച്ചുകയറുന്ന ആ ശബ്ദംകേട്ട് ഫാദർ ഫ്ളാനഗനും കന്യാസ്ത്രീകളും തങ്ങളുടെ മുറികളിൽനിന്നു ചാടിയെഴുന്നേററു ചെല്ലും എന്താണു ബഹളകാരണമെന്നറിയാൻ. ചിലപ്പോഠം പാതിരായ്ക്കു് ഒരു ദ്വന്ദ്വയുദ്ധം നടക്കുകയായിരിക്കും; അല്ലെങ്കിൽ ഒരു കുട്ടി പേക്കിനാവുകണ്ടു പേടിച്ചു നിലവിളിക്കുകയായിരിക്കും.

ലോകത്തിലെ മറെറല്ലാ കാര്യവുംപോലെ ആരംഭമായിരുന്നു ഏററവും പ്രയാസകരം.

ചിലപ്പോഠം കേഠംക്കാം:

"ജിമ്മി എന്റെ കളസം കട്ടെടുത്തു"

"ഇവൻ എന്നെ തോണ്ടുന്നു"

"അച്ചാ, രണ്ടു പിള്ളേർ എന്റെ ഒന്നാംതരം വറപ്പാത്രം എടുത്തു മുററത്തുകൊണ്ടുപോയി ചെണ്ട കൊട്ടുകയാണു"

ഒഴിവുകിട്ടുമ്പോഠം ഒന്നുരണ്ടു മണിക്കൂർനേരത്തേക്കു അദ്ദേഹം തന്റെ വീടു സന്ദർശിക്കാൻ ഒന്നു പോകും. അവിടെ തന്റെ മാതാപിതാക്കന്മാരും സഹോദരീസഹോദരന്മാരും താമസിച്ചിരുന്നു. അവരോടു ചിരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞുകേഠംപ്പിക്കും, ബാലഭവനത്തിലെ വൃത്താന്തങ്ങഠം.

"കുറച്ചു വിഷമക്കാരാണു ഞങ്ങളുടെ കുട്ടികഠം. പക്ഷേ കുറേക്കഴിയുമ്പോഠം എല്ലാം നേരെയായിക്കൊള്ളും. എന്നാൽ ചിലപ്പോഴൊക്കെയുള്ള അവരുടെ പ്രവൃത്തികഠം—എന്തിനാണ് അവർ അങ്ങനെയൊക്കെ ചെയ്യുന്നതെന്നു മനസ്സിലാക്കാൻ പ്രയാസം"

അദ്ദേഹത്തിന്റെ അമ്മ ഇതുകേട്ടു മകന്റെനേരേ നോക്കി പുഞ്ചിരി തൂകും.

"അച്ചൻ പിന്നെയെന്താണു വിചാരിച്ചിരുന്നതു്?" അവർ പറഞ്ഞു: "അച്ചൻ ഒരു കുട്ടിയായിരുന്ന

പ്പോൾ എന്തെല്ലാം പുതുമകൾ കാട്ടിയിരുന്നു!"

ഇത്തരത്തിലുള്ള കുസൃതികൾ എന്തെങ്കിലും താൻ കാട്ടിയിരുന്നതായി അദ്ദേഹത്തിനോർമ്മ തോന്നിയില്ല. തിരിച്ചുപോകുമ്പോൾ അദ്ദേഹം തന്നോടുതന്നെ പറയും, ക്ഷമയാണ് ജീവിതത്തിലെ ഏററവും വലിയ സാധന പാഠമെന്ന്. മന്ദിരത്തിലെത്തുമ്പോൾ തൻെറ അസാന്നിധ്യത്തിൽ സംഭവിച്ചതെല്ലാം കന്യാസ്ത്രീകൾ പറഞ്ഞുകേൾപ്പിക്കും.

ഒന്നുകിൽ ടോമിയും ലെന്നുംകൂടി കത്രികകൾ പിടിച്ചുകൊണ്ടു ദ്വന്ദ്വയുദ്ധംചെയ്ത കഥ; അല്ലെങ്കിൽ മേശവിരിപ്പെടുത്തുകൊണ്ടു ചിലർ ഭൂതങ്ങളുടെ വേഷംകെട്ടി മററുള്ളവരെ പേടിപ്പിച്ച ചരിത്രം; അല്ലെങ്കിൽ ഒരുവൻ പൈപ്പു തുറന്നിട്ടതിനാൽ വെള്ളമൊഴുകി അടുക്കളയിലൂടെയെല്ലാം കയറിയ കാര്യം—ഇങ്ങനെ എന്തെങ്കിലുമുണ്ടാകും, യാത്ര കഴിഞ്ഞുവരുന്ന അച്ചനോട് അവർക്ക് പറയുവാൻ.

തട്ടിൻമുകളിൽ കേൾക്കാം ഒരു കൂട്ടവിളി: "അച്ചാ! ഓടിവരണേ! വേഗം!"

ആ ചെറിയ തടിച്ചകുട്ടി ഡാനിയെ കാണാനില്ല! എവിടെ കടന്നുകളഞ്ഞു അവൻ? ഡാനി അപ്രത്യക്ഷനായിരിക്കുന്നു!

വീട്ടിൽനിന്നു പലപ്പോഴും ഒളിച്ചോടിപ്പോയതിനാണു ഡാനിയെ ഇവിടെ കൂട്ടിക്കൊണ്ടുവന്നിരിക്കുന്നത്. അവൻെറ അമ്മ സുഖക്കേടുകാരി. അപ്പൻ അവനെ എപ്പോഴും തല്ലും. വീട്ടിൽനിന്നു മാറി നിന്നപ്പോൾ ഈ ചുരുങ്ങിയ ദിവസംകൊണ്ടു് അവൻ നന്നാകാൻ തുടങ്ങിയതാണ്.

അന്വേഷണം ആരംഭിച്ചു. മുകളിലും താഴെയും പുറത്തുമെല്ലാം നോട്ടംകഴിച്ചു. അവൻെറ വസ്ത്രങ്ങളെ

ല്ലാം അവിടെയിരിപ്പുണ്ട്. അവനെയൊട്ട കാണാനു മില്ല.

താഴത്തെ ഹാളിൻെറ ഒരു കോണിൽ ഒരു കക്കൂസ്മുറിയുണ്ട്. അതിനടുത്തുകൂടി കടന്നുപോകുമ്പോൾ എന്തോ ഒരു ശബ്ദം കേട്ടതായി ഫ്ളാനഗനു തോന്നി; അടക്കിപ്പിടിച്ച ഒരു ചിരിപോലെ. പെട്ടന്ന് അദ്ദേഹം മുറി തുറന്നു.

ഡാനി അതിനുള്ളിൽ നിലത്തിരുന്ന് ഉറക്കെ പൊട്ടിച്ചിരിക്കുന്നു! ഒരു നെടുവീർപ്പോടുകൂടി ഡാനിയെ കന്യാസ്ത്രീകളുടെ ശാസനത്തിനായി ഏല്പിച്ചിട്ട്, ഫ്ളാനഗൻ ആപ്പീസുമുറിയിലേയ്ക്കു പോയി.

## XVII

# വിമർശകന്മാർ

കഷ്ടതകളുടെ ഒരു ഘട്ടമായിരുന്ന ആ വർഷകാലം. നാളത്തെ ആവശ്യങ്ങൾ, അടുത്തമാസത്തെ വാടക ഇവയെല്ലാം കരിനിഴൽപോലെ മുൻപിൽ വളൎന്നുകൊണ്ടിരുന്നു.

ഇതിനിടയ്ക്കു വിമർശങ്ങളും പൊട്ടിപ്പുറപ്പെടുകയായി—ഒരു ചില്ലിക്കാശിനു പിടിപ്പില്ലാത്ത ഈ പട്ടക്കാരൻ ഈ പദ്ധതികൊണ്ടു് എന്തു ഗുണം വരുത്താനാണു് ആശിക്കുന്നതെന്നു ഒമാഹായിലെ ചില പൗരപ്രമാണികൾ ചോദ്യം തുടങ്ങി. ഞെക്കിഞെരുക്കി കുട്ടികളെ പാർപ്പിച്ചിരിക്കുന്ന ഈ മന്ദിരത്തിൽ, മേശപ്പുറത്തു വെച്ചുകൊടുക്കാൻ അത്യാവശ്യത്തിനു റൊട്ടിപോലുമില്ലാതെ, എങ്ങനെ അദ്ദേഹത്തിനു് ഈ വഴിതെററിയവരെയെല്ലാം നന്നാക്കിക്കൊണ്ടുവരുവാൻ കഴിയും? സ്റ്റേററുവക സ്ഥാപനങ്ങളെ വിമർശിക്കാറുള്ള ഈ വൈദികൻ ഒന്നു മനസ്സിലാക്കിയാൽ നന്നു്: സ്റ്റേററു സ്ഥാപനങ്ങളിൽ ന

ല്ല ഭക്ഷണം വേണ്ടപോലെ കൊടുക്കുന്നുണ്ട്; ക്രിസ്മസ് ദിവസത്തിൽ കോഴിക്കഞ്ഞു പൊരിച്ചതും—ഇങ്ങനെയൊക്കെയായിരുന്നു വിമർശങ്ങളുടെ പോക്ക്.

ഈ വിമൎശനക്കാരെ തൻെറ നില മനസ്സിലാക്കി മാനസാന്തരപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ടിരുന്ന ഈ കാലത്താണ്, ഔദ്യോഗികഭിക്ഷാദാതാക്കളെക്കുറിച്ചു ഗാഢമായ ഒരവിശ്വാസം ഫ്ളാനഗൻെറ മനസ്സിൽ ദൃഢമൂലമായിത്തീൎന്നതു്. വളൎന്നുവരുന്ന കുട്ടികൾക്കു വിശപ്പ് എന്താണെന്ന് അദ്ദേഹത്തിനറിയാം; ആരും പറഞ്ഞു മനസ്സിലാക്കേണ്ടതില്ല. എന്നാൽ വിശപ്പുമാത്രമല്ല അവൎക്കുള്ളതെന്നു അദ്ദേഹം വിമൎശകന്മാരെ ധരിപ്പിച്ചു. ദയനീയമായ ഒരേകാന്തത അവൎക്കനുഭവപ്പെട്ടിരുന്നു. അവൎക്കു സ്നേഹം വേണം.

ജഡ്ജിമാരും കോടതികളിലെ മററുദ്യോഗസ്ഥന്മാരും ഫാദർ ഫ്ളാനഗനുവേണ്ടി വാദിക്കാൻ സന്നദ്ധരായി. ആ കുട്ടികൾക്കു നൽകാൻ വിലതീരാത്ത ചില സംഭാവനകൾ അദ്ദേഹത്തിൻെറ പക്കലുണ്ടെന്നു് അവൎക്കറിയാമായിരുന്നു: സ്നേഹവും താല്പൎയ്യവും, സഹിഷ്ണുതയും ധാരണയും—ഇവ ധനങ്ങൾതന്നെയാണല്ലോ. എങ്കിലും ചില സാമൂഹ്യപ്രവൎത്തകന്മാൎക്കു് ഇതിൻെറയൊന്നും അൎത്ഥം മനസ്സിലായില്ല. കുററങ്ങളുടെ പ്രാഥമികമൂലം ദാരിദ്ര്യമാണെന്നു വെണ്ടയ്ക്കാമുഴുപ്പിൽ അവർ തങ്ങളുടെ നോട്ടുബുക്കിൽ കുറിച്ചിരുന്നു. എന്നാൽ ഈ വൈദികൻ സമൎത്ഥിച്ചിരുന്നതു്, ദാരിദ്ര്യവും ഒരു കാരണമാണെങ്കിലും, പ്രധാനകാരണം അതല്ലെന്നായിരുന്നു. ഒരു ചെരിപ്പുവള്ളിയും ഒരു പ്രാൎത്ഥനയുംകൊണ്ടു നടത്തിപ്പോന്ന ഒരു ഭവനത്തിൽ തൻെറ ഈ യുക്തി അദ്ദേഹം സമൎത്ഥിച്ചു.

തൻെറ വാദങ്ങളെ തെളിയിക്കുവാൻ തുറന്ന യാ

ഫാത്ഥ്യങ്ങളും അദ്ദേഹം എടുത്തു കാട്ടി. ദുർഗ്ഗുണപരിഹാരശാലകൾക്കുപോലും നന്നാക്കാൻ കഴിയാത്തവരെന്നു ഗണിക്കപ്പെട്ടിരുന്ന കുട്ടികൾ തൻെറ മാർഗ്ഗദർശനത്തിൽ പുതിയ കുട്ടികളായി പകർന്നിരുന്നു. അതുകൊണ്ടാണു ജഡ്ജിമാർ വീണ്ടും വീണ്ടും അവരെ അദ്ദേഹത്തിൻെറ പക്കൽ പറഞ്ഞയച്ചുകൊണ്ടിരുന്നതു്. ഇപ്പോഴാകട്ടെ,സ്ഥാപനങ്ങളിലും വീടുകളിലുംനിന്നു കുഞ്ഞുങ്ങൾ വരാൻ തുടങ്ങിയിരിക്കുന്നു.

ജനുവരി അവസാനമായപ്പോൾ അംഗങ്ങളുടെ സംഖ്യ അമ്പതായി. അവരെയെല്ലാം ഊട്ടണം, ഉടുപ്പിക്കണം, സുഖക്കേടുവന്നാൽ ചികിത്സിക്കണം, സ്കൂളിൽ ചേൎക്കണം, കളിക്കാൻ വിട്ടയക്കണം. ഇതെല്ലാം നിൎവ്വഹിക്കണമെങ്കിൽ പൂൎണ്ണസമയം ജോലിചെയ്യുന്ന ഒരു സ്റ്റാഫും വേണം. ഇപ്പോൾ ഫാദർ ഫ്ളാനഗനും രണ്ടു കന്യാസ്ത്രീകളും ഒരു സ്കൂൾ സിസ്റ്ററും മാത്രമേയുള്ളു. അദ്ദേഹത്തിൻെറ അമ്മയും സഹോദരി നെല്ലിയും ചിലപ്പോൾ കുട്ടികളുടെ മുഷിഞ്ഞ വസ്ത്രങ്ങൾ വീട്ടിൽക്കൊണ്ടുപോയി അലക്കുകയും,കീറൽ തുന്നുകയും മററും ചെയ്തു സഹായിക്കും.

കുട്ടികളെ സ്കൂളിൽ ചേൎക്കുന്ന കാൎയ്യം ഒരു ദുർഘടപ്രശ്നമായിരുന്നു. ഒമാഹായിലെ പബ്ലിക്ക് സ്കൂൾ കമ്മീഷണരെ അദ്ദേഹം കണ്ടു വസ്തുതകൾ വിശദീകരിച്ചു ധരിപ്പിച്ചു. ഒമാഹായിലെ മററു കുട്ടികളോടൊപ്പം തൻെറ കുട്ടികളേയും സ്കൂളിൽ ചേൎക്കണമെന്നു ഫ്ളാനഗൻ ആഗ്രഹം പ്രകടിപ്പിച്ചു.

ഇതൊരു പന്തികേടായിത്തോന്നി ആ ഉദ്യോഗസ്ഥന്മാൎക്കു്. ആ കുട്ടികളിൽ പലരും നിയമലംഘകന്മാരായിരുന്നുവെന്നു് അവൎക്കറിയാമായിരുന്നു. എന്നാൽ അവരുടെ നല്ല നടത്തയുടെ ഉത്തരവാദം ഫ്ളാനഗൻ ഭരമേററതിനാൽ ഒടുവിലവർ പരീക്ഷണാൎത്ഥം ആ

ബാലന്മാരെ എടുക്കാമെന്നു ഞെരുങ്ങി സമ്മതിച്ചു. അദ്ദേഹം കൂലിയ്ക്കെടുത്ത ഒരു കുതിരവണ്ടിയിൽ ആ കുട്ടികൾ പതിവായി സ്കൂളിൽ പോവുകയും അവിടെനിന്നു മടങ്ങുകയും ചെയ്തുകൊണ്ടിരുന്നു.

'സമാധാനലംഘക'ന്മാരുടെ ശല്യങ്ങളിൽനിന്ന് അദ്ദേഹം നിശ്ശേഷം മുക്തനായിരുന്നില്ല. ക്രമക്കേടും വഴക്കും അടിപിടിയും ചിലപ്പോഴൊക്കെയുണ്ടാകാറുണ്ട്. എന്നാലും, ഫാദർ ഫ്ളാനഗൻെറ ബാലഭവനത്തിൽ, ആരംഭംമുതല്ക്കേ, ശാരീരികമായ ശിക്ഷ നിരോധിക്കപ്പെട്ടിരുന്നു. തുകൽവാറുകൊണ്ടടി, കൈകൊണ്ടടി മുതലായ ശിക്ഷകൾ അധികാരികളുടെ പരാജയസമ്മതമായിട്ടാണ് —വേദനാഭീതിയുണ്ടാക്കി അനുസരണം അടിച്ചേല്പിക്കാനുള്ള ഒരു ശ്രമമായിട്ടാണ്—അദ്ദേഹം പരിഗണിച്ചിരുന്നത്. സ്വഭാവം കെട്ടിപ്പടുക്കാൻ ഈ ശിക്ഷാരീതി തികച്ചും അപര്യാപ്തമാണെന്നായിരുന്നു അദ്ദേഹത്തിൻെറ മതം.

ബാലഭവനത്തിലെ പ്രധാന ശിക്ഷണനടപടി ചില പ്രത്യേകാവകാശങ്ങൾ എടുത്തുകളയുക, വിശേഷാൽപാഠമോ ജോലിയോ കൊടുക്കുക എന്നിവയായിരുന്നു. മററുള്ളവർ കളിക്കാൻപോകുമ്പോൾ കുററക്കാരനു ചിലപ്പോൾ അടുക്കളപ്പണി ചെയ്യേണ്ടിവരും. അല്ലെങ്കിൽ വിശിഷ്ട ദിവസങ്ങളിൽ മററുള്ളവക്കു കൊടുക്കുന്ന ചില വിശേഷപ്പെട്ട ഭക്ഷ്യപദാത്ഥങ്ങൾ അവനു നല്കിയില്ലെന്നുവരും.

ഫ്ളാനഗൻെറ അഭ്യത്ഥനയുടെ ഫലമായി ചെറിയ തുകകളായും ഭക്ഷ്യസാധനങ്ങളായും സംഭാവനകൾ വന്നുകൊണ്ടിരുന്നു. ഒരു കൃഷിക്കാരൻെറ വകയായി ഒരു ചാക്ക് ഉരുളക്കിഴങ്ങ്; പട്ടണത്തിലുള്ള ഒരു അപ്പക്കാരത്തിയുടെവക ദിവസേന ഓരോ പാത്ത്ററു ബിസ്കററ്; മററു പലരിലുംനിന്ന് പഴയ വസ്ത്രങ്ങൾ, പഴയ ചെരിപ്പുകൾ, കയററുപായ്, ചൂല്—ഇങ്ങനെ

പലതും കിട്ടിക്കൊണ്ടിരുന്നു.

ക്രമേണ വീടു ശുചിയായും മുറികൾ ക്രമമായും സൂക്ഷിക്കുവാൻ ആ കുട്ടികൾ പഠിച്ചു. ഈ വീട്ടുവേലകളിൽ സഹായിക്കുക അന്നു മുതൽക്കു് എന്നും ആ മന്ദിരവാസികളുടെ കത്തവ്യങ്ങളിൽ ഒന്നായിരുന്നു. ഇന്നും ബാലനഗരവാസികളിൽ ഓരോരുത്തനും തങ്ങളുടെ മുറികൾ സ്വയം വെടിപ്പാക്കുകയാണു ചെയ്യാറ്.

വഷകാലം കഴിയുന്നതിനുമുമ്പ്, ഇത്ര വിശിഷ്ടാദശങ്ങളുള്ള ഈ സ്ഥാപനത്തിൻെറ പ്രവത്തനങ്ങൾ നാടെങ്ങും,വിശിഷ്യ സ്ത്രീകളുടെയിടയിൽ, സംസാരവിഷയമായി. അഭിനന്ദനക്കത്തുകൾ—ചിലപ്പോൾ അക്കൂട്ടത്തിൽ ഒരു ചെക്കും കാണും—കുടുംബനായികമാരിൽനിന്നും മാതാക്കളിൽനിന്നും ധാരാളം വന്നുകൊണ്ടിരുന്നു.

എന്നാൽ എതിർപ്പും ഇതോടൊപ്പം ശക്തിപ്പെട്ടുവന്നു. ബുദ്ധിമാന്മാരും പ്രായോഗികജ്ഞാനമുള്ളവരുമെന്നു ഭാവിച്ചിരുന്ന ചില പ്രമാണികൾ—അത്തരക്കാർ ഇന്നുമുണ്ടല്ലോ—ശക്തിമത്തായി വാദിച്ചു, ദുർഗ്ഗുണപരിഹാരശാലകളാണു് ശരിയായ മാഗ്ഗമെന്നു്; ചീത്തക്കുട്ടികളെ നന്നാക്കുവാൻ തുകൽവാറും ചൂരലുമൊക്കെത്തന്നെയാണു നല്ലതെന്നു്.

‘തായാട്ടു കാട്ടുന്ന ശിശുക്കളെത്താൻ
താഡിച്ചു ശിക്ഷിച്ചു വളത്തിടേണം’

എന്നായിരുന്നു അവരുടെ ശിക്ഷണസിദ്ധാന്തം. ഫ്ളാനഗൻെറ പദ്ധതി അവരുടെ ദൃഷ്ടിയിൽ ഭ്രാന്തിൻെറ ഒരു വകഭേദമായിരുന്നു.

സഹായാത്ഥനയ്ക്കായി ഫാദർ ഫ്ളാനഗൻ വിളിച്ചുകൂട്ടിയിരുന്ന പ്രസംഗയോഗങ്ങളിൽ പലതിലും ഈ പ്രായോഗികശിക്ഷാതന്ത്രജ്ഞന്മാരെ അദ്ദേഹത്തിനഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ടു്.

"സ്നേഹത്തെയും ധാരണയേയുംപററി കുറേ അസംബന്ധം പ്രസംഗിച്ച് ഈ കുററപ്പുള്ളികളെ നിയമത്തോട് ആദരമുള്ളവരാക്കിത്തീക്കാൻ കഴിയുമെന്ന് എങ്ങനെയാശിക്കാം ഫാദർ?" അവർ ചോദിക്കും.

അദ്ദേഹം ക്ഷമാപൂർവ്വം വിശദീകരിക്കും: "അവർ കുററപ്പുള്ളികളല്ല, കുട്ടികളാണ്. അവക്ക് വേണ്ടതു സ്നേഹമാണ്, ഭയത്തിൽനിന്നുള്ള മോചനമാണ്."

"മിക്ക കുട്ടികളും ആഗ്രഹിക്കുന്നതു ശരിയായിട്ടുള്ളതു ചെയ്യാനാണ്" അദ്ദേഹം ദൃഢസ്വരത്തിൽ തുടരുകയായി; "പ്രശംസിക്കപ്പെടാനും അഭിനന്ദിക്കപ്പെടാനുമാണവർ ആഗ്രഹിക്കുന്നത്. എന്നാൽ ചിലപ്പോഠം പ്രശംസ നേടാനുള്ള വഴി അവക്കറിഞ്ഞുകൂട; അങ്ങനെ തെററുചെയ്യാനിടയാകുന്നു. പരിശീലനവും മാതൃകയും കൊണ്ടു നിങ്ങഠം കാണിച്ചുകൊടുക്കണം, ഏതാണു ശരിയായ മാർഗ്ഗമെന്ന്".

പലരും അദ്ദേഹത്തിൻെറ വാക്കുകളാൽ ആകൃഷ്ടരായിത്തീന്നിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ വാദങ്ങഠം വിപ്ലവാത്മകങ്ങളെന്നു വിചാരിച്ചിരുന്നവരുടെ തലയിൽ അവ കയറിയിരുന്നില്ല. കുട്ടികളുടെ കുററങ്ങഠംക്കുത്തരവാദി സമുദായം—വിശേഷിച്ചു മാതാപിതാക്കന്മാർ—ആണെന്നുള്ള ഫ്ളാനഗൻസിദ്ധാന്തം ആ വിമശകന്മാക്കു കയ്പും നിറഞ്ഞ ഒരു ഗുളികയായിരുന്നു. മററാരുമല്ല, കുട്ടിതന്നെയാണുത്തരവാദി; അല്ലെങ്കിൽ ജനിക്കുമ്പോഠം തന്നെ ചില കുട്ടികളുടെ ഹൃദയങ്ങളിൽ പിശാചുണ്ടായിരിക്കും—എന്നൊക്കെപ്പറഞ്ഞാൽ അവക്കാശ്വാസമായി!

എന്നാൽ ദൈവഗത്യാ അനാഥരായിത്തീന്നവരെയും ഹൃദയങ്ങളിൽ പിശാചു കുടികൊണ്ടിരുന്നവരേയും ബാലഭവനത്തിൽവച്ചു കണ്ടാൽ തിരിച്ചറിയാൻ ആ വിമശകന്മാക്കു കഴിഞ്ഞിരുന്നില്ല.

1918-ലെ വസന്താരംഭത്തോടുകൂടി റിപ്പബ്ലിക്കിലെ അടുത്ത തലമുറയിലെ സ്വതന്ത്രപൗരന്മാൎക്കുവേണ്ടിയുള്ള ഫ്ളാനഗൻെറ ഭവനം കുറഞ്ഞൊന്ന് അഭിവൃദ്ധിപ്പെട്ടു. അതിൻെറ സമ്പൽസ്ഥിതി ദൃഢതരമായി.

സുഹൃത്തുക്കളുടെ ഒരു സംഘം പതിവായി സംഭാവനകഠം അയച്ചുകൊണ്ടിരുന്നു. കുട്ടികളുടെ മാതാപിതാക്കളോ ബന്ധുക്കളോ കഴിവുള്ളപ്പോളെല്ലാം ചെറിയ തുകകഠം നൽകിവന്നു. പ്രവേശനത്തിന് ഒരിക്കലും ഫീസു ചുമത്തിയിരുന്നില്ല. മിക്ക കുട്ടികഠംക്കും ധനസഹായം ചെയ്യാവുന്ന സ്വജനങ്ങഠം ഉണ്ടായിരുന്നില്ല. എന്നാൽ ചുരുക്കം ചിലൎക്കു തുച്ഛമായ സഹായം ചെയ്യാൻ കഴിയുന്ന ബന്ധുക്കളുമുണ്ടായിരുന്നു; അവർ സഹായം ചെയ്യുകയും ചെയ്തിരുന്നു. ആ നല്ല സമ്പ്രദായം ഇന്നും അവിടെ നിലനിന്നുപോരുന്നുണ്ട്.

കളികഠംക്കു പുറമേ സംഗീതത്തിനും ഒരു പ്രത്യേകവകുപ്പ് അവിടെ ഉൽഘാടിതമായി. ആദ്യം പാട്ടു മാത്രമേ ഉണ്ടായിരുന്നുള്ളു. ക്രമേണ, ഒരു തകന്ന ബാൻറുകുഴലും ഒരു പഴഞ്ചൻ തമ്പോറും (ചെണ്ട) ആരോ കൊടുത്തതുകൊണ്ട് സംഗീതവകുപ്പു വികസിച്ചുവന്നു. എല്ലാവൎക്കും കുഴലെടുത്ത് ഊതിനോക്കണം; എല്ലാവൎക്കും തമ്പോറു കൊട്ടണം. ഇതുരണ്ടും അറിയാവുന്നവർ അവിടെയാരുമില്ലായിരുന്നുതാനും. പരീക്ഷണവും അപസ്വരവുമായി അവർ പുരോഗമിച്ചുകൊണ്ടിരുന്നു. ഈ അപശബ്ദങ്ങഠംകേട്ടു ചെകിട്ടു പൊട്ടാറായിട്ടും പരീക്ഷണം തുടൎന്നുകൊള്ളുവാൻ ഫാദർ ഫ്ളാനഗൻ അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു.

പഴയ തൊഴിലാളിഹോട്ടൽ ഇതിനിടകൊണ്ട് അദ്ദേഹം നിറുത്തിക്കളഞ്ഞു. സമയം മുഴുവൻ ബാലഭവനത്തിനുവേണ്ടി വിനിയോഗിക്കാൻ കഴിയുമെന്നായി. എ

ന്നാൽ മന്ദിരത്തിന്ന വിസ്താരം പോര. ഹൃദയഭേദകമായ കഥകളുള്ള പല അനാഥബാലന്മാൎക്കും പ്രതിദിനം പ്രവേശം നിഷേധിക്കാൻ അദ്ദേഹം നിൎബ്ബന്ധനായിരുന്നു. ഒരു വലിയ മന്ദിരം കിട്ടാതെ തരമില്ലെന്നായി.

അങ്ങനെ അദ്ദേഹം വീണ്ടും വീടുവേട്ട തുടങ്ങി.

വസന്താവസാനത്തോടുകൂടി ഒരു സ്നേഹിതൻ അദ്ദേഹത്തെ അറിയിച്ചു, നഗരത്തിന്നപ്പുറത്തു്, നന്നേ ചുരുങ്ങിയ വാടകയ്ക്കു കിട്ടാൻ സാദ്ധ്യതയുള്ള ഒരു വലിയ കെട്ടിടമുണ്ടെന്നു്. ഫാദർ ഫ്ളാനഗൻ തൽക്ഷണം പാഞ്ഞെത്തി അവിടേയ്ക്കു്. തെക്കേ 13-ാംനമ്പർ തെരുവിലായിരുന്നു അതു സ്ഥിതിചെയ്തിരുന്നതു്. അതിവിശാലമായ ഒരു കെട്ടിടം; രണ്ടു നിലയേ ഉള്ളുവെങ്കിലും വിസ്താരമുള്ളതാണു മുറികൾ. കെട്ടിടം ഏകദേശം ബാലഭവനത്തിൻെറ പത്തിരട്ടി വരും. ചുററുപാടും വിസ്തൃതമായ മൈതാനവും.

ഒരു നോട്ടമേ നോക്കിയുള്ളു; ഫാദർ ഫ്ളാനഗൻ സ്നേഹിതനോടു പറഞ്ഞുകഴിഞ്ഞു, ഇതുതന്നെയാണു തനിയ്ക്കു വേണ്ട കെട്ടിടമെന്നു്.

"ഇതു ഞാൻ എടുത്തുകഴിഞ്ഞിരിക്കുന്നു!" അദ്ദേഹം ഉൽഘോഷിച്ചു "ഇതാ ഇപ്പോൾത്തന്നെ എടുത്തു കഴിഞ്ഞിരിക്കുന്നു!"

ജൎമ്മൻ-അമേരിക്കൻ മന്ദിരം എന്നപേരിൽ വളരെക്കൊല്ലമായി അറിയപ്പെട്ടിരുന്ന കെട്ടിടമായിരുന്നു അതു്; അമേരിക്കയിൽ പാൎത്തിരുന്ന ജൎമ്മൻവംശജന്മാർ സമ്മേളനങ്ങൾക്കും പാട്ടുകച്ചേരികൾക്കുമായി ഉപയോഗിച്ചിരുന്ന കെട്ടിടം. അവിടെ ഇനി അവരുടെ സമ്മേളനങ്ങളൊന്നും ഉണ്ടാവുകയില്ല; കാരണം അമേരിക്ക ജൎമ്മനിയുമായി യുദ്ധത്തിലേൎപ്പെട്ടുകഴിഞ്ഞിരുന്നു.

## XVIII

# പുതിയ പ്രശ്നങ്ങളും പുതിയ പരിപാടികളും

ജൂൺമാസത്തിൽ അവരെല്ലാം പുതിയ കെട്ടിടത്തിലേക്കു മാറിത്താമസിച്ചു.

സാമാനങ്ങളെല്ലാം അങ്ങോട്ടു മാററുമ്പോൾ ആ വൈദികൻ തൻെറ കീശയിൽ ഒരു ലിസ്റ്റും ഭദ്രമായി സൂക്ഷിച്ചിരുന്നു. സാമാനങ്ങളുടെ ലിസ്റ്റല്ല; പഴയ മന്ദിരത്തിൽ പ്രവേശം നിഷേധിക്കപ്പെട്ട ഭവനരഹിതരായ ബാലന്മാരുടെ ഒരു ലിസ്റ്റ്. പുതിയ കെട്ടിടത്തിൽ ഇവക്കു മുൻഗണന നൽകണമെന്നായിരുന്നു അദ്ദേഹത്തിൻെറ നിശ്ചയം. ആദ്യത്തെ ആഴ്ചയിൽ മുപ്പതുപേക്കു പ്രവേശം നൽകി. അങ്ങനെ ആ ചുരുങ്ങിയ കാലത്തിനുള്ളിൽ അവിടത്തെ ജനസംഖ്യ നൂറോളമായി.

കുടുംബത്തിൻെറ ഈ വികാസനം പുതിയ പ്രശ്നങ്ങളെ ജനിപ്പിച്ചു. ചുറുചുറുക്കുള്ള നൂറു കുട്ടികളെ നിയന്ത്രിക്കുക ലഘുസാധ്യമായ കാര്യമല്ലായിരുന്നു. സ്റ്റാഫിലെ അംഗങ്ങളുടെ സംഖ്യയും വർദ്ധിപ്പിക്കണം.

ഭാവി അനിശ്ചിതമാണെങ്കിലും ശുഭകരമായിരിക്കുമെന്ന് അദ്ദേഹത്തിനു തീച്ചയുണ്ടായിരുന്നു. അതിൻെറ പ്ലാനെല്ലാം അദ്ദേഹം ഒരുക്കിവച്ചിരുന്നു. ഇവിടെയാണ്, പില്ക്കാലത്തെ 'ബാലനഗര'ത്തിൻെറ ലോകപ്രസിദ്ധമായ പരിപാടികളിൽ പലതും, പ്രാകൃതരീതിയിലാണെങ്കിലും, ആരംഭിച്ചത്.

ദൃഷ്ടാന്തമായി അവിടത്തെ കളികളുടെ പരിപാടികൾ. പുതിയ ഭവനത്തിൻെറ പിന്നിലുള്ള ഒരു കളിസ്ഥലത്ത് ആ കുട്ടികളെ എല്ലാത്തരം കളികളും അഭ്യസിപ്പിച്ചു പോന്നു—ബെയ്സ്ബോൾ, ഫുട്ബോൾ, ഓട്ടം, മുഷ്ടിയുദ്ധം, ബാസ്കററ്ബോൾ—എല്ലാം.

അവർതന്നെ 'നീല'യെന്നും 'വെള്ള'യെന്നും രണ്ടു ടീമായി തിരിഞ്ഞാണു കളിച്ചുകൊണ്ടിരുന്നത്. എന്നാൽ അവരുടെ മത്സരാവേശം അത്യുൽക്കടമായിരുന്നു. നല്ല കളിക്കാരായിത്തീരുവാൻ കഠിനാദ്ധ്വാനം ചെയ്തു് അവർ പരിശീലിച്ചു—നല്ല വിജയികളും നല്ല തോൽവിക്കാരുമായിത്തീരുവാൻ.

ആദ്യത്തെ വേനൽക്കാലത്തോടുകൂടിത്തന്നെ ആദ്യത്തെ 'ബാൻറും' അവർ സമാരംഭിച്ചു. ഒമാഹായിലെ 'സംഗീത യൂണിയൻ'കാരെ ഫാദർ ഫ്ളാനഗൻ വിളിച്ചുവരുത്തി. തൊഴിൽക്കാർക്ക് ഉപയോഗിക്കാൻ പററാത്ത വല്ല ബാൻറുകുഴലുമുണ്ടെങ്കിൻ വിലയ്ക്കെടുത്തുകൊള്ളാമെന്നദ്ദേഹം പറഞ്ഞു. അവരാകട്ടെ കുറേ ഉപകരണങ്ങൾ സംഭാവനയായി നല്കുകയാണു ചെയ്തതു്. കൂടാതെ ഒമാഹായിലെ ഒരു സംഗീതാദ്ധ്യാപകൻ അവക്കു പ്രതിഫലമെന്യേ പരിശീലനം നല്കാൻ സന്നദ്ധനായി. അദ്ദേഹത്തിൻെറ ശിക്ഷണത്തിൽ അപസ്വരങ്ങളെല്ലാം ക്രമേണ ശുദ്ധസ്വരങ്ങളായി പകന്നുതുടങ്ങി.

അങ്ങനെ ആദ്യത്തെ 'ബാൻറു' സെററുകാരെ

അദ്ദേഹം സംഗീതപ്രകടനത്തിനായി പറഞ്ഞയച്ചു.

തൻെറ ഭവനത്തിലുള്ള കുട്ടികൾ ഏതു തരക്കാരാണെന്നും, അവരുടെ കഴിവുകൾ എത്രത്തോളമുണ്ടെന്നും പൊതുജനങ്ങളെ അറിയിക്കണമെന്നു ഫാദർ ഫ്ളാനഗനാഗ്രഹമുണ്ടായിരുന്നു. മദ്ധ്യപശ്ചിമനഗരങ്ങളിൽ പലതിലും അവരുടെ ബാൻറുവാദ്യപ്രകടനം നടന്നു. സംഗീതവിമർശകന്മാരുടെ അഭിനന്ദനങ്ങൾ അത്രയധികം ലഭിച്ചില്ലെങ്കിലും സാമാന്യജനങ്ങളുടെ 'ബലേ ഭേഷ്' വിളികൾ അവൎക്കു ധാരാളം കേൾക്കാനിടയായി.

ആ ജൎമ്മൻ-അമേരിക്കൻ ഭവനത്തിലെ മറെറാരു പരിപാടി ആദ്യത്തെ കൃഷിപ്രവൎത്തനമായിരുന്നു. ഇതു തുടങ്ങിയതിന്നു ഒരു ചരിത്രമുണ്ടു്: ഒരു പ്രഭാതത്തിൽ കൃഷിക്കാരനായ ഒരാൾ ഒരു ട്രക്കിൽ മന്ദിരത്തിനു മുൻപിൽ വന്നിറങ്ങി. ഫാദർ ഫ്ളാനഗനെ കാണണമെന്നാവശ്യപ്പെട്ടശേഷം അയാൾ ട്രക്കിൻെറ പിൻഭാഗം തുറന്നു് ഒരു കറവപ്പശുവിനെ ഇറക്കിക്കൊണ്ടുവന്നു.

"പണം തരാൻ കയ്യിലില്ലച്ചാ" അയാൾ ഫ്ളാനഗനോടു പറഞ്ഞു: "അച്ചനും കുട്ടികൾക്കുംകൂടി ഞാൻ ല്യൂസിയെ വിട്ടുതന്നിരിക്കുന്നു."

ല്യൂസിപ്പശുവിനെ അവർ പിൻവശത്തുള്ള മുററത്തു കെട്ടിനിറുത്തി. പശുവിനെ കറക്കേണ്ടതു ആരാണെന്നതിനെപ്പററി വാദപ്രതിവാദം നടന്നു. ഫ്ളാനഗൻെറ തീരുമാനം എല്ലാവരും മാറിമാറി കറക്കണമെന്നായിരുന്നു. ഭവനത്തിലെ കുട്ടികളിൽ പലരും കൃഷിക്കാരുടെ മക്കളാണ്. അവൎക്കു കുറേക്കഴിഞ്ഞാൽ തങ്ങളുടെ കൃഷിപ്പണിക്കു പോകേണ്ടിവരും. അതിനാൽ അവർ കന്നുകാലിവളൎത്തലും കുറച്ചൊക്കെ പരിശീലിക്കുന്നതു നന്നായിരിക്കുമെന്നു അദ്ദേഹത്തിനു തോന്നി. ഇതിൽനിന്നാണു ശാസ്ത്രീയമായ കൃഷിപ്രവൎത്തന

ത്തിൻെറ പ്ലാൻ അദ്ദേഹം വിധാനം ചെയ്തതു്. ഇക്കാര്യ ത്തിൽ ഇന്ന ബാലനഗര ദസ്റ്ററവക ഏത്ര കാഷികകലാലയത്തോട്ടം കിടപിടിക്കുന്നുണ്ടു്. ഇവിടെ, ഒരു ചെറിയ തോതിലായിരുന്നു, അതിൻെറ ആരംഭം.

ഒരു ചെറിയ സ്ഥലം തെളിച്ച സസ്യത്തോട്ടമുണ്ടാക്കി. അയൽക്കാരായ കഷ്കർ ഇക്കാര്യത്തിൽ പല നിർദ്ദേശങ്ങളും സഹായങ്ങളും നല്കി. അതുപോലെ കോഴിവളത്തലും.

നൂറിൽപ്പരം കുട്ടികളായി, ഇപ്പോൾ ആ ബാലഭവനത്തിൽ. അതോടുകൂടി കടലാസ്സിലുള്ള ജോലികളുടെ വർദ്ധിച്ച ആവശ്യം അനുഭവപ്പെട്ടുതുടങ്ങി. ഭവനവാസികളുടെ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുക, കത്തിടപാടുകൾ നടത്തുക എന്നിതെല്ലാം ഒഴിച്ചുകൂടാത്ത ജോലികളായിത്തീൎന്നു. പ്രവത്തനങ്ങൾ സജീവമായി നടത്താൻ വേണ്ട ഫണ്ടു കിട്ടണമെങ്കിൽ കത്തുകൾവഴിക്കു് പൊതുജനങ്ങളെ അവയുടെ വിവരങ്ങൾ അറിയിക്കേണ്ടിയിരുന്നു. ഇക്കാര്യത്തിൽ ഫ്ളാനഗനെ സഹായിക്കാൻ സന്നദ്ധരായി ഒമാഹായിലെ സ്ത്രീപുരുഷന്മാരായ പല ക്ലാൎക്കുകളും മുന്നോട്ടുവന്നു.

അതിനേക്കാളുപരിയായി അദ്ദേഹത്തിനാശ്വാസം നല്കിയതു്, തൻെറ ഒരു സഹോദരീപുത്രനായ പാട്രിക്ക് നോർട്ടൺ എന്നയാളെ സഹായിയായി ലഭിച്ചതായിരുന്നു. ഫാദർ ഫ്ളാനഗൻെറ മുഖ്യസഹായി മാത്രമല്ല, ആപ്തമിത്രവുമായിത്തീൎന്നു നോട്ടൺ. പ്രയാസങ്ങളുടെയും അഭിവൃദ്ധിയുടെയും കാലങ്ങളിലെല്ലാം അവർ ഇരുവരും പിരിയാതെ പ്രവത്തിച്ചിരുന്നു. പില്ക്കാലത്തു നോർട്ടൺ ബാലനഗരത്തിലെ ബിസിനസ്സ് മേനേജരായിത്തീൎന്നു. ഇന്നും ആ ഉദ്യോഗം അദ്ദേഹം വഹിച്ചുകൊണ്ടിരിക്കുന്നു. ഫാദർ ഫ്ളാനഗൻ മരിക്കുമ്പോൾ അ

ദ്ദേഹത്തിൻെറകൂടെയുണ്ടായിരുന്നതു നോട്ട്ണായിരുന്നു.

ഈ ജമ്മൻ—അമേരിക്കൻ മന്ദിരമെട്ടത്തിട്ട് അധികകാലം കഴിയുന്നതിനുമുമ്പ്, സമീപത്തുള്ള സ്ത്രീകളെല്ലാവരും ഒരു യോഗംകൂടി. മന്ദിരവാസികൾക്കു എന്തു സഹായം നല്കാൻ തങ്ങൾക്കു സാധിക്കുമെന്നുള്ള കാര്യം അവർ ചച്ച്ചെയ്തു. ഫാദർ ഫ്ളാനഗൻെറ കുട്ടികളെ സഹായിക്കുവാൻ തങ്ങൾ "അമ്മമാരുടെ ഒരു ധമ്മസംഘം" സ്ഥാപിച്ചിരിക്കുന്ന വിവരം അവർ അദ്ദേഹത്തെ അറിയിച്ചു. വസ്ത്രമലക്കുക, തേയ്ക്കുക, തുന്നുക എന്നിവയെല്ലാം അവർ മുറയ്ക്കു ചെയ്തുകൊടുത്തിരുന്നു. 20 പേരടങ്ങിയ ആ സംഘത്തിൻെറ സഹകരണംകൊണ്ടു് ഭവനത്തിൻെറ പ്രവത്തനഭാരം വളരെ ലഘൂകരിക്കപ്പെട്ടു. എന്നു മാത്രമല്ല, തങ്ങളുടെ സുഹൃത്തുക്കളും ക്ലബുകളും വഴിക്ക് അവർ വലുതായ പ്രചാരണവും നടത്തിക്കൊണ്ടിരുന്നു.

ഈ ബാലഭവനത്തിൻെറ ചരിത്രം പരസ്യപ്പെടുത്തേണ്ടതു് എത്രത്തോളം ആവശ്യകമാണെന്നു ഫാദർ ഫ്ളാനഗനു തോന്നിത്തുടങ്ങി. ഈ പരിത്യക്തരായ ബാലന്മാർ സുഖമായി കഴിയുന്നുണ്ടു്; അപഥങ്ങളിലേയ്ക്കു് അവർ ചിന്തിരിയാറില്ല; സാധാരണജീവിതം നയിക്കുന്നുണ്ടു്, ഉത്തമ പൗരന്മാരായി വളൻവരികയാണു്—ഇതെല്ലാം പൊതുജനങ്ങൾ അറിയണം. ഈ ഉദ്ദേശത്തോടുകൂടി അദ്ദേഹം അവരുടെ ആദ്യമാസികയായ 'ബാലമന്ദിര പത്രിക' പ്രസിദ്ധീകരിച്ചു. ഫാദർ ഫ്ളാനഗനും കുട്ടികളുംകൂടിയാണു് അതെഴുതിയുണ്ടാക്കിയിരുന്നതു്; അച്ചടിച്ചിരുന്നതു് ഒമാഹായിലെ ഒരു വ്യാപാരശാലക്കാരും.

പ്രസിദ്ധീകരണരംഗത്തിൽ ഒരു വിജയമൊന്നുമായിരുന്നില്ല ഈ മാസിക. എന്നാൽ അതിൽ ഭവന

ത്തിലെ സംഭവങ്ങൾ, ലഭിച്ചുകൊണ്ടിരുന്ന സംഭാവനകൾ, കളികളുടെ വിവരങ്ങൾ എന്നിവയെല്ലാം രേഖപ്പെടുത്തിയിരുന്നു. ആ പ്രസിദ്ധീകരണം ഇപ്പോൾ ഇല്ല. എങ്കിലും ഇന്നു ബാലനഗരത്തിൽ അതിൻെറ പിൻഗാമിയായ 'ബോയ്സ് ടൗൺ ടൈംസ്' സ്വന്തം പ്രസ്സിൽ അച്ചടിച്ചു വിതരണം ചെയ്യുന്നുണ്ട്.

സോപ്പുനിർമ്മാണത്തിൽ ചെയ്ത പരീക്ഷണമായിരുന്നു മറെറാന്ന്. ഇതത്ര വിജയപ്രദമായില്ല. ആദ്യമൊക്കെ കുറേ വിററഴിഞ്ഞുവെങ്കിലും ഗണ്യമായ ലാഭം കിട്ടാതിരുന്നതിനാൽ പിന്നീടു നിർമ്മിക്കുന്ന സോപ്പുകൾ വീട്ടാവശ്യത്തിനുമാത്രം ഉപയോഗിച്ചാൽ മതിയെന്നു ഫ്ളാനഗൻ ആജ്ഞ നല്കി.

സംഭാവനകൾ അപ്പോഴും മുറയ്ക്കു ലഭിച്ചുകൊണ്ടിരുന്നു; വലിയവരിൽ നിന്നല്ല, ഔദാര്യസ്ഥാപനങ്ങളിൽ നിന്നുമല്ല, കാര്യമായി ഒന്നുമില്ലാത്തവരിൽനിന്ന്; ചെറിയ ചെറിയ തുകകളായി.

ഒരു ദിവസം ഉച്ചകഴിഞ്ഞു് 'അമ്മമാരുടെ ധർമ്മസംഘ'ത്തിൽപ്പെട്ട ഒരു സ്ത്രീ ഡിന്നർപ്പാത്രങ്ങളടങ്ങിയ ഒരു വലിയ പെട്ടിയുമായി അവിടെ വന്നുചേന്നു. ഫാദർ ഫ്ളാനഗൻെറ സ്വന്തം ഉപയോഗത്തിനുവേണ്ടി താൻ വിലയ്ക്കു വാങ്ങിയവയാണു് ആ പാത്രങ്ങളെന്നു് അവർ വിശദമാക്കി.

"വളരെക്കാലമായില്ലേ അച്ചൻ ഈ പൊട്ടിയ പാത്രങ്ങളിൽ തീൻ കഴിക്കാൻ തുടങ്ങിയിട്ടു്" അവർ പറഞ്ഞു: "അദ്ദേഹത്തെപ്പോലുള്ള ഒരാൾക്കു് ഭക്ഷണത്തിനു കുറച്ചു ഭേദപ്പെട്ട പാത്രങ്ങൾ കൂടിയേതീരൂ; ചോർച്ചയില്ലാത്ത കാപ്പിക്കപ്പുകളും".

എങ്ങനെയായാലും ബുദ്ധിമുട്ടു വരുമ്പോളൊക്കെ എവിടെനിന്നെങ്കിലും പണവും തുണിയും തീൻസാധനങ്ങളും വന്നുകൊണ്ടിരിക്കും. ഫാദർ ഫ്ളാനഗന്ന് ഇതിൽ ആശ്ചര്യം തോന്നിയില്ല. തന്നെയും തൻെറ കുട്ടികളേയും എല്ലാവരേയും ദൈവം തുണയ്ക്കുമെന്ന് ആദ്യംമുതൽക്കുതന്നെ അദ്ദേഹത്തിന്നു ദൃഢമായ ആത്മവിശ്വാസമുണ്ടായിരുന്നു.

അകലെയുള്ള നഗരങ്ങളിലും സ്റ്റേററുകളിലുംനിന്നു കുട്ടികൾ വന്നുകൊണ്ടിരുന്നു. എന്നാൽ ഒമാഹായിലുള്ള ചിലർക്ക് ഈ ബാലഭവനത്തോടു നാൾചെല്ലുന്തോറും നീരസം തോന്നിത്തുടങ്ങി. "ഈ കുട്ടികളിൽ പലരും ക്രിമിനൽപ്പുള്ളികളായിരുന്നു; മററുള്ളവർ അനാഥബാലന്മാരും. കുട്ടികളെ എടുക്കുന്ന കാര്യത്തിൽ അവരുടെ മതവും ജാതിയും വർണ്ണവുമൊന്നും ഈ അച്ചൻ നോക്കാറില്ല; എല്ലാവരോടും ഒന്നുപോലെ പെരുമാറുന്നു"—ഇത്തരം അഭിപ്രായക്കാരായ കൊടിയ വിമർശകന്മാർ പലരുണ്ടായിരുന്നു. ചിലർ ബാലഭവനത്തെ വർണ്ണിച്ചിരുന്നതു്, 'കൊച്ചുകള്ളന്മാൎക്കുവേണ്ടിയുള്ള ഫാദർ ഫ്ളാനഗൻെറ സംസ്കാരപാഠശാല' എന്നായിരുന്നു. മററു ചിലർ വെള്ളക്കാരെയും ചൈനാക്കാരെയും നീഗ്രോമാരെയും ഒരുതരംതിരിവും കൂടാതെ അവിടെ പാൎപ്പിക്കുന്നതിൽ കഠിനമായ പ്രതിഷേധം മുഴക്കി.

"മനുഷ്യരെല്ലാം ദൈവദൃഷ്ടിയിൽ ഒന്നാണെങ്കിൽ" ഒരു രാഷ്ട്രീയനേതാവ് ചോദിച്ചു: "എന്തിനാണ് ദൈവം അവരെ പല നിറത്തിൽ സൃഷ്ടിച്ചതു്?"

ഇതിനു ഫ്ളാനഗൻെറ മറുപടിച്ചോദ്യമല്ലേ കേൾക്കേണ്ടതു്:

"നിങ്ങൾക്കു പറയാമോ, ആത്മാവിൻെറ നിറം എന്താണെന്ന്?"

തന്റെ കുട്ടികൾക്കു പബ്ളിക്ക് സ്കൂളിൽനിന്നു ലഭിച്ചുകൊണ്ടിരുന്ന അനുഭവം ഫാദർ ഫ്ളാനഗനെ വല്ലാതെ വേദനിപ്പിച്ചിരുന്നു. ഫ്ളാനഗൻഭവനത്തിൽ നിന്നു വന്നവരാണെന്നറിഞ്ഞാൽ ക്ലാസ്സിലെ മററു കുട്ടികൾ അവരെ കള്ളന്മാരെന്നും ക്രിമിനൽപ്പുള്ളികളെന്നുമൊക്കെ വിളിച്ചുപഹസിക്കാൻ തുടങ്ങും. പലപ്പൊഴും തന്റെ കുട്ടികൾ സ്കൂളിൽനിന്നു മടങ്ങുന്നതു വിഷാദം നിറഞ്ഞ ദൃഷ്ടികളോടെയോ, സ്കൂൾമുററത്തെ വഴക്കിന്റെ അടയാളമായ മുറിവുകളോടെയോ ആയിരിക്കും. "അവരാണു വഴക്കു തുടങ്ങിയതു്, ഞങ്ങളെ കള്ളപ്പുള്ളികളെന്നു് വിളിച്ചുകൊണ്ടു്" ആ കുട്ടികൾ സങ്കടം പറയും; "ഫ്ളാനഗന്റെ കള്ളപ്പുള്ളികളെന്നു്."

ശിഥിലമായ കുടുംബങ്ങളിലും മോശപ്പെട്ട കുടുംബപരിതഃസ്ഥിതികളിലുംനിന്നു വന്നിട്ടുള്ള കുട്ടികളിൽ പലക്കും പ്രത്യേകോപദേശങ്ങൾ ആവശ്യമായിരുന്നു എന്നും പബ്ലിക്ക് സ്കൂളുകളിൽ ആ ഉപദേശങ്ങൾ ലഭിക്കുക സാദ്ധ്യമല്ലായിരുന്നുവെന്നും ഫ്ളാനഗൻ മനസ്സിലാക്കി.

ജമ്മൻ—അമേരിക്കൻ മന്ദിരത്തിൽ താമസമാക്കിയ് അക്കൊല്ലംതന്നെ അദ്ദേഹം തന്റെ സ്കൂളും തുടങ്ങി. മിക്കവരും നന്നേ ചെറിയ കുട്ടികളായിരുന്നതിനാൽ പ്രൈമറിസ്കൂളായിട്ടാണ് അതാരംഭിച്ചതു്. അധ്യാപകസംഘാംഗങ്ങൾ, ഫ്ളാനഗനും പാട്രിക് നോർട്ടണും കന്യാസ്ത്രീകളുമായിരുന്നു. വിദ്യാഭ്യാസത്തിനു തടസ്സം വരികയോ, അതു തുടങ്ങുവാൻപോലും കഴിയാതിരിക്കയോ ചെയ്തിട്ടുള്ള കുട്ടികളുടെ പ്രത്യേകാവശ്യങ്ങൾ പുരസ്കരിച്ചു് പാഠപദ്ധതി തയ്യാറാക്കിയിട്ടുള്ള ഒരു വിശേഷപ്പെട്ട വിദ്യാലയമായിരുന്നു അതു്.

അന്നുമുതല്ക്കു ബാലഭവനത്തിനു സ്വന്തം സ്കൂളുണ്ട്. ഇന്നു ഒരൊന്നാംഗണത്തിൽപ്പെട്ട ഹൈസ്കൂളായി അതു വികസിച്ചിരിക്കുന്നു. രാജ്യത്തിലുള്ള മറേറതു പ്രിപ്പറേട്ടറി സ്കൂളുകളുടേതിനോടും കിടപിടിക്കുന്ന അദ്ധ്യാപകസമ്പത്തോടുകൂടിയ ആ വിദ്യാലയം മുൻപന്തിയിലുള്ള ഒരു വിദ്യാഭ്യാസകേന്ദ്രമായി ഗണിക്കപ്പെടുന്നു.

## XIX

### "ചീത്തക്കുട്ടികൾ എന്നൊരു കൂട്ടരേ ഇല്ല"

1918 നോടടുത്തു് ഫാദർ ഫ്ളാനഗന് അമേരിക്കൻപൗരത്വം ലഭിച്ചുകഴിഞ്ഞിരുന്നു. 1920-ൽ, ഒമാഹായിലെ മെത്രാൻ എക്സ്-ഒഫിഷ്യോ പ്രസിഡണ്ടായി, ബാലഭവനം ഒരു നിയമാനുസൃതസ്ഥാപനമായി അംഗീകരിക്കപ്പെട്ടു. ആദ്യത്തെ പ്രസിഡണ്ടു്, ബാലഭവനം സ്ഥാപിക്കാൻ അനുമതി നൽകിയ ആർച്ച് ബിഷപ്പ് ഹാർട്ടി തന്നെയായിരുന്നു.

രാജ്യവ്യാപകമായ പ്രശസ്തി ബാലഭവനത്തിന് ഇനിയും കൈവന്നുകഴിഞ്ഞിരുന്നില്ല. എന്നാൽ വക്കീലന്മാർ, ജഡ്ജിമാർ, ഡോക്ടർമാർ, സാമൂഹ്യപ്രവർത്തകന്മാർ മുതലായവരുടെയിടയിൽ അതിനെക്കുറിച്ചുള്ള സംസാരം ധാരാളം നടന്നിരുന്നു. ആദ്യമാദ്യം വന്നിരുന്ന സന്ദർശകന്മാർ സാമൂഹ്യപ്രവർത്തകന്മാരായിരുന്നു. പൂജാരിയുടെ എന്തോ മന്ത്രതന്ത്രങ്ങൾകൊണ്ടാണ് ചീത്തക്കുട്ടികളെ അവിടെ നന്നാക്കിയെടുത്തിരുന്നതെന്നു



ബാലനഗരത്തിൽ ഒരു ബാലനെ സ്വീകരിക്കുന്നു.

കേട്ട ക്രമേണ ദേശാടകന്മാരും ദർശനകുതുകികളും വന്നു തുടങ്ങി. കോൺഗ്രസ്സുകാരും വിദേശ്യരാജ്യതന്ത്രജ്ഞന്മാരും ബിസിനസ് പ്രഭുക്കന്മാരും, സിനിമാതാരങ്ങൾ പോലും, ഒരു മലഞ്ചെരുവിലെ തെരുവിനടുത്തുള്ള ആ പഴഞ്ചൻ കെട്ടിടം കാണാൻ വന്നുകൊണ്ടിരുന്നു.

1921 സെപ്തംബർ 1-ാംതീയതിവരെ ആ ഭവനത്തിൽ ആകെ 1,251 കുട്ടികൾക്ക് താമസസൗകര്യം നൽകിയിട്ടുണ്ട്. ഇവരിൽ ഏറിയപങ്കും ഒമാഹായിൽ നിന്നു വന്നിരുന്നവരാണ്. എന്നാൽ ഒരു നല്ല സംഖ്യ മററു 16 സ്റ്റേററുകളിലുംനിന്ന്—കിഴക്കു ഓഹയോ മുതൽ പടിഞ്ഞാറു വാഷിംങ്ടൺ വരെയുള്ള സ്റ്റേററുകളിൽനിന്നു—വന്നവരുമുണ്ടായിരുന്നു.

ചിലർ ഏതാനും മാസങ്ങൾ താമസിച്ചശേഷം, ഒരു പുതിയ ജീവിതാരംഭത്തിന് സജ്ജീകൃതരായി വീടുകളിലേയ്ക്കയയ്ക്കപ്പെട്ടും. മററു ചിലരെ ഫാദർ ഫ്ളാനഗൻെറ നിഷ്കൃഷ്ടമായ പരീക്ഷണത്തിനുശേഷം ചില വീട്ടുകാർ ദത്തെടുത്തുകൊണ്ടുപോകാറുമുണ്ട്.

എങ്കിലും ആഴ്ചതോറും ഈ ജമ്മൻ-അമേരിക്കൻ മന്ദിരത്തിൽ ആൾത്തിരക്കു വർദ്ധിച്ചുതുടങ്ങി. ആരോ പറഞ്ഞതുപോലെ ആത്മാക്കളുടെ ഈ വ്യവസായശാലയ്ക്കു് ഒരു ബാഹ്യമായ വികാസനം ഇനിയും ആവശ്യമായിവന്നു. കൂടുതൽ പേരെ ചേർക്കുവാൻ മാത്രമല്ല: ഫ്ളാനഗന്നു കൂടുതൽ സ്ഥലം ആവശ്യമായി തോന്നിത്തുടങ്ങി; ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ കൃഷിചെയ്തുണ്ടാക്കാനും, ആവശ്യമുള്ള ജന്തുക്കളെ വളത്തി സംരക്ഷിക്കാനും.

ആദ്യം ഒരു മുട്ടശാന്തിമാർഗ്ഗമാണ് പരീക്ഷിച്ചതു്. ഒമാഹായുടെ വടക്കേ അതിത്തിയിൽ ഫ്ളോറൻസ് ജില്ലയിൽ 'സെവൻ ഓക് ഫാം' എന്നറിയപ്പെട്ടുന്ന

ഒരു സ്ഥലം വാങ്ങിക്കുവാൻ സ്നേഹിതന്മാർ അദ്ദേഹത്തെ സഹായിച്ചു. അതു ഭവനംവക സ്വത്തായിത്തീൎന്നു.

അവിടെ നടത്തിത്തുടങ്ങിയ കൃഷിപ്രവൎത്തനങ്ങളിൽ, കൃഷിക്കാരനായ ഒരു പാട്ടക്കാരനെ സഹായിക്കുവാൻ, വാരാവസാനംതോറും ഫ്ളാനഗൻെറ കുട്ടികൾ ചെന്നുകൊണ്ടിരുന്നു. ചാക്കുനിറയെ ധാന്യങ്ങളും സസ്യങ്ങളും ഈ കുട്ടികൾതന്നെയാണ് എടുത്തുകൊണ്ടു പോയിരുന്നതു്.

എന്നാൽ ഇവിടത്തെ കൃഷിയിൽ വിളവ് അത്ര നന്നായിക്കാണാഞ്ഞതിനാൽ ഫ്ളാനഗൻ ആ സ്ഥലം വിററ്, അടുത്തുള്ള 'നാല്പതേക്കർ' എന്നറിയപ്പെടുന്ന ഒരു സ്ഥലം വാങ്ങിച്ചു. ഇവിടത്തെ വിളവു അത്ര മോശമല്ലായിരുന്നു. എങ്കിലും തൻെറ മനോരാജ്യത്തിനു ചേൎന്ന വിധത്തിൽ അതത്ര ഗുണമുള്ളതായിക്കണ്ടില്ല. ആ പ്രദേശംതന്നെ വളക്കൂറില്ലാത്തതു്. ഭവനത്തിലാണെങ്കിൽ കുട്ടികളുടെ പെരുപ്പംകൊണ്ടു് സ്ഥലമില്ലാതെയുമായി. പുതിയൊരു കെട്ടിടം ഇനിയും തിരയേണ്ടിടിക്കായിരിക്കുന്നു.

ഒരിക്കൽക്കൂടി ആ വൈദികൻ പുതിയൊരു വസതിയന്വേഷിച്ചു യാത്രതുടങ്ങി.

ഇത്തവണ സ്ഥലമന്വേഷിക്കാൻ ഇറങ്ങിയപ്പോഴാണ്, താൻ കള്ളപ്പുള്ളികളെ വളൎത്തുകയായിരുന്നുവെന്ന് പണ്ടേ ആക്ഷേപം പുറപ്പെടുവിച്ചിരുന്നവരുടെ 'ശാന്തമായ എതിൎപ്പി'നെ അഭിമുഖീകരിക്കേണ്ടിവന്നതു്—അയൽപ്രദേശക്കാരിലാൎക്കുംതന്നെ അവരെ ആവശ്യമുണ്ടായിരുന്നില്ല.

ഒമാഹായിൽത്തന്നെ മുമ്പു സ്കൂളായി ഉപയോഗിച്ചിരുന്ന ഒരു കെട്ടിടം ഫാദർ ഫ്ളാനഗൻെറ ദൃഷ്ടിയിൽപ്പെട്ടിരുന്നു. അതിനു വേണ്ട വലിപ്പമുണ്ടു്. കെട്ടി

ടവും വളപ്പുമൊന്നിച്ചു വില്ക്കുവാൻ ഉടമസ്ഥന്മാർ തയ്യാറുമായിരുന്നു.

അപ്പോളതാ, വന്നുതുടങ്ങി പ്രതിഷേധങ്ങൾ. ഉച്ചത്തിലല്ല, ശാന്തവും തന്ത്രപരവുമായ വിധത്തിൽ; സ്വാധീനശക്തിയുടെ നയപരമായ സകല കഴിവുകളുമുപയോഗിച്ചുകൊണ്ട്. അയൽവാസികളായ ചിലർ പ്രതിഷേധത്തിൽ ഉറച്ചുതന്നെ നിന്നിരുന്നു. അവർ യോഗംകൂടി പാസ്സാക്കിയ ഒരു നിശ്ചയത്തിൽ, കുട്ടികളുടെ സാന്മാർഗ്ഗികമായ അഭിവൃദ്ധിയിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്ന തങ്ങളുടെ പരിസരങ്ങളിൽ ഈ കുററപ്പുള്ളികളും ഒരിക്കലും നന്നാക്കാൻ കഴിയാത്തവരുമായ കുട്ടികളെക്കൊണ്ടുവന്നു പാർപ്പിച്ചാൽ സംഭവിക്കാവുന്ന അപകടം പ്രത്യേകം ചൂണ്ടിക്കാണിച്ചിരുന്നു.

ഈ യോഗനിശ്ചയം പാസ്സായതിനെത്തുടർന്ന് ഒരു ദിവസം പത്രപ്രതിനിധികൾ ഫാദർ ഫ്ളാനഗനെ സന്ദർശിക്കാൻ വന്നു. അവരോടദ്ദേഹം പറഞ്ഞു:

"ഈ എതിർപ്പുകാർ ആത്മാർത്ഥതയുള്ളവർതന്നെ; പക്ഷേ എന്തിനെയാണു തങ്ങൾ എതിർക്കുന്നതെന്ന് അവക്കറിഞ്ഞുകൂടെന്നേയുള്ളു. എൻെറ സ്കൂൾ ഒരു ദുർഗ്ഗുണപരിഹാരപാഠശാലയാണെന്ന് അവർ പറയുന്നു. അങ്ങനെയല്ല. ഒരേ ഒരു ദുർഗ്ഗുണപരിഹാരശാലയേഉള്ളു ഈ സ്റ്റേററിലാകെ. അതു കീർണ്ണിയിലാണ്. എൻെറ ബാലഭവനം എല്ലാവിധത്തിലും ഒരു ഭവനമാണ്. ഒമാഹായിലെ ഏതു ഭവനവുംപോലെ സുശിക്ഷിതവും ക്രമവൽകൃതവും."

പിന്നെ അദ്ദേഹം ആ പത്രപ്രതിനിധികളോട് ഇത്തരമൊരു ഭവനത്തിൻെറ ആവശ്യത്തെപ്പററി വിശദീകരിച്ചു.

"രണ്ടോഴ്ചയേ ആയുള്ളു, ഒരു പാതിരായ്ക്ക് എന്നെ

ചിലർവന്ന് 16-ാം നമ്പർ തെരുവിലേയ്ക്കു കൂട്ടിക്കൊണ്ടു പോയി. ഒരു ചളിക്കുണ്ടിൽ കയറി ചുരുണ്ടുകൂടികിടന്നിരുന്ന ഒരു പാവപ്പെട്ട ബാലനെ അവർ എനിക്കു കാട്ടിത്തന്നു. ആ ചളിക്കുണ്ടിൽ അവനെ ആ രാത്രി വിട്ടിട്ടു പോയിരുന്നുവെങ്കിൽ, പിറേറദിവസം മരവിച്ച ഒരു മൃതശരീരം നമുക്കു പൊക്കിയെടുക്കാമായിരുന്നു.''

തൻെറ കുട്ടികളേക്കുറിച്ചു പൊതുവേ അദ്ദേഹം ഇങ്ങനെ പറഞ്ഞു:

''അവർ ചീത്തക്കുട്ടികളല്ല. അവർ വെറുതേ തെററിദ്ധരിക്കപ്പെട്ടുകയാണ്. അവരെ മനസ്സിലാക്കാൻ കഴിയുന്നവരുമായി സമ്പക്ക്ത്തിലേപ്പെട്ടുമ്പോഠം ഒമാഹായിലെ ഏതു നല്ല കുടുംബത്തിലേയും കുട്ടികളെപ്പോലെ അവർ വിനേയന്മാരായിത്തീരും''.

എന്നാൽ എതിപ്പുകാക്കു മറുപടി കൊടുത്തതുകൊണ്ടു കാര്യമായില്ല. തൻെറ കുട്ടികളെ ആവശ്യമില്ലാത്ത പരിസരങ്ങളിൽ അവരെ കൊണ്ടിടുന്നതു തെററാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. വീടുകളിൽ തങ്ങളെ ആവശ്യമില്ലാഞ്ഞിട്ടാണല്ലോ അവർ തൻെറ മന്ദിരത്തിൽ അഭയം തേടിയിരിക്കുന്നതു്.

അപ്പോളാണ് അദ്ദേഹത്തിൻെറ ഓർമ്മയിലെത്തിയതു്, ഒമാഹായിൽനിന്നു പടിഞ്ഞാറുഭാഗത്തായി, ഒരു കുന്നിൻമുകളിലുള്ള വിശാലമായ കൃഷിസ്ഥലത്തിൻെറ കാര്യം. അവിടെനിന്നു നോക്കിയാൽ ചുററുപാടും വിസ്തൃതമായ വയലുകഠം കാണാം.

കുടിപാർപ്പുള്ള സ്ഥലങ്ങളിൽനിന്നു വളരെ അകലത്തായിരുന്നു ഈ കൃഷിസ്ഥലം. അതുകൊണ്ടു ദുർജ്ജനസഹവാസത്തിൻെറ ഉപദ്രവം പൊക്കിക്കാണിച്ച് ആക്കും ആക്ഷേപിക്കുവാൻ തരമുണ്ടായിരുന്നില്ല. വികസിച്ചുവരുവാൻ സ്ഥലവും ധാരാളം. ഒരു കെട്ടിടത്തിനു

മാത്രമല്ല, അനവധി കെട്ടിടങ്ങൾക്കു വേണ്ട സ്ഥലം. വേണ്ടിവന്നാൽ കുട്ടികളുടെ ഒരു നഗരംതന്നെ സ്ഥാപിക്കാൻ വേണ്ട സ്ഥലം.

വലിയൊരു തോട്ടമുടമസ്ഥനായ ജോസഫ് ഓക്കീഫ് പറഞ്ഞു, പക്ഷേ ആ സ്ഥലം വാങ്ങിക്കാൻ കഴിഞ്ഞേക്കുമെന്ന്. 'ഓവർലുക്ക് ഫാം' എന്നു പേർ പറഞ്ഞുവന്നിരുന്ന 94 ഏക്കർ വിസ്തീർണ്ണതയുള്ള ആ സ്ഥലവും അതിലുണ്ടായിരുന്ന കെട്ടിടങ്ങളുമെല്ലാം അവർ ഇരുവരുംകൂടി ഒന്നു ചുററിനടന്നു കണ്ടു.

ഫ്ളാനഗൻെറ പ്രവൎത്തനങ്ങളിൽ വളരെ ആനുകൂല്യമുള്ള ഒരു ഹൃദയാലുവായിരുന്നു ഓക്കീഫ്. ഒന്നാംതരം ഒരു ബിസിനസ്‌വൈഭവമുള്ളയാളും.

"'ഓവർലുക്ക് ഫാമി'ൻെറ വില അനേകായിരം ഡോളർ വന്നേയ്ക്കും" അയാൾ പറഞ്ഞു. "അങ്ങയെ അധൈര്യപ്പെടുത്തണമെന്ന് എനിക്കുദ്ദേശമില്ല; എങ്കിലും അത്രമാത്രം പണം അങ്ങയുടെ കൈവശമുണ്ടോ, ഫാദർ?"

ഫ്ളാനഗൻ സവിഷാദം മന്ദഹസിച്ചു: ബാങ്കിൽ കുറേ ആയിരം ഡോളർ അദ്ദേഹം നിക്ഷേപിച്ചിരുന്നു. ഒരു പുതിയ ഭവനത്തിൻെറ ആവശ്യത്തിലേയ്ക്കായി നീക്കിവച്ചിരുന്ന പണമായിരുന്നു ഇതു്. ഇതിനും പുറമേ ആ 40 ഏക്കർ പുരയിടവും.

"അങ്ങയുടെ സമ്പാദ്യമെല്ലാംകൂടി മുൻപറഞ്ഞ സ്ഥലത്തിൻെറ വിലയിൽ അഞ്ചിലൊന്നു വരികയില്ല. പിന്നെയെങ്ങനെ ഓവർലുക്ക് ഫാം വാങ്ങുവാൻ അങ്ങേയ്ക്കു കഴിയും?"

"പണം ഞങ്ങൾക്കു കിട്ടും" ഫ്ളാനഗൻ പറഞ്ഞു. ആ തോട്ടമുടമസ്ഥൻെറ അവിശ്വാസഭാവം കണ്ടിട്ട് അദ്ദേഹം തുടൎന്നു: "ഞങ്ങളുടെ സംഭാവനകൾ സാവധാനമെങ്കിലും മുറയ്ക്കു വന്നുകൊണ്ടാണിരിക്കുന്നതു്. അതു സാക്ഷാൽ മൂലധനമാണല്ലോ. കുറേക്കൂടി സാവകാശം കിട്ടിയാൽ—"

അദ്ദേഹത്തിൻെറ അതിവിശ്വാസം കണ്ടു നെടുവീൎപ്പിടുവാനേ ഓക്കീഫിനു കഴിഞ്ഞുള്ളു. ഓവർലൂക്കിനു ഒരുലക്ഷം ഡോളറിൽ കുറയാതെ വില വന്നേക്കുമെന്നു തുറന്നു പറയാനുള്ള ധൈൎയ്യം അയാൾക്കുണ്ടായില്ല. ഈ ശുദ്ധഗതിക്കാരനായ വൈദികൻ വിചാരിക്കുന്നു, 40 ഏക്കർ സ്ഥലവും ഏതാനും ആയിരം ഡോളർ രൊക്കവും,ബാക്കി ഒരിക്കൽ കിട്ടുമെന്നു പ്രതീക്ഷിക്കുന്ന സംഭാവനകൾകൊണ്ടു് തവണകളായിട്ടും, കൊടുത്താൽ ആ വിസ്തൃതപ്രദേശം വാങ്ങാമെന്നു്!

ആ വസ്തുവിൻെറ ഉടമസ്ഥന്മാർ ഡേവിഡ് ബോം എന്ന ലക്ഷപ്രഭുവും അദ്ദേഹത്തിൻെറ പത്നിയുമാണെന്നു് ഓക്കീഫ് വെളിപ്പെടുത്തി. ബിസിനസ്സിൽ വളരെ വിജയം നേടിക്കൊണ്ടിരുന്ന ഒമാഹായിലെ ഒരു വലിയ വൈയവസായികനായിരുന്നു ബോം.

"ഹൃദയമുള്ള ഒരു നല്ല മനുഷ്യനാണയാൾ" ഓക്കീഫ് ശാന്തസ്വരത്തിൽ പറഞ്ഞു. "എങ്കിലും ഒരു ബിസിനസ് വൈഭവമുള്ള വനുമാണു്"

തൻെറ മുമ്പിലിരുന്നിരുന്ന ആ ദീൎഘകായനായ വൈദികൻ സ്വന്തം മനോരാജ്യത്തിൻെറ പ്ലാനെല്ലാം വിശദീകരിച്ചു വൎണ്ണിക്കുന്നതു്, മരവിച്ച നിശ്ശബ്ദതയോടെ ബോം കേട്ടുകൊണ്ടിരുന്നു.

"സംഭാവനകൾ വന്നുകൊണ്ടിരിക്കും" ഫ്ളാന

ഗൻ ശപഥംചെയ്തു. "ഇതുവരെ മുറയ്ക്കു ലഭിച്ചുകൊണ്ടിരുന്നതുപോലെ ഇനിയും കിട്ടിക്കൊണ്ടിരിക്കും. ആളുകൾ പൊതുവേ നല്ലവരാണ്; ഞങ്ങളുടെ പ്രവർത്തനങ്ങൾ അവർ ശരിക്കു മനസ്സിലാക്കുമ്പോൾ അവർ ചെറിയ സംഭാവനകൾ അയയ്ക്കാതിരിക്കയില്ല; അതെല്ലാംകൂടി ഒടുവിൽ ഒരു നല്ല തുകയാകും."

പ്രായോഗികതയുടെ സ്പർശംപോലുമില്ലാത്തതായി തോന്നിയ ഈ സ്വപ്നവ്യാപാരത്തിന്റെ കഥ അവധാനപൂർവ്വം കേട്ടശേഷം ഡേവിഡ് ബോം പറഞ്ഞു:

"അച്ചാ, അങ്ങൊരു നല്ല വൈദികനാണ്; ഞാനൊരു നല്ലബിസിനസ്സുകാരനും. പണമടച്ചുതീക്കാൻ അങ്ങേയ്ക്കു കഴിയാതെ വന്നാൽ ആരും അങ്ങയെ കുററപ്പെടുത്തുകയില്ല. എനിക്കാണെങ്കിൽ കൂട്ടവ്യാപാരികളുണ്ട്, താല്പര്യങ്ങളുണ്ട്, ചുമതലകളുണ്ട്. അവരെപ്പററിയും, വമ്പിച്ച നഷ്ടംമൂലം അവക്കുണ്ടാകാവുന്ന കഷ്ടതകളെപ്പററിയും ഞാൻ വിചാരിക്കേണ്ടതല്ലേ?"

"എന്നാൽ, മി. ബോം, ഇതും ഒരു നല്ല മുതൽമുടക്കല്ലേ?—നമ്മുടെ ഔദാര്യവും സംരക്ഷണവുംകൊണ്ടു് നല്ല അമേരിക്കൻ പൗരന്മാരായിത്തീരാവുന്ന കുട്ടികൾ?"

"അതൊരു ചൂതുകളിയാണ്" ആ ബിസിനസ്സുകാരൻ ഉറപ്പിച്ചു പറഞ്ഞു. "ചീത്തക്കുട്ടികളുടെമേൽ ഒരു പരീക്ഷണം നടത്താൻവേണ്ടി ഞാൻ ചെയ്യണമെന്നു് അങ്ങാവശ്യപ്പെടുന്ന ഒരു ബിസിനസ്ചൂതുകളി"

"ചീത്തക്കുട്ടികളോ?" ഫ്ളാനഗൻ ആക്രോശിച്ചു. "മിസ്റ്റർ ബോം, ചീത്തക്കുട്ടികൾ എന്നൊരു കൂട്ടരേ ഇല്ല. എങ്ങനെയാണ് അവർ ചീത്തക്കുട്ടികളാവുക? അവർ കുഞ്ഞുങ്ങളാണ്—ദൈവത്തിന്റെ കുഞ്ഞുങ്ങൾ!"

അദ്ദേഹം നെററിയിലെ വിയർപ്പു തുടച്ചുകളഞ്ഞു. ഇത്രയ്ക്കു വികാരാവേശം പ്രകടിപ്പിക്കണമെന്ന് അദ്ദേ

ഹം ഉദ്ദേശിച്ചിരുന്നതല്ല. ഇതു കേവലമൊരു ബിസിനസ് സംഭാഷണമായിരുന്നുവല്ലോ.

"ഞാൻ വ്യസനിക്കുന്നു, മിസ്റ്റർ ബോം," അദ്ദേഹം ക്ഷമാപണംചെയ്തു. "ആ കുട്ടികൾ എത്ര അത്ഭുതസൃഷ്ടികളാണെന്ന് എനിക്കറിയാവുന്നതുകൊണ്ടാണ് ഞാൻ ഇത്തരത്തിൽ സംസാരിക്കുന്നത്. എനിക്കു കാര്യമായ സമ്പാദ്യമൊന്നുമില്ലെന്നുള്ളത് ഞാൻ മനസ്സിലാക്കായ്കയല്ല."

"അങ്ങയുടെ ഏററവും വലിയ ബിസിനസ് സമ്പാദ്യം അങ്ങയുടെ വിശ്വാസമാണ്" മി. ബോം മറുപടി പറഞ്ഞു.

അപ്പോഴും ഫാദർ ഫ്ളാനഗന്നു മനസ്സിലാക്കാൻ കഴിഞ്ഞില്ല, തൻെറ വികാരാവേശമാണ് തനിക്കന്നു വിജയം നല്കിയതെന്ന്.

" ആ 40 ഏക്കർ, അടയ്ക്കേണ്ട സംഖ്യയിൽ വകവച്ച് ഞാനെടുത്തുകൊള്ളാം. ബാക്കിസംഖ്യ നിശ്ചിതഗഡുക്കളായി അടച്ചുതീർത്താൽ മതി—എങ്ങനെയെന്നു പിന്നെ നിശ്ചയിക്കാം"

ഒരു സംശയവുമില്ല, അതൊരു വല്ലാത്ത ബിസിനസ്സേർപ്പാടായിരുന്നു—ഒരു വൈദികൻെറ മനോരാജ്യത്തിന്മേൽ ആയിരക്കണക്കിനു ഡോളർ പൊടിക്കേണ്ടിയിരുന്ന ഒരു ഭാഗ്യപരീക്ഷ. രൊക്കം പണം കൊടുത്തതു ബോം വാങ്ങിയില്ല.

"അത് അങ്ങയുടെ പ്ലാനെല്ലാം അപകടത്തിലാക്കും" അദ്ദേഹം പറഞ്ഞു. "അങ്ങേയ്ക്കു കിട്ടുന്ന ഓരോ സെൻറും അവിടെ വഴിവെട്ടാനും കെടിടങ്ങൾ പണിയാനുമൊക്കെ വേണ്ടിവരും"

മി. ബോമിനുവേണ്ടി ദൈവത്തോടു നന്ദിപറഞ്ഞുകൊണ്ട് ആ വൈദികൻ തെരുവിലേയ്ക്കിറങ്ങിയപ്പോൾ

താനുപയോഗിച്ച ആ വാക്കുകൾ—ദൈവം തന്നെ തന്റെ നാവിലുദിപ്പിച്ചതുപോലെ തോന്നിയ ആ വാക്കുകൾ—അദ്ദേഹം ഓർമ്മിച്ചു:

**"ചീത്തക്കുട്ടികൾ എന്നൊരു കൂട്ടരേ ഇല്ല."**

ഈ വാചകത്തിന്റെ ഹ്രസ്വത അദ്ദേഹത്തെ സന്തോഷിപ്പിച്ചു. അതിൽ എല്ലാം അടങ്ങിയിരുന്നു.

ഭാവികാലങ്ങളിൽ ഫാദർ ഫ്ലാനഗന്റെ നാമധേയം ഈ ലളിതവാചകത്തോടു അഭേദ്യമായി ഘടിപ്പിക്കപ്പെടാനിടയായി. മതപരമായി നോക്കുമ്പോൾ, എല്ലാ മനുഷ്യരും പാപത്തോടുകൂടിയാണു ജനിക്കുന്നതെന്ന്, അദ്ദേഹം വിശ്വസിച്ചിരുന്നു. എന്നാൽ "ചീത്തക്കുട്ടികൾ" എന്നു പറയുമ്പോൾ ആളുകൾ അർത്ഥമാക്കിയിരുന്നതു് അതല്ല. വീടില്ലാത്ത ദരിദ്രബാലന്മാർ വീടുള്ളവരേക്കാൾ കൂടുതൽ പാപിഷ്ഠരാണെന്നായിരുന്നു അവരുടെ വിവക്ഷിതം.

ഈ ധാരണ ശരിയല്ലല്ലോ. എന്തെന്നാൽ കേവലം കുട്ടികളെ, അവക്കു മറവുള്ളവരിൽനിന്നു ലഭിക്കുന്ന ക്രൂരമായ പെരുമാററത്തിനോ, ദുർന്നേതൃത്വത്തിനോ, സ്നേഹശൂന്യതയ്ക്കോ, ദൈവം കുററപ്പെടുത്തുകയില്ല.

ചീത്തക്കുട്ടികൾ എന്നൊരു കൂട്ടരേ ഇല്ല. ചീത്തപ്പിതാക്കൾ, ചീത്തപ്പരിസരങ്ങൾ, ചീത്ത മാതൃകകൾ ഇവയെല്ലാമാണു് യഥാർത്ഥത്തിൽ ഉള്ളതു്. ഇനിയങ്ങോട്ടു് തന്റെ വിശ്വാസത്ത്വം ഇതായിരിക്കണമെന്നു ഫ്ലാനഗൻ ഉറച്ചു: ചീത്തക്കുട്ടികൾ ഇല്ല; ഇല്ലതന്നെ!

## XX

# പൊതുജനങ്ങൾ ഇളകുന്നു

ഓവർലുക്കിലേയ്ക്കു മാറിപ്പോകാൻ പോകുന്നു എന്നു കേട്ടപ്പോൾ കുട്ടികൾക്കുണ്ടായ ആവേശം കുറച്ചൊന്നുമല്ല. ആദ്യം എനിക്കു പോകണം, എനിക്കു പോകണം എന്ന് ഓരോരുത്തനും ബഹളം കൂട്ടി. ആ വേനൽക്കാലമത്രയും ഫാദർ ഫ്ളാനഗൻ തൻെറ കുട്ടികളെ ചെറിയ സംഘങ്ങളാക്കി തിരിച്ച്, മേൽനോട്ടത്തിനായി അങ്ങോട്ടു പറഞ്ഞയച്ചുകൊണ്ടിരുന്നു. റോഡുകൾ നന്നാക്കുന്നതും ഒരു 'താല്ക്കാലികഭവനം' നിർമ്മിക്കുന്നതും കാണുവാൻ അവർ അത്യുത്സാഹം പ്രകടിപ്പിച്ചു.

ഒരു നട്ടുമ്പുററത്തു മിലിട്ടറിക്കാരുടെ വസതികൾ പോലെ പണിതിരുന്ന ഒററനിലക്കെട്ടിടങ്ങളായിരുന്നു പുതിയ വീടുകൾ. സ്കൂൾ, ഊട്ടുപുര, ചാപ്പൽ, ഉറക്കറ, വിഹാരശാല, വാണിജ്യപരിശീലനശാല എന്നിങ്ങനെ പല സ്ഥാപനങ്ങളും അക്കൂട്ടത്തിലുണ്ടായിരുന്നു.

ഒക്ടോബർ 22-ാംനു- യായിരുന്നു മാറിപ്പാക്കൽ.

ഓരോ കുട്ടിയും അവനവൻെറ സാധനങ്ങൾ അടുക്കിക്കെട്ടി ട്രക്കുകളിൽ സ്ഥലം പിടിച്ചു. എല്ലാററിലും പുറകിലത്തെ ട്രക്കിലായിരുന്നു ഫാദർ ഫ്ളാനഗനും അദ്ദേഹത്തിൻെറ നായ് കാർലോവും കയറിയിരുന്നതു്.

അവിടെച്ചെന്നശേഷം ആദ്യത്തെ ജോലി സ്ഥലമൊട്ടാകെ ഒന്നു ചുററിനോക്കിക്കാണുകയായിരുന്നു. കുട്ടികൾ പല വഴിക്കു പിരിഞ്ഞുപോകുമെങ്കിലും ഊണിൻെറ സമയമാകുമ്പോൾ എല്ലാവരും തിരിയെ വന്നെത്തും. പുതിയ സ്ഥലത്തു വന്നപ്പോൾ അവക്കു തോന്നിയ ആഹ്ലാദത്തിനു് അതിരില്ലായിരുന്നു. അട്ടഹാസവും തിമർപ്പും എന്തു പറയട്ടെ! പോലീസിനാൽ അനുഗമിക്കപ്പെട്ടുമെന്ന ഭീതികൂടാതെ സ്വച്ഛന്ദം തുറന്ന മൈതാനങ്ങളിൽ പര്യടനം ചെയ്യുവാൻ ആദ്യമായി സ്വാതന്ത്ര്യം ലഭിച്ചതു ഇപ്പോഴാണു്. അവരോടൊപ്പം ഫാദർ ഫ്ളാനഗനും ഓടിച്ചാടി നടന്നിരുന്നതു് ആരെയും ഹഷപുളകിതരാക്കുന്ന കാഴ്ചയായിരുന്നു. കടമുണ്ടായിട്ടും ഈ വിശാലമായ പ്രദേശത്തിൻെറയെല്ലാം ഏതാണ്ടൊരു പരമാധികാരി താനാണെന്നുള്ള വിചാരം അദ്ദേഹത്തെ അഭിമാനഭരിതനാക്കി. ആ പ്രദേശമെല്ലാം ആഹ്ലാദത്തോടുകൂടി അദ്ദേഹം വീക്ഷിച്ചു.

ഫാദർ ഫ്ളാനഗനു സ്വന്തമായി ഒരു വസതിയുണ്ടായതു് അന്നാദ്യമായിട്ടാണു്. ചെറിയ ഒരു ഒററനിലക്കെട്ടിടം. അതു രണ്ടു മുറികളാക്കി തിരിച്ചു—ഒന്നു് ആപ്പീസുമുറി; മറേറതു കിടപ്പുമുറി.

വേനൽക്കാലത്തു് കുട്ടികളിൽ ചിലർ അവിടത്തെ കുടികിടപ്പുകാരനായ ഡാൻ കാട്ട്ലെററിനെ കൃഷിപ്പണിയിൽ സഹായിച്ചിരുന്നു. എല്ലാവക്കും കൃഷിക്കാരാകണമെന്നായിരുന്നു മോഹം. ഫുട്ബോളിനും ബെയ്സ്ബോളിനും പ്രത്യേകം മൈതാനങ്ങൾ ഒഴിച്ചിട്ടിരുന്നു.

വിദ്യാലയപരിപാടികളും ഏറെത്താമസിയാതെ ഊജ്ജസ്വലമായി പ്രവൎത്തനം തുടങ്ങി. ആ കന്യാസ്ത്രീകരം അലസകളായിരുന്നില്ല. പുതിയ വാണിജ്യപാഠശാലയും ഭംഗിയായി പുരോഗമിച്ചിരുന്നു. ആശാരിപ്പണി അഭ്യസിപ്പിക്കുവാൻ വിദഗ്ദ്ധനായ ഒരു മേസ്തരിയെ വരുത്തി. അയാളുടെ മേൽനോട്ടത്തിൽ പരിശീലനം ലഭിച്ച കുട്ടികരം ക്രമേണ മേശ, ഷെൽഫു മുതലായി അവശ്യം വേണ്ട ഗൃഹോപകരണങ്ങരം നിൎമ്മിച്ചുതുടങ്ങി.

ഇക്കാലത്തു ഫാദർ ഫ്ളാനഗൻ വിപ്ലവപരമായ മററാരാശയം നടപ്പിൽ വരുത്തി: **പറമ്പിനു ചുററും വേലിയോ മതിൽക്കെട്ടുകളോ പാടില്ല; വാതിലുകരംക്കു പൂട്ടും പാടില്ല.**

"ഞാനൊരു കാരാഗൃഹമല്ല ഉണ്ടാക്കുന്നതു്" അദ്ദേഹം പരിഭ്രാന്തരായ ഒമാഹാ നിവാസികളെ അറിയിച്ചു. "ഇതൊരു ഭവനമാണ്. വീട്ടിലുള്ളവരെ നിങ്ങരം മതിലുകെട്ടി അകത്തടച്ചിടാറില്ലല്ലോ"

ഫാദർ ഫ്ളാനഗൻെറ കുടുംബത്തിലുള്ളവർ കുറേക്കാലമായി അദ്ദേഹത്തിൻെറ ആരോഗ്യത്തേപ്പററി ഉൽക്കണ്ഠിതരായിത്തീൎന്നിരുന്നു. അദ്ദേഹത്തിൻെറ ഭഗീരഥപ്രയത്നങ്ങരം, രാപകലില്ലാതെ നടത്തിയിരുന്ന കഠിനാധ്വാനങ്ങരം, അദ്ദേഹത്തിൻെറമേൽ അവയുടെ മുദ്രകരം പതിച്ചുതുടങ്ങി. വിശ്രമം അനിവാൎയ്യമായിരുന്നു.

വിശ്രമത്തിനു തനിക്കു സമയമില്ലെന്നു ഫ്ളാനഗൻ അറിയിച്ചപ്പോരം അദ്ദേഹത്തിൻെറ അമ്മ—നോറാ ഫ്ളാനഗൻ—ഓവർലുക്കിലേയ്ക്കു പുറപ്പെടുവാൻ തീരുമാനിച്ചു.

അമ്മയുടെ വരവോടുകൂടി ലീബെഗ്ജീവിതം

അവിടെ ആവൎത്തിക്കപ്പെട്ടു. എന്നാൽ ഇവിടെ പരിചരിക്കുവാൻ വളരെ വലുതായ ഒരു കുടുംബമാണുണ്ടായിരുന്നതു്. മുറി അടിച്ചു തുടയ്ക്കുക, ഭക്ഷണം പാകം ചെയ്യുക മുതലായവയുടെ മേൽനോട്ടം അവർ വഹിച്ചുപോന്നു. എങ്കിലും തൻെറ മകൻ താമസിച്ചിരുന്ന രണ്ടു മുറികളുള്ള കെട്ടിടത്തിൻെറ മേൽനോട്ടമാണു് അവർ സവിശേഷമായി നടത്തിയിരുന്നതു്.

തൻെറ മകനെ എങ്ങനെയോ, അതുപോലെയാണു് അവർ ആ കുട്ടികളെയെല്ലാം പരിചരിച്ചുപോന്നിരുന്നതു്. എല്ലാവൎക്കും അവരെ വളരെ ഇഷ്ടമായി. ആഴ്ചതോറും ഈ അമ്മയെ സഹായിക്കുവാൻ നിയുക്തനാകുന്ന ഓരോ ബാലനും ആ ജോലി വലിയൊരു ബഹുമതിയായി കരുതിയിരുന്നു.

ഇപ്പൊഴും മുറികളിൽ സ്ഥലസൗകൎയ്യം വേണ്ടത്ര ഉണ്ടായിരുന്നില്ല. പുതിയ കുട്ടികൾ പ്രവേശനാപേക്ഷയുമായി പിന്നെയും ധാരാളം വന്നുകൊണ്ടിരുന്നു. ചിലരുടെ കയ്യിൽ കുറിപ്പുകാണും; അല്ലെങ്കിൽ കോളറിന്മേൽ ഒരു കാർഡു ബന്ധിച്ചിരിക്കും: "ഫാദർ ഫ്ളാനഗന്. ദയവായി ഈ കുട്ടിയെ സ്വീകരിക്കുക. അവനെ രക്ഷിക്കാൻ എനിക്കു ശക്തിയില്ല."

എഴുത്തുകാരുടെ ഒപ്പൊന്നും സാധാരണ കാണാറില്ലായിരുന്നു. എങ്കിലും അദ്ദേഹം ആ കുട്ടികൾക്കു പ്രവേശം നൽകിയതിൻെറ ശേഷം അവരുടെ മാതാപിതാക്കന്മാരെപ്പറ്റി അന്വേഷണം നടത്തും. പിന്നെ തീരുമാനം ചെയ്യും. എന്നാൽ ആരുംതന്നെ കുടുംബജീവിതമില്ലാതിരുന്ന അവരുടെ കുടുംബങ്ങളിലേയ്ക്കു തിരിച്ചയയ്ക്കപ്പെട്ടിരുന്നില്ല.

ഓവർലുക്കിൽ സ്ഥലം ധാരാളമുണ്ടായിരുന്നുവെങ്കിലും എല്ലാവരുടേയും സംരക്ഷണത്തിനു് ആവശ്യമു

ളള കെട്ടിടങ്ങൾ, സൗകര്യങ്ങൾ, പണം മുതലായവ ഇനിയും ഉണ്ടാകേണ്ടിയിരുന്നു. ഇപ്പോൾ ബാലഭവനത്തിലെ അംഗങ്ങളുടെ സംഖ്യ ഇരുന്നൂറായിക്കഴിഞ്ഞു. യോഗക്ഷേമപ്രവർത്തകന്മാരും ഔദാര്യസ്ഥാപനങ്ങളും കൂടുതൽ അംഗങ്ങളെ എടുക്കുവാൻ ശുപാർശ്ചെയ്തുകൊണ്ടിരിക്കയും ചെയ്യുന്നു. ഈ ദുരവസ്ഥയുടെ കഥ ക്ഷണത്തിൽ ഒമാഹാനഗരം മുഴുവൻ വ്യാപിച്ചു. ഈ സന്ദർഭത്തിൽ നഗരത്തിലെ ചില പൗരമുഖ്യന്മാർ ഒരു യോഗം വിളിച്ചുകൂട്ടി. അതിലെ ചർച്ചാവിഷയം: ഫാദർ ഫ്ളാനഗൻെറ ബാലഭവനത്തെ എങ്ങനെ നമുക്കു സഹായിക്കാം?

"നമുക്കെല്ലാവർക്കുമറിയാമല്ലോ അദ്ദേഹത്തിനെന്താണാവശ്യമുള്ളതെന്ന്" ഒരു പ്രസംഗകൻ പറഞ്ഞു. "അദ്ദേഹത്തിനു വേണ്ടതു് ഒരു വലിയ മന്ദിരമാണ്."

"എന്നാൽ അദ്ദേഹത്തിനാവശമുള്ളതരം കെട്ടിടം നിർമ്മിക്കാൻ അനേകലക്ഷം വേണ്ടിവരും പണം."

"ശരി; അപ്പോൾ അനേകലക്ഷം നമുക്കു പിരിച്ചുകളയാം."

അന്നു രാത്രി, ഓവർല്യക്ക് ഫാമിൽ ഒരു പുതിയ കെട്ടിടം പണിയിക്കുന്നതിനു രണ്ടുലക്ഷം ഡോളർ പിരിച്ചെടുക്കാൻ അവർ നിശ്ചയിച്ചു; ഒരു സ്കൂളും കിടപ്പുമുറികളും പണിപ്പുരകളും സ്ഥാപിക്കുന്നതിനു തക്ക വിസ്താരമുള്ള ഒരു കെട്ടിടം—ഇതായിരുന്നു ബാലനഗരം വക സ്ഥിരംകെട്ടിടങ്ങളിൽ ആദ്യത്തേതു്.

നഗരം മുഴുവനും ഇളക്കിമറിച്ച ഒരു പണപ്പിരിവു കോലാഹലമായിരുന്നു അതു്. എന്നാൽ അതിൻെറ ആരംഭംതന്നെ അമംഗളകരമായിരുന്നു. ഉദ്ദേശശുദ്ധിയുള്ള ചില പൗരപ്രമാണികൾ ഈ ആവശ്യത്തിലേയ്ക്കു ചില പണപ്പിരിവുവിദഗ്ദ്ധന്മാരെ നിയോഗിച്ചിരുന്നു.

എന്നാൽ ഈ ആവശ്യത്തിൻെറ ഒരു പ്രത്യേകസ്വഭാവം ഈ വിദഗ്ദ്ധന്മാർ മനസ്സിലായിരുന്നില്ല. ഒരു ധനസഹായം എന്നു മാത്രമേ അവർ അതു കണക്കാക്കിയിരുന്നുള്ളു. ഒമാഹായിൽ അവരുടെ ശ്രമങ്ങൾ അത്ര ഫലപ്പെട്ടില്ല. ആ നഗരവാസികൾക്ക്, പണ്ടു വിമർശിക്കപ്പെട്ടിരുന്ന ഫാദർ ഫ്ളാനഗൻ ഇപ്പോൾ സ്വന്തം ആളായിത്തീർന്നുകഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിൻെറ പേരുംപറഞ്ഞു് അപരിചിതരായുള്ളവർ ചില ഉൽബോധനശൈലികൾ ഉപയോഗിച്ചു ധനശേഖരണപ്രസംഗങ്ങൾ നടത്താൻ പുറപ്പെട്ടതു് അവർക്കു രസാവഹമായിത്തോന്നിയില്ല.

ഒരു പരാജയമായിരുന്നു ഇവരുടെ പണപ്പിരിവു പരിശ്രമമെന്നുള്ളതു് ഒന്നാംവാരത്തിൽത്തന്നെ സ്പഷ്ടമായി. അതോടുകൂടി ഈ വിദഗ്ദ്ധന്മാരെ അവരവരുടെ വീടുകളിലേയ്ക്കു പറഞ്ഞയച്ചു.

ഒരു പുതിയ പ്ലാൻ ചില ഉത്സാഹശാലികൾ നിർദ്ദേശിച്ചു: എന്തുകൊണ്ടു് ഈ വിദഗ്ദ്ധന്മാർ പകരം ഇക്കാര്യം ഒമാഹാനഗരവാസികൾക്കു സ്വയം ഏറെറടുത്തുകൂടാ?

എല്ലാവരുടേയും ദൃഷ്ടികൾ അപ്പോൾ ലക്ഷ്യമായ ആൾ ജെ. ഡി. ഡേവിഡ്സൺ ആയിരുന്നു. പിന്നീടു് നെബ്രാസ്കാ പവർ കമ്പനിയുടെ പ്രസിഡണ്ടാകാനിരുന്ന ചടച്ചു് ഉയരംകൂടിയ ഈ ചെറുപ്പക്കാരൻ അപ്പോൾത്തന്നെ പൊതുജനസേവനത്തിൽ പ്രശസ്തി ആർജ്ജിച്ചുകഴിഞ്ഞിരുന്നു. പൗരന്മാർ കളികൾക്കും വിനോദങ്ങൾക്കും വേണ്ടിയുള്ള ഒരു കേന്ദ്രം അദ്ദേഹം വിജയകരമാംവിധം സ്ഥാപിച്ചുകഴിഞ്ഞിട്ടു കുറച്ചു മാസങ്ങളേ ആയിരുന്നുള്ളു. ഫ്ളാനഗൻവേണ്ടി വിദഗ്ദ്ധന്മാർ നടത്തിയ ധനശേഖരണയത്നത്തിൻെറ പരാജയ

ത്തെക്കറിച്ചു കേട്ടുകഴിഞ്ഞപ്പോൾ, ഈ വെല്ലുവിളി താൻ ഏറ്റെടുക്കാമെന്നദ്ദേഹം സമ്മതിച്ചു. പ്രോട്ട സ്റ്റൻറു പ്രവൎത്തനങ്ങളിലും മേസോണിക്ക് സംഘത്തി ലും അദ്ദേഹത്തിനൊരു പ്രമുഖസ്ഥാനമുണ്ടായിരുന്നു. അദ്ധ്യക്ഷസ്ഥാനം അദ്ദേഹം സ്വീകരിച്ചപ്പോൾ എല്ലാ സമുദായങ്ങളിലുംപെട്ട തൻെറ ഭൂരിപക്ഷം സുഹൃത്തുക്ക ളുടേയും പിൻതുണ അദ്ദേഹത്തിനു സിദ്ധിച്ചുകഴിഞ്ഞു. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ പണപ്പിരിവു വീണ്ടും തുടങ്ങിയപ്പോൾ പ്രതിഷേധങ്ങളെല്ലാം നിഷ്പ്രഭങ്ങളായി. ഭാവിയിൽ ബാലനഗരത്തിൻെറ ട്രസ്റ്റിബോൎഡിലെ ഒരു ഡയറക്ടൎകൂടിയായിരുന്നു അദ്ദേഹം.

ഡേവിഡ്സൻെറ നേതൃത്വത്തിൽ ഫണ്ടു ശേഖ രിക്കാനിറങ്ങിയവർ അമേരിക്കയിലെ എല്ലാത്തരക്കാ രുടേയും പ്രാതിനിധ്യം വഹിക്കുന്നവരായിരുന്നു. ഒരു കത്തോലിക്കവൈദികനുവേണ്ടി പ്രചാരണം നടത്താ നും ഫണ്ടു ശേഖരിക്കാനും പുറപ്പെട്ടവരാണ് ഇവരെ ല്ലാം എന്നു നാമോൎമ്മിക്കണം. മോറീസ് ജേക്കബ്സ്, ഹെൻറി മോൻസ്കി, ഫ്രാൻസിസ് മാത്യൂസ് ഇവരുടെ നാമധേയങ്ങൾ പ്രകൃതത്തിൽ പ്രസ്താവാൎഹങ്ങളാണ്. ഇവരെല്ലാം പില്ക്കാലത്തു വളരെ സമുന്നതങ്ങളായ നി ലകളിൽ എത്തിയവരുമാണ്. ഒരു കത്തോലിക്കൻ, ഒരു പ്രോട്ടസ്റ്റൻറുകാരൻ, രണ്ടു യഹൂദന്മാർ—അവരു ടെ അന്നത്തെ ആ ധനശേഖരണസമരം ഇന്നും സ്മരി ക്കപ്പെട്ടുപോരുന്നുണ്ട്.

പൊതുജനങ്ങളുടെ ശ്രദ്ധയെ ഉടനടി ആകൎഷിക്ക ത്തക്ക പ്രകടനങ്ങൾ വേണമെന്നുള്ള അഭിപ്രായം ഡേ വിഡ്സണും കൂട്ടുകാരും അനുകൂലിച്ചു. പലേടത്തും സ മ്മേളനങ്ങൾ വിളിച്ചുകൂട്ടുവാൻ തുടങ്ങി. ആദ്യത്തെ സമ്മേളനം ഒരു രാത്രിയാണ് നടന്നതു്. കത്തിച്ച ദീ

പയസ്ലീകളുമായി തെരുവീഥിയിൽക്കൂടി ഒരു ഘോഷയാത്രപുറപ്പെട്ടു്, ഒടുവിലവർ സമ്മേളനസ്ഥലത്തു ചെന്നു ചേർന്നു. അനേകശതം ജനങ്ങൾ ഈ ഘോഷയാത്രയിൽ അവരെ അനുഗമിച്ചിരുന്നു. ആദ്യം കുറേ ഗാനങ്ങൾ, പിന്നെ ഏതാനും ലഘുപ്രസംഗങ്ങൾ; ഇതിനെത്തുടർന്നു പ്രസംഗിക്കാനെഴുന്നേല്ക്കുകയായി, അന്നത്തെ പ്രധാന പ്രസംഗകൻ—ദീർഘകായനായ ഫാദർ ഫ്ളാനഗൻ.

"വീടില്ലാത്ത അനേകശതം ബാലന്മാർ, ഒമാഹായിൽനിന്നുതന്നെ, ഞങ്ങളുടെ പക്കൽ വന്നിട്ടുണ്ടു്" അദ്ദേഹം ആരംഭിക്കും. "നിങ്ങൾ ഒന്നു കാണേണ്ടതാണു്, ഈ ഏഴകളായ ചെറുബാലന്മാരെ—അവരുടെ കീറിപ്പറിഞ്ഞ വസ്ത്രങ്ങളും, വാടി വിളറിയ മുഖങ്ങളും. ഒരു നല്ല ഭവനത്തിൽ വളർത്തപ്പെടുന്ന ഒരു കുട്ടി നിങ്ങൾക്കുണ്ടെങ്കിൽ, ഭവനശൂന്യരായ ഈ ദുർഗ്ഗബാലന്മാരുടെ കഥ നിങ്ങളോർത്തുനോക്കുക".

പിന്നെ പണപ്പിരിവായി!

ഈ പ്രചാരകന്മാരിൽ ഒരു താരമായിരുന്നു, ബാലഭവനത്തിലെ ഒരംഗമായ ചാൾസ് കെൻവത്തി എന്ന ബാലപ്രഭാഷകൻ. ഈ പ്രചാരണയോഗങ്ങളിൽ അവൻ ചെയ്ത തീവ്രപരിശ്രമംമൂലം ഫാദർ ഫ്ളാനഗൻെറ ഭവനത്തിലെ 'ബാലപ്രഭാഷകൻ' എന്ന ബിരുദം അവനു കരസ്ഥമായി. വളരെ യോഗങ്ങളിൽ അവൻ പ്രസംഗിച്ചിട്ടുണ്ടു്. ഹൃദയവികാരങ്ങളെ ഗാഢമായി സ്പർശിക്കാൻ പോരുന്ന ഉദ്ബോധനങ്ങൾ ധാരാളം കേട്ടു കാതു തഴമ്പിച്ചിരുന്നവരെയും ഈ ബാലൻെറ ഉദ്ബോധനം—അവൻെറ വാക്കുകൾ—വല്ലാതെ ഇളക്കിമറിച്ചിരുന്നു.

"ദിവസംതോറും, മൂന്നു കുട്ടികൾ വീതം, ഓവർലുക്ക്ഫാമിൽനിന്നു്—ഞങ്ങളുടെ ഭവനത്തിൽനിന്നു്—

തിരിച്ചയയ്ക്കപ്പെടുന്നുണ്ട്; എന്തെന്നാൽ അവക്കു നല്കാൻ ഞങ്ങൾക്കു മുറികളില്ല. ഞാൻ പറയുന്നു, മാന്യന്മാരേ, പലവട്ടം ഞാൻ കരഞ്ഞുപോയിട്ടുണ്ട്, ഒരു കുട്ടി തിരിച്ചയയ്ക്കപ്പെടുന്നതു കാണുമ്പോൾ—തലകുനിച്ച്, എങ്ങോട്ടെന്നു ലക്ഷ്യമില്ലാതെ, അവൻ തിരിച്ചുപോകുവാൻ തുടങ്ങുന്നതു കാണുമ്പോൾ.

"അവനു വീടില്ല, അവനു സ്നേഹിതന്മാരില്ല. തെരുവുകളും ക്രിമിനൽപ്പുള്ളികളെ വാർത്തെടുക്കുന്ന അഴുക്കുനിറഞ്ഞ കുളങ്ങളും അവൻ വീടാക്കിത്തീർക്കുന്നു.

"ഞാൻ നിങ്ങളുടെ മുമ്പിൽ വരുന്നതു് ഒരു വില്പനക്കാരനായിട്ടാണ്; എന്തെന്നാൽ വില്ക്കുവാൻ എനിക്കൊരു വസ്തുവുണ്ട്: വീടില്ലാത്ത ഒരനാഥബാലൻെറ സ്നേഹം വില്പനയ്ക്കായി വെച്ചിരിക്കുന്നു. അതു നിങ്ങൾക്കു വില്ക്കേണ്ടതു് എൻെറ ചുമതലയാണ്. ധനത്തേക്കാൾ മഹത്തരമായി ഈ ജീവിതത്തിൽ രണ്ടു വസ്തുക്കളുണ്ട്: ദൈവത്തിലുള്ള വിശ്വാസവും സമസൃഷ്ടികളോടുള്ള സ്നേഹവും. നിങ്ങൾ ലക്ഷപ്രഭുക്കന്മാരായിരിക്കാം. എന്നാൽ ഇവ രണ്ടും നിങ്ങൾക്കില്ലെങ്കിൽ, നിങ്ങളുടെ ഇന്നുവരെയുള്ള ജീവിതം വ്യർത്ഥമാണ്.

"ചീത്ത മനുഷ്യരായി വളരുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. നല്ല പൗരന്മാരായിത്തീരണമെന്നാണു ഞങ്ങളുടെ ആഗ്രഹം. ഫാറത്തിൽ ഞങ്ങൾക്കു പശുക്കളുണ്ട്, കുതിരകളുണ്ട്, കോഴിക്കുഞ്ഞുങ്ങളുണ്ട്, എല്ലാമുണ്ട്; ഞങ്ങൾക്കിനി ഒരു കെട്ടിടം മാത്രം മതി, അതു ബാലന്മാരുടെ പറുദീസയാക്കിത്തീർക്കുവാൻ."

ഭാവനാത്മകമായ, ബാഷ്പോൽഗമകാരിയായ ഹോളിവുഡ് രീതി; അല്ലേ? ശരി, പക്ഷേ അതു കേട്ടിരുന്നവർ ഒരു വൈദികൻെറ വേലയുടെ സജീവപ്രദർശനമാണു കണ്ടതു്. ഈ ബാലപ്രഭാഷകൻെറ പ്രസംഗം

കേട്ടവരിൽ മിക്കവരും എഴുന്നേററു് അഭിനന്ദനഘോഷ ങ്ങൾ മുഴക്കിയശേഷം, അവരുടെ നിറഞ്ഞ കീശകളെ ശൂന്യമാക്കിക്കൊണ്ടിരുന്നു.

ഇത്രയുമായിട്ടും രണ്ടു ലക്ഷം ഡോളർ ഇനിയും വേ ണ്ടിയിരുന്നു. പ്രസംഗപര്യടനം സമാപിക്കാറായിട്ടും തുക അതിന്നടുത്തെങ്ങും എത്തിയിരുന്നില്ല. ആ തുക തികയ്ക്കുവാൻ ഒരിക്കലും കഴിയുമായിരുന്നില്ല, സ്ത്രീ കൾ മുന്നോട്ടു വന്നില്ലായിരുന്നുവെങ്കിൽ.

ഈ പരിശ്രമത്തിൽ സ്ത്രീകളുടെ നേതൃത്വം വഹി ച്ചിരുന്നതു് മിസ്സിസ് ആർതർ മുള്ളൻ എന്ന വനിത യാണു്. 'അമേരിക്കയിലെ കത്തോലിക്ക പുത്രിമാർ' എന്ന സംഘത്തിൻെറ അധിപയായിരുന്നു അവർ കുറേ ക്കാലം. ഒരു ക്ഷണനേരംകൊണ്ടു അവർ സ്ത്രീകളുടെ 'ബക്കററ് സൈന്യം' രൂപവൽക്കരിച്ചു. പിരിക്കുന്ന പണം നിക്ഷേപിക്കുവാൻ ഓരോ സ്ത്രീയും ഓരോ ബക്കററു കൊണ്ടുവരണമെന്നു് അവർ നിർദ്ദേശം നൽകി. അഞ്ചും ആറും പേർവീതം ചേർന്ന ചെറുസംഘങ്ങളായി അവർ സംഘടിച്ചു. ഒമാഹായിലെ ഓരോ വീട്ടിലും ഓരോ മുറിയിലും ഓരോ കടയിലും കയറി പണപ്പിരി വു നടത്തുവാനുള്ള ഉദ്ദേശത്തോടുകൂടി ആ നഗരത്തെ പല വിഭാഗങ്ങളായി അവർ തിരിച്ചു. റെസ്റ്റോറൻറു കൾ, പീടികകൾ, നിശാക്ലബ്ബുകൾ തുടങ്ങിയവയെല്ലാം അവരുടെ ആക്രമണത്തിനു വിധേയമായി. കിട്ടുന്ന നാണയങ്ങളും ഡോളർ ബില്ലുകളും ബക്കററുകളിൽ അ വർ നിക്ഷേപിച്ചിരുന്നു.

ഇങ്ങനെ സ്ത്രീകളുടെ സഹകരണത്തോടുകൂടി ഡേ വിഡ്സണും കൂട്ടുകാരുംകൂടി 215,000 ഡോളർ പിരി ച്ചെടുത്തു.

1922-ൽ, ഓവർല്യക്കിൽ പ്രവേശിച്ച് ഒരു കൊല്ലം തികയുംമുമ്പ്, പുതിയ അഞ്ചുനിലക്കെട്ടിടത്തിൻെറ അസ്തിവാരം ഇട്ടുകഴിഞ്ഞു. ഫാദർ ഫ്ളാനഗൻ ആഹ്ലാദമത്തനായി. എന്നാൽ ഏററവും അന്ധകാരമയമായ മണിക്കൂർ വരുന്നാതേയുള്ളൂ എന്നൂഹിക്കുവാൻ, സ്വയം ഒരു ദീർഘദർശിയല്ലാതിരുന്ന ഫ്ളാനഗനു കഴിഞ്ഞില്ല.

## XXI

# സഞ്ചരിക്കുന്ന നാടകീയപ്രദർശനം

പിരിഞ്ഞുകിട്ടിയ പണമത്രയും കെട്ടിടങ്ങളുടെ കൺട്രാക്റ്ററന്മാരുടെ കീശകളിൽ ചെന്നു ചേൎന്നിരുന്നപ്പോൾ, നിത്യച്ചെലവുകൾക്കു പീടികക്കാരോടു് കടം പറഞ്ഞു നില്ക്കാൻപോലും കരുത്തില്ലാതെപോയതു് ഫ്ളാനഗനെ പരിഭ്രമിപ്പിച്ച ഒരു ദുരവസ്ഥയായിരുന്നു. സ്ഥലം വാങ്ങിച്ച കടം വീട്ടിക്കൊണ്ടിരിക്കണം; കൺട്രാക്റ്റിൽക്കവിഞ്ഞു ചെയ്ത പണികൾക്കു പണിക്കാൎക്കു വിശേഷാൽ കൂലി കൊടുക്കണം. ഇങ്ങനെ വന്നപ്പോൾ ഭക്ഷണത്തിനും വസ്ത്രത്തിനും വിറകിനുമൊക്കെ തികയാതെയായി. അങ്ങനെ പിന്നെയും ഫ്ളാനഗൻ സാമ്പത്തികക്കുഴപ്പത്തിലായി.

അങ്ങനെയിരിക്കെ, ഒരു പ്രതിവിധി—തന്റെ സ്ഥിതിഗതികൾ പൊതുജനസമക്ഷം കൊണ്ടുവരുന്നതിനുള്ള ഒരു പുതിയ മാർഗ്ഗം—താൻ കണ്ടുപിടിച്ചതായി ഫാദർ ഫ്ളാനഗനു തോന്നി. മുൻവശത്തുള്ള മുററത്തു്

ഒരു നീഗ്രോബാലൻ നൃത്തം ചെയ്യുന്നതും, കാണികളായ മററു ബാലന്മാർ പാടുകയും താളത്തിനൊപ്പിച്ചു കയ്യടിയ്ക്കുകയും ചെയ്യുന്നതും, ഒരു ജനസംഘം ഇതെല്ലാം കണ്ടു രസിച്ചുകൊണ്ടു നില്ക്കുന്നതും ഫാദർ ഫ്ളാനഗൻെറ ദൃഷ്ടിയിൽപ്പെട്ടു. തൻെറ ഭവനത്തിലെ മററു പല കുട്ടികൾക്കും തത്തുല്യങ്ങളായ വാസനകളുണ്ടെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. എന്തുകൊണ്ട് അവരെയെല്ലാം ചേർത്തു ഒരു സംഗീതനടനസംഘം—ബാലഭവനത്തിൻെറ കഥയും ആവശ്യങ്ങളും നാടകരൂപത്തിൽ കാട്ടുന്ന ഒരു പ്രദർശനം—രൂപവൽക്കരിച്ചു പലേടത്തും പ്രദർശിപ്പിച്ചുകൂടാ?

പഴയ സംഗീതപര്യടനസംഘം ട്രെയിൻമാർഗ്ഗമായിട്ടാണല്ലോ യാത്രചെയ്തിരുന്നത്. അതു വലിയ ചെലവായിരിക്കും. അതിനാൽ ഒരു സർക്കസ്സുപോലെ, അലങ്കരിച്ച കുതിരവണ്ടികളിൽ റോഡുനീളെ സഞ്ചരിക്കുകയായിരിക്കും യുക്തമെന്ന് അദ്ദേഹം തീരുമാനിച്ചു.

സർക്കസ് വാഹനങ്ങളും കുതിരകളും പഴയവിലയ്ക്കു കുറേ വാങ്ങി. പിന്നെ കുട്ടികളുടെ വാസനകളും നൈപുണ്യവും പരീക്ഷിച്ചറിയുകയായി. അഭിനയത്തിൽ സ്ഥാനം കിട്ടാതെപോയവർക്ക് കുതിരവണ്ടികൾ ചായമിടുന്ന ജോലി നൽകി. ഓരോ വണ്ടിയുടെയും വശങ്ങളിൽ, ഗിൽററിട്ട അക്ഷരങ്ങളിൽ, ഇങ്ങനെ എഴുതിയിരുന്നു: "ഫാദർ ഫ്ളാനഗൻെറ ബാലന്മാരുടെ പ്രദർശനം—ലോകത്തിലെ ഒന്നാംകിട ബാലനടന്മാർ!"

വാഹനങ്ങൾ പുറപ്പെടാൻ തുടങ്ങിയപ്പോൾ ബാലഭവനത്തിലെ അംഗങ്ങളെല്ലാവരും ആർപ്പുവിളികളാൽ ആ നടന്മാരെ അനുമോദിച്ചു.

ഫ്ളാനഗൻ ശമ്പളം കൊടുത്തു നിറുത്തിയിരുന്ന ഒരേജൻറ് പല സ്ഥലങ്ങളിലും കളികൾ ബുക്ക്ചെയ്തു

കൊണ്ടിരുന്നു. ആദ്യം, ഒമാഹായിക്കു പടിഞ്ഞാറുള്ള ഫ്രെമോണ്ടിൽ. പാററ് നോട്ടിന്റെ നിർദ്ദേശമനുസരിച്ചായിരുന്നു യാത്ര. എന്നാൽ ആദ്യത്തെ കളിസ്ഥലംവരെ കൂടെപ്പോകുവാൻ ഫാദർ ഫ്ളാനഗൻ തീരുമാനിച്ചു. ഉൽഘാടനത്തിന്റെ രാത്രി ഉപേക്ഷിക്കുവാൻ അദ്ദേഹത്തിനു മനസ്സു വന്നില്ല.

ഫ്രെമോണ്ടിൽ ഏജൻറിന്റെ ശ്രമഫലമായി പത്രങ്ങളിൽ കഥാവിവരണവും അരപ്പേജ് പരസ്യവും കയറിപ്പററാനിടയായി.

പ്രദർശനം ഫലപ്രദമായിരുന്നു. ടൗണിലെ നാടകശാല തിങ്ങി കാണികൾ കൂടിയിരുന്നു. അഭിനയവും അഭിനന്ദനാർഹമായിരുന്നു. നല്ല പരിശീലനം സിദ്ധിച്ചിരുന്ന ബാൻറുകാർ ഏററവും ശ്രുതിമധുരമായി വാദ്യം മുഴക്കി. വിശേഷാൽ പരിപാടികളായ ഡാൻസ്, നാടകകീയസംഗതം മുതലായവയും ഭംഗിയായി നിർവ്വഹിക്കപ്പെട്ടു.

ഒരുവശത്തുള്ള ഹാളിലിരുന്നുകൊണ്ട് ഫാദർ ഫ്ളാനഗൻ പരിഭ്രമത്തോടുകൂടി പ്രദർശനപരിപാടികൾ വീക്ഷിച്ചുകൊണ്ടിരുന്നു. ചിരിയും അഭിനന്ദനവും കാണികൾ അസ്ഥാനത്തു പ്രകടിപ്പിച്ചേക്കുമോ എന്നായിരുന്നു അദ്ദേഹത്തിന്റെ ഭയം. എന്നാൽ അങ്കങ്ങൾ മുന്നോട്ടു പോകുംതോറും അഭിനന്ദനഘോഷങ്ങളും ഉയർന്നുവന്നു. ഒടുവിലത്തെ അങ്കം കഴിഞ്ഞപ്പോൾ അത്യുച്ചത്തിൽ കാണികളുടെ കരഘോഷം കേൾക്കാറായി. വിജയപഥത്തിലേയ്ക്കു അവർ പ്രവേശിച്ചുകഴിഞ്ഞുവെന്നുള്ള ചാരിതാർത്ഥ്യത്തോടുകൂടി, സംഘത്തെ പാററ് നോട്ടിനെ ഭരമേല്പിച്ചിട്ട്, ഫ്ളാനഗൻ മടങ്ങി.

ഇങ്ങനെ നഗരംതോറും ഈ നാടകീയപ്രദർശനം വിജയകരമായി നടന്നുപോന്നു. എന്നാൽ സാമ്പത്തി

കമായി അത്രത്ര ആദായകരമല്ലായിരുന്നു. ജനങ്ങൾക്ക് ആദ്യമൊക്കെ ജ്വലിച്ചുയൎന്ന ആവേശം ക്രമേണ ശമിച്ചൊതുങ്ങി. യാത്രച്ചെലവുകൾക്കുള്ള വകയൊക്കെ പ്രദൎശനത്തിന്റെ വരവിൽനിന്നു വഹിക്കാൻ കഴിഞ്ഞില്ലെന്നില്ല. എന്നാൽ അതിന്റെ ലക്ഷ്യം സാമ്പത്തികമായിരുന്നുവല്ലോ. വരവു കുറവായിരുന്നുവെങ്കിലും ഈ പരസ്യം മൂലം പില്ക്കാലത്തു ലഭിച്ചേക്കാവുന്ന ആദായത്തെക്കുറിച്ചോൎത്തപ്പോൾ ഫ്ളാനഗനു ആശ്വാസമാണുണ്ടായതു്.

ഒമാഹായിൽനിന്നു 300 മൈൽ പടിഞ്ഞാറുള്ള ഒരു നഗരത്തിൽ നാടകസംഘം എത്തിച്ചേൎന്നപ്പോൾ അവൎക്കു പതിവുപോലെ സ്വാഗതം നല്കാൻ ആരെയും അവിടെ കണ്ടില്ല. പാററ് നോട്ടൺ ഇതിന്റെ കാരണമെന്തെന്ന് ആരാഞ്ഞപ്പോൾ അവിടെ കളികൾ മുൻകൂട്ടി ബുക്ക് ചെയ്തിട്ടില്ലെന്നും തിയററർ ഒന്നും കിട്ടുക സാധ്യമല്ലെന്നും ഉള്ള വസ്തുതകൾ വ്യക്തമായി. പോരെങ്കിൽ ഈ നഗരത്തിന്നപ്പുറത്തേയ്ക്കു് ഒരിടത്തും ബുക്ക് ചെയ്തിട്ടില്ലെന്നും മനസ്സിലായി. കാണികളെ ലഭിക്കുന്ന കാൎയ്യത്തിൽ ശങ്കപൂണ്ട ഏജൻറ്, ഒരു വിവരവും അറിയിക്കാതെ എവിടെയോ കടന്നുകളയുകയും ചെയ്തിരുന്നു. എല്ലാംകൊണ്ടും നാടകസംഘക്കാർ നൈരാശ്യഭരിതരായി.

നാടകക്കമ്പനി പൊട്ടാറായി എന്നു നോട്ടൺ ടെലഫോൺവഴി ഫ്ളാനഗനെ അറിയിച്ചു. കുറച്ചു ഡോളർ മാത്രമേയുള്ളു കയ്യിൽ ഇനി ബാക്കി; ഒരൂണിനുകൂടിയുള്ള വകമാത്രം.

“അവിടെത്തന്നെ താമസിക്കുക” ഫ്ളാനഗൻ മറുപടി അയച്ചു. “കുട്ടികൾ പതിവുപോലെ വണ്ടികളിൽ കിടന്നുറങ്ങട്ടെ. ഭയപ്പെടേണ്ടെന്നു അവരോടു

പറയൂ. എല്ലാം ശരിപ്പെട്ടും. ഞാനിതാ അങ്ങോട്ടു പുറപ്പെടുന്നു, ആദ്യത്തെ വണ്ടിക്കുതന്നെ.”

ഫ്ളാനഗൻ അവിടെയെത്തിയപ്പോൾ കണ്ടതു് വിഷാദം നിറഞ്ഞ മുഖങ്ങളായിരുന്നു. എന്നാൽ അദ്ദേഹത്തിനു നൈരാശ്യമുണ്ടായില്ല. കുറച്ചു പണം അദ്ദേഹം കൊണ്ടുവന്നിരുന്നു. വഴിയ്ക്കു പലേടത്തും സംഗീതപ്രകടനം നടത്തി, അതിൽനിന്നു കിട്ടുന്ന കാശുകൊണ്ടു് ഒമാഹായിൽ മടങ്ങിയെത്താമെന്നും, താനും അവരുടെകൂടെത്തന്നെ ഉണ്ടായിരിക്കുന്നതാണെന്നും പറഞ്ഞു് അദ്ദേഹം അവരെ ധൈര്യപ്പെടുത്തി.

കുറേ നാളത്തേയ്ക്കു ഈ പ്രസ്ഥാനം വിജയപ്രദമായിരുന്നു. എന്നാൽ വരവിലധികം ചെലവു വേണ്ടിവന്നതിനാൽ ഫണ്ടു മിക്കവാറും ശൂന്യമായി. ലിങ്കൺ നഗരത്തിൻെറ പ്രാന്തത്തിൽ അവർ എത്തിയപ്പോഴേയ്ക്കും കയ്യിലുള്ള അവസാന സെൻറുകൂടി ചെലവായിക്കഴിഞ്ഞു. സമയം ഉച്ചകഴിഞ്ഞിരുന്നു. പ്രഭാതഭക്ഷണത്തിനുശേഷം ആരുമൊന്നും കഴിച്ചിട്ടില്ല. തങ്ങളുടെ മുൻപിൽ കാണാറായ ഒരാശാകേന്ദ്രം ഭീതിജനകമായ ഒന്നായിരുന്നു—സക്കാർ ജയിലിൻെറ മണിമാളിക. അതിൻെറ നേരേ നോക്കിയപ്പോൾ ഫ്ളാനഗനു ക്ഷീണം കലൻ ഒരു മന്ദഹാസമുണ്ടായി.

“ഇതിൻെറ വാർഡൻ എൻെറ ഒരു സുഹൃത്താണ്” അദ്ദേഹം നോട്ടനോട്ടു പറഞ്ഞു. “പ്രതീക്ഷിക്കാത്ത അതിഥികളായിട്ടായിരിക്കും നമ്മളിപ്പോൾ അദ്ദേഹത്തിനു പ്രത്യക്ഷരാവുക.”

ആ കാരാഗൃഹത്തിൻെറ ഗെയിററിനെ ലക്ഷ്യമാക്കി വണ്ടികളെല്ലാം മുന്നോട്ടു വിട്ടു. താനും കുട്ടികളും വന്നിരിക്കുന്ന വിവരം ഫാദർ ഫ്ളാനെഗൻ വാർഡനെ അറിയിച്ചു. കാണാതെപോയ ഒരു സഹോദരനെ വീ

ണ്ടും കാണുമ്പോഴുള്ള സന്തോഷത്തോടുകൂടിയാണ് വാർഡൻ അദ്ദേഹത്തെ സ്വീകരിച്ചതു്. മുന്നറിയിപ്പു കൂടാത്ത ഈ സന്ദർശനത്തിനു ഫ്ളാനഗൻ ക്ഷമാപണം ചെയ്തു.

സംഭാഷണത്തിനിടയ്ക്കു വാർഡൻ പറഞ്ഞു: "ഫാദർ, അങ്ങിപ്പോൾ വന്നിരിക്കുന്നതുകൊണ്ട് എനിക്കൊരപേക്ഷയുണ്ട്: അങ്ങയുടെ കുട്ടികൾ ഞങ്ങളുടെ ആളുകളുടെ മുമ്പിൽ ഒരു പ്രദർശനം നടത്താൻ അങ്ങനുവദിക്കുമോ?"

ഫ്ളാനഗൻെറ ആശപോലെ കാര്യം സാധിച്ചു. ചോദിക്കാത്ത കുററം, അദ്ദേഹം അതിനു സമ്മതം നൽകി. കളി വൈകുന്നേരമായതിനാൽ വാർഡൻ അവരെയെല്ലാം ഡിന്നറിനു ക്ഷണിച്ചു.

അന്നു രാത്രിയിലെ പ്രദർശനം അതിവിശിഷ്ടമായിരുന്നു. അതു കഴിഞ്ഞപ്പോൾ ആ കുററപ്പുള്ളികൾ കൂടുതൽ പ്രകടനങ്ങൾക്കായി അട്ടഹാസങ്ങൾ മുഴക്കി.

"അവക്കറിയാവുന്നതെല്ലാം ഇവിടെ കാണിച്ചുകഴിഞ്ഞു" ഫ്ളാനഗൻ പറഞ്ഞു.

"എന്നാൽ അല്പനേരം പാടാൻ വയ്യേ, എല്ലാവക്കുംകൂടി?" വാർഡൻ ചോദിച്ചു.

അവർ പാട്ടുകച്ചേരി തുടങ്ങി. സംഗീതപ്രകടനത്തിൻെറ വലിയൊരു വിജയമൊന്നുമല്ലായിരുന്നു അതു്. എങ്കിലും ഏററവും ഹൃദയംഗമമായി, സംഗീതത്തിൽ സ്വയം ലയിച്ചുകൊണ്ട്, അവർ "ആവേ മരിയ" എന്ന കീർത്തനം പാടി. പരിശുദ്ധിയുടേയും മാതൃത്വത്തിൻെറ ഉൽകൃഷ്ടതയുടേയും ഒരു പ്രശംസയായ ആ ഗാനം അവർ കീർത്തനം ചെയ്തപ്പോൾ, ആ കാരാഗൃഹവാസികളായ കൊട്ടംപോതകികളെല്ലാവരും വല്ലാതെ ഇളകി, തങ്ങളെത്തന്നെ മറന്നിരുന്നുപോയി.

ഫാദർ ഫ്ളാനഗനും ഇളകിവശായി. വത്തിക്കാനിലെ ഗായകസംഘത്തിൻെറ സ്മരണ അപ്പോൾ അദ്ദേഹത്തിൻെറ മനസ്സിലുദിച്ചു: ഭാവിയിലേയ്ക്കും അദ്ദേഹത്തിൻെറ ഭാവന പായുകയായി. നൂറു സ്വരങ്ങൾ ഏകീഭവിച്ചു ഒരു സാക്ഷാൽ ഗായകസംഘത്തെ അദ്ദേഹം സ്വപ്നംകാണുകയായിരുന്നു. ബാലനഗരത്തിലെ ഭാവിഗായകസംഘത്തിൻെറ ആശയം അവിടെ വച്ചാണ്, നെബ്രാസ്കായിലെ ആ സക്കാർ കാരാഗൃഹത്തിൽവച്ചാണ്, അദ്ദേഹത്തിൻെറ മനസ്സിൽ മൊട്ടിട്ടതു്. താൽക്കാലികമായുണ്ടായ ഈ സന്തോഷത്തോടുകൂടി അടുത്ത പ്രഭാതത്തിൽ എല്ലാവരും ഓവർലുക്കിലേയ്ക്കു യാത്രയായി.

ഇതിനുമുമ്പൊരിക്കലും ഇത്ര വിഷാദാത്മകമായ ഒരന്തരീക്ഷം ആ ബാലഭവനത്തെ മ്ലാനമാക്കിയിട്ടില്ല. ഫാദർ ഫ്ളാനഗനു് ഈ പ്രദർശനസഞ്ചാരം ദുസ്സഹമായ ഒരു പരാജയമായിരുന്നു. പൊതുജനങ്ങളുടെ പിൻതുണയ്ക്കുവേണ്ടിയാണ് ഈ പരിപാടി അദ്ദേഹം ആസൂത്രണം ചെയ്തതു്. ഇപ്പോളാകട്ടെ പരാജയം തുറന്നു സമ്മതിക്കാതെ അദ്ദേഹത്തിനു ഗത്യന്തരമില്ലെന്നുവന്നു.

അല്ല, അദ്ദേഹത്തിനു തെററിപ്പോയി. ഈ പരാജയം താൽക്കാലികം മാത്രമായിരുന്നു; പൊതുജനങ്ങളുടെ പിൻതുണയിലല്ല പുതിയ മിത്രങ്ങളിൽനിന്നു സന്ദേശങ്ങൾ ബാലഭവനത്തിൽ വന്നുതുടങ്ങി. അവർ പ്രദർശനം നടത്തിയ നഗരങ്ങളിലെ മാതാപിതാക്കന്മരിൽനിന്നും ഉദ്യോഗസ്ഥന്മാരിൽനിന്നും അധ്യാപകന്മാരിൽനിന്നും കത്തുകൾ കിട്ടിത്തുടങ്ങി. അക്കൂട്ടത്തിൽ ചെക്കുകളും. എല്ലാവക്കും പറയാനുണ്ടായിരുന്നതു് ഒരേ ഒരു ക

ഫയാണ്: എത്ര നല്ലവരും മിടുമിടുക്കന്മാരുമാണ് അദ്ദേഹത്തിൻെറ കുട്ടികളെന്ന് അവക്ക് കണ്ടറിയാൻ കഴിഞ്ഞുവെന്ന വിവരം; ആ കുട്ടികഠം ചുണകെട്ടുത്തപ്പെട്ട പശുപ്രായരല്ല, ഉന്മേഷവും ആഹ്ലാദവും തുളുമ്പുന്ന, സാക്ഷാൽ സാഹായ്യമഹ്ഹിക്കുന്ന ബാലപൗരന്മാരാണെന്നു തങ്ങഠംക്കു ബോധ്യം വന്ന വിവരം.

ഈ പ്രോത്സാഹനങ്ങളാൽ ഉജ്ജ്വലിതമായ ഉന്മേഷത്തോടുകൂടിയ ഫ്ളാനഗൻ ഒരിക്കൽകൂടി ഈ സഞ്ചരണപ്രദശ്നം പരീക്ഷിക്കുവാനുറച്ചു.

ഒമാഹായിലെ ഒരു ബാങ്കുടമസ്ഥനിൽനിന്ന് അദ്ദേഹം കുറേ പണം കടമെടുത്തു. ഇത്തവണ സക്കസ് വണ്ടികഠംക്കുപകരം തീവണ്ടിയായിരുന്നു സഞ്ചാരവാഹനം. ഈ പുതിയ യാത്രയിൽ കളികഠം ബുക്ക് ചെയ്യുവാൻ വിദഗ്ദ്ധനും പരിചയസംമ്പന്നനുമായ ഒരേജൻറിനേയും അദ്ദേഹം നിയമിച്ചു.

ഈ യാത്രയിലുണ്ടായ അസാധാരണവിജയം ഫാദർ ഫ്ളാനഗനെ ആഹ്ലാദത്തിൽ ആറാടിച്ചു. പഴയ പ്രദശ്നത്തിൻെറ കാര്യം ആളുകഠം പതുക്കെ കേട്ടറിഞ്ഞുവരുന്നതേ ഉണ്ടായിരുന്നുള്ളുവെന്നും, അതിനെപ്പററി കേട്ടവർ അതു കാണാൻ കഴിയാഞ്ഞതിൽ ഇച്ഛാഭംഗവും അമഷവും പ്രകടിപ്പിച്ചിരുന്നുവെന്നുമുള്ളതു് അദ്ദേഹത്തിനു മനസ്സിലായിരുന്നില്ല. ആ കുട്ടികളെ ഒരുനോക്കു കാണുവാനും, അവരുടെ യാത്രയിൽ അനുമോദനാശംസകഠം നൽകുവാനും ആഗ്രഹം പ്രകടിപ്പിച്ചവർ ഒട്ടുവളരെയുണ്ടായിരുന്നു. തന്നിമിത്തം ഇത്തവണ വിജയത്തേക്കുറിച്ചു സംശയിക്കാനില്ല. ക്രിസ്തുമസ്സിനു മുമ്പായി വമ്പിച്ച ആദായത്തോടുകൂടിയാണ് അവർ തിരിച്ചെത്തിയതു്.

ഫാദർ ഫ്ളാനഗന്ന് ഒരു ശുഭദശയായിരുന്ന ഇക്കാലം. പുതിയ കെട്ടിടം പണിതീൎന്നു്, കുട്ടികൾ അങ്ങോട്ടു മാറിക്കഴിഞ്ഞു. കാലാവസ്ഥയുടെ ബാധകളിൽനിന്നു അവർ രക്ഷനേടി; കെട്ടിടത്തിന്മേലും സ്ഥലത്തിന്മേലുമുണ്ടായിരുന്ന കടമൊക്കെ വീട്ടി; സംഭാവനകൾ വൎദ്ധമാനങ്ങളായി. ഭാവിയിലേയ്ക്കു് ഉന്നതമായ പ്രത്യാശകളോടുകൂടി എത്തിനോക്കുവാൻ ഫ്ളാനഗന്നു കഴിയുമെന്നായി.

അടുത്ത കുറേ കൊല്ലങ്ങളായി, വേനൽക്കാലത്തു്, പല നാടകസംഘങ്ങളെ ഇങ്ങനെ അദ്ദേഹം അയയ്ക്കുകയുണ്ടായി. ഓരോ സമയത്തും ഓരോ പുതിയ പ്രദൎശനമായിരിക്കും. ഒടുവിലായപ്പോൾ കുട്ടികളുടെ യാത്ര അവരുടെ സ്വന്തം കാറിലായി. അതിന്റെ പുറത്തു് "ഫാദർ ഫ്ളാനഗന്റെ കുട്ടികളുടെ പ്രദൎശനം" എന്നെഴുതിവച്ചിരുന്നു. ഭക്ഷണം അവർ സ്വയം പാകം ചെയ്തിരുന്നതിനാൽ ഹോട്ടലുകളിൽ പണം കൊടുക്കാതെ ലാഭിക്കുവാൻ കഴിഞ്ഞു. ചില യാത്രകളിൽ അവൎക്കൊരമ്മയായും ആപ്തസ്നേഹിതയായും സിസ്റ്റർ നെല്ലിയും കൂടെ സഞ്ചരിച്ചിരുന്നു.

കളി കഴിയുമ്പോൾ കാണികളിൽ ചില ദമ്പതിമാർ പുറത്തു കാത്തുനില്ക്കും, ആ കുട്ടികളിൽ ഒരാളെ ദത്തെടുക്കാനുള്ള അപേക്ഷയുമായി.

"കൊള്ളാം! എന്റെ കുട്ടികളെ ഇങ്ങനെ വിട്ടുകൊടുക്കാൻ തുടങ്ങിയാൽ" ഫ്ളാനഗൻ പറയും, "ഒടുവിൽ ആരെയുംകൂടാതെ എനിക്കു ഭവനത്തിലേയ്ക്കു തിരിച്ചുപോകേണ്ടിവരുമല്ലോ."

എങ്കിലും പില്ക്കാലത്തു ചില അപേക്ഷകന്മാൎക്കു ചിലരെ സൂക്ഷ്മപരിശോധനക്കുശേഷം "ദത്തു" നൽകിയ ദൃഷ്ടാന്തങ്ങളില്ലാതില്ല.

സംഗീതത്തിൻെറ ഔഷധശക്തിയിൽ ഫാദർ ഫ്ളാനഗനുള്ള വിശ്വാസം നാൾക്കുനാൾ വർദ്ധിച്ചുവന്നിരുന്നു. ബാലന്മാക്ക് വികാരങ്ങളുടെ ഒരു ബഹിഷ്കരണമാർഗ്ഗവും, ദുഃഖിതന്മാക്ക് ആശ്വാസത്തിനുള്ള ഒരൗഷധവുമാണു സംഗീതമെന്ന്, അനുഭവങ്ങളിൽനിന്ന് അദ്ദേഹത്തിനു ബോധ്യം വന്നുകഴിഞ്ഞു. "പാട്ടിൽ വാസനയുള്ള ഒരു കുട്ടിയും ചീത്തയായിത്തീൎന്നിട്ടുള്ള ദൃഷ്ടാന്തങ്ങൾ വളരെ ചുരുക്കമായിട്ടേ എനിയ്ക്കറിവുള്ളു" എന്നദ്ദേഹം ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി.

1941-ൽ, ഫ്രാൻസിസ് സ്മിത്ത് എന്നു പേരുള്ള സംഗീതവിദഗ്ദ്ധനായ ഒരു യുവവൈദികനെ അദ്ദേഹം അവിടെ കൊണ്ടുവന്നു.

"ഈ രാജ്യത്തിലെ ഏററവും നല്ല ഗായകസംഘത്തെ ഈ കുട്ടികളിൽനിന്ന് അങ്ങു സൃഷ്ടിക്കണം" ഫാദർ ഫ്ളാനഗൻ മന്ദഹാസപൂൎവ്വം ആജ്ഞാപിച്ചു.

ഗായകനും സംഗീതയന്ത്രവാദനത്തിൽ വിദഗ്ദ്ധനുമായ ഫാദർ സ്മിത്ത് തൻെറ ആയുഷ്കാലമത്രയും സംഗീതാഭ്യസനത്തിനുവേണ്ടി വിനിയോഗിച്ച ആളാണ്. ആദ്യം രണ്ടാഴ്ചത്തേയ്ക്ക് എല്ലാവരേയുംകൊണ്ടു അദ്ദേഹം പാടിച്ചുനോക്കി. എല്ലാത്തരം സ്വരവൈചിത്ര്യങ്ങളും അപ്പോൾ കേൾക്കാൻ കഴിഞ്ഞു. പിന്നെ ഒരു തിരഞ്ഞെടുപ്പു നടത്തി. തിരഞ്ഞെടുക്കപ്പെട്ടവരെയെല്ലാം ഒരു പ്രത്യേക കെട്ടിടത്തിലേയ്ക്കു മാററി. അനന്തരം അവക്കു മുറയ്ക്കു പരിശീലനം നൽകാൻ തുടങ്ങി. കീൎത്തനങ്ങൾ പാടിക്കേൾപ്പിക്കുകയായിരുന്നു ആദ്യത്തെ നടപടി. ഓപ്പറാസംഗീതം, മതസംഗീതം, നാടോടിപ്പാട്ടുകൾ മുതലായവയെല്ലാം അവരുടെ പരിപാടികളിൽ ഉൾപ്പെട്ടിരുന്നു. സ്വരസംയോജനം, ഗാനരൂപങ്ങൾ, ഗാനരചയിതാക്കളുടെ സംഗീതാഭ്യസനചരി

ത്രം മുതലായ പലതും അദ്ദേഹം അവരെ അഭ്യസിപ്പിച്ചു. ഗായകസംഘത്തിൽ ഒരംഗമായിത്തീരുകയെന്നത് ഫുട്ബോൾ ടീമിൽ ഒരംഗമായിത്തീരുന്നതുപോലെയുള്ള ഒരു ബഹുമതിയായിരുന്നു.

ആദ്യത്തെ പരസ്യമായ സംഗീതപ്രകടനം ഒമാഹായിലെ ജോസലിൻ മെമ്മോറിയൽ മ്യൂസിയത്തിൽ വച്ചാണു നടന്നത്. ഒരു നല്ല പാട്ടുകച്ചേരി പ്രതീക്ഷിച്ചുകൊണ്ടല്ലായിരുന്നു കാണികൾ വന്നത്. കുട്ടികളുടെ പ്രകടനമല്ലേ? ഒന്നു കൈകൊട്ടി അഭിനന്ദിച്ചേക്കാം എന്നുമാത്രമേ അവർ ഉദ്ദേശിച്ചിരുന്നുള്ളു. എന്നാൽ സംഗീതം കേട്ടുകഴിഞ്ഞതോടെ അവർ ആശ്ചര്യഭരിതരായിത്തീർന്നു. ഒന്നാംതരം പരിശീലനം! ഒന്നാംതരം ശിക്ഷണം ലഭിച്ചിട്ടുള്ള ഗായകന്മാർ! രാജ്യത്തിലുള്ള ഏതു ഗായകസംഘത്തോടും കിടപിടിക്കുന്നവർ! ആ ഹ്ലാദപ്രകടനങ്ങൾകൊണ്ട് ആ ഹാൾ മുഴുവനും മുഖരിതമായി. 1945-ൽ യുദ്ധം അവസാനിക്കുന്നതുവരെ ആ കുട്ടികൾ സൈന്യസങ്കേതങ്ങളിൽ സംഗീതപ്രകടനം നടത്താറുണ്ടായിരുന്നു. യുദ്ധാപരിതഃസ്ഥിതികൾമൂലം യാത്രയ്ക്കുണ്ടായിരുന്ന നിരോധനങ്ങൾ നീക്കപ്പെട്ടതോടേ 1946-ൽ അവർ ഒന്നാമത്തെ സഞ്ചരണസംഗീതപ്രകടനത്തിനിറങ്ങി. വമ്പിച്ച സംഗീതശാലകളിൽ പ്രകടനം നടത്തുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട നാല്പതു കുട്ടികൾ തീവണ്ടിയിൽ നാടുതോറും സഞ്ചരിക്കാൻ തുടങ്ങി. ആദ്യത്തെ വമ്പിച്ച പ്രകടനം സെൻറ് പോളിലെ അതിവിശാലമായ മുനിസിപ്പൽ ആഡിറേറാറിയത്തിൽ വച്ചായിരുന്നു, അന്നും, ആദ്യത്തെ രാത്രി ഫാദർ ഫ്ളാനഗൻ ഹാളിൻെറ ഒരുവശത്തു നിന്നുകൊണ്ട്, സദസ്യരുടെയിടയിലേക്ക് ഒന്നെത്തിനോക്കി. ഒൻപതിനായിരത്തിൽ കുറയാത്ത ഒരു സദസ്സ് നിശ്ചലമായി, പ്രതീ

ക്ഷാനിർഭരമായി ഇരിക്കുന്നതുകണ്ടു് അദ്ദേഹം പുളകം കൊണ്ടു.

ഗാനങ്ങൾ ഓരോന്നും കഴിയുമ്പോൾ 'വൺസ് മോർ' (ഒന്നുകൂടി) വിളികൾ കാണികളിൽനിന്നും തുടരെ ഉയൎന്നുകൊണ്ടിരുന്നു. പിറേറ ദിവസം ഉണൎന്നെണീററ കുട്ടികൾ കണ്ടതു്, സംഗീതവിദഗ്ദ്ധന്മാരും സംഗീതനിരൂപകന്മാരും ഫാദർ സ്മിത്തിനേയും ഫാദർ ഫ്ളാനഗനേയും ഹസ്തദാനപൂൎവ്വം അഭിനന്ദിക്കുന്ന കാഴ്ചയായിരുന്നു.

എവിടെയെല്ലാം അവർ സഞ്ചരിച്ചിരുന്നുവോ അവിടെയൊക്കെ ഇതേ കഥതന്നെ: ബോസ്റ്റണിലെ സിംഫണി ഹാൾ, ന്യൂയോക്കിലെ കാൎണ്ണീഗിഹാൾ, വാഷിങ്ടണിലെ കോൺസ്റ്റിറവ്യൂഷൻ ഹാൾ, പിററ്സ്ബർഗ്, പിയോറിയാ, സിൻസിനാററി,സെൻറു ലൂയി മുതലായ നഗരങ്ങളിലെ ഹാളുകൾ എന്നിവിടെയെല്ലാം അപ്രതീക്ഷിതവും അത്ഭുതകരവുമായ അഭിനന്ദനങ്ങളാണു് അവൎക്കു സദസ്യരിൽനിന്നു ലഭിച്ചതു്. ഫാദർ ഫ്ളാനഗൻെറ കുട്ടികളുടെ സംഗീതപ്രശസ്തി അമേരിക്ക മുഴുവൻ പരന്നു. ഈ പ്രശസ്തി തങ്ങളിലോരോരുത്തൎക്കും വ്യക്തിപരമായിട്ടുള്ളതല്ലെന്നും, ഗായകസംഘത്തിനും ബാലനഗരത്തിനും പൊതുവേ സിദ്ധിക്കുന്നതാണെന്നും ഗ്രഹിക്കാനുള്ള നിസ്സ്വാൎത്ഥത അവൎക്കുണ്ടായിരുന്നു.

മെക്സിക്കോയിൽനിന്നും വീടു ചാടിപ്പോന്ന എൻറിക്ക് എന്ന ബാലൻ ഈ നാല്പതുപേരിൽ ഒരാളായിരുന്നു. നിരന്തരമായ പരിശീലനംകൊണ്ടു് അവൻ അതിപ്രഗത്ഭനായ ഒരു സംഗീതവിദഗ്ദ്ധനായിത്തീൎന്നിരുന്നു. അവൻ ബാലനഗരത്തിൽനിന്നു ബിരുദം നേടിപ്പോയശേഷം ഒരിക്കൽ വിശ്വവിശ്രുതമായ വത്തിക്കാൻ ഗായകസംഗത്തിൻെറ പ്രകടനം റേഡിയോവഴിക്കു്

കേട്ടപ്പോഠം അതിലെ ചില ശൈലികഠം ഏതാണ്ടു കെട്ടിത്തടഞ്ഞുനില്ക്കുന്നതുപോലെയായിരുന്നുവെന്നു ഫാദർ സ്മിത്തിനുള്ള ഒരു കത്തിൽ വിമർശിക്കുകയുണ്ടായി.

1927-ാം സംവത്സരത്തോടുകൂടി 2000-ത്തിലധികം യുവാക്കഠം ബാലനഗരത്തിൽനിന്നു ബിരുദം നേടി ബിസിനസ്സിൻെറയോ വിദ്യാഭ്യാസത്തിൻെറയോ തുറകളിൽ പ്രവേശിച്ചുകഴിഞ്ഞിരുന്നു. അവരിൽ പലരും ഒരുകാലത്തു കുററപ്പുള്ളികളെന്നു മുദ്രയടിക്കപ്പെട്ടിരുന്ന ഭാഗ്യഹീനരായ കുട്ടികളായിരുന്നു. എന്നാൽ ബാലഭവനത്തിലെത്തിയതിൽപ്പിന്നെ ഒരിക്കലെങ്കിലും അവർക്കു നിയമത്തിൻെറ പിടിയിൽ പെടാനിടയായിട്ടില്ല.

ബാലഭവനവും അതിൻെറ ഡയറക്ടരും ഇതിനിടകൊണ്ട് അമേരിക്കയിലൊട്ടുക്കു പ്രശസ്തി നേടിക്കഴിഞ്ഞിരുന്നു. പല സമുന്നതവ്യക്തികളും ബാലഭവനം സന്ദർശിക്കാൻ വന്നുകൊണ്ടിരുന്നു. ഭവനവാസികഠം കാൽവിൻ കൂളിഡ്ജിനുവേണ്ടി അദ്ദേഹത്തിൻെറ ബ്ലാക്ക്ഹിൽസിലുള്ള വേനൽക്കാലവസതിയിൽ ഒരു ബാൻറുവാദ്യപ്രകടനം നടത്തി; മറെറാന്നു, ജോൺ ഫിലിപ്പ് സൂസായ്ക്കുവേണ്ടി ഒമാഹാ റെയിൽറോഡ് സ്റ്റേഷനിലും. ഈ പഴയ റോസ്കോമൺ സ്വദേശിയെ കണ്ടു ഹസ്തദാനം ചെയ്യുവാൻ അയർ പ്രസിഡണ്ട് എമോൺ ഡി വലേര ഒരിക്കൽ അവിടെ വരികയുണ്ടായി. ബേബ് റൂത്തും ലൗ ജെൻറിഗ്ഗും അവിടെ വന്നു കുട്ടികളോട് സംഭാഷണം ചെയ്യുകയും ബെയ്സ്ബോഠം വീരന്മാരുടെ കയ്യൊപ്പുകഠം ശേഖരിക്കയും ചെയ്തിട്ടുണ്ട്. ടോം മിക്സും അയാളുടെ കുതിരയും ബാലഭവനത്തിലെ

കായികപരിശീലനക്കളരിയിൽ ഒരു വിശേഷാൽ പ്രദശ്നം നടത്തുകയുമുണ്ടായി.

രണ്ടു മുറികഠം മാത്രമുള്ള തൻെറ ചെറിയ വസതിയിലെ എലികളുടെ ശല്യംകൊണ്ടു് പലരുടേയും നിബ്ബന്ധമനുസരിച്ചു്, ഫാദർ ഫ്ളാനഗൻ ഒരു പുതിയ വസതി തനിക്കായി നിമ്മിക്കാൻ നിബ്ബദ്ധനായി. കണക്കാക്കിയതിൽ 14000 ഡോളറിൻെറ നഷ്ടം ഈ എലികഠം വരുത്തിക്കൂട്ടിയിരുന്നുവത്രേ! രാത്രിയിൽ അദ്ദേഹത്തെ അവർ ഉറക്കിയിരുന്നുമില്ല.

ഇതിനിടയ്ക്കു് ഫ്ളാനഗൻെറ പിതാവു നിര്യാതനായി. നോറാ ഫ്ളാനഗൻ ക്ഷീണാധിക്യംമൂലം മറെറാരു മകളുടെകൂടെ താമസമാക്കി. ഒരു വേനൽക്കാലത്തു ഫ്ളാനഗനും നെല്ലിയും കൂടി ഒരു യൂറോപ്പുപര്യടനം നടത്തി. അവർ ഇൻസ്ബ്രുക്കിൽ ഇറങ്ങി ഫ്ളാനഗൻ പണ്ടു പഠിച്ചിരുന്ന വിദ്യാലയമന്ദിരങ്ങഠം സന്ദശിക്കുകയും ആ മലക്കെട്ടുകളുടെ താഴ്വാരങ്ങളിൽക്കൂടി വിനോദയാത്ര ചെയ്യുകയും ചെയ്തു.

വയസ്സായി, ശരീരം ചടച്ചുതുടങ്ങി; വിശ്രമമില്ലാത്ത ജോലിയുടെ മുദ്രകഠം ഫ്ളാനഗൻെറ ദുബ്ബലഗാത്രത്തിൽ കണ്ടുതുടങ്ങി. എങ്കിലും കുട്ടികളുടെ പ്രശ്നങ്ങഠം കൈകാര്യം ചെയ്യുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന ആദശം ഭേദപ്പെടുന്നതിനു പകരം ഒന്നുകൂടി ഉറയ്ക്കുകയാണുണ്ടായതു്. സ്നേഹവും ക്ഷമയും ധാരണയും ഇപ്പോഴും അദ്ദേഹത്തിൻെറ മുദ്രാവാചകമായിരുന്നു. എങ്കിലും ദീഘമായ പരിചയത്തിൽനിന്നു്, ഒരേ തോതിലല്ല എല്ലാ കുട്ടികളേയും കൈകാര്യം ചെയ്യേണ്ടതെന്നും, ഓരോരുത്തരുടേയും വ്യക്തിഗതങ്ങളായ ന്യൂനതകഠം മനസ്സിലാക്കി പ്രതിവിധി കാണുകയാണു് ഉത്തമമാഗ്ഗമെന്നും അദ്ദേഹം ഗ്രഹിച്ചിരുന്നു.

## XXII

# അമ്മയ്ക്കും മകന്നും ബഹുമതി

ഭൂതകാലത്തിൻെറ പ്രതിധ്വനിയെന്നപോലെ, കുറച്ചുകൂടി മന്ദഗതിയിൽ പോകണമെന്നുള്ള ഡോക്ടർമാരുടെ സ്വരങ്ങൾ, അദ്ദേഹത്തിന്ന പിന്നെയും താക്കീതു നൽകിക്കൊണ്ടിരുന്നു. അദ്ദേഹമാകട്ടെ, പണ്ടത്തെപ്പോലെ ഇന്നും അത്ര വകവച്ചിരുന്നില്ല. ഭവനം ശീഘ്രം പുരോഗമിച്ചുകൊണ്ടിരിക്കെ, വദ്ധിച്ചുവരുന്ന ജോലികളുപേക്ഷിച്ച് എങ്ങനെ മാറിനില്ക്കും?

ഈ കാലംകൊണ്ടു ബാലനഗരം ഒരു യാഥാത്ഥ്യമായിത്തീൎന്നുകഴിഞ്ഞിരുന്നു. സ്ഥലത്തിനും കെട്ടിടങ്ങൾക്കുംകൂടി വില കണക്കാക്കിയാൽ ഒരു 10 ലക്ഷം ഡോളറിൽ കുറയാതെ വരും. നിത്യച്ചെലവു രാജ്യത്തിൻെറ നാനാഭാഗങ്ങളിലും നിന്നു വന്നിരുന്ന ചെറിയ സംഭാവനകൾകൊണ്ടു തന്നെ ഇപ്പോഴും വഹിച്ചുപോന്നിരുന്നു. ഇന്നും ബാലനഗരത്തിലെ കുട്ടികളുടെ നിത്യച്ചെലവ് സംഭാവനകൾകൊണ്ടാണു വഹിച്ചുപോരുന്നത്.

ബാലഭവനത്തിൻെറ ചരിത്രം പൊതുജനദൃഷ്ടിയിൽ എന്നും സജീവമായിരുന്നെങ്കിലേ അതിൻെറ നടത്തിപ്പിനാവശ്യമായ ധനം കിട്ടിക്കൊണ്ടിരിക്കയുള്ളുവെന്നു ഗ്രഹിച്ചിരുന്ന ഫ്ളാനഗൻ, ആണ്ടുതോറും നാടിൻെറ നാനാഭാഗങ്ങളിലും പ്രസംഗപര്യടനങ്ങൾ നടത്തിക്കൊണ്ടിരുന്നു. ഇതിനും പുറമേ, ആരോഗ്യവും പണവും ഒന്നുപോലെ വ്യയം ചെയ്യേണ്ടിയിരുന്ന ഭവനത്തിൻെറ ഭരണഭാരം അപ്പോഴും ഒരു വ്യക്തിയുടെ ചുമലിൽ തന്നെയത്രേ വന്നുകൂടിയിരുന്നതു്. തന്മൂലം സ്റ്റാഫിൽ കുറേ അംഗങ്ങളെക്കൂടി അദ്ദേഹം ചേർത്തു. എങ്കിലും വിസ്തരാംശങ്ങളിലെല്ലാം അദ്ദേഹംതന്നെ അവധാനം ചെലുത്താതെ തരമില്ലായിരുന്നു. ഒരു കുട്ടിക്ക ഓപ്പറേഷൻ വേണം; ഉടനെ ഫാദർ ഫ്ളാനഗൻ നേരിട്ടാണു ഡോക്ടറെ വരുത്തുക. സാക്ഷാൽ പിതാവിനെപ്പോലെ അദ്ദേഹം ആശുപത്രിവാതില്ക്കൽ കാത്തുനില്ക്കും. മറെറാരു കുട്ടി ഒളിച്ചോടിപ്പോകുന്നു; ഫാദർ ഫ്ളാനഗൻതന്നെ പോലീസിനേയും കൂട്ടി തിരഞ്ഞുപിടിച്ചു്, അവനെ കൈക്കുപിടിച്ചു കൂട്ടിക്കൊണ്ടുവന്നു് അവന്നു രണ്ടാമതൊരവസരം നല്കുകയായി. 1929-ാമാണ്ടായപ്പോൾ പ്രവർത്തനങ്ങളുടെ വൈവിധ്യവും വൈപുല്യവും മൂലം ഭവനത്തിനു പിന്നെയും വികാസം വേണ്ടതായിവന്നു.

പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള പരിപാടി അദ്ദേഹം ആസൂത്രണം ചെയ്തു. രണ്ടരലക്ഷം ഡോളറിൻെറ ഒരു ഫണ്ടു പിരിക്കാനുള്ള ഒരു സമരം പിന്നെയും ആരംഭിച്ചു. ഇഷ്ടികകൊണ്ടു കെട്ടിയതും തീപിടിക്കാത്തതുമായ അഞ്ചു പുതിയ കെട്ടിടങ്ങൾ വേണം; നീന്തൽത്തടാകത്തോടുകൂടിയ ഒരു ജിമ്നേഷ്യം, ഒരു വാണിജ്യ പാഠശാല, അധ്യാപകവസതികൾ, അലക്കി

നം തേപ്പിനുമുള്ള കെട്ടിടം—ഇതെല്ലാം വേണം.

1929 സെപ്തംബറിൽ കെട്ടിടം പണി ആരംഭിച്ചു. ഒരു മാസം കഴിഞ്ഞില്ല, അപ്പോളാണ് പ്രസിദ്ധമായ വാൾസ്റ്റ്റീററ് നാണയക്കുഴപ്പം സംഭവിച്ചതു്. രാജ്യത്തിൻെറ ഡോളറെല്ലാം നിമ്മാജ്ജനംചെയ്യുകയും സാമ്പത്തികാധഃപതനത്തിനു വഴിതെളിക്കുകയും ചെയ്ത ഈ അത്യാഹിതം ഫ്ളാനഗൻെറ ഭവനനിമ്മാണ പരിപാടികൾക്കു് ഉടവു വരുത്തുമെന്നായി. ഈ പരിപാടികൾ തല്ക്കാലം ഉപേക്ഷിക്കണമെന്നു പലരും അദ്ദേഹത്തോടുപദേശിച്ചു. "ഇല്ല" എന്നായിരുന്നു ഫ്ളാനഗൻെറ ഉറച്ച മറുപടി. വിശ്വാസത്തിൻെറ ആയുധം മാത്രമേന്തി ഇതിനേക്കാൾ ഗുരുതരങ്ങളായ വൈഷമ്യങ്ങളെ അദ്ദേഹം മുമ്പു തരണംചെയ്തിട്ടുണ്ടു്. അതിനാൽ സാമ്പത്തികാധഃപതനത്തിൻെറ മൂദ്ധന്യദശയിലും കെട്ടിടംപണി മുറയ്ക്കു നടന്നുകൊണ്ടുതന്നെയിരുന്നു. ആ വിഷമഘട്ടത്തിലും പണിച്ചെലവിനുള്ള പണം എങ്ങനെയോ വന്നുകൊണ്ടിരുന്നു.

1930 അവസാനമായപ്പോഴേയ്ക്കും കെട്ടിടങ്ങളെല്ലാം പണിതീന്നു. അതിൻെറ പ്രതിഷ്ഠാകമ്മം ഫ്ളാനഗൻെറ ജീവിതത്തിലെ ഒരു മഹാസംഭവമായിരുന്നു. വിവിധസഭകളിലെ പുരോഹിതശ്രേഷ്ഠന്മാർ, നഗരസഭയിലെയും ഗവമ്മെണ്ടിലേയും ഉദ്യോഗസ്ഥന്മാർ, ജീവിതത്തിൻെറ എല്ലാ തുറകളിലുമുള്ള ഗണനീയവ്യക്തികൾ തുടങ്ങിയവരാൽ അന്നു ബാലഭവനം നിബിഡമായി.

ഗവണ്ണർ ആർതർ ജെ. വീവർ ചെയ്ത ഒരു ലഘുപ്രസംഗത്തിൽ ഫാദർ ഫ്ളാനഗൻ സ്ഥാപിച്ച ബാലഭവനം മൂലം നെബ്രാസ്കാസ്റ്റേററിനു കൈവന്നിട്ടുള്ള പരിവത്തനം വിശദീകരിച്ചിരുന്നു. ഒമാഹായിലെ മേയരും അവിടത്തെ മെത്രാനും, യഹൂദന്മാർ, പ്രോട്ടസ്റ്റൻറു

കാർ, കത്തോലിക്കർ തുടങ്ങിയ പൗരപ്രമാണികളെല്ലാവരും തങ്ങളുടെ അഭിനന്ദനം പ്രകാശിപ്പിച്ചു. ഏതാനം കൊല്ലങ്ങൾക്കു മുമ്പു അവിടെ താമസിച്ചിരുന്നവർ കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ചിട്ടുള്ള കുറേ കുട്ടികളും ഒരു പാവപ്പെട്ട പട്ടക്കാരനുമായിരുന്നുവെന്നു പറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസമായിരിക്കുന്നു എന്നു പലരും അഭിപ്രായപ്പെട്ടു.

1931-ൽ മറെറാരു ബഹുമതി അദ്ദേഹത്തിനു ലഭിച്ചു. നഗരത്തിലെ ഒന്നാംകിടയിലുള്ള ആയിരം പൗരന്മാർ സമ്മേളിച്ച ഒരു യോഗത്തിൽ വച്ച്, അമേരിക്കൻ ലീജിയൺ അദ്ദേഹത്തെ ഒമാഹായുടെ പ്രഥമ പൗരനായി പ്രഖ്യാപനം ചെയ്തു.

ഈ സമ്മേളനത്തിൽ ഫാദർ ഫ്ളാനഗനൊന്നിച്ച് അദ്ദേഹത്തിൻെറ വൃദ്ധമാതാവും സന്നിഹിതയായിരുന്നു. അവക്കിപ്പോൾ വയസ്സ് എൺപതായി. തൻെറ മകനു സിദ്ധിക്കാൻ പോകുന്ന ബഹുമതിയെക്കുറിച്ച് അവക്കൊരു മുന്നറിവുമില്ലായിരുന്നു. അവർ ഇരുവരുംകൂടി ഹാളിലേയ്ക്കു പ്രവേശിച്ചപ്പോളുണ്ടായ വമ്പിച്ച കരഘോഷവും ആഹ്ലാദപ്രകടനങ്ങളും ആ വൃദ്ധയെ അമ്പരപ്പിച്ചു.

"ഇതെന്താണിക്കേൾക്കുന്നതു് ഫാദർ എഡ്വർഡ്?" അവർ ചോദിച്ചു "ഈ ഒച്ചപ്പാടെല്ലാം അച്ചനു വേണ്ടിയാണോ?"

"അല്ല" ഫാദർ എഡ്വർഡ് ഒരു മന്ദഹാസത്തോടെ ധരിപ്പിച്ചു. "അതു നമുക്കുവേണ്ടിയാണമ്മേ, അമ്മയ്ക്കും എനിക്കുംവേണ്ടി."

എത്രമാത്രം അഭിനന്ദനങ്ങൾ ഫ്ളാനഗനു സിദ്ധിച്ചുവോ, അത്രത്തോളം ആ വൃദ്ധമാതാവിനും അന്നു ലഭിച്ചതായി പത്രറിപ്പോർട്ടുകൾ പറയുന്നു. ഫ്ളാനഗൻ

അന്നു വളരെ ക്ഷീണനായി കാണപ്പെട്ടുവെന്നും, ആ സായാഹ്നത്തിൽ അദ്ദേഹം ഇടവിടാതെ ചുമയ്ക്കുന്നതായി കാണപ്പെട്ടുവെന്നുംകൂടി റിപ്പോർട്ടുകളിൽ കാണുന്നു.

തൻെറ പോക്ക് ആരോഗ്യക്ഷയത്തിലേയ്ക്കാണെന്നു ഡോക്ടർമാർ നിരന്തരം താക്കീതു നൽകിക്കൊണ്ടിരുന്നു. 1931ലെ വസന്തത്തിൽ ഒരു ദിവസം ഉച്ചകഴിഞ്ഞു് അദ്ദേഹം ഒരു ഡെസ്കിൻെറമീതേ കമിഴ്ന്നടിച്ചു് ഒന്നു വീണു. ഒരുവിധത്തിൽ എഴുന്നേററിരിക്കാൻ അദ്ദേഹത്തിനു സാധിച്ചു. ആഫീസുമുറിയിൽനിന്നു് പതുക്കെപ്പതുക്കെ നടന്നു് അദ്ദേഹം വസതിയിലെത്തി. തനിക്കു വിശേഷിച്ചൊരു കേടും പററിയിട്ടില്ലെന്നും, അല്പം വിശ്രമം മാത്രമേ തനിക്കാവശ്യമുള്ളുവെന്നും നെല്ലിയോടു അദ്ദേഹം ഉറപ്പുപറഞ്ഞു. അദ്ദേഹത്തെ കിടക്കയിൽ കിടത്തിയശേഷം നെല്ലി ഒരു ഡോക്ടറെ വിളിച്ചു കൊണ്ടുവന്നു.

അന്നു രാത്രി ഡോക്ടർമാർ അദ്ദേഹത്തിൻെറ ആരോഗ്യസ്ഥിതിയേക്കുറിച്ചുപരസ്പരം ആലോചന നടത്തി. അതു് തകരാറായിരിക്കുന്നുവെന്നാണു് പരിശോധനക്കുശേഷം അവർ അഭിപ്രായപ്പെട്ടതു്. ശ്വാസകോശത്തിനു എപ്പോഴെങ്കിലും കേടു ബാധിക്കാം. ഒരു ചികിത്സാലയത്തിൽ കുറഞ്ഞപക്ഷം ആറുമാസത്തെയെങ്കിലും വിശ്രമം കൂടിയേതീരു.

ഇത്തവണ യുക്തിവാദമൊന്നും ഉണ്ടായില്ല. ഡോക്ടർമാരുടെ ഉപദേശം അനുസരിക്കുകയോ നിരസിക്കുകയോ വേണ്ടതു് എന്നതിലായിരുന്നു അദ്ദേഹത്തിൻെറ ജീവൻ സ്ഥിതിചെയ്തിരുന്നതു്.

ഡെൻവറിൽ ഒരു ചികിത്സാലയത്തിൽ അദ്ദേഹത്തെ താമസിപ്പിക്കാൻ സൗകര്യങ്ങളുണ്ടാക്കി. ഫ്ളാനഗൻ തിരിച്ചു വരുന്നതുവരെ ബാലഭവനത്തിൻെറ ഡ

യറക്ടർസ്ഥാനം വഹിച്ചുകൊള്ളാമെന്ന് അദ്ദേഹത്തി ൻെറ ജ്യേഷ്ഠൻ ഫാദർ പി. ഏ. സമ്മതിച്ചു. അദ്ദേഹം യാത്രയായപ്പോൾ ഹസ്തദാനം ചെയ്യുവാൻ ഭവനത്തിലെ കുട്ടികളെല്ലാം പടിക്കൽ അണിനിരന്നുനിന്നു. മന്ദഹാസപൂർവ്വം അവരോടൊക്കെ യാത്രപറഞ്ഞു് അദ്ദേഹം അവിടെനിന്നു തിരിച്ചു. തങ്ങളെ പിരിയുമ്പോൾ അദ്ദേഹത്തിൻെറ ഹൃദയത്തിലുണ്ടായിരുന്ന ഏകാന്തതയും നൈരാശ്യവും എത്രമാത്രമെന്നൂഹിക്കുവാൻ അവക്കു കഴിഞ്ഞിരുന്നില്ല.

ഭാഗ്യവശാൽ കുറച്ചു മാസങ്ങൾക്കുള്ളിൽ ഫ്ളാനഗൻ ആശുപത്രിയിൽനിന്നു സസുഖം തിരിച്ചെത്തി. വന്നായുടനെ ആദ്യമായി അദ്ദേഹം ചെയ്തതു് 12 വയസ്സുള്ള ഒരു ബാലനെ ജയിൽജീവിതത്തിൽനിന്നു രക്ഷപ്പെടുത്തി എടുക്കുകയായിരുന്നു.



ബാലനഗരം വിമാനത്തിൽനിന്നുള്ള നോട്ടത്തിൽ

നെബ്രാസ്കാ സ്റ്റേററിൽ ഒമാഹാ നഗരത്തിനടുത്തു് 350 ഏക്കർ സ്ഥലത്തു് സ്ഥാപിച്ചിട്ടുള്ള ഈ നഗരത്തിൽ 1940-നുശേഷം നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളിൽ 25 പുതിയ വസതികൾ ഇടത്തു മുൻഭാഗത്തായി കാണാം. ഓരോന്നിലും 20 ഹൈസ്കൂൾ വിദ്യാർത്ഥികൾക്കു താമസസൗകര്യമുണ്ടു്. നഗരത്തിലാകെ 10-നും 18-നും മദ്ധ്യേ പ്രായമുള്ള 1000 പേർക്കു താമസിക്കാം. വലത്തുവശത്തു താഴെയായി നഗരക്ഷേമമന്ദിരം, ഭരണമന്ദിരം ഇവ കാണാം. അർദ്ധവൃത്താകൃതിയിലുള്ള പ്രധാനറോഡിന്റെ തീരത്തായി സംഗീതശാല, ഹൈസ്കൂൾ, ഭക്ഷണശാല, ട്രെയിനിങ്ങ് സ്കൂൾ, കൃഷിപ്പുര, അദ്ധ്യാപകവസതി മുതലായവ സ്ഥിതിചെയ്യുന്നു.

## XXIII

# ഭവനം നഗരമായി

ബാലനഗരത്തിൻെറ ചരിത്രത്തിൽ സുപ്രധാനമായ ഒരു സംഭവമായിരുന്നു, അവിടത്തെ ജിമ്നേഷ്യത്തിൽ പോസ്റ്റാഫീസിൻെറ ഉൽഘാടനം. പാററ് നോർട്ടണായിരുന്നു പോസ്റ്റ്മാസ്റ്റർ. 1934 ഡിസംബറിൽ ബാലനഗരം എന്നു പേർ പറയപ്പെടുന്ന സ്ഥലം ഒരു മുൻസിപ്പാലിററിയായി ഉയർത്തിക്കൊണ്ടുള്ള അമേരിക്കൻ ഗവമ്മേണ്ടിൻെറ ഔദ്യോഗികപ്രഖ്യാപനമുണ്ടായി.

ഭവനം നഗരമാക്കി വികസിപ്പിക്കണമെന്നും, അതിൻെറ ഭരണം ജനകീയനിയമങ്ങളനുസരിച്ചു തിരഞ്ഞെടുക്കപ്പെടുന്ന ബാലന്മാരായ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു നിർവ്വഹിപ്പിച്ചുപോകണമെന്നുമുള്ള ആശയം ആരംഭം മുതല്ക്കുതന്നെ അതിൻെറ സ്ഥാപകനുണ്ടായിരുന്നു. ഒരു സ്വതന്ത്രസമുദായത്തിൽ ഓരോ പൌരനുമുള്ള കർത്തവ്യം, സമുദായത്തിൻെറ ദൂഷിച്ച വശങ്ങൾ ആഴത്തിൽ അനുഭവിച്ചറിഞ്ഞിട്ടുള്ള ആ ബാലന്മാരെ

പഠിപ്പിക്കണമെന്നതായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം.

ഇക്കാര്യത്തിനായിച്ചെയ്ത ആദ്യത്തെ ശ്രമം 1926 ലായിരുന്നു. അന്നു ഒമാഹായിലെ സമ്പ്രദായമനുസരിച്ചുള്ള ഒരു 'ഗവമ്മേണ്ടു്' ഓവർല്വക്കിൽ ഏൎപ്പെടുത്തുകയുണ്ടായി. ഒരു കൊല്ലത്തേയ്ക്കു ബാലന്മാരിൽനിന്നു് ഒരു മേയറേയും കമ്മീഷണർമാരുടെ ഒരു സമിതിയേയും തിരഞ്ഞെടുത്തു. എന്നാൽ തിരഞ്ഞെടുപ്പു കഴിഞ്ഞശേഷം കുട്ടികളുടെ ഉത്സാഹം മന്ദീഭവിച്ചുതുടങ്ങിയതിനാൽ ആ ഏൎപ്പാടു നിറുത്തൽ ചെയ്യേണ്ടിവന്നു. ബാലനഗരം ഒരു സാക്ഷാൽ നഗരമല്ലാതിരുന്നതാണു് ഈ പരാജയത്തിനു കാരണമെന്നു ഫാദർ ഫ്ളാനഗൻ എപ്പോഴും വിശ്വസിച്ചിരുന്നു. സാക്ഷാൽ ഗവമ്മേണ്ടിൻെറ ശിക്ഷയനുഭവിച്ചിട്ടുള്ള യാഥാൎത്ഥ്യവേദികൾക്കു ഈ അഭിനയക്കോടതിയുടെയും അഭിനയക്കമ്മീഷൻെറയും ശിക്ഷകൾ ഒരു നേരമ്പോക്കു മാത്രമായിരുന്നു.

എന്നാൽ ഈ ആശയം അദ്ദേഹത്തിൻെറ മനസ്സിൽനിന്നു മാഞ്ഞുപോയിരുന്നില്ല. ഭവനം വികസിച്ചുവരികയും, കെട്ടിടങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നതു കണ്ടപ്പോൾ വീണ്ടും ഈ ആശയം ശക്തിപ്പെട്ടുവന്നു. 1929-ൽ മിലിററി അക്കാഡമികളുടെ മാതൃകയിലുള്ള ഒരു ഭരണരീതി കുറച്ചുകാലത്തേയ്ക്കു് അവിടെയൊന്നു പരീക്ഷിച്ചുനോക്കി. ഇതും ഫലപ്രദമല്ലെന്നുകണ്ടുപേക്ഷിക്കുകയാണു ചെയ്തതു്. മാതൃസഹജമായ ആർദ്രതയുടെ മാൎഗ്ഗത്തിൽ ഒരു വിലങ്ങുതടിയായിരുന്നു ഇത്തരം ഭരണം.

1934-ൽ പോസ്റ്റാഫീസ് തുറന്നതോടേ, സ്വയംഭരണരംഗത്തിൽ മറെറാരു പരീക്ഷണംകൂടി നടത്താൻ ഫ്ളാനഗൻ ഉറച്ചു. ബാലനഗരത്തിനു ഔദ്യോഗികമായ അംഗീകാരം കിട്ടിയതോടുകൂടി അതിന്നൊരു യഥാ

ത്ഥഭരണത്തിൻെറ ആവശ്യവും വന്നുകൂടി. ഒരു മേയർ വേണം, ഒരു സിററിക്ലാക്ക് വേണം, ഒരു പോലീസ് കമ്മീഷണർ, ഒരു സാനിട്ടറി കമ്മീഷണർ മുതലായ ഉദ്യോഗസ്ഥന്മാരെല്ലാം വേണം.

ഭക്ഷണശാലയിൽക്കൂടി കൊടികളും പ്ലാക്കാർഡുകളും ഉയത്തിപ്പിടിച്ചു പാട്ടുംപാടി, തിരഞ്ഞെടുപ്പു മത്സരക്കാർ ഘോഷയാത്രകളാരംഭിച്ചു. 'ബാലനഗരനിമ്മാണ'പ്പാർട്ടിയെന്നും 'നമ്മുടെ നഗരസഹായ'പ്പാർട്ടിയെന്നും അവർ രണ്ടുചേരിയായിത്തിരിഞ്ഞു. ഇരുകക്ഷികളും തിരഞ്ഞെടുപ്പുപ്രസംഗങ്ങൾ പൊടിപൊടിച്ചു.

തിരഞ്ഞെടുപ്പിൻെറ ആവേശത്തിൽ ആ ബാലസ്ഥാനാത്ഥികൾ ചില വാഗ്ദാനങ്ങളും ചെയ്തുതുടങ്ങി. തന്നെ തിരഞ്ഞെടുക്കുന്നപക്ഷം നഗരത്തിലേയ്ക്കു പ്രതിമാസം പ്രത്യേകമൊരു വിനോദയാത്രചെയ്യാൻ സ്കൂൾ കുട്ടികൾക്കുവാദം വാങ്ങിക്കൊടുക്കാമെന്ന് ഒരു ബാലസ്ഥാനാത്ഥി ഉറപ്പുനൽകി. മറെറാരാൾ വാഗ്ദാനംചെയ്തു,ആഴ്ചതോറും ഒരു സിനിമ എന്നുള്ളതു രണ്ടാക്കിക്കൊടുക്കാമെന്ന്.

ഈ പുതിയ രീതിപ്രകാരം തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ മേയർ ടോണി വില്ലൺ ആയിരുന്നു. 1931-ലാണ് അയാൾ ഭവനത്തിൽ വന്നുചേന്നത്. ഇന്ന് കാലിഫോർണിയായിൽ കൾവർ നഗരത്തിൽ അയാളൊരു സുപ്രധാനമായ ഉദ്യോഗം വഹിച്ചുകൊണ്ടിരിക്കുന്നു.

നഗരനിയമങ്ങളുടെ ലംഘനത്തിനു മേയർ തൻെറ കമ്മീഷണർമാരുടേയും ഉപദേഷ്ടാക്കളുടേയും ആലോചനയോടുകൂടി, കോടതികളിലേപ്പോലെതന്നെ, ശിക്ഷ കല്പിച്ചിരുന്നു. ഫാദർ ഫ്ളാനഗൻെറയോ അദ്ധ്യാപകസംഘത്തിൻെറയോ ശ്രദ്ധാവിഷയമാകേണ്ടുന്നത്ര ഗൗരവപ്പെട്ട കുററങ്ങളൊഴികെ മററു നിയമലംഘ

നങ്ങളും ലഹളകളും ബാലകോടതിയിൽത്തന്നെയാണു വാദംകേട്ടു തീരുമാനിച്ചിരുന്നതു്.

**ശാരീരികമായ ദണ്ഡനം അവിടെ ഒരിക്കലും അനുവദിക്കപ്പെട്ടിരുന്നില്ല.**

തൻെറ പരീക്ഷണങ്ങളിൽനിന്നു, കുട്ടികൾക്കു ദുർഗ്ഗുണപരിഹാരശാലകളിലെയും ജയിലുകളിലെയും പോലെ പരസ്പരം മൃഗീയമായവിധം പെരുമാറുവാൻ കഴിയുമെന്നു് അദ്ദേഹത്തിനു നന്നായി അറിയാമായിരുന്നു. ഔദ്യോഗികജോലികൾ നിർവ്വഹിക്കുന്നതിനിടയിൽ താൻ ഒരിക്കലും മററൊരു കുട്ടിയെ ശരീരദണ്ഡനമേല്പിക്കുന്നതല്ലെന്നു് ഓരോ ബാലോദ്യോഗസ്ഥനും ഒരു പ്രതിജ്ഞാപത്രത്തിൽ ഒപ്പിട്ടുകൊടുക്കേണ്ടിയിരുന്നു. എന്നിരുന്നാലും, ഈ കുട്ടിബ് ഭരണാധികാരികളുടെ ശിക്ഷകൾ കുറേ കഠിനങ്ങളായിരുന്നുവെന്നുള്ള പരാതികൾ പലപ്പോഴും കേട്ടിരുന്നു.

എല്ലാററിലും ഉഗ്രമായ ശിക്ഷ—അതിനെ 'വധശിക്ഷ'യെന്നാണു കുട്ടികൾ പേർ വിളിച്ചിരുന്നതു്—'സിനിമാശിക്ഷ'യായിരുന്നു: കുററക്കാരൻ ബാലനഗരത്തിൽ ആഴ്ചതോറുമുള്ള സിനിമാ കാണാൻ വിധിക്കപ്പെടും. അതെങ്ങനെ കാണണം? വെള്ളിത്തിരയ്ക്കെതിരായി പുറം തിരിഞ്ഞു, കാണികൾക്കഭിമുഖമായി സിനിമാ കഴിയുന്നതുവരെ അങ്ങനെ നില്ക്കണം. തോളിനു മുകളിൽക്കൂടിയെങ്ങാനും മുഖംതിരിച്ചു അയാൾ കട്ടുനോക്കുന്നുണ്ടോ എന്നു നോക്കാൻ ഉദ്യോഗസ്ഥന്മാർ അടുത്തുണ്ടായിരിക്കും. നൂറു കണക്കിനു കുട്ടികൾ സിനിമാകണ്ടു രസിക്കുമ്പോൾ അതു കാണാൻ നിർവ്വാഹമില്ലാതെ പുറം തിരിഞ്ഞു നില്ക്കേണ്ടിവരിക ഒരുഗ്രശിക്ഷതന്നെയാണല്ലോ.

ഇത്തരം ശിക്ഷകൾ ദുർഗ്ഗുണപരിഹാരശാലകളിലെ പ്രതികാരദണ്ഡനങ്ങളേക്കാൾ വളരെ താണതരത്തിലുള്ളവയായിരുന്നു. എങ്കിലും അവയും നന്നേ പാരുഷ്യംകലന്നവയായി ഫാദർ ഫ്ളാനഗന്നു തോന്നി. അവ തന്നെ വളരെ വേദനിപ്പിച്ചതായി അദ്ദേഹം പരാതിപ്പെട്ടു. ഐക്യനാടുകളിലെ ഭരണഘടനയിൽ "ക്രൂരവും അസാധാരണവുമായ ശിക്ഷകൾ" എന്നു പറഞ്ഞിട്ടുള്ള ഇനത്തിൽപ്പെട്ടവയാണ് അവയെന്ന് അദ്ദേഹം കമ്മീഷണർമാരെ ധരിപ്പിച്ചു. അതിൽപ്പിന്നെ വിശേഷാൽ ജോലികളും വിശേഷാൽ പഠനവുമായിത്തീൎന്നു, പ്രധാനശിക്ഷകൾ.

1941-ൽ യുദ്ധം വന്നതോടുകൂടി ബാലഭവനത്തിലെ പല വിനോദപ്രവൎത്തനങ്ങളും നിറുത്തൽ ചെയ്യേണ്ടിവന്നു. അതിനുപകരം മുതിൎന്ന കുട്ടികൾക്കു്, ഒരു സൈനികകൎണ്ണലിന്റെ മേൽനോട്ടത്തിൽ, സൈനികപരിശീലനം നല്കിക്കൊണ്ടിരുന്നു. യുദ്ധംമൂലം പിൻവലിക്കപ്പെട്ട പല അധികാരങ്ങളും 1948-ൽ തിരിച്ചുകൊടുക്കുകയും, പഴയ ഭരണം പുനഃസ്ഥാപിക്കപ്പെടുകയുമുണ്ടായി.

ഇന്നത്തെ ഭരണപദ്ധതി അന്നത്തേതിൽനിന്നു ഗണ്യമായി വ്യതിചലിച്ചിട്ടില്ല. ഒമാഹാ നഗരസഭയുടെ മാതൃകയിൽ നിൎമ്മിച്ചിട്ടുള്ള തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ ഒരു ഭരണമാണതു്. പതിനേഴു കമ്മീഷണർമാരെയും നാലു കൗൺസിലർമാരെയും ആറാറുമാസത്തേയ്ക്കു തിരഞ്ഞെടുക്കുന്നു. ആ നാലു കൗൺസിലർമാരിൽനിന്നു് ഒരാളെ മേയറായി കുട്ടികൾതന്നെ തിരഞ്ഞെടുക്കുന്നു.

അവിടത്തെ സമ്മതിദായകന്മാരോ? പക്ഷേ ലോകത്തിലേയ്ക്കും പ്രായം കുറഞ്ഞവരാണവർ. ബാലനഗര

ത്തിലെ ഒരു പൗരനായിരിക്കുക, വായിക്കാനും സ്വന്തം പേരെഴുതാനും വശമായിരിക്കുക—ഇത്രയുമാണ് ഒരു സമ്മതിദായകൻെറ കുറഞ്ഞ യോഗ്യതകൾ. നീഗ്രോമാരും വെള്ളക്കാരും കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരുമായ മേയറന്മാർ ഉണ്ടായിട്ടുണ്ട്. അവരിൽ പലരും ഭവനത്തിലേയ്ക്കു വരുമ്പോൾ കഷ്ടതയിലും നിസ്സഹായതയിലും ആണ്ടിരുന്നവരായിരുന്നു.

ദൃഷ്ടാന്തമായി, മേയർ ജായ്ക്കിയുടെ കഥതന്നെ നോക്കുക. 10 വയസ്സുമാത്രം പ്രായമുള്ളപ്പോൾ അയാൾ പബ്ലിക്ക് സ്കൂളിൽ ഡെസ്കിൻമീതേ തലകറങ്ങി വീഴുകയുണ്ടായി. നഗരക്ഷേമപ്രവത്തകന്മാരുടെ പരിശോധനയിൽ ശരിയായ ഭക്ഷണത്തിൻെറ അഭാവമായിരുന്നു അയാളുടെ തളച്ച്യ്ക്കു കാരണം. ഒരു കൊല്ലക്കാലമായി രാത്രിതോറും 2 മണിവരെ പത്രവില്പനയ്ക്കായി വഴിനീളെ നടക്കുകയായിരുന്നു ആ ബാലൻ.

ബാലനഗരത്തിൽനിന്നു മേയർ ജായ്ക്കി ബിരുദം നേടിയ അവസരത്തിൽ അഭിനന്ദനപ്രസംഗം നടത്തിയ ജെ. എഡ്ഗാർ ഹൂവർ ഫാദർ ഫ്ളാനഗനോടു പറഞ്ഞു: "ഈ യുവാവു ഒരു ഗവമ്മേണ്ടുദ്യോഗസ്ഥനായിത്തീരും."

സക്കാർ ഗവേഷണശാലയിൽ ഒരു ക്ലാക്കായി ഈ മേയക്കുദ്യോഗം കിട്ടി. യുദ്ധകാലത്തു അയാൾ സൈന്യസേവനം ചെയ്തിട്ടുണ്ട്. ഇപ്പോൾ അയാൾ ക്രീററൺ സവ്വകലാശാലയിൽ നിയമഡിഗ്രിക്കു പഠിച്ചുകൊണ്ടിരിക്കുന്നു. ഒരിക്കൽ അയാൾ എണ്ണപ്പെട്ട ഒരു ഗവമ്മേണ്ടുദ്യോഗസ്ഥനായിത്തീൎന്നേക്കാം.

രാത്രി താമസിച്ചുവന്നതിനു വീട്ടിൽ കടത്താഞ്ഞതിനാൽ, ഭവനഭേദനം ചെയ്തു പണം മോഷ്ടിച്ചുകൊണ്ടുപോയി വിശപ്പടക്കിയ ഒരു നീഗ്രോബാലൻ ഈ അട്ട

ത്തകാലത്തു് മേയറായിത്തീൎന്ന കഥയും രസാവഹമാണ്. കളികളിലെല്ലാം അസൂയാവഹമായ ഉന്നതി അയാൾ കരസ്ഥമാക്കി. ഫുട്ബോൾ, ബെയ്സ്ബോൾ, ബാസ്കറ്റ്ബോൾ, ഓട്ടം ഇവയിലെല്ലാം മത്സരത്തിൽ അത്ഭുതകരമായ പ്രശസ്തിനേടിയ ഒരു താരമാണ് അയാൾ. ബിരുദം നേടിയശേഷം ഇപ്പോഴും അയാൾ പഠനം തുടൎന്നുകൊണ്ടുതന്നെയിരിക്കുന്നു. അടുത്തെങ്ങാനം അയാൾ ഒരു ദന്തവൈദ്യനായിത്തീൎന്നേക്കാം.

ഭവനഭേദനം, മോഷണം എന്ന രണ്ടു കുററങ്ങളോടുകൂടി ജീവിതത്തിലേയ്ക്കു പ്രവേശിച്ച ആളാണ് ഈ നിലയിലെത്തിയതെന്നു നാമോൎക്കണം.

ബാലനഗരത്തിലെ ഓരോ മന്ദിരത്തിനും ഓരോ കമ്മീഷണറുണ്ടു്. ഓരോന്നിലേയും ക്രമസമാധാനങ്ങൾക്ക് അവരാണുത്തരവാദികൾ. തങ്ങളുടെ സഹപൗരന്മാരുടെകൂടെയാണ് അവർ വസിക്കുന്നതെങ്കിലും മററുള്ളവരെല്ലാം അവരെ ആദരിക്കുകയും അനുസരിക്കുകയും ചെയ്തുപോരുന്നു.

വിസ്താരക്കോടതികളിൽ മേയർ അദ്ധ്യക്ഷത വഹിക്കും; സഹായിക്കാൻ സിററിക്ലാൎക്ക് അടുത്തുണ്ടായിരിക്കും; ഉപദേശിക്കുവാൻ കമ്മീഷണർമാരും.

പുകവലിച്ച കുററത്തിനു ചാൎജ്ജ് ചെയ്യപ്പെട്ടുന്ന ഒരു ബാലൻ തൻെറ പേരിലുള്ള ആരോപണത്തിനു സമാധാനം പറയാൻ എഴുന്നേററുനില്ക്കുന്നു. താൻ പുകവലിച്ചില്ലെന്നും, ഒരു സ്നേഹിതൻ അല്പനേരം പിടിച്ചുകൊണ്ടു നില്ക്കാൻ പറഞ്ഞു് സിഗററു തന്നെ ഏല്പിച്ചതാണെന്നും അവൻ പറഞ്ഞുനോക്കും. ഈ നുണ കേട്ടൊന്നും ആ ഉദ്യോഗസ്ഥന്മാർ ഇളകില്ല. മേയർ ക്ഷണനേരം ആലോചിച്ചിട്ടു ചോദിക്കും:

"സ്നേഹിതൻ സിഗററു തന്നപ്പോൾ അതു വ

ലിയ്ക്കണമെന്നുള്ള ഉദ്ദേശം നിങ്ങൾക്കില്ലായിരുന്നുവോ?"

"ഉവ്വ് സർ, ഉണ്ടായിരുന്നു" കുട്ടി സമ്മതിക്കും.

പിന്നെ കുട്ടി പുകവലിച്ചിരുന്നില്ലെങ്കിൽത്തന്നെയും, ആ ഉദ്ദേശമുണ്ടായിരുന്നു എന്നതിനെ ആസ്പദമാക്കി മേയർ വിധിക്കും: വേലക്കാരുടെകൂടെ ഒരാഴ്ച പണിയെടുക്കുക.

ഈ രീതിയിലാണു അവിടത്തെ വിസ്താരവും ശിക്ഷയും.

## XXIV

# ബാലഭടന്മാർ യുദ്ധരംഗത്തിൽ

കുട്ടികളുടെ ശാരീരികവും മാനസികവും സ്വഭാവപരവുമായ വികാസനത്തിൽ കളികൾക്കും വിനോദങ്ങൾക്കുമുള്ള സ്ഥാനം നല്ലവണ്ണം ഗ്രഹിച്ചിരുന്ന ഫ്ളാനഗൻ, ബാലനഗരത്തിൽ ക്രമേണ കെട്ടിപ്പടുത്തുകൊണ്ടുവന്ന കളിക്കാരുടെ സംഘം പല സർവ്വകലാശാലകളിലേതിനോടും കിടപിടിക്കുന്നതാണ്. ഫുട്ബോൾ സ്റ്റേഡിയം, നീന്തൽത്തടാകങ്ങൾ, ടെന്നീസ്കോർട്ട്, ബാസ്കററ്ബോൾകോർട്ട് മുതലായി എല്ലാത്തരം കളികൾക്കുമുള്ള സ്ഥലവും ഉപകരണങ്ങളും അവിടെയുണ്ട്.

ഫുട്ബോളാണ് അവിടത്തെ ഏററവും പ്രശസ്തമായ കളി. ബാസ്കററ്ബോൾ, ബോക്സിങ്ങ്, ബെയ്സ്ബോൾ, ഓട്ടം മുതലായവയിലെയും റെക്കോർഡുകൾ ഉയന്ന തരത്തിലുള്ളവയാണ്. വളരെ വിദഗ്ദ്ധമായ പരിശീലനം നടത്തിയശേഷം കൊല്ലംതോറും ബാലനഗരത്തിൽനിന്നു മത്സരക്കളികൾക്ക് ടീം അയയ്ക്കാറുണ്ട്.

ചിലപ്പോൾ അവരുടെ മത്സരക്കളി കാണാൻ വരുന്ന ജനങ്ങളുടെ സംഖ്യ ഒരു ലക്ഷത്തോളമുണ്ടാകും.

ഫാദർ ഫ്ളാനഗൻെറ വേലകളോട് കഷ്ടതകളും സങ്കടങ്ങളും സദാ ബന്ധിക്കപ്പെട്ടു കിടന്നിരുന്നു. എങ്കിലും തൻെറ പ്രസ്ഥാനം ശരിയാണെന്നും അതിൻെറ അടിസ്ഥാനം സുദൃഢമാണെന്നും അദ്ദേഹത്തിനറിയാമായിരുന്നു. സ്നേഹമാണ് എല്ലാ ഔഷധങ്ങളിലുംവച്ച് ശ്രേഷ്ഠതമമെന്നുള്ളതിൽ യാതൊരു സംശയവും ഒരിക്കലും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഒരു കുട്ടിക്ക് എപ്പോളാണ് മാനസികപരിവത്തനം സംഭവിക്കുക എന്നാക്കറിയാം? അതുവരെ ക്ഷമിച്ചിരിക്കുവാൻ നാം പഠിക്കണം.

യുദ്ധത്തിനിടയ്ക്കു ബാലനഗരത്തിലെ പൌരന്മാർ കരയ്ക്കും കടലിലും നിവ്വഹിച്ച വീരകമ്മങ്ങളെപ്പററി കേൾക്കുമ്പോൾ, മറെറാന്നുകൊണ്ടുമില്ലാത്ത ഒരു ചാരിതാത്ഥ്യം ഫാദർ ഫ്ളാനഗനുണ്ടാകാറുണ്ട്.

പേൾഹാർബറിലെ അത്യാഹിതത്തെക്കുറിച്ചു റേഡിയോയിൽ കേട്ട നിമിഷത്തിൽ തങ്ങളെ സൈന്യത്തിൽ ചേക്കണമെന്ന പറഞ്ഞു് ആ കുട്ടികൾ ബഹളം കൂട്ടിത്തുടങ്ങി. കേവലം ഒരു ബാലനായ മേയറുടെ നേതൃത്വത്തിൽ, ഭവനവാസികൾ ഒന്നൊഴിയാതെ ഒരു ജാഥയായി ഫ്ളാനഗൻെറ വസതിക്കു മുമ്പിലെത്തി. ബോംബു വീണിട്ട് ഏതാനും മണിക്കൂറിനുള്ളിൽ അനേകശതം സന്നദ്ധഭടന്മാരാൽ താൻ വലയിതനായിരിക്കുന്നതായി ഫ്ളാനഗൻ കണ്ടു. സൈനികലിസ്റ്റിൽ ഉടനേ പേരു കൊടുക്കുവാൻ, മുതിന്ന കുട്ടികളിൽ ചിലക്ക് അദ്ദേഹം അനുവാദം നല്കി. വസന്തകാലമായപ്പോൾ

മേയറും ഡിഗ്രിക്ലാസ്സുകളിലുള്ള മററുള്ളവരും പേരു കൊടുത്തു. "അമേരിക്കൻ സമരബാലന്മാരുടെ" ദേശീയ ചാപ്ലെയിനെന്നു ഫാദർ ഫ്ളാനഗൻ വിളിക്കപ്പെട്ടു. ഇതിനിടയ്ക്കു സൈനികപരിശീലനത്തിനുള്ള ഒരു പരിപാടി അദ്ദേഹം തയ്യാറാക്കുന്നുണ്ടായിരുന്നു.

ക്രമേണ റിപ്പോർട്ടുകൾ കിട്ടിത്തുടങ്ങി, ആ കുട്ടികളിൽ ഓരോരുത്തരും, ഒന്നിനുപുറകെ മറെറാന്നായി, മുറിവേററതായോ, കാണാതെപോയതായോ, കൊല്ലപ്പെട്ടതായോ ഒക്കെ. ഒരുവൻെറ പേരു ജിമ്മി എന്നായിരുന്നു. 1935-ൽ രണ്ടു സഹോദരന്മാരൊന്നിച്ച് അവൻ ഭവനത്തിൽ വന്നു കയറിയതാണ്. ജിമ്മിയുടെ അമ്മ മരിച്ചിരുന്നു; പിന്നെ ഒന്നാംലോകമഹായുദ്ധത്തിൽ പങ്കെടുത്തിരുന്ന അവൻെറ അപ്പനും മരിച്ചു. അനന്തരം അമേരിക്കൻ ലീജിയൺ സംഘത്തിൻെറ നിർദ്ദേശമനുസരിച്ച് അവരെ ബാലനഗരത്തിൽ എടുത്തതായിരുന്നു.

ഈ സഹോദരന്മാർ മൂവരും അവിടെ വരുമ്പോൾ അവരുടെ കൈവശം ഒരമേരിക്കൻ കൊടിയുണ്ടായിരുന്നു. ആരു ചോദിച്ചാലും ആ കൊടി അവർ വിട്ടുകൊടുക്കുകയില്ല. "അതു ഞങ്ങളുടെ അപ്പൻെറ കൊടിയാണ്." അവർ വിശദീകരിക്കും.

1943-ൽ, ജിമ്മി കൊല്ലപ്പെടുന്നതിനു അല്പം മുമ്പ്, അയാൾ ഫാദർ ഫ്ളാനഗന് ഇങ്ങനെ എഴുതി.

"ഞാൻ അങ്ങേയ്ക്കു കത്തയച്ചിട്ടു വളരെ നാളായല്ലോ. . . . ഈ ദിവസങ്ങളിലെല്ലാം വലിയ ജോലിത്തിരക്കായിരുന്നു എനിക്ക്. . . . ഇപ്പോൾ ഞാൻ ഇററലിയിലാണ്; ശത്രുക്കളുടെ സൈന്യനിരകളിൽനിന്ന് ഇതത്ര അകലെയല്ല. ഒരു പ്രാവശ്യം എനിക്കു മുറിവേല്ക്കുകയുണ്ടായി. അതിനെനിക്കു 'പർപ്പിൾ ഹാർട്ട്'

മെഡൽ കിട്ടി. സൗകര്യം കിട്ടുമ്പോഠം ആ മെഡൽ ഞാൻ അങ്ങേയ്ക്കയച്ചുതരാം; ഞാൻ തിരിച്ചുവരുന്നതുവരെ എന്റെ ഓമ്മയ്ക്കായി സൂക്ഷിക്കുവാൻ.

"ഒരു ജീപ്പിലിരുന്നു കാവൽ സൈന്യത്തെ നയിച്ചുകൊണ്ടു പോകുമ്പോളാണ് എനിക്കു മുറിവേററതു്. അപ്പോഠം ഞാൻ സിസിലിയിലായിരുന്നു. ഇപ്പോഠം അതൊക്കെ സുഖമായി. തല്ക്കാലം ഇത്രമാത്രം—പ്രിയപ്പെട്ട അച്ഛാ."

നാലു ദിവസം കഴിഞ്ഞു ജിമ്മി കൊല്ലപ്പെട്ടു.

യുദ്ധം അവസാനിക്കുന്നതിനുമുമ്പായി ബാലനഗരത്തിലെ പൂർവ്വവിദ്യാർത്ഥികളിൽ ഒരായിരംപേർ ലോകത്തിന്റെ നാനാഭാഗങ്ങളിൽ സൈന്യസേവനത്തിലേപ്പെട്ടിട്ടുണ്ട്. അവരുടെ വീരകൃത്യങ്ങളെക്കുറിച്ചു കേഠക്കുമ്പോഠം ഫാദർ ഫ്ളാനഗന്റെ കണ്ണു രണ്ടും നിറയും.

അവരിലൊരുവൻ ഗ്വാഡൽകനാലിനുവേണ്ടിയുള്ള യുദ്ധത്തിന്റെ ആദ്യദിവസങ്ങളിൽ കരയ്ക്കിറങ്ങിപ്പോയ ഒരു ബാലനായിരുന്നു. നാലുദിവസം അവൻ മുൻനിരയിൽത്തന്നെ നിന്നു. ശത്രുക്കളുടെ വെടികഠക്കിടയിലും മുറിവേററ ഭടന്മാരെ അവൻ ധൈര്യപൂർവ്വം പരിചരിച്ചുകൊണ്ടിരുന്നു. അഡ്മിറൽ ഹാൻസി ഈ ബാലന്റെ കഥ എടുത്തുപറഞ്ഞു പ്രശംസിച്ചിട്ടുണ്ട്.

'ഗ്വാഡൽകനാൽ ഡയറി' എന്ന തന്റെ പ്രസിദ്ധ ഗ്രന്ഥത്തിൽ റിച്ചേഡ് ട്രെഗാസ്കിസ് ഈ ബാലന്റെ വീരത്വത്തെക്കുറിച്ചു പ്രസ്താവിക്കുന്നുണ്ട്. മുറിവേററ ഒരു ലെഫ്ററനന്റിനെ രക്ഷിക്കാൻവേണ്ടി, ശത്രുക്കളുടെ നാലുഭാഗത്തുനിന്നുമുള്ള വെടികഠക്കിടയിൽ, അവൻ മുന്നോട്ടു ചാടിക്കയറി. ആ ഉദ്യോഗ

സ്ഥനെ അവൻ രക്ഷപ്പെടുത്തുകതന്നെ ചെയ്തു—താനും അപകടംകൂടാതെ തിരിച്ചെത്തി.

മറെറാരു കഥ അമേരിക്കൻ സൈനികവിമാന വകുപ്പിലെ ക്യാപ്ററനായ മെൽവിൻഡഡൺ എന്നയാളെ സംബന്ധിച്ചുള്ളതാണ്. ശത്രുരാജ്യത്തിന്റെ മീതെക്കൂടി 30 പ്രാവശ്യം കാര്യനിർവ്വഹണാർത്ഥം അദ്ദേഹം പറന്നിട്ടുണ്ട്. ബാലനഗരത്തിലെ ഒരു പൂർവ്വപൗരനായിരുന്ന അദ്ദേഹം ഒരുകൊല്ലം കഴിഞ്ഞു് ഇംഗ്ലണ്ടിൽ 8-ാം വിമാനസേനയുടെകൂടെ പറന്നിരുന്നു. സൈന്യസേവനത്തിനിടയ്ക്കു അഞ്ചു യുദ്ധമെഡലുകളും, ഒരു വൈമാനികമെഡലും പ്രശസ്യമായ 'ഫ്ളയിംഗ് ക്രോസ്' മെഡലും സമ്പാദിച്ചിട്ടുണ്ട്. യുദ്ധം കഴിഞ്ഞ ശേഷം അദ്ദേഹം നാട്ടിലേയ്ക്കു തിരിച്ചുവന്നു് പ്രൂഡ് സർവ്വകലാശാലയിൽ പഠനം തുടർന്നുകൊണ്ടിരുന്നു.

ബാലനഗരത്തിൽത്തന്നെ, സാക്ഷാൽ സൈനികോദ്യോഗസ്ഥന്മാരുടെ കീഴിൽ, സൈനികപരിശീലനപരിപാടി മുറയ്ക്കു നടന്നുകൊണ്ടിരുന്നു. ഫാദർ ഫ്ളാനഗൻ ഈ സമയത്തു പ്രസംഗപര്യടനംമൂലം യുദ്ധഫണ്ടിലേക്കു 40 ലക്ഷം ഡോളർ പിരിച്ചെടുത്തു കൊടുക്കുവാൻ സഹായിച്ചു. എന്നാൽ പ്രായാധിക്യമായിട്ടും തന്റെ വികസ്വരങ്ങളായ ആശയങ്ങൾ ആ വൈദികൻ ഉപേക്ഷിച്ചിരുന്നില്ല. എന്നെങ്കിലും യുദ്ധം അവസാനിക്കും. യുദ്ധാനന്തരമുള്ള കെട്ടിടനിർമ്മാണപരിപാടികൾ നടപ്പിൽവരുത്തണം. പുതിയ കുടിലുകളും വയൽപ്പുരകളും സ്കൂൾ കെട്ടിടങ്ങളുമെല്ലാം പണിതു തീർക്കണം.

യുദ്ധം കഴിഞ്ഞാൽ തന്റെ വിധായക പരിപാടികളുടെ ആവശ്യം വർദ്ധിക്കുകയേ ഉള്ളു. ആ യുദ്ധകാലങ്ങളിൽത്തന്നെ പല കുടുംബങ്ങളും തകരുന്നതും, ജീവി

തങ്ങൾ ശിഥിലമാകുന്നതും, സാധാരണജീവിതാചാരങ്ങൾ ധ്വംസിക്കപ്പെടുന്നതും, യുവാക്കൾ പരിത്യജിക്കപ്പെടുന്നതുമെല്ലാം അദ്ദേഹം കണ്ടുകൊണ്ടാണിരിക്കുന്നത്. കുട്ടികൾക്കുപദ്രവം നൽകുന്ന ഘടകങ്ങളെല്ലാം വർദ്ധമാനമായിക്കാണുമ്പോൾ കുഴപ്പമുണ്ടാകുമെന്നതിൽ സംശയിക്കാനില്ല.

പുതുതായി വന്നുചേർന്നിരുന്ന കുട്ടികളിൽ ഈ കുഴപ്പങ്ങൾ കാണാനുമുണ്ടായിരുന്നു. അപ്പൻ യുദ്ധത്തിനു പോയിരിക്കുമ്പോൾ അമ്മ പുറമേ വിനോദങ്ങൾക്കു പോയിരിക്കും; അല്ലെങ്കിൽ സുഖക്കേടായി ആശുപത്രിയിലോ മറേറാ ആയിരിക്കും. ഫാക്ടറികളിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന അപ്പനാകട്ടെ, മകനെ നോക്കാൻ സമയമുണ്ടാകയില്ല. യുദ്ധസേവനം ദേശാഭിമാനജന്യമാണ്; എന്നാൽ കുട്ടികളെ കണ്ടമാനം വിട്ടേയ്ക്കുന്നതു ദേശാഭിമാനരാഹിത്യമല്ലേ?

ഈ സ്ഥിതിഗതികൾക്കു മകുടോദാഹരണമായ ഒരു സംഭവമുണ്ടായി ആയിടയ്ക്കുതന്നെ. ഒരു ദിവസം മൂന്നു പിഞ്ചുപൈതങ്ങൾ ആഫീസിൽ കടന്നുവന്ന് അവിടെ താമസിക്കാൻ അനുവദിക്കുമോ എന്നു ചോദിച്ചു. ഒരു കുട്ടിയുടെ കോട്ടിന്മേൽ ഒരു ചെറിയ കടലാസുകഷണം തുന്നിപ്പിടിപ്പിച്ചിരുന്നു. അവരുടെ അമ്മൂമ്മയുടെ ഒരു കുറിപ്പായിരുന്നു അത്: ആ കുഞ്ഞുങ്ങളുടെ അപ്പൻ യുദ്ധത്തിനു പോയിരിക്കയാണെന്നും, അയാൾ പോയ സമയത്ത് അവരുടെ അമ്മ അയാളുമായുള്ള വിവാഹബന്ധം വിടുർത്തി പുനർവിവാഹംചെയ്തുവെന്നും, അവരിപ്പോൾ ഒരുദ്യോഗസ്ഥനായ പുതിയ ഭർത്താവൊന്നിച്ചു സൈന്യപ്പാളയങ്ങൾതോറും സഞ്ചരിക്കുകയാണെന്നും അതിൽ വിശദമാക്കിയിരുന്ന് കുട്ടികളെ അമ്മൂമ്മയുടെ പക്കലാക്കിയിട്ടാണു അവരുടെ അമ്മ

പോയതത്രേ: എന്നാൽ അവക്കവരെ പുലത്താൻ പണമില്ല. അതുകൊണ്ടു് അവരെ ബാലനഗരത്തിലേയ്ക്കു പറഞ്ഞയയ്ക്കുകയാണ്. ഫാദർ ഫ്ളാനഗന്ന അവരെ സ്വീകരിക്കാൻ ദയയുണ്ടാകുമോ?

അവരിൽ പ്രായംകൂടിയ രണ്ടുപേരെ ഭവനത്തിലെടുത്തിട്ടു്, ഇളയ കുട്ടിയെ അനാഥശാലയിലാക്കി. ഇതിനിടയ്ക്കു് ഇവരുടെ അപ്പൻ എവിടെയെന്നു റെഡ് ക്രോസ് സംഘം വഴിയ്ക്കു് ഫാദർ ഫ്ളാനഗൻ അന്വേഷിച്ചറിഞ്ഞു് അയാൾക്കു കത്തയച്ചു. ഇതായിരുന്നു തൻെറ കുഞ്ഞുങ്ങളെക്കുറിച്ചു് അയാൾക്കു ലഭിച്ച ആദ്യത്തെ അറിവു്. ഒരടിയന്തരാവധി വാങ്ങിക്കൊണ്ടു് ആ ഭടൻ ആഫ്രിക്കയിൽനിന്നും ബാലനഗരത്തിലേയ്ക്കു പറന്നെത്തി.

ആ കുട്ടികൾ വളരെക്കൊല്ലങ്ങളായി അപ്പനെ കണ്ടിട്ടില്ല. അയാളുടെ മുഖച്ഛായതന്നെ അവർ മറന്നുപോയിരുന്നു. അയാളെ കണ്ടിട്ടു വലിയ താൽപ്പര്യമൊന്നും അവർ പ്രകടിപ്പിച്ചുമില്ല.

"ആദ്യം അമ്മ, പിന്നെ അപ്പൻ" എന്നാണവർ ഫ്ളാനഗനോടു പറഞ്ഞതു്. "ഞങ്ങൾക്കു അമ്മയെ ഇഷ്ടമായിരുന്നു. ഞങ്ങളെ ഇട്ടുംവച്ചു് അമ്മ ഓടിപ്പോയി. അപ്പനും അങ്ങനെ പോവുകയില്ലെന്നു് എങ്ങനെയറിയാം? ഞങ്ങൾ എങ്ങനെയായാലും പോകുന്നില്ല."

അവരുമായി സംസാരിക്കാൻ ആ ചെറുപ്പക്കാരനായ പിതാവു വളരെ ശ്രമിച്ചിട്ടും, ചില മുറിവാക്കുകൾ മാത്രമേ, ഓടിച്ചാടി നടക്കുന്നതിനിടയിൽ അവർ ഉത്തരം നല്കിയുള്ളു. പിന്നെ താൽപ്പര്യത്തിൻെറ ഒരു ലക്ഷണംമാത്രം അവർ പ്രകടിപ്പിച്ചിരുന്നു: അയാളുടെ ഉടുപ്പിന്മേലുണ്ടായിരുന്ന സൈനികമുദ്രയിന്മേൽ അവർ ഇടയ്ക്കിടയ്ക്കു് നാണിച്ചുനോക്കും. ഈ മുദ്ര തനിക്കു

കിട്ടിയതു് എങ്ങനെയാണെന്നു് അയാൾ പറയാൻ തുടങ്ങിയപ്പോൾ അവർ കുറേശ്ശെ കൗതുകം പ്രകടിപ്പിച്ചുതുടങ്ങി. യുദ്ധക്കളത്തിലുള്ള തന്റെ സാഹസികപ്രവൃത്തികളേയും മററും വിസ്തരിച്ചു പറഞ്ഞു് ആ മുദ്രയെടുത്തു് അയാൾ അവക്കു കൊടുത്തു. പക്ഷേ ഇങ്ങനെ മുദ്രയെടുത്തു മാററുന്നതു നിയമവിരുദ്ധമായിരുന്നുവെങ്കിലും ഈ പ്രവൃത്തിയുടെ ഫലം അത്ഭുതകരമായിരുന്നു. അയാൾ മടങ്ങുന്നതിനുമുമ്പു് അവർ നല്ലപോലെ ഇണങ്ങിക്കഴിഞ്ഞിരുന്നു. യുദ്ധത്തിനു പോയിരിക്കുന്ന ഒരപ്പൻ തങ്ങൾക്കുണ്ടെന്നും, പല യുദ്ധങ്ങളിൽ അയാൾ പങ്കെടുത്തിട്ടുണ്ടെന്നും, ബഹുമതിമുദ്ര വാങ്ങിയിട്ടുണ്ടെന്നും മററും മററു കുട്ടികളോടു പറഞ്ഞു് അവർ മുദ്ര കാണിച്ചുകൊടുത്തു.

യുദ്ധം കഴിഞ്ഞു മടങ്ങിയശേഷം അയാൾ വീണ്ടും വിവാഹം ചെയ്തു. ഒരു ചെറിയ പുരയിടം വാങ്ങി, അനാഥശാലയിൽ നിന്നും ഇളയ കുട്ടിയെ കൂട്ടിക്കൊണ്ടുപോയി കൂടെത്താമസിപ്പിച്ചു. മററു രണ്ടുപേരും പോകാൻ വിസമ്മതിച്ചു്, ബാലനഗരത്തിൽത്തന്നെ താമസമാക്കി. എന്നാൽ കാലക്രമത്തിൽ ആ അപ്പന്റെ രഹസ്യപ്രേരണയുടെ ഫലമായി ഇളയ കുട്ടികളുടെ കത്തുകൾ ഈ ബാലനഗരവാസികളായ ജ്യേഷ്ഠന്മാക്കു കിട്ടിത്തുടങ്ങി—ഇപ്പോഴത്തെ കൃഷിസ്ഥലത്തുള്ള ജീവിതം എത്ര ആനന്ദകരമാണെന്നും കന്നുകാലികളേയും വിളവുകളേയും സംരക്ഷിക്കുന്നതിൽ അവർ അപ്പനെ എത്രത്തോളം സഹായിക്കുന്നുണ്ടെന്നും മററും അവയിൽ വിവരിച്ചിരുന്നു.

അധികകാലം കഴിയുംമുമ്പു് മൂത്ത കുട്ടികൾ ഫാദർ ഫ്ളാനഗന്റെ ഉപദേശം ആവശ്യപ്പെട്ടു.

"എന്റെ നോട്ടത്തിൽ" ഫ്ളാനഗൻ പറഞ്ഞു.

“നിങ്ങളുടെ അപ്പനും ഇളയമ്മകളും കൊച്ചനുജന്മെല്ലാം നിങ്ങൾ അടുത്തുണ്ടായിരിക്കണമെന്നാണാഗ്രഹമെന്നു തോന്നുന്നു. സ്നേഹിക്കുന്ന കുടുംബമുള്ള കുട്ടികൾ ഭാഗ്യവാന്മാർതന്നെ”.

ഇപ്പോൾ അവരെല്ലാവരും ഒരുമിച്ചാണു താമസം.

പെററമ്മയുടെ വൃത്താന്തമൊന്നും അവർ കേൾക്കാറില്ല. എന്നാൽ ഈ പുതിയ കുടുംബത്തിൽ, പഴയ കയ്പുനിറഞ്ഞ ഓർമ്മകളെല്ലാം മാഞ്ഞു്, ആനന്ദകരമായ ഒരു ജീവിതം അവർ നയിച്ചുവരുന്നു.

ശുഭപര്യവസായിയാണ് ഈ കഥ. എന്നാൽ യുദ്ധപരിത:സ്ഥിതികളാൽ അനാഥരായിത്തീന്ന ലക്ഷക്കണക്കിനു കുഞ്ഞുങ്ങൾ ഇത്തരം സൗഭാഗ്യത്തിൻെറ രുചി അനുഭവിച്ചിരുന്നവരല്ല.

അത്തരത്തിൽപ്പെട്ട യുദ്ധഗ്രസ്തരായ കുട്ടികളുടെമേലാണ് ഫാദർ ഫ്ലാനഗൻെറ ശ്രദ്ധ അടുത്തതായി പതിഞ്ഞതു്.

## XXV

# ഫ്ളാനഗൻ പൗരസ്ത്യദേശത്ത്

അമേരിക്കൻ പൗരനായിത്തീരുകയും റോമ്മയിലും ഇൻസ്ബ്രുക്കിലും അദ്ധ്യയനം ചെയ്യുകയും ചെയ്തിട്ടുള്ള ഈ ഐറിഷ് വൈദികൻെറ അടുത്ത നടപടി വിദൂര പൌരസ്ത്യദേശങ്ങളിലേയ്ക്കു ഒരു പര്യടനം നടത്തുകയായിരുന്നു. ലോകത്തിലെല്ലായിടത്തുമെന്നപോലെ പൗരസ്ത്യദേശങ്ങളിലും യുദ്ധം ലക്ഷക്കണക്കിനു കുട്ടികളെ ഘോരദുരിതത്തിൽ ആഴ്ത്തിയിരുന്നു. ഫ്ളാനഗൻെറ ഐച്ഛികവിഷയമായ വീടില്ലാക്കുട്ടികളുടെ ദുരവസ്ഥ ലോകവ്യാപകമായ ഒന്നായിരുന്നു. ടോക്കിയോവിലുണ്ടായിരുന്ന ജനറൽ ഡഗ്ലസ് മക്കാർതർ, യുദ്ധകാര്യദർശിവഴിക്ക്, ഫാദർ ഫ്ളാനഗൻെറ സേവനം ആവശ്യപ്പെട്ടു.

ഈ യാത്രയിൽ ബാലനഗരത്തിലെ തൻെറ ഒരു ചിരന്തനസഹകാരിയായ ബയറൺ റീഡിനേക്കൂടി അദ്ദേഹം കൂട്ടിക്കൊണ്ടുപോയിരുന്നു. ശാന്തസമുദ്രത്തി

ന്റെ മീതേക്കൂടി അവർ പറന്നു; ഇടയ്ക്കു് ഹോണോലൂലു, ഗ്വവാം, മാനിലാ മുതലായ സ്ഥലങ്ങളിൽ ഇറങ്ങുകയുമുണ്ടായി. ഈ യാത്രയിലെ ഏററവും ആവേശജനകമായ അനുഭവം ഗ്വവാമിൽവച്ച് തന്റെ പഴയ കുട്ടികളിൽ പതിനഞ്ചുപേരെ കണ്ടെത്തിയതായിരുന്നു—പട്ടാളക്കാരും നാവികഭടന്മാരും കപ്പലോട്ടക്കാരുമാണവർ ഇപ്പോൾ. അമേരിയ്ക്കായ്ക്കു പുറത്തുവച്ചുള്ള ബാലനഗരവാസികളുടെ ആദ്യത്തെ പുനസ്സമാഗമം! അവരോടൊന്നിച്ചു ഡിന്നർ കഴിക്കുമ്പോളാണു്, ഫ്ളാനഗന്റെ ഭാവന ഭൂതകാലങ്ങളിലേയ്ക്കു പിന്തിരിഞ്ഞു്, അസാധാരണമായ ഒരു വിഷമപ്രശ്നത്തിൽ ചെന്നു പിടികൂടിയതു്. പ്രതിവിധിയില്ലാത്തതായി അദ്ദേഹം കയ്യൊഴിഞ്ഞിരുന്ന ഒരു പ്രശ്നം; പ്രതിവിധി കണ്ടുപിടിക്കുക സാധ്യമല്ലെന്നു് അദ്ദേഹം അപ്പോഴും തീരുമാനിക്കാനിടയായ ഒരു പ്രശ്നം:

ബാലനഗരത്തിൽ മെക്സിക്കോയിൽനിന്നു് ഒരു കുട്ടി വന്നുചേർന്നിരുന്നു, പെഡ്രോ എന്നു പേരായി.—നന്നേ കിളരം കുറഞ്ഞ ഒരു കൃമിപ്രായൻ; അവൻ ദുസ്സ്വഭാവനല്ല, അനുസരണശീലവും പഠിപ്പിൽ താൽപ്പര്യവുമുള്ളവൻ. പക്ഷേ അക്ഷന്തവ്യമായ ഒരു ദുശ്ശീലം മാത്രമുണ്ടായിരുന്നു അവനു്. അവൻ പുകവലിക്കും. ഇനി പുകവലിയ്ക്കില്ലെന്നു് എത്ര ശക്തിമത്തായി ശപഥം ചെയ്തുകൊള്ളട്ടെ, പിന്നെയും തുടൎന്നുകൊണ്ടിരിക്കും അവനാ ദുശ്ശീലം. എത്ര ശിക്ഷിച്ചുകൊള്ളൂ, ഒരു കാര്യവുമില്ല. അവൻ പറഞ്ഞു, നാലുവയസ്സുള്ളപ്പോൾ തുടങ്ങിയതാണു് ഈ ശീലം, അതിനി ഈ പത്താംവയസ്സിൽ കളയാൻ പററുകയില്ലെന്നു്! തനിക്കുവേണ്ടി ഫാദർ ഫ്ളാനഗൻ ശിക്ഷണരീതിയിൽ മാററമൊന്നും വരുത്തുന്നതല്ലെന്നറിയാൻമാത്രം ബുദ്ധിവൈഭവം അവ

ണ്ടായിരുന്നു. പെഡ്രോയുടെ കാര്യത്തിൽ കുറേനാഠം ഉറക്കമില്ലാതെ ആ വൈദികൻ കഴിച്ചുകൂട്ടിയിട്ടുണ്ട്. അവനിനി സിഗററു വാങ്ങാതെ സൂക്ഷിക്കാമെന്നു വച്ചാൽ അതു നടക്കുകയില്ല. പെഡ്രോ ഒരുത്തൻമൂലം ബാലനഗരത്തിൽ തീപ്പെട്ടി വ്യാജച്ചരക്കായി പ്രഖ്യാപിക്കപ്പെട്ടു. നിയമപ്രകാരം പുകവലിക്കാവുന്നവർക്കുകൂടി തീപ്പെട്ടി കിട്ടാൻ ഞെരുക്കമായി. എന്നാൽ പെഡ്രോവിനുമാത്രം ഈ നിരോധനംകൊണ്ടൊരു വൈഷമ്യവുമുണ്ടായില്ല. അവൻ പഴയപോലെ പിന്നെയും പുകവലിച്ചു. തീ എവിടെനിന്നു കിട്ടിയിരുന്നുവെന്നു വെളിപ്പെടുത്തുവാൻ അവൻ ശാഠ്യപൂർവ്വം വിസമ്മതിച്ചു. രണ്ടുദിവസത്തിനകം ഫ്ളാനഗൻ ആ രഹസ്യം കണ്ടുപിടിച്ചു. പെഡ്രോവിൻെറ പിന്നാലേ അദ്ദേഹം ചാപ്പലിലേയ്ക്കു പോയപ്പോഠം ബലിപീഠത്തിൻെറ നടയിലുള്ള മെഴുകുതിരിയിൽനിന്ന് അവൻ സിഗററു കൊളുത്തുന്നതു് അദ്ദേഹം കണ്ടു!

എല്ലാവരുടേയും ഭാഗ്യത്തിന്, ആയിടയ്ക്കുതന്നെ പെഡ്രോവിൻെറ ഒരമ്മായി വന്ന് അവനെ വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അതിൽപ്പിന്നെ ഇതാ, ഇപ്പോഠം റുവാമിൽ വച്ചാണ് അദ്ദേഹം അവനെ കാണുന്നതു്. ഡിന്നറിന് ഒടുവിലത്തെ അതിഥി കുറേ താമസിച്ചാണു വന്നതു്. എല്ലാവരും ഇരുന്നുകഴിഞ്ഞപ്പോഠം, വാതിൽ തുറന്ന് അകത്തു കടന്നുവന്നു, സപ്തസമുദ്രങ്ങളിലെ നാവികഭടന്മാരിൽവച്ച് ഏററവും കുള്ളൻ—നാവികവേഷം ധരിച്ച പെഡ്രോ. ഫാദർ ഫ്ളാനഗൻ ഒരു സന്തോഷാട്ടഹാസത്തോടുകൂടി അവനു സ്വാഗതം നൽകി.

"പെഡ്രോ!" അദ്ദേഹം ഉറക്കെ വിളിച്ചു. "നിന്നെ കാണുമ്പോഠം എനിയ്ക്കെന്തു സന്തോഷം!" ഇത്രയും പ

റഞ്ഞു് അദ്ദേഹം തൻെറ കീശയിൽനിന്ന ഒരു പാസ്സ്ക്ക റ് ചെസ്റ്റർഫീൽഡ്സ് സിഗററെറടുത്തു നീട്ടി. "പെ ഡ്രോം! എനിയ്ക്കുവേണ്ടി ഒരു സിഗററു വലിയ്ക്കൂ!"

പെഡ്രോ തലകുലുക്കി.

"വേണ്ടച്ചോ, ബാലനഗരത്തിൽനിന്ന പോന്നതിൽ പ്പിന്നെ ഞാൻ പുകവലിച്ചിട്ടില്ല. താങ്ക്സ്."

ഫ്ളാനഗൻ പ്രസ്താവിച്ചതുപോലെ കാലംകൊണ്ടു മാത്രം ഫലിക്കുന്ന ഉപദേശത്തിൻെറ ഏററവും വലിയ ദൃഷ്ടാന്തമായിരുന്നു അതു്.

വിമാനമാർഗ്ഗം അവർ മാനിലായിലും, അനന്തരം വടക്കുള്ള ടോക്കിയോവിലും എത്തി. ടോക്കിയോവിൽ, ഒരു വലിയ ക്രൈസ്തവമാന്യനെന്ന ഫ്ളാനഗനാൽ പ്ര ശംസിക്കപ്പെട്ടിട്ടുള്ള ജനറൽ മക്കാർതർ, എവിടെയെ ല്ലാം വേണമെങ്കിലും സഞ്ചരിച്ചു്,താൻകാണുന്ന വസ്തുത കൾ നിർഭയം റിപ്പോർട്ടുചെയ്യാനുള്ള പരിപൂർണ്ണസ്വാത ന്ത്ര്യം അദ്ദേഹത്തിന്ന നൽകി. ഈ അനുവാദം ഫ്ളാന ഗൻ പ്രത്യക്ഷരം സ്വീകരിച്ചു.

ജപ്പാനിലും, അനന്തരം കൊറിയായിലും, അദ്ദേ ഹം കണ്ട സ്ഥിതിഗതികൾ പ്രതീക്ഷാതീതമായിരുന്നു. കുടുംബഘടകത്തിന്മേൽ കെട്ടിപ്പടുത്തിരുന്ന ഒരു രാഷ്ട്ര മായ ജപ്പാൻ,കുട്ടികളുടെ പ്രശ്നങ്ങൾ മുമ്പൊരിക്കലും അ റിഞ്ഞിരുന്നില്ല. എന്നാൽ ഇപ്പോൾ ആയിരക്കണക്കി ന കുട്ടികളല്ല .വീടും കുടുംബവുമില്ലാതായിത്തീർന്നിരിക്കു ന്നതു്. ഒരു പരിചയവുമില്ലാത്തവരാണു് അനാഥമ ന്ദിരങ്ങൾ സ്ഥാപിച്ചു നടത്തിയിരുന്നതു്. അത്തരമൊ രു സ്ഥാപനത്തിലെ അമ്പതോളം കുട്ടികൾ ഒരു ഫാക്ടു

റിയിൽ, ദിവസം 8 മണിക്കൂർവീതം, ആഴ്ചയിൽ 6 ദിവസം ജോലിചെയ്തിരുന്നത് അദ്ദേഹം കണ്ടു. ആ കുട്ടികൾ നിർമ്മിച്ചിരുന്ന സാധനങ്ങൾ—ദൃഷ്ടാന്തമായി സൈക്കിൾ വിളക്കുകൾ—നല്ല ലാഭത്തിനു വിററിരുന്നു വെങ്കിലും, ആ പണം അനാഥശാലയ്ക്കു തിരിയെ കിട്ടിയിരുന്നില്ല. വിദ്യാഭ്യാസപരമായോ വിനോദപരമായോ ഉള്ള പരിപാടികളൊന്നും തന്നെ അവിടെയുണ്ടായിരുന്നില്ല. മതത്തിൻെറ കാര്യമൊട്ടു പറയാനുമില്ല.

നിരാശ്രയരോടുള്ള ജനങ്ങളുടെ പെരുമാററം ലോകത്തിലെല്ലായിടത്തും ഏറെക്കുറെ ഒരേതോതിലാണെന്നും അദ്ദേഹം കണ്ടുപിടിച്ചു. അനാഥശാലകളിലെ മുറികൾ ഗൃഹങ്ങളല്ല, കാരാഗൃഹങ്ങളായിരുന്നു. കൂലിപ്പണിക്കാരെപ്പോലെയാണ് കുട്ടികളെ കരുതിയിരുന്നത്. അഞ്ചു കുട്ടികൾ ഏകാന്തഗൃഹങ്ങളിൽ കിടക്കുന്നതുകണ്ട് അദ്ദേഹം ചോദിച്ചു:

"ഈ കുട്ടികൾ എന്തു കുററമാണ് ചെയ്തത്, ഇങ്ങനെ തടവിലടയ്ക്കപ്പെടുവാൻ?"

അവിടുത്തെ ഉദ്യോഗസ്ഥൻ പറഞ്ഞു: "അവർ പുതുതായി വന്ന കുട്ടികളാണ്. ഈ അനാഥശാലയിലെ ജീവിതത്തോട് ഇണങ്ങിപ്പോകുന്നതുവരെ ഇവരെ ഇങ്ങനെ പാർപ്പിക്കേണ്ടതു് ആവശ്യമാണ്"

"ഈ കുട്ടികളെ ഉടൻ വിട്ടയയ്ക്കണം!" ഫ്ളാനഗൻ ഗർജ്ജിച്ചു.

പിന്നീട് ആ സ്ഥാപനത്തിലെ ബാലന്മാരുടേയും അവരുടെ രക്ഷാധികാരികളുടേയും ഒരു പൊതുസമ്മേളനത്തെ അഭിമുഖീകരിച്ചു പ്രസംഗിക്കാൻ തുടങ്ങവേ, ഫാദർ ഫ്ളാനഗൻ ചുററുമൊന്നു കണ്ണോടിച്ചു, ആ ഏകാന്തത്തടവുകളിൽപാർത്തിരുന്ന അഞ്ചു കുട്ടികളും അവിടെയുണ്ടോ എന്നറിയുവാൻ. എവിടെ അവർ എന്നാദ്യേ

ഹം ചോദിച്ചു. ആ ജപ്പാനീസ് ഉദ്യോഗസ്ഥന്മാർ ഒരുവക ഇളിഭ്യച്ചിരി ചിരിച്ചു്, എന്തോ ഒക്കെ അവ്യക്തമായി സംസാരിച്ചുകൊണ്ടു നിന്നു. എന്നാൽ ഇത്തരം മിരട്ടുകൾകൊണ്ടു പിൻവാങ്ങുന്ന ആളല്ലായിരുന്നു അവരുടെ അതിഥി. ആ അഞ്ചു കുട്ടികളേയും തൻെറ മുമ്പിൽ ഹാജരാക്കുന്നതുവരെ പ്രസംഗം ആരംഭിക്കുന്നതല്ലെന്നു് അദ്ദേഹം ശഠിച്ചു. ഉദ്യോഗസ്ഥന്മാർ അവർ ഐവരേയും കൊണ്ടുവന്നു മുൻനിരയിൽ നിറുത്തിയപ്പോൾ ജനസംഘത്തിൽനിന്നു് ഒരു ഹർഷാരവം ഉയൎന്നു. കുട്ടികളുടെ ഹൃദയമറിയാവുന്ന ഒരാളാണു് തങ്ങളുടെ മുമ്പിൽ നില്ക്കുന്നതെന്നു് എല്ലാവരും ആശ്ചൎയ്യപൂൎവ്വം ഗ്രഹിച്ചു.

ഇത്തരം പരിഷ്കാരങ്ങൾ പലതും അദ്ദേഹത്തിൻെറ അനാഥശാലാസന്ദൎശനത്തെത്തുടൎന്നു നടപ്പിൽ വന്നു. ആ പരിഷ്ക്കാരങ്ങൾ നിലനിറുത്തിപ്പോരുന്നതിൽ അമേരിക്കൻ ഉദ്യോഗസ്ഥന്മാർ സവിശേഷം ദൃഷ്ടിപതിപ്പിക്കയും ചെയ്തിരുന്നു. കൊറിയായിൽ ആൺകുട്ടികളേയും പെൺകുട്ടികളേയും, ഒരുവിവേചനവും കൂടാതെ, ഒരേ വസതികളിൽ തിക്കിപ്പാൎപ്പിച്ചിരിക്കുന്നതു കണ്ടു് ഫ്ളാനഗൻ അവിടത്തെ ഉദ്യോഗസ്ഥന്മാരുടെനേരേ കയൎത്തു. ഒരു മണിക്കൂറിനകം ആ പെൺകുട്ടികളെ പുറത്തു വിട്ടയയ്ക്കണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടു. ഈ വൈദികൻെറ ക്ഷോഭത്തിൻെറ കാരണമെന്തെന്നു് ആ ഉദ്യോഗസ്ഥന്മാൎക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല; എങ്കിലും അവർ ആ പെൺകുട്ടികളെയെല്ലാം പുറത്തു കൊണ്ടുവന്നു്, അദ്ദേഹം നിൎദ്ദേശിച്ചതനുസരിച്ചു്, സ്ത്രീകൾക്കായി മാത്രമുള്ള ഒരു മന്ദിരത്തിലാക്കി.

എവിടെയെല്ലാം അദ്ദേഹം സഞ്ചരിച്ചിരുന്നുവോ, അവിടെയൊക്കെ ആശ്ചൎയ്യഭരിതരായ ജനങ്ങൾ ദൎശനത്തിനായി തിങ്ങിക്കൂടി. റെയിൽവേസ്റ്റേഷനുകളിൽ

ആയിരക്കണക്കിനല്ല, കുട്ടികൾ അദ്ദേഹത്തിൻെറ വരവു കാത്തു നില്ക്കാറുള്ളതു്. ഫ്ളാനഗൻെറ പ്രവൎത്തനങ്ങളുടെ പ്രശസ്തി മിഷ്യനറിമാർ മുമ്പേതന്നെ അവരുടെയിടയിൽ പരത്തിയിരുന്നു. അവരുടെ ദൃഷ്ടിയിൽ അമേരിക്കരുടെ ഏററവും വലിയ വീരാത്മാവായിരുന്നു അദ്ദേഹം. അദ്ദേഹത്തെ സന്ദൎശിക്കാൻ ചെന്ന തദ്ദേശ്യരായ പത്രപ്രതിനിധികൾക്കു തൻെറ പ്രവൎത്തനങ്ങളുടെ ഒരു സ്ഥൂലവിവരണം അദ്ദേഹം നല്കുകയും, എല്ലാകുട്ടികളേയും നാം സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യണമെന്നുള്ള തത്ത്വം വിശദീകരിച്ചുകൊടുക്കുകയും ചെയ്തു.

"അപ്പോൾ അങ്ങു വാദിക്കുന്നതു്" ഒരു സംശയാലുവായ ജാപ്പനീസ് റിപ്പോർട്ടർ ചോദിച്ചു; "എനിക്കൊരു പരിചയവുമില്ലാത്ത വല്ലവരുടേയും കുഞ്ഞുങ്ങളെ ഞാൻ സംരക്ഷിക്കണമെന്നാണോ?"

"അങ്ങനെതന്നെ" ഫ്ളാനഗൻ മറുപടി പറഞ്ഞു. "ഓരോ കുട്ടിയും പ്രാധാന്യമൎഹിക്കുന്നു. ഓരോ കുട്ടിയും സംരക്ഷണമൎഹിക്കുന്നു. നിസ്സഹായരോടുള്ള സ്നേഹം മനുഷ്യനു് ഒരു സഹജസ്വഭാവമാണു്."

എന്നാൽ ഒരു ജപ്പാൻകാരനു സ്വന്തം കുഞ്ഞുങ്ങളെയല്ലാതെ മററാരെയും സ്നേഹിക്കാൻ കഴിയുന്നതല്ലെന്നു് ആ പത്രപ്രതിനിധി പറഞ്ഞപ്പോൾ, ടോക്കിയോവിൽ ഭേദപ്പെട്ട നിലയിലുള്ള ഒരു സ്ത്രീ സ്വന്തം ഭവനം ഒരനാഥമന്ദിരമാക്കിയിരുന്ന ദൃഷ്ടാന്തം ഫ്ളാനഗൻ ചൂണ്ടിക്കാണിച്ചു. തെരുവുകളിൽ അലഞ്ഞു നടന്നിരുന്ന 60 ബാലികാബാലന്മാരെ പെറുക്കിയെടുത്തുകൊണ്ടുപോയി, അവരെ സ്വന്തം ഭവനത്തിൽ ആ സ്ത്രീ സംരക്ഷിച്ചിരുന്നു. ഒസാക്കായിൽ കുഷ്ഠരോഗികളായ മാതാപിതാക്കന്മാരുടെ സന്താനങ്ങളായ 20 കുട്ടികളെ മറെറാരു സ്ത്രീ സംരക്ഷിച്ചിരുന്നു. മററുള്ളവരാൽ പരിത്യജിക്ക

പ്പെട്ട കുഞ്ഞുങ്ങളെ ഇങ്ങനെ സംരക്ഷിക്കണമെങ്കിൽ, ഈ സ്ത്രീകൾക്കു ഹൃദയത്തിൽ സ്നേഹം എന്നൊന്നു് ഉള്ളതല്ലേ അതിനു കാരണമെന്നു ഫ്ളാനഗൻ ചോദിച്ചു.

ഇതിൻെറയെല്ലാം ഫലമെന്തായിരുന്നുവെന്നോ? ജപ്പാൻ പത്രങ്ങളിൽ അതിതീവ്രമായ ഒരു വിവാദകോലാഹലം ഇതുസംബന്ധിച്ചുണ്ടായി. വല്ലവൻെറയും കുഞ്ഞുങ്ങളെ സ്നേഹിക്കുകയോ? അശ്രുതപൂർവ്വമായ ഒരു നവീന സന്ദേശം! പക്ഷേ ഫ്ളാനഗനെ പിന്താങ്ങാനുമുണ്ടായി കുറേ ജപ്പാൻകാർ. സ്നേഹത്തിൻെറ വിശാലതരമായ അർത്ഥങ്ങളെക്കുറിച്ചു് ടോക്കിയോവിലുള്ള ഏതാനും വിദഗ്ദ്ധജ്ജനങ്ങൾ പഠനം നടത്തുവാൻ തുടങ്ങി.

ചുരുക്കിപ്പറഞ്ഞുകൊള്ളട്ടെ. ആസ്ത്രിയായിൽവച്ചു്, അവശബാലന്മാൎക്കുവേണ്ടിയുള്ള പ്രവൎത്തനങ്ങളിൽ ഏൎപ്പെട്ടിരിക്കെ ദിവംഗതനായ ഫാദർ ഫ്ളാനഗൻെറ ചരമവൃത്താന്തമറിഞ്ഞപ്പോൾ ടോക്കിയോവിലെ നഗരക്ഷേമമന്ത്രിയായ ഗിയാച്ചി തകേത ഇങ്ങനെയൊരു ദുഃഖസന്ദേശമയച്ചു:

“ഞങ്ങളിപ്പോളനുഭവിക്കുന്ന അഗാധവും ഹൃദയഭേദകവുമായ ദുഃഖം പ്രകാശിപ്പിക്കുവാൻ എനിക്കു വാക്കുകളില്ല. ഒരു കൊല്ലം തികച്ചായിട്ടില്ല, ഫാദർ ഫ്ളാനഗൻ ഞങ്ങളോടൊന്നിച്ചു് ടോക്കിയോവിൽ താമസിച്ചിട്ടു്. ഒട്ടുവളരെ ശിശുക്ഷേമകേന്ദ്രങ്ങൾ അദ്ദേഹം സന്ദൎശിക്കുകയും, പ്രയോജനകരങ്ങളായ പല നിൎദ്ദേശങ്ങൾ ഞങ്ങൾക്കു നൽകുകയും ചെയ്തിട്ടുണ്ടു്. ആ നിൎദ്ദേശങ്ങൾ ഇപ്പോൾ ഫലം പുറപ്പെടുവിച്ചു തുടങ്ങിയിരിക്കുകയാണു്. ശിശുക്ഷേമപ്രവൎത്തനങ്ങളുടെ രംഗത്തിൽ ഞങ്ങൾക്കുണ്ടായിട്ടുള്ള അഭിവൃദ്ധിയുടേയും, ഞങ്ങളുടെ നവീനമായ ശിശുക്ഷേമനിയമങ്ങളുടേയും റിപ്പോർട്ടുകൾ അദ്ദേഹത്തിൻെറ പക്കൽ ചെന്നു ചേരും

മുമ്പ് ഈ ശോച്യവൃത്താന്തം ശ്രവിക്കാനിടയായതിൽ ഞങ്ങൾക്കുള്ള സങ്കടം നിസ്സീമമാണ്".

ജനറൽ മക്കാർതർ ഫ്ളാനഗനോടു ഒരിക്കൽ പറയുകയുണ്ടായി: "മററുള്ളവക്ക് ആയിരംപേരെ സമീപിക്കാൻ കഴിഞ്ഞിരുന്നപ്പോൾ അങ്ങേയ്ക്കു ലക്ഷം പേരെ അഭിഗമിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇനി ശുപാശ് ചെയ്തുകൊള്ളുക, എന്തെല്ലാമാണു ചെയ്യേണ്ടതെന്നു".

ഒമാഹായിൽ തിരിച്ചെത്തിയ ഫ്ളാനഗൻ മക്കാർതറിനയച്ചുകൊടുത്ത റിപ്പോർട്ട് ഒരു മംഗളപത്രമൊന്നുമല്ലായിരുന്നു. ജപ്പാനിലും കൊറിയായിലുമുള്ള ഭവനരഹിതരായ ബാലികാബാലന്മാരുടെ സംഖ്യ കണ്ടുപിടിക്കാൻ ഒരൗദ്യോഗികപര്യ്യവേക്ഷണം നടത്തണമെന്നു അദ്ദേഹം ആ റിപ്പോർട്ടിൽ ശുപാശ്ചെയ്തിരുന്നു; അവക്ക് ചെയ്തുകൊടുക്കേണ്ട സൗകര്യ്യങ്ങൾ നിർദ്ദേശിച്ചിരുന്നു; സ്നേഹത്തിൻെറ വേദാന്തത്തിൽ അധിഷ്ഠിതങ്ങളായ സംരക്ഷണമന്ദിരങ്ങളുടെ ആവശ്യം ചൂണ്ടിക്കാണിച്ചിരുന്നു; പട്ടാളച്ചിട്ടകൾ ഒന്നു ലഘൂകരിക്കുക, പരിശീലനം സിദ്ധിച്ച അധ്യാപകന്മാരെ നിയമിക്കുക, എല്ലാവക്കും വൈദ്യസഹായം നൽകുക, ആൺകുട്ടികളേയും പെൺകുട്ടികളേയും വെവ്വേറേ പാർപ്പിക്കുക മുതലായ നിർദ്ദേശങ്ങളും അദ്ദേഹം സമർപ്പിച്ചിരുന്നു. ചുരുക്കത്തിൽ കുട്ടികൾക്കുവേണ്ടിയുള്ള ഒരു പുതിയ നിമയസംഹിതയാണ് അദ്ദേഹം എഴുതിയുണ്ടാക്കിയതു്.

ഈ നിർദ്ദേശങ്ങളിൽ മിക്കവയും ഇപ്പോൾ നടപ്പിലാക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ചൈനയിൽ ഷാങ്ഗേയ്ക്കു സമീപം ഒരു ബാലനഗരം തന്നെ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെ ഈ മഹാത്മാവിൻെറ അധ്വാനത്തിൻെറ സൽഫലങ്ങൾ വിദൂരപൗരസ്ത്യദേശങ്ങളിലെ കുഞ്ഞുങ്ങളും അനുഭവിക്കാനിടയായി.

## XXVI

# അവസാനയാത്ര

ബാലനഗരത്തിൽ ചില പരിവത്തനങ്ങഠം അനിവാൎയ്യങ്ങളായിരുന്നു. എന്തെന്നാൽ ഫാദർ ഫ്ളാനഗൻ പീഡനങ്ങളുടെ നഗരമായ ബർലിനിൽവച്ചു ചരമം പ്രാപിക്കാനിടയായി. പല രോഗങ്ങളാലും ഗ്രസ്തനായിരുന്നു അദ്ദേഹം. അവയിൽവച്ചേററവും പ്രധാനമായതു് ഒരു തകൎന്ന ഹൃദയമായിരുന്നു.

1948-ലെ വഷകാലത്തു് യുദ്ധവകുപ്പിൽനിന്നു് അദ്ദേഹത്തിനൊരു ക്ഷണം കിട്ടി. ആസ്ത്രീയായിലെയും ജമ്മനിയിലെയും യുവജനങ്ങളുടെ ധാമ്മികാവസ്ഥ വളരെ അധഃപതിച്ചിരിക്കുന്നതിനാൽ അവരുടെ സ്ഥിതിഗതികളെക്കുറിച്ചൊരു പൎയ്യവേക്ഷണം നടത്തണമെന്നായിരുന്നു അതിൻെറ സാരം. അങ്ങോട്ടു പോകുവാൻ തനിക്കത്ര ഇഷ്ടമില്ലെന്നു് അദ്ദേഹം സുഹൃത്തുക്കളോടു തുറന്നു സമ്മതിച്ചതാണു്. ഈ 62-ാം വയസ്സിൽ, വല്ലാത്ത തളൎച്ച അദ്ദേഹത്തെ ബാധിച്ചിരുന്നു. എങ്കിലും

പോകുന്ന കാൎയ്യത്തിൽ അദ്ദേഹം വിരോധം പറഞ്ഞില്ല. ഏതെങ്കിലും കുട്ടികൾക്ക് ഇപ്പോൾ സഹായം ആവശ്യമുണ്ടെങ്കിൽ, അതു് തോല്പിക്കപ്പെട്ട ശത്രുക്കളുടെ കുട്ടികൾക്കാണെന്ന് അദ്ദേഹത്തിനു തോന്നി. തനിക്കു സുപരിചിതമായിരുന്ന ആ പഴയ ആസ്ട്രിയാ അല്ല ഇന്നത്തേതു്. ഇൻസ്ബ്രക്കിൽ വച്ചു് തനിക്കു പരിചയപ്പെടാനിടയായിരുന്ന സ്നിഗ്ദ്ധഹൃദയരും സന്തുഷ്ടമാനസരുമായ ജനങ്ങളല്ല അവിടെ ഇപ്പോൾ; പ്രത്യുത, നാസികളായി വളൎത്തപ്പെട്ട ഒരു തലമുറയാണ്.

ബാലനഗരത്തിൽനിന്നു യാത്ര പുറപ്പെട്ട ദിവസം അദ്ദേഹം സീനിയർക്ലാസ്സ് വിദ്യാൎത്ഥികളെയെല്ലാം ഒരുമിച്ചു വിളിച്ചുകൂട്ടി. അവരുടെ ബിരുദലബ്ധിയുടെ സമയത്തിനു മുമ്പു തിരിച്ചെത്തുക പ്രയാസമായിരുന്നതിനാൽ അവരോടു യാത്രപറയുവാൻ അദ്ദേഹം ആഗ്രഹിച്ചു. ആ സന്ദൎഭം നീഗ്രോമേയറായ എഡ്ഡി ഡഡൺ അനുസ്മരിക്കുന്നുണ്ടു്.

“ഹൈസ്കൂളിലെ സീനിയർ വിദ്യാൎത്ഥികളായ ഞങ്ങളെല്ലാവരും—ഏതാണ്ടു് 47പേർ വരും—ചാപ്പലിൽ ഒരുമിച്ചുകൂടി. ബാലനഗരത്തിൽ ഞങ്ങൾക്കു ലഭിച്ചിരുന്ന ഉപദേശങ്ങൾ—ഭാവിജീവിതത്തിനു ഞങ്ങളെ സജ്ജീകരിക്കുന്നതിനു പററിയ ബോധനങ്ങൾ—അദ്ദേഹം ഞങ്ങളെ അനുസ്മരിപ്പിച്ചു. ദൈവത്തിനും ദേശത്തിനും ചേരുന്ന ഉത്തമപൗരന്മാരായിത്തീരും ഞങ്ങളെന്നു തനിക്കു വിശ്വാസമുള്ളതായി അദ്ദേഹം പ്രസ്താവിച്ചു. പിന്നെ എന്നോടു തനിച്ചു് അദ്ദേഹം പറഞ്ഞു: “നല്ലതു വരട്ടെ എഡ്ഡി, നിനക്ക്! ദൈവം നിന്നെ അനുഗ്രഹിക്കട്ടെ!”

ജൎമ്മൻ—അമേരിക്കൻ ഭവനത്തിൻെറ നാൾതൊട്ടു് അദ്ദേഹത്തിൻെറ സന്തതസഹചരനായിരുന്ന പാററ്

നോർട്ടണും ഈ യാത്രയിൽ ഒരുമിച്ചുണ്ടായിരുന്നു. ഭവനരഹിതരായ ബാലന്മാൎക്കുവേണ്ടി താൻ നിൎമ്മിച്ച ആ ചെറുനഗരത്തിൻെറ താഴികക്കുടങ്ങളേയും, വയൽപ്പുരയുടെ തുലാബന്ധങ്ങളേയും, ചെറുഭവനങ്ങളുടെ തിളങ്ങുന്ന മേൽക്കൂട്ടുകളേയും അവസാനമായി ഒരു നോക്കു നോക്കുവാൻ അദ്ദേഹമൊന്നു തിരിഞ്ഞുനിന്നപ്പോഠം സമയം സൂൎയ്യാസ്തമയം കഴിഞ്ഞിരുന്നു.

റോസ്കോമണിൽ ആരംഭിച്ച ആ നീണ്ട ജീവിതയാത്രയുടെ കലാശം, തകൎക്കപ്പെട്ട ബർലിൻ നഗരത്തിൻെറ ചരൽക്കൂമ്പാരത്തിനിടയ്ക്കാണു സംഭവിയ്ക്കാനിരുന്നതു്.

അന്ന്—1948 മേയ് 14-ാംനു—യോഗങ്ങളുടേയും സന്ദൎശനങ്ങളുടേയും ചൎച്ചകളുടേയും തിക്കിഞെരുക്കിയ പരിപാടികളുടെ ഒരു ദിവസമായിരുന്നുവെന്ന് പാററ് നോർട്ടൺ പറയുന്നു. അന്നു രാവിലെ വിമാനമാൎഗ്ഗം അദ്ദേഹം ഫ്രാങ്ക്ഫർട്ടിൽനിന്നു ബർലിനിൽ എത്തിയതേയുള്ളു. വന്നയുടൻതന്നെ ജോലിയും തുടങ്ങി. അന്നു മുഴുവൻ ജൎമ്മൻ യുവജനസംഘടനകളുടെ പ്രതിനിധികളുമായി പല കോൺഫറൻസുകളിൽ അദ്ദേഹം സംവാദം നടത്തി. ജൎമ്മനിയിലെ കുട്ടികളുടെ ദാരുണാവസ്ഥയുടെ ശരിയായ ഒരു ചിത്രം ഈ ചൎച്ചകളിൽ നിന്ന് അദ്ദേഹത്തിനു ലഭിച്ചു. നാസിസിദ്ധാന്തം എത്ര അഗാധമായിട്ടാണ് അവരുടെ ഹൃദയങ്ങളെ ആവേശിച്ചിട്ടുള്ളതെന്നും, തത്തുല്യമായ കമ്മ്യൂണിസവിഷത്തിൻെറ ആവേഗം വളരെപ്പേരിലും പ്രസരിച്ചിട്ടുണ്ടെന്നും അദ്ദേഹത്തിനു മനസ്സിലായി. ഒരു ജനകീയജൎമ്മനി കെട്ടിപ്പടുക്കണമെങ്കിൽ യുവജനമാനസങ്ങളുടെ പുനഃ

സംവിധാനമെന്ന ഭീമമായ ജോലിയിൽ ഉടനേപ്പെട്ടേ മതിയാവൂ. എവിടെ നോക്കിയാലും അരപ്പട്ടിണിക്കാരായ യാചകരെ മാത്രമേ ആ നഗരാവശിഷ്ടങ്ങൾക്കിടയിൽ കാണാനുണ്ടായിരുന്നുള്ളു.

അതേദിവസംതന്നെ കാർഡിനൽ വോൺ പ്രെസീങ്ങുമായുള്ള ഒരു ദീഘസംഭാഷണത്തിൽ അദ്ദേഹം സമ്മതിക്കയുണ്ടായി, ഈ മഹാനഗരത്തിൻെറ നഷ്ടശിഷ്ടങ്ങൾക്കിടയിൽ, അനേകം മൈൽ നീളത്തിൽ, തകന്ന ഭവനങ്ങളെയും വിശന്നു വലയുന്ന കുഞ്ഞുങ്ങളേയും കാണുമ്പോൾ, വിശ്വാസമെന്ന കരുത്തേറിയ ആയുധം സ്വാധീനമായിരുന്നിട്ടും, താൻ ആധിബാധിതനായിത്തീന്നിരുന്നുവെന്നു്. അന്നുരാത്രി പാററ് നോർട്ടണും പട്ടാളത്തിലെ ഒരു ക്യാപ്ററനുമൊരുമിച്ചു് അദ്ദേഹം ഡിന്നർകഴിച്ചു. അതുകഴിഞ്ഞു്, ജനറൽ ക്ലേയുമായി അടുത്ത ദിവസം നടക്കാൻപോകുന്ന സന്ദശ്നത്തിൻെറ അവസരത്തിൽ ഉന്നയിക്കേണ്ട പ്രമേയങ്ങളേക്കുറിച്ചു് ഫ്ളാനഗനും നോർട്ടണുംകൂടി കുറേനേരം സംസാരിച്ചു. ഒന്നാമതായി,മാറ്റ്പ്പാ പ്രത്യേകതാൽപ്പയ്യം പ്രകടിപ്പിച്ചിരുന്ന ബവേറിയൻ ഉടമ്പടിയേക്കുറിച്ചു് ആ സൈന്യാധിപനുമായി സംഭാഷണം ചെയ്യണം. പിന്നെ യുവജനകേന്ദ്രങ്ങളിൽ സൈനികരായ യോഗക്ഷേമപ്രവത്തകരെ ഏപ്പെടുത്തുന്നതിനേക്കുറിച്ചുള്ള തൻെറ ശുപാശയേപ്പററി സംസാരിക്കണം. ഒടുവിൽ ഈ കേന്ദ്രങ്ങളുടെ പ്രവത്തനത്തിനു ജമ്മൻകാരിൽനിന്നും കുറേ പ്രവത്തകന്മാരെ നിയമിക്കുന്നതിനുവേണ്ട ഫണ്ടു നൽകുന്ന കായ്യത്തേക്കുറിച്ചും സംസാരിക്കണം. ജമ്മൻകാർതന്നെ വേണം പ്രവത്തകന്മാരായി; എന്തെന്നാൽ അവക്കാണു് വിദേശികളേക്കാൾ ഉപരിയായി തങ്ങളുടെ പ്രശ്നങ്ങൾ കൈകായ്യംചെയ്യാൻ കഴിയുക എന്നും അ

ദ്ദേഹം നോർട്ടനോട്ട് ഊന്നിപ്പറഞ്ഞു.

ഏതാണ്ട് ഒമ്പതരമണിസമയത്ത് അദ്ദേഹം ശയ്യാവലംബിയായി. പാതിരാത്രിയായപ്പോഠം അദ്ദേഹം നോർട്ടനെ വിളിച്ചു: "പാററ്, എൻെറ നെഞ്ചിൽ ഒരു വേദന—ഉടൻ ഡോക്ടരെ വരുത്തണം."

ഡോക്ടർ വന്നു. ഹൃദ്രോഗമാണു സുഖക്കേടെന്നു കണ്ടുപിടിച്ച ഡോക്ടർ, ഫ്ളാനഗനെ തൽക്ഷണം തന്നെ ആശുപത്രിയിലേക്കു മാററുവാൻ ആജ്ഞ നല്കി. സൈനികചാപ്ലെനായ ഫാദർ എമ്മററ് വാൽഷിനേയും ഉടനേ വരുത്തി. ഫാദർ വാൽഷ് ഫാദർ ഫ്ളാനഗൻെറ പാപനിവേദനം കേഠംക്കുന്ന സമയത്ത് പാററ് നോർട്ടനും യുവജന പ്രവത്തനവിഭാഗത്തിൽപ്പെട്ട സേർജൻറ് പാട്രിക്ക് മോറിയാരിട്ടിയും പുറത്തു നിന്നിരുന്നു. അവരാണ് അദ്ദേഹത്തെ ആംബുലൻസിൽ കയററി ആശുപത്രിയിലേക്കു കൊണ്ടുവരുവാൻ സഹായിച്ചത്.

"പാപനിവേദനം കഴിഞ്ഞശേഷം" നോർട്ടൺ പിന്നീടു പ്രസ്താവിക്കുകയുണ്ടായി, "ഞങ്ങളെ തിരിയെ മുറിയിലേക്കു വിളിപ്പിച്ചു. അന്തിമലേപനകമ്മം നടത്തുന്ന സമയത്ത് ഞങ്ങഠം അവിടെയുണ്ടായിരിക്കണമെന്ന് ഫാദർ ഫ്ളാനഗനു നിബ്ബന്ധമുണ്ടായിരുന്നു.

"ഫാദർ വാൽഷ് മരിച്ചവക്കുവേണ്ടിയുള്ള പ്രാത്ഥന ചൊല്ലുന്ന സമയത്ത്, ഫാദർ ഫ്ളാനഗൻ അദ്ദേഹത്തിനു പതിവുള്ള മട്ടിൽ, ആ തടിച്ച പുരികങ്ങഠം വെട്ടിച്ചുകൊണ്ടിരുന്നു. പ്രാത്ഥന ചൊല്ലിക്കഴിഞ്ഞപ്പോഠം ഫാദർ ഫ്ളാനഗൻതന്നെ 'ആമ്മേൻ' എന്നു ചൊല്ലി അതു പൂരിപ്പിച്ചു.

"അതായിരുന്നു അദ്ദേഹമുച്ചരിച്ച അവസാനവാക്ക്"

ആ വൈദികൻെറ കണ്ണുകളടഞ്ഞു. പ്രാത്ഥനയുടെ ആ അന്തിമനിശ്വാസത്തോടുകൂടി ജീവൻ അദ്ദേഹത്തെ വെടിഞ്ഞു.

ബാലനഗരത്തിൽ മേയർ എഡ്ഡി ഡണ്ണും ഏതാനും സ്നേഹിതന്മാരുംകൂടി റേഡിയോ കേട്ടുകൊണ്ടിരിക്കയായിരുന്നു. അപ്പോളാണ്, പ്രക്ഷേപകൻ ഫാദർ ഫ്ളാനഗൻെറ ചരമവൃത്താന്തം വാത്താപരിപാടികളുടെ കൂട്ടത്തിൽ വിളിച്ചറിയിച്ചതു്. ഉടൻതന്നെ ബാലനഗരവാസികളെല്ലാവരുംകൂടി ചാപ്പലിലേക്കുപോയി. ഏതാനം ദിവസങ്ങൾക്കുശേഷം ബാലനഗരസ്ഥാപകൻെറ മൃതശരീരം വിമാനമാർഗ്ഗം ബാലനഗരത്തിലേയ്ക്കു കൊണ്ടുവന്നു. ചാപ്പലിൽ കുട്ടികൾ മുട്ടുകുത്താറുള്ള സ്ഥലത്തിനടുത്തുതന്നെ ആ ശരീരം നിക്ഷേപിക്കപ്പെട്ടു.

അവിടെ, ഒരു മാർബിൾ പലകയിന്മേൽ, സൗവണ്ണാക്ഷരങ്ങളിൽ ഇങ്ങനെ എഴുതിയിട്ടുണ്ടു്:

**ഫാദർ ഫ്ളാനഗൻ—**

**ബാലനഗരത്തിൻെറ സ്ഥാപകൻ—**

**ക്രിസ്തുവിനേയും മനുഷ്യനേയും സ്നേഹിച്ചവൻ—**

**ജൂലൈ 13, 1886—മേയ് 15, 1948.**

**KOTTAYAM PUBLIC LIBRARY**
KOTTAYAM

Cl. No. MF9 Acc. No. 83412

This book should be returned on or before the date last stamped below.

5 JUN 1987
29 AUG 2007
27 NOV 20..

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF9 83412

ദാസ്. സി. പി. (വിവ:)

ബാലനഗരം.